വികേന്ദ്രീകൃത ആസൂത്രണം

വികസന റിപ്പോർട്ട്





തിരുവനന്തപുരം ജില്ല



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

വക്കം ഗ്രാമ പഞ്ചായത്ത്





സമഗ്ര വികസന രേഖ

ശ്രീമതി. കെ. പ്രഭാവതി
പ്രസിഡൻറ്
വക്കം ഗ്രാമ പഞ്ചായത്ത്

വക്കം
23—12—1996

പ്രിയമുള്ള ഗ്രാമവാസികളെ

നമ്മുടെ ഗ്രാമപഞ്ചായത്തിൻറെ ചരിത്ര സാംസ്കാരിക മൂല്യങ്ങളുൾക്കൊണ്ട് പരമാവധി സമഗ്രമായി തയ്യാറാക്കിയ ഒരു വികസന റിപ്പോർട്ടാണ് ഇതെന്ന ചാരിതാർത്ഥ്യത്തോടെ ജനകീയാസൂത്രണം എന്ന മഹത് സംരംഭത്തെ എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടുകൊണ്ട്, ഈ ചരിത്രരേഖയെ ഏവരുടെയും അനുവാദത്തോടെ അത്യാഹ്ലാദപൂർവ്വം, ഇന്നാട്ടിലെ പതിനായിരങ്ങളുടെ മുന്നിൽ ഞാൻ സമർപ്പിക്കുന്നു.

ശ്രമകരമായ ഒരു ജോലിയാണ്, ഈ റിപ്പോർട്ടിൻറെ പൂർത്തീകരണത്തിലൂടെ നാം നിർവ്വഹിച്ചിരിക്കുന്നത്. ഈ വികസന റിപ്പോർട്ട് ഒരു ആധികാരിക രേഖയാണ്. ഇതിൻറെ പണിപ്പുരയിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികളായ നിരവധിപേരെ അഭിവാദ്യം ചെയ്യാൻ ഞാനീ അവസരം വിനിയോഗിക്കുന്നു. അവരോട് ഈ ഗ്രാമവാസികൾ എക്കാലവും കൃതജ്ഞതയും കടപ്പാടുമുള്ളവരായിരിക്കും.

ഈ ചരിത്രരേഖയെ സമ്പന്നമാക്കാനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ വികസന സെമിനാറിലൂടെ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ തുടർന്നും നിർലോഭമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

കെ. പ്രഭാവതി



എഡിറ്റർ

എൻ. സുകുമാരൻ

എഡിറ്റോറിയൽ ബോർഡ്

എസ്. വേണുജി
എൻ. രവി
ജി. ദാസ്
അഡ്വ. S. വിശ്വനാഥൻ

കവർ പേജ്

ആർട്ടിസ്റ്റ് സഹദേവൻ
ശശിദൂഷൺ

ഡി.റ്റി.പി. & പ്രിൻറിംഗ്

കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ, തിരുവനന്തപുരം – 24. ഫോൺ. 474720



ജനകീയ ആസൂത്രണം സംസ്ഥാനതല ഉദ്ഘാടനം



നവംബർ 1 പുനരർപ്പണ ദിനം
പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നു

മുൻ ഭരണസമിതികൾ

1954-ലെ ആദ്യപഞ്ചായത്ത് ഭരണ സമിതി

പ്രസിഡൻറ്	വക്കം ഭരതൻ
വൈസ് പ്രസിഡൻറ്	വിശ്വദേവൻ
അംഗങ്ങൾ	മുഹമ്മദ് കണ്ണ്
	വി. ഭാസ്കരൻ
	അബ്ദുൾഖരിം
	ദാമോദരൻ പിള്ള വൈദ്യൻ
	വക്കം. ബി. പുരുഷോത്തമൻ (1954 - 58)
	കരുണാകരൻ. വി
	കെ. ഗോപാലൻ (1954 - 55)
	എം. അബ്ദുള്ള (1955 - 63)
	പ്രഭാകരൻ വൈദ്യൻ
	വി.എം. രവീന്ദ്രൻ (1958 - 63)

1963-ലെ രണ്ടാമത് പഞ്ചായത്ത് ഭരണ സമിതി

പ്രസിഡൻറ്	വക്കം ഭരതൻ (1963 - 67)
''	അഡ്വ. എസ്. വിശ്വനാഥൻ (1967 - 75)
''	എൻ. വിവേകാനന്ദൻ (1975 - 79)
വൈസ് പ്രസിഡൻറ്	വക്കം രവീന്ദ്രൻ (ആക്ടിംഗ് പ്രസിഡൻറ്)
''	കെ.വി. ധർമ്മരാജൻ ('' '')
''	വി.എം. രവീന്ദ്രൻ (1975 - 79)
അംഗങ്ങൾ	എം. മജീദ്
	എം.എ. മജീദ്
	ഡോക്ടർ പത്മനാഭൻ
	ആർ. രാജമ്മ (1963 - 64)
	ബി. സുഭാഷിണി (1964 - 68)
	ആർ. പൊന്നമ്മ (1968 - 79)

1979-ലെ മൂന്നാമത് ഭരണ സമിതി

പ്രസിഡൻറ്	പി. ദിവാകരൻ വൈദ്യൻ
വൈസ് പ്രസിഡൻറ്	കെ. ഹരിദാസ്
അംഗങ്ങൾ	ഇ. അബ്ദുൾ ജബ്ബാർ
	ജി. ശശി
	എൻ. പ്രസന്നൻ
	വി.കെ. രാജൻ
	വി. ശശിധരൻ
	എം. റഹീന
	ആർ. രാഘവൻ നായർ

1988-ലെ നാലാമത് ഭരണ സമിതി

പ്രസിഡൻറ്	പി. ദിവാകരൻ വൈദ്യൻ
വൈസ് പ്രസിഡൻറ്	എ. നസീമാബീവി
അംഗങ്ങൾ	എ. അമീൻ
	ആർ. രാജമ്മ
	ആർ. പ്രസന്നൻ
	എസ്. വേണുജി
	എൻ. കൃഷ്ണൻ
	എൻ. ജയപാലൻ നായർ
	വി. ശശിധരൻ



''എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും''

— മഹാത്മാഗാന്ധി







ഗ്രാമതല ആസൂത്രണത്തിലൂടെ
ഒരു പുതിയ വികസന സംസ്കാരം
നമുക്ക് വളർത്തിയെടുക്കാം

ഇ.എം.എസ്. നമ്പൂതിരിപ്പാട്
ചെയർമാൻ
ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി
ജനകീയാസൂത്രണ പ്രസ്ഥാനം



സ്നേഹപൂർവ്വം ഇ.എം.എസ്സിന്

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ്. ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത് അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ളാദം തോന്നുന്നു. ഡിപ്പാർട്ടുമെന്റലിസം-തീരണമെങ്കിൽ രാജ്യവാസികളുടേയും വകുപ്പുകളുടേയും ഇടയിൽ പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം. ഇപ്പോഴും ജനനന്മയ്ക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ ഓച്ചാനിച്ചു നിന്നു അധികാരികളോടു യാചന ചെയ്യുന്ന രീതി തീരെ മാറണം. താൻ കൂടിയാണ് സർക്കാർ എന്ന ഓരോ പൗരനും വിശ്വാസം വരണം. വരണം എന്നു പറയുന്നതുകൊണ്ട് മാത്രം വരികയില്ല. ജനകീയതയുടെ ജനപങ്കാളിത്തം ചോദിച്ചുവാങ്ങാൻ മാത്രം ആകരുത്. എന്റെ രാജ്യം തൊനും കൂടിയായ ജനകീയത എന്ന ബോധത്തോടെ മുക്കാൽ പങ്കു ജോലിയും ജനങ്ങൾ ചെയ്തു കൊടുക്കാൻ മാതൃകയുണ്ടാകണം.

ഗുരുനിത്യചൈതന്യയതി

(ജനകീയാസൂത്രണ പരിപാടിയിൽ സന്തോഷം പ്രകടിപ്പിച്ച് കൊണ്ട്
ഇ.എം.എസ്സിന് യതി അയച്ച കത്തിന്റെ ഭാഗം)



ഇ.കെ. നായനാർ
കേരള മുഖ്യമന്ത്രി

തിരുവനന്തപുരം
23—12—1996

സന്ദേശം

വികേന്ദ്രീകൃതവും ജനകീയവുമായ ആസൂത്രണ പദ്ധതിയുടെ വിജയത്തിനുവേണ്ടി വക്കം പഞ്ചായത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഞാൻ വിജയം ആശംസിക്കുന്നു.

ഒമ്പതാം പദ്ധതിയുടെ ജനകീയ സ്വഭാവത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ വക്കം പഞ്ചായത്ത് ജനകീയാസൂത്രണ സമിതി തയ്യാറാക്കുന്ന വികസന റിപ്പോർട്ടിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

(ഇ.കെ. നായനാർ)

ശ്രീമതി. കെ. പ്രഭാവതി
പ്രസിഡൻറ്
വക്കം ഗ്രാമപഞ്ചായത്ത്
വക്കം.



ആനത്തലവട്ടം ആനന്ദൻ എം.എൽ.എ

ഒരു നവ കേരള സൃഷ്ടിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വക്കം പഞ്ചായത്തിലും നടന്നുവരുന്ന ജനകീയാസൂത്രണ പരിപാടികളുടെ വിജയത്തിന് എന്റെ അകം നിറഞ്ഞ ആശംസകൾ

അഭിവാദനങ്ങളോടെ,

ആനത്തലവട്ടം ആനന്ദൻ. എം.എൽ.എ



വക്കം ഭരതൻ

പ്രഥമ പഞ്ചായത്ത് പ്രസിഡൻറ്

VAKKOM BHARATHAN
PRIVATE SECRETARY TO MINISTER
INDUSTRIES & SOCIAL WELFARE

ബഹു. പ്രസിഡൻറിന്,

വക്കം പഞ്ചായത്തിൻെറ പ്രസിഡൻറ് എന്ന നിലയിൽ എൻെറ രാഷ്ട്രീയ ജീവിതത്തിലെ ബാല്യകാലം ഓർക്കുകയാണ്. പാർട്ടിഭേദമന്യേ എല്ലാവരുടേയും സഹകരണം എൻെറ പഞ്ചായത്തു പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു. ആ നിലയിലുള്ള ഒരു സഹകരണവും മനോഭാവവും ജനകീയാസൂത്രണത്തിനും അത്യന്താപേക്ഷിതമാണ്. അതുണ്ടാകട്ടേയെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ,

വക്കം ഭരതൻ

ഈ ഗ്രാമത്തിലെ വീരപുത്രന്മാർ



I.N.A ഹീറോ

വക്കം ഖാദർ



ക്യാപ്റ്റൻ

ആർ. ശശീന്ദ്രബാബു

പിറന്ന നാടിന്റെ മോചനത്തിനും അഖണ്ഡതയ്ക്കും വേണ്ടി ജീവൻ നൽകിയ ധീര ദേശാഭിമാനികളുടെ വീര സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികളോടെ.....

ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. വി.എൻ. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി
2. ജി.റ്റി. ഓമന
3. കെ. സുരഭി
4. എം. ജ്യോതിരാജ്
5. ബി. ബാബു.
6. ജെ. സുദാക്ഷിണി
7. എസ്. കല
8. ബി. ഉദയഭാനു
9. ആർ. രാജമ്മ
10. കെ. ശാന്ത
11. കെ. ശിവശങ്കരൻ
12. കെ.എൻ. രമാദേവി
13. കെ. തങ്കമണി

വക്കം ഗ്രാമപഞ്ചായത്ത് ഭരണ സമിതി



കെ. പ്രഭാവതി
പ്രസിഡൻറ്



എ. ഷൗക്കത്തലി
വൈസ് പ്രസിഡൻറ്



എൻ. ജയപാലൻ നായർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



അഡ്വ. കെ. ലളിത



ആർ. പ്രസന്നൻ



വി. പത്മജ



ഡി. അജയകുമാർ



അമ്മിണിക്കുട്ടൻ. ജെ



എസ്. യോഗിദാസ്



എ. നസീമാബീവി
ജില്ലാ പഞ്ചായത്ത് അംഗം



കെ. ഡെയ്സി
ബ്ലോക്ക് പഞ്ചായത്ത് അംഗം

ജില്ലാ റിസോഴ്സ് പേഴ്സൺസ്

(വക്കം പഞ്ചായത്ത്)



എസ്. വേണുജി
D.R.P. *കൺവീനർ*



അഡ്വ. S. വിശ്വനാഥൻ



ശിവദാസൻ. പി



പി. വിശ്വനാഥൻ



S. മുഹമ്മദ് കണ്ണ്



S. സുനിൽ കുമാർ

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



വികസന രേഖ

ഉള്ളടക്കം

1.	ആമുഖം	1
2.	പഞ്ചായത്ത് പൊതുവിവരണം	4
	2.1. ഭരണചരിത്രം	5
3.	സാമൂഹിക-സാസ്കാരിക ചരിത്രം	7
4.	ഭൂപ്രകൃതിയും വിഭവങ്ങളും	14
5.	സാമൂഹിക സാമ്പത്തിക മേഖലകൾ	17
	5.1. കൃഷിയും ജലസേചനവും	18
	5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും	25
	5.3 വിദ്യാഭ്യാസം	30
	5.4 പൊതുജനാരോഗ്യവും കുടിവെള്ളവും	53
	5.5. വ്യവസായം	66
	5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	70
	5.7 പാർപ്പിടവും സാമൂഹിക ക്ഷേമവും	83
	5.8 സംസ്കാരം	92
	5.9 വനിത	101
	5.10 സഹകരണം	111
	5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	117
	5.12 വിഭവസമാഹകരണം	124
	5.13 ഉപസംഹാരം	132



1

ആമുഖം

ഗ്രാമങ്ങളിൽ ജീവിക്കുന്ന രാജ്യമാണ് ഭാരതമെന്നും ഗ്രാമനവോത്ഥാനത്തിലൂടെ മാത്രമേ ഭാരതത്തിന് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ എന്നും വികസന പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ ഗ്രാമോദ്ധാരണമായിരിക്കണം മുഖ്യലക്ഷ്യമെന്നും അഭിപ്രായപ്പെട്ടിരുന്നു. ഗ്രാമസ്വരാജ് ഗാന്ധിജിക്ക് ഏറ്റവും പ്രിയപ്പെട്ട ആദർശമായിരുന്നു. കമ്മ്യൂണുകളിലൂടെ ചൈനീസ് സർക്കാർ ലക്ഷ്യമിട്ട വികസന പ്രവർത്തനങ്ങളുടെ ലക്ഷ്യ സാഫല്ല്യം തന്നെയാണ് ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജും.

ജനസംഖ്യയുടെ 80 ശതമാനത്തിലേറെ പേർ പരിമിതമായ ജീവിത സൗകര്യങ്ങൾ പോലും നിവർത്തിക്കപ്പെടാതെ നമ്മുടെ ഗ്രാമങ്ങളിൽ നിത്യദുഃഖത്തിലാണ്ടുകിടക്കുന്ന ദയനീയ ചിത്രമായിരിക്കണം ഗ്രാമങ്ങളിലേക്ക് സ്നേഹവും കാരുണ്യവും വർഷിക്കാൻ ഉള്ള ആഹ്വാനം നടത്താൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

ഗാന്ധിജിയോടൊപ്പം അദ്ദേഹത്തിന്റെ ആദർശങ്ങളും മിക്കവാറും വിസ്മരിക്കപ്പെട്ടു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം അധികാര സോപാനമേറിയ ഭരണാധികാരികൾ ഗ്രാമങ്ങളെ അപ്പാടെ വിസ്മരിച്ചു. ഗ്രാമങ്ങളുടെ പൂർണ്ണമായ വികാസവും ഉദ്ധാരണവും ഇന്നും ഒരു വിദൂര സ്വപ്നമായവശേഷിക്കുന്നു.

വൻനഗരങ്ങളിൽ ചില ഫാക്ടറികൾ സ്ഥാപിക്കുകയോ ഏതാനും പഞ്ചനക്ഷത്ര ഹോട്ടലുകൾ പണിയുകയും ചെയ്തതിനുശേഷം അത് ഇന്ത്യയുടെ പുരോഗതിയെന്ന് ഉത്ഘോഷിക്കുന്നത് തികച്ചും നിരർത്ഥകമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന 60 ശതമാനത്തിലധികം ഇന്ത്യാക്കാർ കഴിയുന്ന ഗ്രാമങ്ങളിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കാൻ നമ്മുടെ ഭരണാധികാരികൾ നടത്തിവന്ന ശ്രമങ്ങൾ പൂർണ്ണമായും വിജയിച്ചില്ല. ഗ്രാമവിസ്സനത്തിനു വേണ്ടി ഭരണവർഗ്ഗം കൈകൊണ്ട നടപടികളെ ഭരണനൈപുണ്യത്തിന്റെ മാനദണ്ഡമായെടുത്താൽ കഴിഞ്ഞ അരനൂറ്റാണ്ടുകാലം ഭാരതത്തിൽ ഈ രംഗത്ത് ഒരു സർക്കാർ ഇല്ലായിരുന്നു എന്ന നിലയിലേയ്ക്കായിരിക്കും നാം എത്തിച്ചേരുക.

അത്യന്ത വ്യത്യസ്ഥങ്ങളായ ജീവിത ദർശനങ്ങൾ പുലർത്തുന്ന നമ്മുടെ ഗ്രാമീണരെ സമന്വയിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം ഗ്രാമീണരെ സമന്വയിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം സാക്ഷരതയും പട്ടിണി നിർമ്മാർജ്ജനവുമാണ്. ഇതാകട്ടെ ഭരണാധികാരത്തിന്റെ ദന്തഗോപുരങ്ങളിലിരുന്ന് പ്രാവർത്തികമാക്കാൻ കഴിയുന്നതുമല്ല. സാധാരണക്കാരന്റെ സ്നേഹ വിശ്വാസങ്ങളാർജ്ജിക്കാൻ കഴിയുന്ന ഒരു ഭരണാധികാരിക്കു മാത്രമേ ഇത് സാധിക്കുകയുമുള്ളൂ. ജനങ്ങളെ വിശ്വാസത്തിലെടുക്കുകയുമാണ് ഇതിനുള്ള ആദ്യപടി.

രവീന്ദ്രനാഥ ടാഗൂറിന്റെയും സ്വാമി വിവേകാനന്ദന്റെയും ജീവിത ദർശനങ്ങൾ ഇളക്കി മറിച്ച പടിഞ്ഞാറൻ ബംഗാളിലെയും ശ്രീനാരായണന്റെയും കുമാരനാശാന്റെയും സാമൂഹ്യ ദർശനങ്ങൾ മാറ്റിമറിച്ച കേരളത്തിലെയും

സാധാരണക്കാർക്ക് താജ്യഗ്രാഹി വിവേചന ബുദ്ധി വേണ്ടുവോളമുണ്ട്. അതാണ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളൊരുക്കാനുള്ള കരുത്ത് അവർക്ക് ആർജ്ജിക്കാൻ കഴിഞ്ഞത്. കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞ സമ്പൂർണ്ണ സാക്ഷരതയും ''ചത്താൽ കുഴിച്ചിടാനാറടി മണ്ണ് ചത്തുപണിയും കൃഷിക്കാരന്'' സ്വന്തമാക്കാൻ കഴിഞ്ഞതും മറ്റൊന്നും കൊണ്ടുമല്ല.

ആസൂത്രണം അടിത്തട്ടിൽ നിന്ന് എന്ന നൂതനാശയം നൂറുമേനി വിളയുന്ന മണ്ണും കേരളത്തിന്റേതു തന്നെ ആയിരിക്കുമെന്ന് ആശിക്കാം.ജനകീയാസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കപ്പെടുന്ന വിഭവ ഭൂപടങ്ങളുടെ നിർമ്മാണവും ഉപയോഗവും വികസനം വേണ്ടിടത്ത് അത് എത്തിക്കുവാൻ സഹായിക്കുമെന്നതിൽ സംശയമില്ല. മിക്കപ്പോഴും അഴിമതിക്ക് ഇടനൽകുന്നത്. അസന്തുലിത വികസനത്തിലൂടെ കുന്നുകൂടുന്ന സമ്പത്സമൃദ്ധിയും നഗരവല്ക്കരണവുമാണ് ഈ തലതിരിഞ്ഞ സാമൂഹ്യ തിന്മയെ വിഭവഭൂപടങ്ങളുടെ യഥാർത്ഥമായുള്ള ഉപയോഗം മൂലം ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്നതിൽ സംശയമില്ല.

കാര്യങ്ങൾ വസ്തുനിഷ്ടമായും സത്യസന്ധമായും രാഷ്ട്രീയ നേതൃത്വത്തിനു മുന്നിൽ അവതരിപ്പിച്ച് പഞ്ചായത്തിലെ ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പരിഹരിച്ച് ഈ സംരംഭത്തിന്റെ ലക്ഷ്യസാഫല്യത്തിനു വേണ്ടി പ്രവർത്തിക്കുവാൻ ഈ പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങൾ മുന്നോട്ടുവരുന്ന ആശാവഹമായ കാഴ്ചയാണ് എങ്ങും കാണാൻ കഴിയുന്നത്.

അധികാരവും ആസൂത്രണവും മേൽത്തട്ടിൽ തീരുമാനിച്ച് യഥാർത്ഥ ഗുണഭോക്താക്കളെ അടിച്ചേല്പിക്കുന്ന പരമ്പരാഗത രീതിയ്ക്ക് വിരാമമിട്ടുകൊണ്ട് താഴെത്തട്ടിൽ നിന്ന് ആസൂത്രണം ആരംഭിക്കുന്ന പുതിയ സംവിധാനമാണ് ജനകീയാസൂത്രണം. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിൽ നിന്ന് വ്യത്യസ്ഥമായി ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി സർക്കാർ അംഗീകരിച്ചിരിക്കുന്നത് ഗ്രാമീണരെ സംബന്ധിച്ച് ഒരു രജത രേഖയാണ്. തങ്ങളുടെ ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രാവർത്തികമാക്കാൻ നമുക്കനുമതി നല്കുന്നു എന്നതു മാത്രമല്ല പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തിന്റെ വിനിയോഗ സ്വാതന്ത്ര്യം ഗ്രാമപഞ്ചായത്തിന് കൈവരിക്കുകയും ചെയ്യുന്നു. സമൂർത്തമായ ഒരു മാറ്റത്തിനാണ് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. പുതുതായി കൈവന്ന വിഭവ സ്രോതസ്സും പ്രവർത്തന സ്വാതന്ത്ര്യവും ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംസ്ഥാനത്തിലുടനീളം നടന്നു.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 1996 ആഗസ്റ്റ് മാസം 17-ാം തീയതി (1172 ചിങ്ങം ഒന്ന്) തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് പഞ്ചായത്തിൽ നടന്നു. കേരളാ മുഖ്യമന്ത്രി ഇ.കെ. നായനാർ രക്ഷാധികാരിയും, ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും എ.കെ. ആൻറണി ഉപാദ്ധ്യക്ഷനുമായി രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതിയാണ് സംസ്ഥാനതലത്തിൽ ജനകീയാസൂത്രണ പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

ഈ ലക്ഷ്യത്തോടെ ഈ ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്തുള്ള ജനങ്ങളിൽ വലിയ ആവേശമാണ് സൃഷ്ടിച്ചത്. വിളിച്ചുകൂട്ടിയ സ്പെഷ്യൽ ഗ്രാമസഭകളിലെല്ലാം നല്ല ജനപങ്കാളിത്തമാണ് ലഭിച്ചത്. സ്ത്രീകളുടെ വർദ്ധിച്ച സാന്നിദ്ധ്യം പുത്തനാശയത്തിന്റെ സത്ത ഉൾക്കൊള്ളാൻ ഈ പഞ്ചായത്തിലെ വനിതകൾക്ക് ഇതിനകം കഴിഞ്ഞു എന്ന വസ്തുതയാണ് വെളിപ്പെടുത്തുന്നത്. ഗ്രാമസഭകൾ സമ്മേളിക്കുന്നതിന്റെ മുന്നോടിയായി വാർഡുകൾതോറും കലാജാഥകൾ സംഘടിപ്പിക്കുകയും പദ്ധതിയുടെ അർത്ഥവും പ്രസക്തിയും വിളംബരം ചെയ്യുകയും ചെയ്തു.

സംസ്ഥാനതല പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുവേണ്ടി നടത്തിയ മൂന്നു ദിവസത്തെ ശില്പശാലയിൽ വക്കം ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആറുപേർ പങ്കെടുത്തു. പരിശീലനം കഴിഞ്ഞുവന്ന ഇവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 17-9-96-ൽ ഒരു ഏകദിന ശില്പശാല നടത്തി.

ജനപങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തി പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക ഗ്രാമസഭകൾ വിളിച്ചുകൂട്ടേണ്ടതിന്റെ അനിവാര്യത ഈ ശില്പശാലയിൽ ഉടനീളം ചർച്ച ചെയ്യപ്പെട്ടു.

സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിനും മറ്റുമായി നാല്പത്തിയഞ്ച് പേർ അടങ്ങുന്ന പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്തത് മേൽപ്പറഞ്ഞ ഏകദിന ശില്പശാലയിൽ നിന്നാണ്. ഇവരിൽ നിന്നും പത്ത്പേരടങ്ങുന്ന ഒരു കോർ കമ്മിറ്റിയേയും തിര

ഞ്ഞെടുത്തു.

ഗ്രാമത്തിലെ വിഭവങ്ങളും ആവശ്യങ്ങളും പരിമിതികളും വച്ച് കൂട്ടായ ചർച്ച ചെയ്യുന്ന ജനകീയാസൂത്രണത്തിന്റെ ഭാഗമായ ഗ്രാമസഭകൾ 22-9-96-ന് ആരംഭിച്ച് 6-10-96-ന് സമാപിച്ചു. ഗ്രാമസഭകളിൽ ജനപങ്കാളിത്തം സജീവമായതിനാലും ഓരോ സഭകളിലേയും എല്ലാ വിഷയങ്ങളിലും ചർച്ച സമ്പുഷ്ടമാക്കുന്നതിന് ഈ പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥന്മാരും നേതൃത്വപരമായ പങ്ക് വഹിച്ചതിനാലും 12 വിഷയങ്ങളിലും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുവാനും കഴിഞ്ഞു.

രണ്ടാംഘട്ട പരിശീലനത്തിന്റെ ഭാഗമായി ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കു വേണ്ടി ബ്ലോക്കുതലത്തിൽ നടത്തിയ ത്രിദിന പരിശീലന ക്യാമ്പ് 26-10-96-ന് ആരംഭിച്ചു.

ഇതിനെത്തുടർന്ന് 6-11-96-ൽ വക്കം പഞ്ചായത്തിൽ നടന്ന ഏകദിന ശില്പശാലയിൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് വീഡിയോ കാസറ്റ് പ്രദർശിപ്പിക്കുകയും റിസോഴ് പേഴ്സൺമാർ വിശദീകരിക്കുകയും ചെയ്തു. റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നൊരുക്കമായി പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരെ നാല് ഗ്രൂപ്പുകളാക്കി തിരിച്ച് ദ്വിതീയ വിവരശേഖരണം നടത്തി. വിഭവഭൂപടവും നിശ്ചിത സമയത്തിനുള്ളിൽ തയ്യാറാക്കി. 13-11-96-ൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിൽ പന്ത്രണ്ട് പേരടങ്ങുന്ന ഒരു സംഘം ഗ്രാമത്തിന്റെ നെടുകെയും കുറുകെയും പഠനപര്യടനം നടത്തി.

പഞ്ചായത്തിന്റെ വിഭവഭൂപടങ്ങൾ, വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരക്കണക്കുകൾ, റവന്യൂ രേഖകൾ, പഠനപര്യടന റിപ്പോർട്ട് തുടങ്ങിയവയായിരുന്നു റിപ്പോർട്ട് തയ്യാറാക്കാൻ സ്വീകരിച്ച ആധികാരിക രേഖകൾ. സാമൂഹിക, സാസ്കാരിക ചരിത്ര റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ സഹായിച്ചത് കാരണവ ചർച്ചകളും, അച്ചടി മാദ്ധ്യമങ്ങളും, സോവനീറുകളും ചരിത്രനായകന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ മുതലായവയാണ്.

ഈ ഗ്രാമത്തിലെ ഏതുവിധ നിർമ്മാണ വികസന പ്രവർത്തനങ്ങളിലും പണിയെടുക്കാനും അതിന് ആവശ്യമായ വിഭവസമാഹരണം നടത്തുവാനും കഴിവുള്ള സേവന സന്നദ്ധരായ ഒരു കൂട്ടം ആളുകൾ ഇവിടെയുണ്ട്. ജനകീയാസൂത്രണരഥം ഏറെ മുന്നോട്ട് കൊണ്ടുപോവാൻ കഴിയും എന്ന പ്രത്യാശ അതുകൊണ്ട് തന്നെ ഉറപ്പാക്കാം.

വക്കം ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധസേവന തൃഷ്ണയുടേയും അടിത്തറയിൽ മുൻകാലസേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽ നിന്നും ഊർജ്ജവും, പ്രചോദനവും ഉൾക്കൊണ്ട്, ഗ്രാമസഭാ സംവിധാനമെന്ന ബഹുജന ശക്തി സമാഹരിച്ച്, ജനകീയാസൂത്രണവും നിർവഹണവും യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ വക്കം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖനാളെയുടെ ചരിത്ര യാഥാർത്ഥ്യമാകാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്കു സ്വീകരിക്കാം.



2

പഞ്ചായത്ത്
പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	വക്കം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	വക്കം, കടയ്ക്കാവൂർ
പോസ്റ്റാഫീസ്	വക്കം
ബ്ലോക്ക് പഞ്ചായത്ത്	ചിറയിൻകീഴ്
താലൂക്ക്	ചിറയിൻകീഴ്
അസംബ്ലി മണ്ഡലം	ആറ്റിങ്ങൽ
വിസ്തീർണ്ണം	5.36 ച.കി. മീറ്റർ
അതിരുകൾ തെക്ക്	കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്
കിഴക്ക്	മണനാക്കൂർ പഞ്ചായത്ത്
വടക്ക്	കോവിൽതോട്ടം കായൽ
പടിഞ്ഞാറ്	കോവിൽതോട്ടം കായൽ
ജനസംഖ്യ (1991 സെൻസസ്)	17640
പുരുഷൻ	7996
സ്ത്രീകൾ	9644
ജനസാന്ദ്രത	3291
വാർഡുകൾ	9
പ്രസിഡൻറിന്റെ പേര്	കെ. പ്രഭാവതി
വൈസ് പ്രസിഡൻറിന്റെ പേര്	എ.ഷൗക്കത്തലി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	എൻ. ജയപാലൻ നായർ



2.1

ഭരണചരിത്രം

പഴയ തിരുവിതാംകൂർ കാലഘട്ടത്തിലെ തന്നെ ചരിത്രപരമായി അറിയപ്പെട്ടിരുന്ന അഞ്ചു തെങ്ങ് കോവിൽ തോട്ടം കായലിന്റെ മൂന്നു തീരങ്ങളാണ് ഈ പഞ്ചായത്ത് പ്രദേശത്തിന്റെ അതിരുകൾ. കേരവൃക്ഷങ്ങൾ കൊണ്ട് ഹരിതഭൂമിയായ ഈ പഞ്ചായത്ത് പ്രദേശം സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ പൊക്കത്തിലാണ് സ്ഥിതി ചെയ്യുന്നത്. 1954 ൽ രൂപം കൊണ്ട ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം ഇന്നുള്ളതിനെക്കാളും കൂടുതലായിരുന്നു. സമീപ പഞ്ചായത്തായ കടയ്ക്കാവൂർ പഞ്ചായത്തിന്റെ ഭാഗമായി ഇന്നു മാറിയ കീഴാറ്റിങ്ങൽ പ്രദേശവും അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കര, നെടുങ്ങണ്ട പ്രദേശവും വക്കം പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളായിരുന്നു. അന്ന് ഈ പഞ്ചായത്ത് പ്രദേശത്തെ പത്ത് വാർഡുകളായി വിഭജിച്ചിരുന്നു. കടയ്ക്കാവൂർ വില്ലേജിന്റെയും മണമ്പൂർ വില്ലേജിന്റെയും ഭാഗമായിരുന്നു പൂർണ്ണമായി ഈ പഞ്ചായത്ത് പ്രദേശം 1.4.1986-ൽ വക്കം വില്ലേജായി രൂപാന്തരം കൊള്ളുകയും എന്നാൽ വക്കം പഞ്ചായത്ത് ഏഴാം വാർഡിന്റെ പകുതി ഭാഗം കടയ്ക്കാവൂർ റവന്യൂ വില്ലേജിന്റെ ഭാഗമായും നിലകൊള്ളുന്നു.

ഈ പഞ്ചായത്ത് പ്രദേശത്ത് അലോപ്പതി ചികിത്സാ രംഗത്ത് സർക്കാർ വക ഒരു പ്രാഥമികാരോഗ്യകേന്ദ്രവും, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഒരു വൊക്കേഷണൽ ഹയർ സെക്കൻററിസ്ക്കൂളും, രണ്ട് അപ്പർ പ്രൈമറി സ്ക്കൂളും അഞ്ച് ലോവർ പ്രൈമറി സ്ക്കൂളും ഉണ്ട്. ഒരു കൃഷി ഭവനും, രണ്ട് ഗ്രാമ വികസന ആഫീസുകളും, ഒരു മൃഗാശുപത്രിയും, ഒരു വില്ലേജാഫീസും ഉണ്ട്. വൈദ്യുത ബോർഡിന്റെ ഒരു അസിസ്റ്റൻറ് ഇഞ്ചിനീയറുടെ ആഫീസ്, കേന്ദ്രഗവൺമെൻറ് സ്ഥാപനങ്ങളായ പോസ്റ്റ് ആഫീസ്, ടെലഫോൺ എക്സ്ചേഞ്ച് ടെലഫോൺ സബ്ഡിവിഷൻ ഇഞ്ചിനീയറുടെ ആഫീസ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും, ഷെഡ്യൂൾ ബാങ്കായ ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും, സഹകരണ സ്ഥാപനമായ വക്കം ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കും ധനകാര്യ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

1954-ലാണ് വക്കത്ത് ആദ്യത്തെ പഞ്ചായത്ത് നിലവിൽ വന്നത്. ആദ്യത്തെ പ്രസിഡൻറ്

വക്കം ഭരതൻ ആയിരുന്നു. വൈസ് പ്രസിഡൻറ് വിശ്വദേവൻ. അംഗങ്ങൾ മുഹമ്മദ് കണ്ണ്, വി.ഭാസ്കരൻ, അബ്ദുൽഖരീം, ദാമോദരൻ പിള്ള വൈദ്യൻ, വക്കം, ബി.പുരുഷോത്തമൻ (1958 വരെ) വി.കരുണാകരൻ, പ്രഭാകരൻ വൈദ്യൻ, കെ. ഗോപാലൻ, എം.അബ്ദുള്ള. വക്കം പുരുഷോത്തമന്റെ രാജിയെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ 1958-ൽ വി.എം.രവീന്ദ്രൻ അംഗമായി. കെ.ഗോപാലന്റെ രാജിയെ തുടർന്ന് എം.അബ്ദുള്ള 1955-ൽ അംഗമായി.

1963-ൽ രൂപം കൊണ്ട രണ്ടാമത് പഞ്ചായത്ത് സമിതിയുടെ പ്രസിഡൻറായും വക്കം ഭരതൻ തെരഞ്ഞെടുക്കപ്പെട്ടു. 1967-ൽ പ്രസിഡൻറ് രാജിവച്ചിതിനെ തുടർന്ന് വക്കം രവീന്ദ്രൻ പ്രസിഡൻറായി. വി.എം.രവീന്ദ്രൻ വൈസ് പ്രസിഡൻറുമായി. ചുരുങ്ങിയ കാലത്തിനിടയിൽ പ്രസിഡൻറ് സ്ഥാനം രാജിവച്ച ഒഴിവിൽ, ഉപതെരഞ്ഞെടുപ്പിലൂടെ അംഗമായ അഡ്വ: എസ്.വിശ്വനാഥൻ പ്രസിഡൻറായി. 1975 വരെ അദ്ദേഹം പ്രസിഡൻറായി തുടർന്നു. അംഗങ്ങൾ: എൻ.വിവേകാനന്ദൻ, എം.മജീദ്, വക്കം രവീന്ദ്രൻ, എം.എ.മജീദ്. ഡോ: പത്മനാഭൻ, വി.എം.രവീന്ദ്രൻ, കെ.വി.ധർമ്മരാജൻ, ആർ.രാജമ്മ, ബി.സുഭാഷിണി, ആർ. പൊന്നമ്മ. 1975-ൽ അഡ്വ: വിശ്വനാഥന്റെരാജിയെ തുടർന്ന് 1975 സെപ്റ്റംബർ 4 മുതൽ എൻ. വിവേകാനന്ദൻ പ്രസിഡൻറായി. നോമിനേറ്റ് അംഗമായ ആർ.രാജമ്മയുടെ രാജിയെ തുടർന്ന് 1964 മുതൽ 68 വരെ ബി.സുഭാഷിണിയും, അവരുടെ രാജിയെ തുടർന്ന് 1968 മുതൽ 1979 വരെ ആർ.പൊന്നമ്മയും അംഗമായി.

1979-ൽ നിലവിൽ വന്ന പുതിയ ഭരണസമതിയിൽ പി.ദിവാകരൻ വൈദ്യൻ പ്രസിഡൻറായി. കെ.ഹരിദാസ് വൈസ് പ്രസിഡൻറ് ആയിരുന്നു. അംഗങ്ങൾ : അബ്ദുൽ ജബ്ബാർ, ജി.ശശി, എൻ.പ്രസന്നൻ, വി.കെ.രാജൻ, എം.റഹീന, വി.ശശിധരൻ, ആർ രാഘവൻ നായർ.

1988 ഫെബ്രുവരി മാസത്തിൽ നിലവിൽ വന്ന നാലാമത് പഞ്ചായത്തിന്റെ പ്രസിഡൻറായി പി.ദിവാകരൻ വൈദ്യൻ ചുമതലയേറ്റു. വൈസ്പ്രസിഡൻറായി എ.നസീമാ ബീവി. അംഗങ്ങൾ. എ.അമീർ, ആർ. രാജമ്മ, ആർ പ്രസന്നൻ, എസ്.വേണുജി, എൻ.കൃഷ്ണൻ, എൻ.ജയപാലൻ നായർ, വി. ശശിധരൻ.

പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം നിലവിൽ വന്ന ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 2ന് അധികാരമേറ്റു. പ്രസിഡൻറായി കെ.പ്രഭാവതി, വൈസ്പ്രസിഡൻറായി എ.ഷൗക്കത്തലി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായി. എൻ.ജയപാലൻ നായർ. അംഗങ്ങൾ. അഡ്വ:കെ.ലളിത, ആർ.പ്രസന്നൻ, വി.പത്മജ ഡി.അജയകുമാർ, ജെ.അമ്മിണിക്കുട്ടൻ, എസ്.യോഗിദാസ് എന്നിവരാണ്.



3

സാമൂഹിക സാംസ്ക്കാരിക ചരിത്രം

മൂന്നുഭാഗവും കായൽ, റോഡുകളില്ല, ഓലമേഞ്ഞ കയ്യാലകൾ കൊണ്ട് വേർതിരിച്ച പുരയിടങ്ങൾ. ധാരാളം ഇടവഴികൾ. അങ്ങിങ്ങായി കയർ പിരിയന്ത്രങ്ങൾ സ്വന്തമായുള്ള 'പെരും കുടികൾ'. കിട്ടുന്നത് കൂലിയായി സ്വീകരിച്ച് അർദ്ധ പട്ടിണിയിൽ കഴിയുന്ന ബഹുഭൂരിപക്ഷം. ഇതായിരുന്നു ഒരു കാലത്തെ വക്കം ഗ്രാമത്തിന്റെ ചിത്രം. ജനസംഖ്യ നന്നേ കുറവ്. ഉള്ളതിൽ ഭൂരിഭാഗവും പിന്നോക്ക വിഭാഗക്കാർ. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും സാധാരണ ജനങ്ങൾക്കിടയിൽ കൊടികുത്തിവാഴുന്ന കാലം. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ശ്രീനാരായണ ഗുരുവിന്റെ ചൈതന്യം വിതറിയ പ്രഭാപൂരം പുതിയൊരു സാമൂഹ്യസൃഷ്ടിക്ക് ബീജാപാപം നടത്തി. ഗുരുദേവന്റെ പാദസ്പർശം കൊണ്ട് പാവനമായി തീർന്ന ഈ ഗ്രാമം അധൃഷ്യ പ്രഭാവന്മാരായ നിരവധി മഹാന്മാർക്ക് ജന്മം നൽകി, ഊഷ്മളമായ ചരിത്ര സത്യങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ ഈ ഗ്രാമത്തിന് കരുത്ത് കൈവന്നത് യുഗപ്രഭാവനായ ആ മഹായോഗിയുടെ കൃപാകടാക്ഷം കൊണ്ടാകണം.

നദിയുടെ സംഗമസ്ഥാനം പുണ്യകേന്ദ്രമാകുന്നതുപോലെ മഹാന്മാരുടെ ജന്മം കൊണ്ട് ധന്യമാകാൻ കഴിഞ്ഞ ഗ്രാമമാണിത്. ദേശസ്നേഹത്തിന്റെ ത്യാഗോജ്വല പ്രതീകവും സാമൂഹ്യപരിഷ്കർത്താവും മതപണ്ഡിതനുമായ വക്കം മൗലവി, അദ്ദേഹത്തിന്റെ മകൻ സാഹിത്യോപാസകനും കൃതഹസ്തനായ എഴുത്തുകാരനുമായിരുന്ന വക്കം അബ്ദുൽ ഖാദർ, സ്വാതന്ത്ര്യ സമരചരിത്രത്തിൽ വീരേതിഹാസങ്ങൾ രചിച്ച് ജന്മനാടിനു വേണ്ടി ജീവത്യാഗം ചെയ്ത മതമൈത്രിയുടെ പ്രയോക്താവായ INA ഹീറോ വക്കം ഖാദർ തുടങ്ങിയ അതുല്യ പ്രതിഭകൾക്ക് ജന്മം നൽകിയ നാടാണിത്.

ഇന്ന് നമ്മുടെ നാടിന്റെ ശാപമായി തീർന്നിരിക്കുന്ന വർഗ്ഗീയ വിഘടന ശക്തികൾക്ക് ഗുണപാഠമാകേണ്ട ജീവിത ദർശനം പുലർത്തിയ ഇവരുടെ സ്മരണകൾ ഈ ഗ്രാമത്തിന് ഇന്നും പുത്തനുണർവും ഉന്മേഷവും പകരുന്നു.

1905-ൽ ഇംഗ്ലണ്ടിൽ നിന്നും ഒരു പ്രസ്സ് വരുത്തി പത്രപ്രവർത്തനത്തിലൂടെ നാടിന്റെ മോചനമാർഗ്ഗം തേടിയ വീര പുത്രനായിരുന്നു മതപണ്ഡിതനായ വക്കം മൗലവി. സാമൂഹ്യതിന്മകളെ തുറന്നെതിർക്കാൻ തീരുമാനിച്ച മൗലവി തൂ

ലിക പടവാളാക്കി അനീതിക്കെതിരെ സന്ധിയില്ലാതെ പൊരുതുന്നതിൽ അദ്വിതീയനായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെയാണ് അതിന്റെ പൂർണ്ണ ചുമതല ഏല്പിച്ചത്. 1906-ൽ വക്കത്തു നിന്നും പത്രം പുറത്തിറങ്ങിത്തുടങ്ങി. 'അരചനെ കെടുത്തൊന്നും' പറയാൻ പാടില്ലായിരുന്ന അക്കാലത്ത് ദിവാൻ ഭരണത്തെ അടിമുടി വിമർശിക്കാനുള്ള ആർജ്ജവമാണ് രാമകൃഷ്ണപിള്ള പ്രകടിപ്പിച്ചത്. ഫലം 1910 സെപ്തംബർ 26ന് പത്രവും പ്രസ്സും കണ്ടുകെട്ടുകയും രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. സ്വതന്ത്ര ഭാരതം കൈ വന്നിട്ടും ജനകീയ ഭരണം നിലവിൽ വന്നിട്ടും കണ്ടുകെട്ടിയ പ്രസ്സിനെ കുറിച്ച് ആരും ചിന്തിച്ചില്ല. 1957-ൽ നിലവിൽ വന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് കണ്ടുകെട്ടിയ പ്രസ്സ് മൗലവിയുടെ മകൻ അബ്ദുൽ ഖാദറിന് തിരിച്ചു നൽകിയത്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത കുറ്റത്തിന് 1943 സെപ്റ്റംബർ 10-ന് പുലർച്ചക്ക് മദ്രാസ് സെൻട്രൽ ജയിലിൽ തൂക്കിലേറ്റിയ INA ഹീറോ വക്കം ഖാദറിനോട് എന്താണ് അന്തിമാഭിലാഷം എന്ന് ചോദിച്ച അധികാരികളോട് തന്നോടൊപ്പം ഒരു ഹിന്ദുസഹോദരനെ കൂടി തൂക്കിലേറ്റണമെന്നതാണ് തന്റെ ആഗ്രഹമെന്നറിയിച്ചപ്പോൾ ഹിന്ദുക്കളെയും മുസൽമാന്മാരേയും ഭിന്നിപ്പിച്ച് അതിൽ നിന്നും ലഭിച്ച ഊർജ്ജം കൊണ്ട് ഭരണം കയ്യാളിയിരുന്ന ബ്രിട്ടീഷുകാരന്റെ മുഖത്ത് ഏറ്റ ഒരു പ്രഹരമായിരുന്നു അത്.

ഭാരതാംബയുടെ മാനം കാക്കാൻ ഈ ഗ്രാമം രാജ്യത്തിന് നൽകിയ വീര രക്തസാക്ഷി, INA ഹീറോ വക്കം ഖാദറിനുശേഷം ഈ നാട്ടിൽ ധീരപുളകം കൊള്ളാൻ ജീവൻ നൽകി ഭാഗ്യം തന്ന ധീരദേശാഭിമാനി ക്യാപ്റ്റൻ ശശീന്ദ്രബാബു.

പിൽക്കാലത്തും ജനപ്രതിനിധികളായും ഭരണാധികാരികളായും ശോഭിച്ച പലജനനേതാക്കളേയും സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. എം.എൽ.എ., എം.പി, മന്ത്രി, നിയമസഭാസ്പീക്കർ, ലഫ്റ്റനൻറ് ഗവർണർ എന്നീ നിലകളിലൊക്കെ എത്തിയ വക്കം പുരുഷോത്തമനും മുൻമന്ത്രി എൻ.ശ്രീനിവാസനും Ex. M.L.A. ആയ മജീദ് സാറും ഈ നാടിന്റെ സംഭാവനകളാണ്.

അര നൂറ്റാണ്ട് മുമ്പ് നിർമ്മിച്ച ശ്രീനാരായണ ധർമ്മ പരിപാലന സംഘത്തിന്റെ വക്കം ശാഖാ മന്ദിരഹാളും റോഡ് ഗതാഗതമില്ലാതിരുന്ന ഈ പഞ്ചായത്തിൽ നിലയ്ക്കാമുക്കിൽ നിന്നും 3 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ച കായിക്കരകടവ് റോഡിന്റെ നിർമ്മാണവും പൊതുജനസഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് നടത്തിയത്. ഗ്രാമത്തിന്റെ സുപ്രധാനങ്ങളായ ഈ രണ്ട് ആവശ്യങ്ങളും നിവർത്തിച്ചത് പൊതുജനസഹകരണം ഒന്നുകൊണ്ട് മാത്രമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യസാഫല്യമടഞ്ഞ ജനകീയാവശ്യമെന്ന നിലയിൽ അന്നത്തെ ഒരു ജനകീയാസൂത്രണം തന്നെയായിരുന്നു ഈ പ്രവർത്തനങ്ങൾ. ഈ ഗ്രാമത്തെ സംബന്ധിച്ച് ഇന്നും അഭിമാനത്തോടെ സ്മരിക്കാൻ കഴിയുന്ന പഴയകാല പ്രവർത്തനങ്ങളിൽ ചിലതാണ് ഇവ.

ഗാന്ധിജി നേതൃത്വം നൽകിയ നിയമലംഘന സമരത്തിൽ അനേകം ദേശാഭിമാനികൾ ഈ പ്രദേശത്തു നിന്നും അണി ചേർന്നിരുന്നു. ഇതിന് നേതൃത്വം നൽകിയതിൽ Ex. MLA വക്കം മജീദാണ് മുഖ്യ സ്ഥാനം വഹിച്ചത്.

വക്കം ഗ്രാമത്തിലെ പരമ്പരാഗത വ്യവസായമായ കയർ, കൈത്തറി മേഖലകളിലുള്ള അസംഘടിതരായ തൊഴിലാളികൾ ഒരു കാലത്ത് വളരെയധികം ചൂഷണങ്ങൾക്ക് വിധേയരായിരുന്നു. അവരെ ബോധവൽക്കരിച്ച് സംഘടിപ്പിച്ചുകൊണ്ട് പട്ടണി ജാഥ ഉൾപ്പെടെയുള്ള സമരപരിപാടികൾ ഘട്ടംഘട്ടമായി ഇവിടെ അരങ്ങേറിയിട്ടുണ്ട്. 1951-ൽ വേതന വർദ്ധനവിനുവേണ്ടി ചിറയിൻകീഴ് താലൂക്ക് കയർ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഐതിഹാസിക സമരമാണ് ഇതിൽ സുപ്രധാനം. ഈ സമരത്തിന് നേതൃത്വം നൽകിയത് Ex.MLA ആർ ഗംഗാധരൻ, സഖാക്കൾ വക്കം ശ്രീരംഗനാഥൻ, വി.എം.രവീന്ദ്രൻ എന്നിവരായിരുന്നു. തുടർന്ന് 1957-ലെ തിരുവിതാംകൂർ കയർ വർക്കേഴ്സ് യൂണിയൻ നേതൃത്വം നൽകി നടത്തിയ സമരത്തിന് സഖാക്കൾ. മാവോ ശ്രീധരൻ, മാർത്താണ്ഡൻകുട്ടി, വക്കം ഭരതൻ, വക്കം രവീന്ദ്രൻ, വക്കം നടരാജൻ, വക്കം ദേവദാസ്, ഉമാമഹേശ്വരൻ എന്നിവർ നേതൃത്വം നൽകി. ഇത്തരത്തിലുള്ള ബഹുജനസമരങ്ങളുടെ വളർച്ചയും, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിലൂടെ കൈവന്ന പുത്തൻ ഉണർവും ഈ പ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റി തീർക്കാൻ സഹായിച്ചിട്ടുണ്ട്.

1957 മുതൽ 71 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടെ, കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം സഫലമായില്ലെങ്കിലും, സ്വന്തമായി ആറടി മണ്ണെന്ന കർഷകന്റെ സ്വപ്നം ഒരു പരിധിവരെ സാക്ഷാൽക്കരിക്കാൻ കഴിഞ്ഞു. ഈ ഗ്രാമത്തിലെ നാനൂറോളം കുടുംബങ്ങൾക്ക് ഈ വിധം സ്വന്തമായി ഭൂമി ലഭിച്ചു.

അന്യാദൃശമായ സംസ്കൃത പാണ്ഡിത്യവും വിദ്യാഭ്യാസ നിലവാരവും ഈ പ്രദേശത്തെ ഒരു അപൂർവ്വ പ്രത്യേകതയായി കരുതണം. സ്ത്രീകൾ മാത്രമല്ല അക്കാലത്ത് സാമൂഹ്യ രംഗത്ത് പിന്നോക്കം നിന്നിരുന്ന പിന്നോക്ക - ഹരിജൻ വിഭാഗങ്ങളിൽ മിക്കവാറും എല്ലാവരും തന്നെ സാമാന്യ വിദ്യാഭ്യാസത്തിനപ്പുറം ശ്രമിച്ചിരുന്നതായി കാണാം. വിദ്യാഭ്യാസം കുറവായിരുന്നവരിൽ തന്നെ കലാപരമായ പ്രകടനവാസന വളരെ ശ്രദ്ധേയമായിരുന്നു. അവരുടെ പണിപ്പാട്ടുകളും തൊഴിൽ സംബന്ധമായ സാങ്കേതിക കാര്യങ്ങളും കൗശലങ്ങളും ചില കണക്കുകളും മറ്റും വളരെ ഹൃദ്യമായ ശ്ലോകങ്ങളായും പാട്ടുകളായും ആയിരുന്നു തലമുറകളായി കൈമാറി വന്നിരുന്നത്. തച്ചുശാസ്ത്രം, കെട്ടിട നിർമ്മാണം, ചില പ്രത്യേകമായ കൈത്തൊഴിലുകൾ, കൃഷിപ്പണി ഇവയെല്ലാം വളരെ ആകർഷകമായ ഗാനങ്ങളും കവിതകളും ആയി സമർത്ഥന്മാർ രചിച്ച് തലമുറകളായി പാടിപ്പതിഞ്ഞിരുന്നു.

കുറവർ, പുലയർ, പറയർ തുടങ്ങിയ അക്കാലത്തെ ഹീനജാതിക്കാർ എന്നു വിവഷിച്ചിരുന്നവർവരെ വളരെ ആകർഷകമായ കെട്ടുകാഴ്ചകളും കോൽക്കളി, കമ്പിടികളി തുടങ്ങിയ കലാപരിപാടികളും അവയോടൊപ്പം അവതരിപ്പിച്ചിരുന്ന പാട്ടുകളും അവയിലെ ചമൽക്കാരവും സാഹിത്യ ഗുണവും ആ കലാകാരന്മാരിലെ വാസനാ സംസ്ക്കാരം വിളിച്ചോതും. കാക്കാൻ, പാണൻ, കണിയാൻ തുടങ്ങിയവരുടെ പാട്ടും കൂത്തും, മറ്റ് ചില ക്ഷേത്രാചാരനടപടികളും സൂക്ഷ്മമായി പഠിച്ചാൽ അവരിലെ കലാ സാസ്ക്കാരിക പാരമ്പര്യത്തിന്റെ ആഴം അളക്കാം. ഈ എല്ലാ വർഗ്ഗക്കാരും അവരുടെ കലാപരിപാടികൾ ആവുംമട്ട് മനോഹരമായി ആചാരപരമായിതന്നെ ദൈവപ്പുരക്ഷേത്രത്തിൽ ആവിഷ്ക്കരിച്ചിരുന്നു എന്നത് മറ്റേത് പ്രദേശത്തെ അപേക്ഷിച്ചും ഭേദചിന്തകൾക്കതീതമായി ഒരു ഏക സമുദായ സാമൂഹ്യക്രമത്തിൽ കരുത്തുള്ള വിത്തുകൾ ആയിരുന്നു എന്ന് കരുതേണ്ടതുണ്ട്. ശ്രീ നാരായണ ഗുരുദേവൻ അവതരിക്കുന്നതിനും നൂറ്റാണ്ടിന് മുമ്പേ ഈ സാമൂഹ്യസാസ്ക്കാരിക ജീവിതത്തിന്റെ അടിത്തറ ഇത്രയും സഹിഷ്ണുതയും സൗഹാർദ്ദതയും ഊട്ടി ഉറപ്പിച്ചു കൊണ്ട് എങ്ങനെ രൂപപ്പെട്ടു. താഴ്ന്ന ജാതിക്കാർ അവതരിപ്പിച്ചിരുന്ന കലാ പ്രകടനങ്ങളിൽ ഭൂരിഭാഗവും സാമൂഹ്യ പ്രക്ഷാളത സ്വരൂപം (Social sataire) ഉള്ളവയാണ്. അതും മേളാരുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിലെ താളപ്പിഴകളേയും വൈകൃതങ്ങളേയും സമൂഹമദ്ധ്യത്തിൽ പരസ്യമായി അവതരിപ്പിച്ച് കുറ്റവിചാരണ ചെയ്യുന്നവയായിരുന്നു. (ദൈവപ്പുരയിൽ പാണനും, കാക്കാനും മറ്റും അവതരിപ്പിച്ചിരുന്ന കലാപ്രകടനങ്ങൾ - ഹരിജനങ്ങളുടെ കാതു കെട്ടിയടി, കോൽ - കമ്പിടികളിപ്പാട്ടുകൾ etc.).

ഇതിൽ നിന്നും വ്യത്യസ്ഥമായിരുന്നില്ല ഇവിടുത്തെ പൂർവ്വ സൂരികളായ പണ്ഡിതന്മാരുടെയും സാഹിത്യകാരന്മാരുടേയും രചനകളുടെ സ്വഭാവവും. ഗുരുശിഷ്യബന്ധത്തിന് അതീവ പാവനതയുണ്ടായിരുന്ന അക്കാലത്തും പൂജ്യഗുരുക്കന്മാരുടെ സൽഗുണങ്ങൾ അല്ലാത്ത കാര്യങ്ങൾ ശിഷ്യന്മാർ തങ്ങളുടെ രചനകളിലൂടെ ക്രൂരമായി വിമർശിച്ചിരുന്നതായ ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

പ്രാകൃതകലകളുടെ കാലം കഴിഞ്ഞു വന്നാൽ ശാസ്ത്രീയമായി സംഘടിപ്പിക്കപ്പെട്ടിരുന്ന കലാ പ്രസ്ഥാനം അക്കാലത്ത് കഥകളിമാത്രമായിരുന്നു. വക്കം ഗ്രാമത്തിൽ അക്കാലത്ത് ശ്രദ്ധേയമായി പ്രവർത്തിച്ചിരുന്ന മികച്ച മൂന്നു കഥകളിയോഗങ്ങൾ ഉണ്ടായിരുന്നു. മുപ്പതിൽപ്പരം നല്ല കഥകളി നടന്മാർ ഈ ഗ്രാമത്തിൽ തന്നെ ഉണ്ടായിരുന്നു. ഇന്നും അതിന്റെ പിൻപറ്റിയ പാരമ്പര്യം ഇവിടെ അവശേഷിക്കുന്നതാണ് ഇന്നു കാണുന്ന കഥകളിയോഗങ്ങൾ എന്നു കരുതാം.

അതു കഴിഞ്ഞാൽ അടുത്ത പുരോഗതി കാക്കാരിശ്ശി നാടകങ്ങൾക്കായിരുന്നു. വക്കത്തെ പ്രമുഖ തറവാടുകളിലെ അന്നത്തെ അഭ്യസ്തവിദ്യരുടെ ഒരു കൂട്ടുവിനോദമായിരുന്നു കാക്കാരിശ്ശി നാടക സമിതികൾ. കാക്കാന്മാർ അവതരിപ്പിച്ചിരുന്ന സാമൂഹ്യവിമർശനപരമായ പ്രാകൃത കലാരൂപങ്ങൾക്ക് അല്പം സംസ്കൃത സ്വരൂപം ഉണ്ടാ

ക്കിയതായിരുന്നു ഈ നാടകങ്ങൾ. മിക്കവാറും പുരാണ കഥകളെ ആശ്രയിച്ച് രചന നടത്തിയിരുന്ന ഈ കലാ പ്രകടനത്തിൽ സമകാലികപ്രശ്നങ്ങൾ ഭംഗ്യന്തരേണ കൈകാര്യം ചെയ്തിരുന്ന കുഞ്ചൻ നമ്പ്യാരുടെ ശൈലിയായിരുന്നിരിക്കണം അതിന് പ്രേരണ.

അടുത്ത പടിയായി ആ രംഗത്ത് അവതരിപ്പിക്കുന്ന ഇന്നത്തെ സ്റ്റേജ് നാടകം എന്ന സ്വഭാവം ഉണ്ടായി. നടീനടന്മാർ പ്രധാനമായും പാടുകയാണ് രീതി. വിദൂഷകനും അപ്രധാന സ്ത്രീ കഥാപാത്രങ്ങളും മാത്രമാണ് ശ്ലോകമില്ലാതെ സംസാരിക്കുന്നത്. ഹരിചന്ദ്ര-സദാരാമ-പട്ടാഭിഷേകം എന്നീ നാടകങ്ങൾ അവയിൽ ചിലതാണ്. അടുത്ത തലമുറയിൽ അന്നത്തെ ചെറുപ്പക്കാർക്ക് അല്പംകൂടി പുരോഗമനം തോന്നി സാമൂഹ്യ പ്രശ്നങ്ങൾ നാടകരൂപത്തിലാക്കി അവതരിപ്പിക്കാൻ തുടങ്ങി. ഫലിതവും പരിഹാസവും ആയിരുന്നു മുഖ്യരസം. പല പ്രമുഖന്മാരെയും തൊലിയുരിക്കാൻ വേണ്ടിയും അവ പ്രയോഗിച്ചിരുന്നതായി പരാതിയുണ്ടായിരുന്നു പോൽ.

അവധൂതകാലത്തെ ഗുരുദേവ സന്ദർശനങ്ങളും വക്കം മൗലവി കുമാരനാശാൻ തുടങ്ങിയവരും ഈ നാട്ടുകാരായ മറ്റു ചില പണ്ഡിതന്മാരും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി ഇത്തരം കലാപ്രവർത്തനങ്ങൾക്ക് ഒരു ഉണർവും ഗുണനിലവാരവും വന്നുചേർന്നു. അതിന്റെ നിദർശനമാണ് കുമാരനാശാന്റെ കരുണ എന്ന അതിമനോഹരമായ നാടക ശില്പം. കഥകളിക്കായാലും, നാടകത്തിനായാലും സമീപ പ്രദേശത്തെയും അകലത്തേയും ശ്രേഷ്ഠകലാകാരന്മാരെ ക്ഷണിച്ചുകൊണ്ടു വന്ന് ചെല്ലും ചെലവും കൊടുത്ത് ഇവിടെ താമസിപ്പിച്ച് കലാശിക്ഷണവും കലാപ്രകടനവും സാധാരണമായിരുന്നു. അങ്ങനെയാണ് വില്ലു സ്വാമിയും വെസ്റ്റും പട്ടനും, അപ്പാവുശാസ്ത്രിയും ഓച്ചിറവേലുക്കുട്ടിയും മറ്റും ഈ നാടുമായി അഭേദ്യബന്ധം ഉണ്ടായത്. അക്കാലത്തെ കഥകളിയായാലും നാടകമായാലും തികച്ചും സംഗീത അടിത്തറ വേണമായിരുന്നു. അക്കാരണത്താലാണ് ഈ നാട്ടിലെ പല പ്രമാണിമാരുടെ വീടുകളിലും മുഖ്യ സംഗീത പണ്ഡിതന്മാരെ താമസിപ്പിച്ച് പെൺമക്കളെ ഉൾപ്പെടെ സംഗീതം അഭ്യസിപ്പിച്ചിരുന്നത്. വീണവായനയിലും സംഗീത സദസ്സിലും ഇവിടുത്തെ യുവതികൾ പോലും ഒരു കാലത്ത് സജീവമായി പങ്കെടുത്തിരുന്നു. തിരുവാതിരക്കളിയില്ലാത്ത തറവാടില്ലായിരുന്നു.

ചെത്തും, നെയ്ത്തും, വൈദ്യവും (മാന്ത്രികം - ജ്യോതിഷം) പാരമ്പര്യതൊഴിലായി സ്വീകരിച്ചിരുന്ന ഈഴവരുടെ പ്രാമുഖ്യം ഉണ്ടായിരുന്ന ഈ ഗ്രാമം - ഈ പിന്നോക്ക വിഭാഗം മറ്റു പ്രദേശത്തെക്കാൾ ഇവിടെ ഇത്രയും പുരോഗതി നേടാൻ അവരുടെ സംസ്കൃതപാരമ്പര്യമായിരുന്നിരിക്കണം കാരണം. വൈദ്യശാസ്ത്രവും മാന്ത്രികവും ജ്യോതിഷവും മറ്റും നല്ല സംസ്കൃത അടിത്തറയില്ലാതെ പറ്റില്ലല്ലോ.

ആ സംസ്കൃത പണ്ഡിതന്മാർ വൈദ്യശാസ്ത്രം മാത്രമല്ല സാഹിത്യ ശാസ്ത്രവും കവിതയും നന്നായി വശമാക്കിയിരുന്നു. ആ കുടുംബങ്ങളായിരുന്നു കലാ സാഹിത്യസാമൂഹ്യ രംഗങ്ങളിൽ ശ്രദ്ധേയരായത്. ഈശ്വരാരാധനയിൽ പ്രത്യേകം ശ്രദ്ധ വച്ചിരുന്ന ഈ ജനവിഭാഗം തറവാടുതോറും കാവും കുളവും നാലു കാവു കൂടുന്നതിന്റെ മദ്ധ്യത്തായി ഒരു ക്ഷേത്രവും ആ ക്ഷേത്രങ്ങളിൽ സാമൂഹ്യ സാംസ്ക്കാരിക ബോധവൽക്കരണം സാധ്യമായിരുന്ന കലാപ്രകടനങ്ങളും അങ്ങനെ പരസ്പര പൂരകങ്ങളായി.

വിദ്യാഭ്യാസ നിലവാരം ഉയർന്നിരുന്നതിനാൽ വായനാശീലവും പുറം ലോകവുമായുള്ള ആശയപരമായ പരിചയവും ഉണ്ടാവാൻ ഇടയായി. അങ്ങനെയാണ് അന്ന് കൊച്ചി മഹാരാജ്യത്തെ സാമൂഹ്യനേതാക്കളെപ്പോലും ഇവിടുത്തുകാർക്ക് പരിചയം വരാനും അവരുടെ ആശയങ്ങളും എഴുത്തുകളും പ്രസിദ്ധീകരണങ്ങളും ഇവിടേയും പ്രചരിക്കാനും സാധ്യതയുണ്ടായത്. അങ്ങനെയാവണം മിതവാദി പത്രാധിപരായിരുന്ന സി. കൃഷ്ണനെ (തലശ്ശേരി) പ്പോലുള്ളവർക്കുപോലും ഇവിടെ സ്മാരകം ഉണ്ടാവാൻ ഹേതുവായത്. (സി. കൃഷ്ണവിലാസം ഗ്രന്ഥശാല) കെ.അയ്യപ്പൻ, കേളപ്പജി, വി.ടി.ഭട്ടത്തിരിപ്പാട് തുടങ്ങിയവരുടെ ആശയങ്ങളുമായി ഇന്നാട്ടിലെ അന്നത്തെ പ്രബുദ്ധ ജനത പരിചയപ്പെട്ടിരുന്നിരുന്നു.

വലിയവീട്ടിൽ വി.കെ.വേലുക്കുട്ടി, എം.ഡി.ദാസ്, നവജീവൻ പത്രാധിപർ കൃഷ്ണൻ മാനേജർ, കലാകാരനായിരുന്ന വേലുതരകൻ തുടങ്ങിയവർ അക്കാലത്തെ കലാസാസ്ക്കാരിക രംഗം കയ്യടക്കിയിരുന്ന ചെറുപ്പക്കാരായിരുന്നു.

1940 ന് ശേഷം ഒരു പത്ത് കൊല്ലക്കാലം ഇവിടെ കാര്യമായ സാംസ്ക്കാരിക വിസ്ഫോഡനം ഒന്നും നടന്നിട്ടില്ല. അക്കാലത്ത് സ്വാതന്ത്ര്യസമര ആവേശവും ദേശീയ പ്രബുദ്ധതയും മറ്റുമായിരുന്നു പ്രധാനം. അതിന്റെ അവസാന കാലഘട്ടം ഈ പ്രദേശം വിപ്ലവപ്രസ്ഥാനങ്ങളുടെ ഈറ്റില്ലമാകാൻ തുടങ്ങി. സംസ്ക്കാര സമ്പന്നതയും ഉൽപ്പതിഷ്ണതയും ആകാം അത്തരം പുരോഗമന പ്രവണതയ്ക്ക് ഊർജ്ജമായത്.

വിപ്ലവപ്രസ്ഥാനത്തോടൊപ്പം ആയതിന് ആക്കം കൂട്ടാൻ ഉപയുക്തമായ കലാസാംസ്ക്കാരികാവേശവും ഇവിടെ ഉണ്ടായി. കേരളത്തിൽ ആദ്യമായുണ്ടായ പ്രൊഫഷണൽ നാടകവേദിയെന്ന് വിശേഷിപ്പിക്കാവുന്ന 'വക്കം കലാകേന്ദ്രം' തുടങ്ങിയ ഒട്ടനവധി പ്രസ്ഥാനങ്ങൾ ഇവിടെ അക്കാലത്ത് മുളച്ചുപൊന്തി. അന്നുണ്ടായതായ പ്രസ്ഥാനങ്ങൾ എല്ലാംതന്നെ വേരു പിടിക്കുകയും പുറം ലോകം അറിയുകയും ചെയ്ത് അഭിമാനാവഹമാകുന്ന സാഹചര്യങ്ങളിൽ നമ്മുടെ തന്നെ തകരാറുകളാൽ നശിക്കുകയും ആയിരുന്നു.

വായനശാലകൾ നടത്തുകമാത്രമല്ല അവിടെ ഒത്തുകൂടി നാട്ടുകാര്യങ്ങളും ലോകകാര്യങ്ങളും കൂടാതെ സാഹിത്യവും കവിതയും മറ്റ് വൈജ്ഞാനിക വിഷയങ്ങളും ചർച്ച ചെയ്യുന്ന പതിവും ഉണ്ടായിരുന്നു. ചതയവ്യതവും പ്രദോഷവ്യതവും മറ്റും വെറും പ്രാർത്ഥനാചാരങ്ങൾ മാത്രമായിരുന്നു. പല പ്പോഴും വിജ്ഞരായവരെ കൂടി ക്ഷണിച്ചു വരുത്തി സജീവമായ ചർച്ചായോഗങ്ങളായി നടത്തിയിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾ കാര്യമായ ഭാഗഭാക്കായതായി അറിവില്ല. അതൊരു പോരായ്മയായി കാണണം.

അത്തരം സാമൂഹ്യ ചർച്ചാസ്വഭാവമാവണം വിപ്ലവരാഷ്ട്രീയ പ്രസ്ഥാനങ്ങൾ രൂപപ്പെടാൻ പ്രാരംഭകാലത്തുണ്ടായിരുന്ന രഹസ്യ ചർച്ചാ ക്ലാസ്സുകൾക്ക് അന്നത്തെ രാഷ്ട്രീയാചാര്യന്മാർ ഈ പ്രദേശം കാര്യമായും തെരഞ്ഞെടുക്കാൻ കാരണമായതെന്നു കരുതാം.

സാമൂഹ്യസേവനം ഒരു സംസ്ക്കാരജനവിഭാഗത്തിന്റെ പ്രത്യേക ഗുണമാണ്. അക്കാര്യത്തിൽ വക്കം പ്രദേശം വളരെ ഏറെ മാതൃകാപരമായ പല പ്രവർത്തനങ്ങൾക്കും ശ്രദ്ധേയമാണ്. പൊതു സംഭാവനകൾ ശേഖരിച്ച് പൊതു നന്മയ്ക്കായി വിനിയോഗിക്കുവാനുള്ള ലഘുവായ പ്രായോഗിക രീതി ആദ്യമായി പ്രാവർത്തികമാക്കിയത് വക്കത്തായിരിക്കണം. ഇവിടത്തെ ചതയവ്യതസമിതിയും പിന്നെയുണ്ടായ S.N.D.P പ്രവർത്തനവും പൊതു സഭാമന്ദിരവും സഹകരണവായ്പാ സംഘവും, പള്ളിക്കുടങ്ങളും ആശുപ്രതിയും മറ്റും വ്യക്തമായ ഉദാഹരണങ്ങളാണ്.

മൃഗങ്ങൾക്ക് പോലും ആശുപത്രി വേണം എന്ന് ശ്രീമൂലം പ്രജാസഭയിൽ ആലോചിക്കാൻ അന്ന് ഒരു കൊച്ചുപപ്പുതരകൻ ഉണ്ടായിരുന്നു. അശരണരായി വന്നു ചേരുന്ന വഴിയാത്രികർക്ക് തങ്ങാൻ അതിഥിമന്ദിരങ്ങളും ആതുരാലയങ്ങളും വേണം എന്ന് ഉദ്ബോധിപ്പിക്കാനും മാതൃക കാട്ടാനും വക്കം മൗലവി ഉണ്ടായിരുന്നു. ക്ഷേത്രങ്ങളെല്ലാം ആരാധനാലയങ്ങൾ മാത്രമല്ല വിദ്യാലയങ്ങളും ആകണം എന്ന് ഗുരുദേവൻ ഉപദേശിച്ചത് കേൾക്കാൻ ഈ ഗ്രാമത്തിൽ ആളുണ്ടായിരുന്നു.

വിദ്യാഭ്യാസത്തിലൂടെ വിജ്ഞരാകാൻ നാരായണഗുരു നടത്തിയ ആഹ്വാനം സമൂഹത്തിൽ സൃഷ്ടിച്ച ചലനം വളരെ വലുതായിരുന്നു. സാമൂഹിക പുരോഗതി കൈവരിക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ പങ്കിനെകുറിച്ച് പ്രമാണിമാരൊക്കെ ചിന്തിച്ചു തുടങ്ങിയ കാലം. പ്രമാണിമാർക്കാണല്ലോ അന്ന് എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയുക. ഇതിന്റെ ഭാഗമായി കടൈവിളാകത്ത് കൊച്ചുപപ്പു തരകൻ ഈ ഗ്രാമത്തിൽ സ്വന്തമായി രണ്ടു സ്കൂളുകളും മാർത്താണ്ഡൻ വാദ്ധ്യാരുമായി സഹകരിച്ച് മറ്റൊരു സ്കൂളും (റൈട്ടർവിള സ്ക്കൂൾ) സ്ഥാപിച്ച് പ്രവർത്തനം നടത്തി. സാമൂഹ്യപുനരുദ്ധാരണത്തിനുവേണ്ടി അന്നു നടന്ന വിലപ്പെട്ട ഒരു പ്രവർത്തനമായിരുന്നു ഇത്. 1909-ൽ അദ്ദേഹം 12 സെന്റു വരുന്ന ഒരു കാമ്പൗണ്ടിൽ സ്വന്തം ചെലവിൽ പണിതീർത്തതാണ് പൊട്ടച്ചൻവിളാകം മലയാളം മിഡിൽ സ്കൂൾ. (ഇന്നത്തെ ഹൈസ്ക്കൂൾ) പുളിവിളാകത്ത് 5 സെന്റ് സ്ഥലത്ത് അദ്ദേഹം സ്ഥാപിച്ച പെൺ പള്ളിക്കൂടമാണ് രണ്ടാമത്തേത്. സാമൂഹ്യ പുരോഗതിക്ക് സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യം വളരെ മുൻകൂട്ടി കാണാൻ കഴിഞ്ഞ കൊച്ചു പപ്പുതരകൻ ശ്രീമൂലം പ്രജാസഭയിൽ അംഗവുമായിരുന്നു.

സാമ്പത്തികമായി വളരെയധികം പരാധീ

നതകളനുഭവിച്ചിരുന്ന ഒരു ജനസമൂഹമായിരുന്നു അര നൂറ്റാണ്ട് മുമ്പ് ഈ ഗ്രാമത്തിലുണ്ടായിരുന്നത്. തൊഴിലവസരങ്ങൾ നന്നേ കുറവ്. ഉള്ള ജോലിക്ക് മതിയായ കൂലിയുമില്ല. ജോലി സ്ഥിരതയോ സേവന വ്യവസ്ഥകളോ അന്നത്തെ തൊഴിലാളിക്ക് ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. ബഹുഭൂരിപക്ഷം വരുന്ന നിർദ്ധനരായ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തികമായി തെല്ലൊരാശ്വാസം എന്ന ലക്ഷ്യത്തോടെ 1924-ൽ 'കടയ്ക്കാവൂർ വ്യവസായ പോഷിണി പരസ്പര സഹായ സഹകരണ സംഘം' എന്ന പേരിൽ രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനമാണ് ഇന്ന് ഈ ഗ്രാമത്തിന്റെ നട്ടെല്ലായിക്കഴിഞ്ഞ വക്കം ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 542.

മൂന്നു ഭാഗവും കായലാൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിൽ റോഡു ഗതാഗതം തീരെ ഇല്ലായിരുന്നു. അര നൂറ്റാണ്ട് മുൻപ് വരെ റോഡു ഗതാഗത സൗകര്യം നിലയ്ക്കാമുക്കിൽ അവസാനിച്ചിരുന്നു. തിരുവനന്തപുരം കൊല്ലം റയിൽപാത ഈ പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി വിഭജിച്ച് കടന്നു പോകുന്നു. എന്നാൽ യാത്രക്കും ചരക്കു ഗതാഗതത്തിനും ജനങ്ങൾ മുഖ്യമായി ആശ്രയിച്ചിരുന്നത് മയൂരസന്ദേശത്തിൽ മനോഹരമായി ചിത്രീകരിക്കപെപ്ട്ടിരിക്കുന്ന കായലും തോടും ചേർന്ന് കൊച്ചിയിലാരംഭിച്ച് വർക്കല തുരപ്പ് കടന്ന് അനന്തപുരിയിൽ എത്തുന്ന ജലഗതാഗത മാർഗ്ഗത്തെ ആയിരുന്നു.

1948-ൽ ആണ് ആദ്യമായി ആറ്റിങ്ങൽ നിന്നും വക്കത്തേക്ക് 'ഹമീദിയ' എന്ന സ്വകാര്യ ബസ്സ്, സർവീസ് ആരംഭിച്ചത്.

മൂന്നു തരത്തിലുള്ള കെട്ടിടങ്ങളാണ് പഴയകാലത്ത് ഇവിടെ നിർമ്മിച്ചിരുന്നത്. സമ്പന്നരുടെ അറയും പുരയും അടങ്ങുന്ന വലിയ കെട്ടിടങ്ങൾ. മൺകട്ടയോ, മണ്ണോ ഉപയോഗിച്ചുള്ള ചുവരുകളോടു കൂടിയ ഇടത്തരം ഭവനങ്ങൾ, പിന്നെ ഓലകുത്തിപ്പൂട്ടിയുള്ള കുടിലുകൾ ഇതായിരുന്നു ഇവിടെ നിലവിലിരുന്ന വീടുകളുടെ മാതൃകകൾ.

സമ്പന്നരുടെ വീടുകളിൽ വിലകൂടിയ ഇനം തടികളുടെ ധാരാളിത്തം പ്രകടമായിരുന്നു. തേക്ക്, ചീലാന്തി, പ്ലാവ്, ആഞ്ഞിലി മുതലായ മേൽത്തരം തടികളായിരുന്നു ഉപയോഗച്ചിരുന്നത്. വൈദ്യുതിയുടെ അഭാവം മൂലം ഫാനും മറ്റും പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്ന അക്കാലത്ത് കോൺക്രീറ്റു നിർമ്മിത വീടുകളെക്കുറിച്ച് ആരും ചിന്തിച്ചിരുന്ന തേയില്ല് കെട്ടിടങ്ങളുടെ ചുവരുകൾ പോലും നിർമ്മിച്ചിരുന്നത് തടികൊണ്ടാണ്. ശീതോഷ്ണം ക്രമീകരിക്കുവാൻ സമർത്ഥമായി സ്വീകരിച്ച ഒരു മാർഗ്ഗമായിരുന്നു ഇത്. കൊത്തു പണികളും ചിത്രവേലകളും കൊണ്ട് മനോഹരമായിരുന്നു പഴയ വീടുകൾ. പഴയ ഇത്തരം ഭവനങ്ങൾ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറിക്കൊടുത്തെങ്കിലും പത്തോളം കെട്ടിടങ്ങൾ ഗതകാല സ്മരണകളുണർത്തി ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലായി ഇന്നും കാണാം.

ഈ ഗ്രാമത്തിൽ പണ്ടു മുതൽക്കേ ധാരാളം സംസ്കൃത പണ്ഡിതന്മാരുണ്ടായിരുന്നു. പാരമ്പര്യ ആയുർവേദ ചികിത്സയിൽ പ്രാവീണ്യം നേടിയ നിരവധി വൈദ്യശ്രേഷ്ഠന്മാർ ഈ ഗ്രാമത്തിൽ വളർന്നുവന്നതിന്റെ അടിത്തറയും സംസ്കൃത ഭാഷയുമായുള്ള ബന്ധം കൊണ്ടായിരിക്കണം. ഇതിനുപരി വിദ്യാഭ്യാസം, ആരോഗ്യം, സംസ്ക്കാരം എന്നീ മേഖലകളിൽ പിൽക്കാലത്ത് ഈ ഗ്രാമത്തിന് കൈവരിക്കാൻ കഴിഞ്ഞ ദ്രുതവളർച്ചക്കും ഇത് നല്ലൊരളവ് ഉപകരിച്ചിട്ടുണ്ട്. നാട്ടു വൈദ്യത്തെ മാത്രം ആശ്രയിച്ചിരുന്ന പഴയകാലത്തും ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സയാണ് ലഭിച്ചിരുന്നത്. അലോപ്പതി ചികിത്സാ സമ്പ്രദായത്തിന്റെ ആരംഭഘട്ടത്തിൽ രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാരായിരുന്ന ഡോ: പത്മനാഭനും കൊള്ളഴികത്ത് പത്മനാഭൻ ഡോക്ടറുമായിരുന്നു ഈ ഗ്രാമത്തിലെ മുഖ്യ ഭിഷഗ്വരന്മാർ. ഇതിനു പുറമേ മിഷൻ പ്രവർത്തനത്തിനായി വന്ന ഡോക്ടർ ജയിംസിന്റെ പ്രശംസനീയമായ സേവനവും ഈ ഗ്രാമത്തിന് വിസ്മരിക്കാനാവാത്തതാണ്.

ഇന്ന് ഈ ഗ്രാമത്തിൽ അലോപ്പതി ചികിത്സക്ക് ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ആയുർവേദത്തിനും ഹോമിയോപ്പതിക്കും ഓരോ ഡിസ്പെൻസറിയും പ്രവർത്തിച്ചു വരുന്നു.

ഇന്നത്തെ പ്രാഥമികാരോഗ്യകേന്ദ്രം നിലവിൽ വന്നതിനു പിന്നിലും സന്നദ്ധ സംഘ സഹകരണ പ്രവർത്തനങ്ങളുടെ ചില ചരിത്ര സത്യങ്ങളുണ്ട്. ഈ ഗ്രാമത്തിൽ നിന്ന് തൊഴിൽ

തേടി സിംഗപ്പൂരിലെത്തിയ കുറേപ്പേർ തങ്ങളുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി യത്നിച്ചതിന്റെ ഭാഗമായി 1957-ൽ പിരിച്ചയച്ച തുക ഉപയോഗിച്ചാണ് ആശുപത്രിക്ക് വേണ്ട സ്ഥലവും ആദ്യ കെട്ടിടവും പണി തീർത്തത്. ഇത് ഗ്രാമങ്ങളുടെ അടിയന്തിരാവശ്യങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുകയെന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ തുടക്കമായി എന്നും സ്മരിക്കപ്പെടേണ്ടതാണ്.

ഈ ഗ്രാമത്തിലെ ജനങ്ങൾ പണ്ട് മുതൽക്കെ വിജ്ഞാനകുതുകികളായിരുന്നു. വായന ഒരു ഹരമായി ജനങ്ങളിൽ നിലനിന്നിരുന്നു. ഇതിന്റെ സാഫല്യത്തിനായി നാട്ടുകാർ മുൻകൈ എടുത്ത് 1936-ൽ ആരംഭിച്ചതാണ് ഇന്നത്തെ സി.കൃഷ്ണവിലാസം ഗ്രന്ഥശാല. സംഭാവനയായി ലഭിച്ച പുസ്തകങ്ങൾക്ക് പുറമേ വിലക്കുവാങ്ങിയ പുതിയ പുസ്തകങ്ങളും ചേർത്താണ് ഈ ഗ്രന്ഥശാല പ്രവർത്തനം തുടങ്ങിയത്. ജനങ്ങളിൽ നിന്ന് ലഭിച്ച നിർല്ലോഭ സഹകരണം ഈ പ്രസ്ഥാനത്തെ വളരാനും ശക്തി പ്രാപിക്കാനും സഹായിച്ചു. 1952 ആയപ്പോൾ 'സ്വദേശാഭിമാനി' എന്ന ഒരു വായനശീലയും ഈ ഗ്രാമത്തിൽ നിലവിൽ വന്നു. ഗ്രാമീണരിലുണ്ടായിരുന്ന വർദ്ധിച്ച വായനാശീലവും ചിന്താശക്തിയും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഈ മണ്ണിൽ വേരോടാനും ശക്തി പ്രാപിക്കാനും സഹായിച്ചിട്ടുണ്ട്.

1952-ൽ തന്നെ വക്കം വനിതാ സംഘം എന്ന പേരിൽ ഒരു മഹിളാ സമാജം സ്ഥാപിക്കുകയും വനിതാ ശിശുക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത സമാജത്തിന്റെ പ്രസിഡൻറ് കടൈവിളാകത്ത് ഭവാനിയും സെക്രട്ടറി കൊട്ടവിളാകത്ത് ഡോക്ടർ.ടി.കെ.മാധവിയും വനിതാ സാമൂഹ്യക്ഷേമ രംഗത്ത് കൊളുത്തിയ ഭദ്രദീപം ഈ ഗ്രാമത്തിൽ പിൽക്കാലത്ത് വിപ്ലവകരമായ പലമാറ്റങ്ങൾക്കും വഴി തെളിച്ചിട്ടുണ്ട്.

ജാതീയമായ ഉച്ചനീചത്വങ്ങളുടെ തിക്തകഥകൾ ഈ ഗ്രാമത്തിൽ അധികമില്ല. കാരണം ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും പിന്നോക്കവിഭാഗങ്ങളിൽപ്പെടുന്നവരാണ്. ഇവിടുത്തെ ജനങ്ങൾക്കു മുന്നിൽ ക്ഷേത്രകവാടങ്ങൾ അടച്ചിടാൻ ആരുമുണ്ടായിരുന്നില്ല. ആരാധനാ സ്വാതന്ത്ര്യം പോലും അവർണ്ണക്ക് അപ്രാപ്യമായിരുന്ന ഈ സാഹചര്യത്തിലാണ് അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിക്കൊണ്ട് നാരായണഗുരു വിപ്ലവകരമായ ഒരു മാറ്റത്തിന് വഴിമരുന്നിട്ടത്. അതിനെതുടർന്ന് വക്കത്ത് വേലായുധൻ നടയിൽ മുരുകനേയും വക്കം ദേവശ്വരക്ഷേത്രത്തിൽ ശിവനെയും പ്രതിഷ്ഠിച്ചതോടെ ആരാധനാ സ്വാതന്ത്ര്യം പൂർണ്ണതയിലെത്തി.

ആറേഴുപതിറ്റാണ്ടു മുമ്പുവരെ അതീവ ലളിതമായ വസ്ത്രധാരണ രീതിയായിരുന്നു ഈ ഗ്രാമത്തിൽ നിലനിന്നിരുന്നത്. ഒറ്റമുണ്ടും നേരിയതുമായിരുന്നു പുരുഷന്മാരുടെ വേഷം. സ്ത്രീകൾ പ്രായഭേദമന്യേ ഒറ്റമുണ്ടും റൗക്കയും മേൽമുണ്ടും ധരിക്കുമായിരുന്നു. 1940 ഘട്ടം മുതൽ പുരുഷന്മാർ ജൂബയും മുണ്ടും ധരിച്ചു തുടങ്ങിയപ്പോൾ സ്ത്രീകൾ മുണ്ടും ബ്ലൗസും നേരിയതും അണിയാൻ തുടങ്ങി.

പഴയ പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടെങ്കിലും പുതിയ പ്രശ്നങ്ങൾ ഒന്നൊന്നായി വന്നുകൊണ്ടിരിക്കുന്നു. ഇവ കണ്ടെത്തി പരിഹരിക്കേണ്ടതായുണ്ട്. എങ്കിൽ മാത്രമേ സാമൂഹ്യ പുരോഗതി ലക്ഷ്യ സാഫല്യമടയുകയുള്ളൂ.

ഇന്ന് ഈ ഗ്രാമം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- കാർഷിക മേഖലയിലെ മുരടിപ്പ്
- കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിലെ തളർച്ച.
- രൂക്ഷമായ തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ ഇടയിൽ.
- ഉന്നതവിദ്യാഭ്യാസത്തിനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം.
- വിദ്യാഭ്യാസം, സംസ്ക്കാരം, ആരോഗ്യം എന്നീ രംഗങ്ങളിലെ ഗുണനിലവാര തകർച്ച.



4

ഭൂപ്രകൃതിയും വിഭവങ്ങളും

കടലിൻെറയും കായലിൻെറയും തലോടലേറ്റു കഴിയുന്ന സുഖ ശീതോഷ്ണമുള്ള ഒരു പച്ച തുരുത്താണ് വക്കം പഞ്ചായത്ത്. കേരവൃക്ഷങ്ങൾ തണൽ പരത്തുന്ന ഈ കായലോര പ്രദേശത്ത് കയർ പിരികേന്ദ്രങ്ങളിൽ നിന്നൊഴുകിയെത്തുന്ന റാട്ടിൻെറ ശബ്ദം ഒരു മധുരസംഗീതമാണ്. ഈ പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് തെക്കു വടക്കായി നീണ്ടുകിടക്കുന്ന റയിൽപാളത്തിലൂടെ ഇടക്കിടെ ഓടിയെത്തുന്ന തീവണ്ടികൾ പരിസരത്തെ ശബ്ദമുഖരിതമാക്കി കടന്നു പോകുന്നു. രാത്രിയുടെ അന്ത്യയാമങ്ങളിൽ നിറയെ തൊണ്ടു കയറ്റി വരുന്ന ലോറികളുടെ ഇരമ്പൽ, കായലിൽ വീശുവലയുമായി മത്സ്യബന്ധനത്തിനെത്തുന്ന മത്സ്യതൊഴിലാളികളുടെ ഉണർത്തു പാട്ടുകൾ ഇവ ഈ ഗ്രാമത്തിനു മാത്രം അവകാശപ്പെട്ടവയാണ്.

സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 7.5 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം പൊതുവിൽ സമതലമാണ്. എന്നാൽ സൂക്ഷ്മാവലോകനത്തിൽ ഇതിനെ സമതലം, ഉയർന്ന സമതലം, ചതുപ്പ് പ്രദേശം എന്നിങ്ങനെ വിഭജിക്കാം.

പഞ്ചായത്തിൻെറ കിഴക്കേയറ്റം അര കിലോമീറ്ററോളം നീളത്തിലുള്ള ഉയർന്ന സമതലം ചരിഞ്ഞ നിമ്നോന്നതങ്ങളോടു കൂടിയതാണ്. പഞ്ചായത്തിലെ ഇതര ഭാഗങ്ങളിൽ നിന്നും അത്യന്ത വ്യത്യസ്ഥമാണിവിടെയുള്ള മണ്ണ്. ഒറ്റ നോട്ടത്തിൽ മലയോര പ്രദേശത്തെ മണ്ണുപോലിരിക്കും. ചെമ്മണ്ണും ചരലും പശിമരാശിമണ്ണും കലർന്ന ഒരു പ്രത്യേകതരം മണ്ണ്. നല്ല ഫലപുഷ്ടിയുണ്ട്. തെങ്ങും ഇടവിളയായി മറ്റു കാർഷിക വിളകളും വളർത്താൻ പറ്റിയ മണ്ണാണ്. പക്ഷേ മഴയെ ആശ്രയിച്ചുള്ള കൃഷിവിളകൾ മാത്രമേ ഇവിടെ വളർത്താനാകൂ. വേനൽക്കാലത്ത് അത്രക്ക് ജലക്ഷാമമാണനുഭവപ്പെടുന്നത്. 163.3 ഹെക്ടർ വിസ്തൃതിയുള്ള ഈ പ്രദേശത്ത് ജല ലഭ്യത ഉറപ്പാക്കിയാൽ വിവിധതരം കാർഷിക വിളകളും പച്ചക്കരി, വാഴ മുതലായവയും സമൃദ്ധമായി കൃഷി ചെയ്യാൻ കഴിയും.

സമതല പ്രദേശം

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള പ്രദേശമാണിത്. ഇതിൻെറ വിസ്തൃതി 272 ഹെക്ടർ വരും. പശമണ്ണ് കലർന്ന മണൽ പ്രദേശമാണ്. മണൽ താരതമ്യേന കൂടുതലായതി

നാൽ മണ്ണിന് നീർവാർച്ച കൂടുതലാണ്. വേനൽക്കാലങ്ങളിൽ മണൽ പെട്ടെന്ന് ചൂട് പിടിക്കും. അതുകൊണ്ട് പച്ചക്കറി, വാഴ മുതലായവ കൃഷി ചെയ്താൽ വേനൽക്കാലത്ത് നല്ലപോലെ നനച്ചുകൊടുക്കണം. ചുറ്റും കായലാണെങ്കിലും ഉപ്പുരസം ഇല്ലാത്ത നല്ല ശുദ്ധജലം വർഷം മുഴുവനും ലഭിക്കും. തെങ്ങാണ് മുഖ്യവിള.

ചതുപ്പു പ്രദേശം

ഇതിന്റെ വിസ്തൃതി 100.7 ഹെക്ടറോളം വരും. ഇടയ്ക്കിടെ കായൽ ജലം കയ്യടക്കുന്ന ഈ പ്രദേശത്ത് തെങ്ങുകൃഷിക്കുമാത്രമേ സാദ്ധ്യതയുള്ളു. കായൽ ജലത്തിന്റെ ഭീഷണി ഇല്ലെങ്കിൽ പലതരം ഇടവിള കൃഷികൾക്കു പറ്റിയതാണ് ഈ മേഖല. അഞ്ചുതെങ്ങിലെ മുതലപ്പൊഴി അഴിയാക്കിയാൽ ഇവിടം ഏറെ കൃഷി സാദ്ധ്യതയുള്ള മേഖലയാക്കി മാറ്റാൻ കഴിയും.

ഈ പ്രദേശത്തെ കാർഷിക മേഖല മദ്ധ്യ ദക്ഷിണമേഖലയിൽ ഉൾപ്പെടുന്നു. ഈ ഗ്രാമ പഞ്ചായത്തതിർത്തിയിൽ 1947 മി.മീ. മഴ ലഭിക്കുന്നു. ഇടവപ്പാതിയും, തുലാവർഷവും മാറിമാറി തരുന്ന മഴ മണ്ണിനും, വിളകൾക്കും അനുഗ്രഹമാണ്. ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കുക. വൃശ്ചികം മുതൽ മകരം വരെ മഞ്ഞുകാലമാണ്. കുംഭം മുതൽ മേടം വരെ വേനലും. കുംഭമാസത്തിൽ ചിലപ്പോൾ ഇടമഴ ലഭിക്കാറുണ്ട്. തീരപ്രദേശമായ ഇവിടെ മുൻകാലങ്ങളിലേതുപോലെ ഇപ്പോൾ മഴ ലഭിക്കുന്നില്ല.

ധാരാളം കുളങ്ങളും, തോടുകളുമുണ്ടായിരുന്ന ഈ പ്രദേശത്ത് അഭൂതപൂർവമായുണ്ടായ ജനസംഖ്യാ വർദ്ധനവും തജ്ജന്യമായ പ്രശ്നങ്ങളും നിമിത്തം കുളങ്ങളും തോടുകളും ആളുകൾ കയ്യടക്കി. മഴക്കാലത്ത് കുളങ്ങളിലും തോടുകളിലൂടെ കായലിലേക്കും ഒഴുകിയിരുന്ന വെള്ളം ആവാസ വ്യവസ്ഥയിൽ വന്ന വ്യതിയാനം മൂലം റോഡുകളെ തോടുകളാക്കി മാറ്റുന്നു. കുളങ്ങളുടെ തിരോധാനം ജലസമൃദ്ധിയെ സാരമായി ബാധിച്ചിട്ടുണ്ട്.

ചതുപ്പ് പ്രദേശങ്ങളിൽ ഓരുവെള്ളമാണ് ലഭിക്കുന്നത്. സമതല പ്രദേശത്ത് കിണറുകളിൽ കിട്ടുന്നത് ശുദ്ധജലമാണ്. ഉയർന്ന സമതലപ്രദേശത്ത് വളരെ ആഴത്തിൽ ഉദ്ദേശം 80 അടി ആഴത്തിൽ മാത്രമേ ജലം ലഭിക്കുകയുള്ളു. എന്നാൽ വേനൽക്കാലത്ത് ഈ പ്രദേശത്തെ കിണറുകൾ വറ്റിപ്പോവുകയും ചെയ്യും.

പഞ്ചായത്തിലെ നൂറ് ശതമാനം സ്ഥലവും കൃഷിഭൂമിയാണ്. തരിശുഭൂമിയില്ല. കൃഷിക്കുപറ്റാത്ത സ്ഥലവും തീരെയില്ല.

നെൽപ്പാടങ്ങൾ ഒന്നും ഇപ്പോഴില്ല. ഉണ്ടായിരുന്ന ചെറുതുണ്ട് ഒരുപ്പുകൃഷിയിടങ്ങൾ കാലക്രമേണ നികത്തി തെങ്ങ്കൃഷിക്ക് അനുയോജ്യമാക്കുകയുണ്ടായി.

പ്രത്യേകതരം സസ്യങ്ങളോ, മൃഗസമ്പത്തോ ഈ പ്രദേശത്ത് ഇല്ല. ഉള്ളത് വളർത്തു മൃഗങ്ങൾ മാത്രമാണ്.

നാട്ടിന്റെ ഏറ്റവും വിലപ്പെട്ട വിഭവമായ മനുഷ്യ സമ്പത്ത് ഈ പ്രദേശത്ത് ധാരാളമുണ്ട്. എന്നാൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ വിഭവശേഷി വേണ്ടത്ര തൊഴിൽ സാദ്ധ്യത ഇല്ലാത്തതുമൂലം പാഴായിപ്പോകുന്നു. ഈ പഞ്ചായത്തിലെ യുവാക്കളിലും കുടുംബനാഥന്മാരിലും നല്ല ശതമാനം ഗൾഫ് മേഖലയിലാണ്.

ഈ പഞ്ചായത്തിലെ പ്രധാന കളിസ്ഥലങ്ങളെല്ലാം അമ്പലപ്പറമ്പുകളായിരുന്നു. ഈശ്വരാരാധനക്ക് അമിത പ്രാധാന്യം കല്പിക്കുന്ന ക്ഷേത്രഭാരവാഹികളുടെ അനിഷ്ടം കാരണം പൊതുകളിസ്ഥലങ്ങളായി ഉപയോഗിച്ചിരുന്ന മൈതാനങ്ങൾ പലതും കളിക്കാർക്ക് നഷ്ടമായിരിക്കുന്നു. നാടിന്റെ മറ്റു ഭാഗങ്ങളിലൊക്കെ ഗതകാല സ്മരണയായി മാത്രം അവശേഷിക്കുന്ന സർപ്പക്കാവുകൾ ധാരാളമുള്ള പഞ്ചായത്താണിത്. കേരളത്തനിമയിൽ ജൈവ വൈജാത്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ഇത്തരം 15-ൽപരം കാവുകൾ ഈ പഞ്ചായത്തിലുണ്ട്. സർപ്പക്കാവുകളെ ചുറ്റിപറ്റിയുള്ള ആത്മീയപരിവേഷം അവയെ നാശത്തിൽ നിന്ന് രക്ഷിക്കുമെന്നു പ്രത്യാശിക്കാം.

പഞ്ചായത്ത് പ്രദേശത്തിന്റെ എല്ലാ മേഖലകളെയും ബന്ധപ്പെടുത്തുന്ന റോഡുകളുടെ ഒരു ശൃംഖല തന്നെ ഇവിടെ ഇന്നുണ്ട്. ഇത് ഏകദേശം 30 കിലോമീറ്ററോളം വരും. ഈ പ്രദേശത്തിന് വളരെക്കാലങ്ങൾക്കു മുമ്പുതന്നെ ഉള്ള പ്രത്യേകത, കൊച്ചു കൊച്ചു ഇടവഴികൾ ആണ്. ഇടവഴികളുടെ എണ്ണക്കൂടുതൽ കൊണ്ടു വളരെയധികം സ്ഥലം തരിശുസ്ഥലമായി നഷ്ടപ്പെടുന്നു.

ഈ പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 80 ശതമാനം ഭാഗത്തും തെങ്ങുകൃഷിയാണ്. നാളികേരമാണ് പ്രധാനവിള. ഇടവിളയായി മരച്ചീനി, വാഴ ചേമ്പ്, ചേന, കുരുമുളക് മുതലായവയും കൃഷി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ കല്ലുവിള എന്ന സ്ഥലത്ത് ഏകദേശം മുക്കാൽ ഏക്കർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തിട്ടുണ്ട്. റബ്ബർകറ എടുത്തു വരുന്നു. ഏകദേശം 1,56,695 തെങ്ങ് മൊത്തം പ്രദേശത്തായി കൃഷി ചെയ്തിട്ടുണ്ട്. അതിൽ 44485 എണ്ണം കായ്ഫലം നൽകാത്തതും112210 എണ്ണം കായ്ഫലം നൽകുന്നതുമാണ്. ഏകദേശം 3 ഹെക്ടർ സ്ഥലത്ത്. പച്ചക്കറി കൃഷിയും 3 ഹെക്ടർ സ്ഥലത്ത് വാഴകൃഷിയും, 3 ഹെക്ടർ സ്ഥലത്ത് മരച്ചീനികൃഷിയും, 7.2 ഹെക്ടർ സ്ഥലത്ത് കുരുമുളകും, രണ്ടു ഏക്കർ സ്ഥലത്ത് കവുങ്ങും കൃഷി ചെയ്തിട്ടുണ്ട്. മാവ്, പ്ലാവ്, ചീലാന്തി, ആഞ്ഞിലി, തേക്ക് തുടങ്ങിയ ഇനം മരങ്ങളും തെങ്ങുകൃഷിയുടെ ഇടയിൽ കാണുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഏകദേശം 4157 വളർത്തു മൃഗങ്ങൾ ഉണ്ട്. അതിൽ കറവ ഉള്ള നാടൻ പശു എട്ടും, കറവ ഇല്ലാത്തവ നാലും. സങ്കരഇനം പശുക്കളിൽ കറവ ഉള്ളത് 537-ഉം, കറവ ഇല്ലാത്തത് 534-ഉം, കറവ ഉള്ള എരുമ 25-ഉം, കറവ ഇല്ലാത്തത് 22-ഉം, 100 കാള 14 പോത്ത് 1190 ആട്, 1723 നായ്ക്കൾ എന്നിവയും വളർത്തു മൃഗങ്ങളിൽ പെടുന്നു.

കോഴി താറാവ് എന്നീ വളർത്തു പക്ഷികളുടെ എണ്ണം ഏകദേശം 14000 ആണ്: ഈ പഞ്ചായത്തിൽ 1991-ലെ സെൻസസ് കണക്കുകൾ പ്രകാരം വക്കത്തെ ജനസംഖ്യ 17640 ആയിരുന്നു. ഇതിൽ 7996 പുരുഷന്മാരും 9644 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1648 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 3519 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 5 ആളുകൾ. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 3291 ആയിരുന്നു. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2419 ആണ്. ഇതിൽ ആൺകുട്ടികൾ 1217-ഉം, പെൺകുട്ടികൾ 1202-ഉം ആണ്. പട്ടികജാതി ജനസംഖ്യ 1872 ആണ്. അതിൽ 861 പുരുഷന്മാരും 1011 സ്ത്രീകളുമുണ്ട്. മൊത്തം ജനസംഖ്യയിൽ 85 ശതമാനം ആളുകളും സാക്ഷരരാണ്.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം വക്കത്തെ ജനസംഖ്യ 19017 ആണ്. ഇതിൽ 9224 പേർ പുരുഷന്മാരും, 9793 പേർ സ്ത്രീകളുമാകുന്നു. ജനസംഖ്യാ വർദ്ധനവ് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. കുടുംബാസൂത്രണത്തിന്റെ വിജയകരമായ പ്രവർത്തനവും, കുടുംബനാഥന്മാരിൽ നല്ലൊരു ശതമാനം വിദേശത്തു താമസിക്കുന്നതും ജനസംഖ്യാ വർദ്ധനവ് കുറയുവാൻ പ്രധാന കാരണമാണ്.

വിദ്യാഭ്യാസ രംഗത്ത് തിരുവനന്തപുരം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് വക്കം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഈ അവസ്ഥ അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ നാലായിരം പേർ ഒരു മേഖലയിലും ജോലിയില്ലാതെ നിൽക്കുന്നു. അറുപതു വയസ്സിനു മേൽ പ്രായമുള്ളവർ അയ്യായിരം പേരും, വിദ്യാർത്ഥികൾ നാലായിരം പേരും, വിദേശത്തു ജോലി നോക്കുന്നവരുൾപ്പെടെ തൊഴിലിലേർപ്പെട്ടിരിക്കുന്നവർ ആറായിരത്തി അഞ്ഞൂറുപേരും എന്നതാണ് കണക്ക്. തൊഴിൽ രഹിതരിൽ പകുതിയിലധികവും സ്ത്രീകളാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലേ ഇതിനൊരു മാറ്റം ഉണ്ടാവുകയുള്ളൂ.



5

സാമൂഹിക സാമ്പത്തിക രേഖകൾ





5.1

കൃഷിയും ജലസേചനവും

വികസന മേഖലയിൽ പ്രഥമവും പ്രധാനവും കൃഷിതന്നെ. ഒരു പ്രദേശത്തിന്റെ കാർഷിക വികസനം അതിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതിയേയും കാലാവസ്ഥയേയും മണ്ണിന്റെ തരത്തേയും വളക്കൂറിനേയും ജലസേചന സൗകര്യങ്ങളേയും ശാസ്ത്രീയമായ കൃഷി സമ്പ്രദായത്തേയും ആശ്രയിച്ചിരിക്കുന്നു.

ഭൂമിശാസ്ത്രപരമായ സ്ഥിതി

ഏകദേശം 5.36 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള തീരപ്രദേശമാണ് ഇത്. വടക്ക് കോവിൽതോട്ടം ലഗൂൺ, തെക്ക് മുതലപ്പൊഴി, മുതലപ്പൊഴി മുതൽ കോവിൽതോട്ടം ലഗൂൺവരെ അറബിക്കടലിനു സമാന്തരമായി കടൽജലം നിറഞ്ഞ അഞ്ചുതെങ്ങ് കായൽ. വേലിയേറ്റവും വേലിയിറക്കവും, മുതലപ്പൊഴി തുറന്നു കിടക്കുകയാണെങ്കിൽ ഈ കായലിലുണ്ടാകും. ഇതിന്റെ കിഴക്കേ തീരത്താണ് വക്കം പഞ്ചായത്ത് പ്രദേശം. കായലിനോട് അടുത്ത് ചതുപ്പു പ്രദേശങ്ങൾ. അവിടെ, അവിടവിടെ ചെറിയ ജലാശയങ്ങളും ചെറിയ തോടുകളും. ഈ ജലാശയങ്ങളെ 'വട്ടം' എന്ന പ്രാദേശിക നാമത്തിൽ അറിയപ്പെടുന്നു. വട്ടങ്ങളിൽ നിറയെ, അഴുകാനിട്ടിരിക്കുന്ന, ഓലകളിൽ പൊതിഞ്ഞ് ചളി കയറ്റി ജലത്തിൽ താഴ്ത്തിയ തൊണ്ടിൻ തുരുത്തുകൾ. കയറുല്പാദനത്തിന്റെ പ്രധാന അസംസ്കൃത വസ്തുവാണ് ഈ അഴുകൽ തൊണ്ടുകൾ. ഈ പ്രദേശത്തിന്റെ വേനൽക്കാല ശാപമായ കൊതുകിന്റെ ഉല്പാദനകേന്ദ്രവും ഈ വട്ടങ്ങളും തോടുകളും കായലും തന്നെ. വട്ടങ്ങളെ ബന്ധിപ്പിക്കുന്ന ഈ തോടുകളിൽ ചിലത് ചതുപ്പു നിലങ്ങളുടെ നീർവാഴ്ചാമാർഗ്ഗമാണ്. കായലിനോട് അടുത്ത പ്രദേശത്തു നിന്നും കിഴക്കോട്ട് പോകുന്തോറും മണൽ പ്രദേശമാണ്. പഞ്ചായത്തിന്റെ കിഴക്കതിർത്തിയിലെത്തുമ്പോൾ ചരലും പശമണ്ണും കലർന്ന ചെറിയ കുന്നിൻ പ്രദേശങ്ങൾ. കുത്തനെയുള്ള നീരൊഴുക്കു ഈ പ്രദേശത്തിന്റെ വളക്കൂറ് നിശ്ശേഷം ഇല്ലാതാക്കുന്നു.

കാർഷിക ചരിത്രം

ഫ്യൂഡൽ സമ്പ്രദായത്തിന്റെ ചെറിയ അവശിഷ്ടങ്ങൾ ഈ പ്രദേശത്തും ഉണ്ടായിരുന്നു. ഭൂമിയുടെ വലിയൊരു ഭാഗം ചില ജന്മിമാരുടെ വകയായിരുന്നു. മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നു. പിന്നീട് മക്കത്തായ സമ്പ്രദായം നിലവിൽ വന്നു. ജന്മിമാരുടെ അവിടവിടെയായി കി

ടന്നിരുന്ന പുരയിടങ്ങളിൽ കുടികിടപ്പുകാർ ഉണ്ടായിരുന്നു. ഭൂപരിഷ്ക്കരണം ഭൂവുടമാവകാശത്തിൽ മാറ്റം വരുത്തിയില്ല. ജന്മിമാർ തങ്ങളുടെ പുരയിടങ്ങൾ മക്കൾക്കും ചെറുമക്കൾക്കുമായി വീതിച്ചു നൽകിയിരുന്നു. പഴയ വലിയ പുരയിടങ്ങളുടെ സ്ഥാനത്ത് ചെറിയ ചെറിയ പുരയിടങ്ങൾ വന്നു. രണ്ട് ഹെക്ടർ ഭൂമിയുടെ ഉമസ്ഥാവകാശമുള്ളവർ ഇന്ന് ഈ പഞ്ചായത്ത് പ്രദേശത്തില്ല. ഏകദേശം ഒരു ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശമുള്ളവർ കേവലം ആറുപേർ മാത്രം. പക്ഷേ കുടികിടപ്പു നിയമം മാറ്റങ്ങൾ വരുത്തി. മിക്കവാറും കുടികുടപ്പുകാർക്ക് സ്വന്തം ഭൂമി ലഭിച്ചു. താമസിക്കാൻ ഇടമായി. ഇന്ന് ഈ പഞ്ചായത്ത് പ്രദേശം ചെറിയ ചെറിയ തുണ്ടു പുരയിടങ്ങൾ നിറഞ്ഞതാണ്. കുടികിടപ്പു നിയമവും ജനസാന്ദ്രതയും ആളോഹരി സമ്പ്രദായവും ഇതിന് ഏറെ സഹായിച്ചു. വിദേശ കേരളീയരും സ്വന്തുടമാ സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തി. അവർ ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങിക്കാൻ തുടങ്ങി. പഴയ ജന്മിത്തം ഏതാണ്ട് അവസാനിച്ചു. വിദേശ കേരളീയരിൽ ചുരുക്കം ചിലർ പഴയ ജന്മിത്ത മോഹത്തോടെ പുരയിടങ്ങൾ വാങ്ങിക്കൂട്ടുന്നതും വിരളമല്ല. കുടുംബാസൂത്രണം ഏറെക്കുറെ വിജയിച്ചുവെങ്കിലും ചെറിയ പുതിയ കൊച്ചു കുടുംബങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവർക്കാർക്കും ജന്മസ്ഥലം വിട്ടുപോകുന്നതിഷ്ടമല്ല. ജനസാന്ദ്രതയുടെ സമ്മർദ്ദം മൂലം പുതിയ കുടുംബങ്ങൾ പുതിയ പാർപ്പിട സൗകര്യത്തിനുവേണ്ടി പരക്കം പായുന്നു. അവരിൽ വിദേശ കേരളീയർ എന്തുവില കൊടുത്തും ഭൂമി വാങ്ങി പാർപ്പിടമുണ്ടാക്കാൻ തയ്യാറാകുന്നു. റോഡുകളിലെ ഇരു വശങ്ങളിലും മനോഹരമായി നിർമ്മിച്ചിട്ടുള്ള വിദേശ കേരളീയരുടെ ചെറുതും വലുതുമായ ഭവനങ്ങൾ ഈ ഗ്രാമത്തിൽ ഒരു നഗര പ്രതീതി ജനിപ്പിക്കുന്നു. നിർദ്ധനർക്കും ചെറുകിട വരുമാനക്കാർക്കും, തൊഴിലാളികൾക്കും പാർപ്പിട പ്രശ്നം ഒരു മോഹമായി അവശേഷിക്കുന്നു. പുതിയ പുതിയ ഭവനങ്ങൾ പുരയിടങ്ങളിൽ വരുന്നു. കൃഷി ഭൂമി ചുരുങ്ങി ചുരുങ്ങി വരുന്നു. നാഗരികതയുടെ പ്രത്യേകതയായ ചെറിയ ചെറിയ തുണ്ടു ഭൂമികളും ഭവനങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. രണ്ടും മൂന്നും ഹെക്ടർ വിസ്തീർണ്ണമുള്ള പഴയ പുരയിടങ്ങൾ പത്തുസെന്റിന് താഴെ വിസ്തീർണ്ണമുള്ള പുരയിടങ്ങളായി മാറി. അവിടെ പുതിയ ഭവനങ്ങൾ വന്നു നിറയുന്നു. ഈ രീതി തുടർന്നാൽ കൃഷിഭൂമി നാമമാത്രമാകും. പാർപ്പിടപ്രശ്നം രൂക്ഷമാകും. സംയോജിതകൃഷി വികസന പരിപാടികൾ നടപ്പിലാക്കാൻ ഇപ്പോൾ തന്നെ പ്രയാസമായ അവസ്ഥയാണുള്ളത്.

ഈ പഞ്ചായത്ത് പ്രദേശത്തിലെ ഏഴും എട്ടും ഒമ്പതും വാർഡുകളിലെ ചതുപ്പു പ്രദേശങ്ങൾ സ്വാതന്ത്ര്യാന്തരകാലത്തും നെൽകൃഷി നിലങ്ങൾ ആയിരുന്നു. അഞ്ചുതെങ്ങു കായലുമായി ബന്ധിക്കുന്ന തോടുകൾ ഈ വയലുകളിലെ ജലനിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു. ഇടവപ്പാതി മഴക്കാലത്തും തുലാവർഷക്കാലത്തും ഉണ്ടാകാറുള്ള വെള്ളപ്പൊക്കങ്ങൾ ഇവയെ ഒരുപ്പൂനിലങ്ങളാക്കി മാറ്റി; ഇപ്പോൾ എട്ടും ഒമ്പതും വാർഡുകളിലെ നിലങ്ങൾ തികത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവ തെങ്ങിൻ പുരയിടങ്ങൾ ആയി മാറിക്കഴിഞ്ഞു. റെയിൽപ്പാതയ്ക്ക് കുറുകെ, കടന്നു പോകുന്ന നീർവാഴ്ചാ മാർഗ്ഗത്തിൽ തടയണ നിർമ്മിച്ചതുമൂലം ഏഴാം വാർഡിലെ നിലങ്ങൾ ഇപ്പോൾ ഇരുപ്പൂനിലങ്ങളാണ്. പക്ഷെ ഈ നിലങ്ങളിൽ ഇടവിളയായി ഒന്നുമില്ല.

ഇന്നത്തെ വിള

ഇവിടത്തെ പ്രധാന കൃഷി തെങ്ങാണ്. ഏകദേശം 536 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പ്രദേശത്തെ കൃഷിയിടത്തിൽ ഏകദേശം 450 ഹെക്ടർ സ്ഥലത്ത് നാളികേര കൃഷിയുള്ളതായി രേഖകളിൽ കാണുന്നു. ശരാശരി വിളവ് 42 നാളികേരം. സംസ്ഥാന ശരാശരി 31. വിളവ് സംസ്ഥാന ശരാശരിയിൽ നിന്നും കൂടുതലാണെങ്കിലും കർണ്ണാടക തമിഴ്നാട് സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന ശരാശരി വിളവിനേക്കാൾ ഇത് വളരെ കുറവാണ്. ഇടവിളയായി ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, വാഴ, കമുക്, കുരുമുളക്, മാവ്, പ്ലാവ്, പുളി മുതലായവയുണ്ട്. കൂടാതെ ചീലാന്തിയും, പൂവരശും പാഴ്വൃക്ഷമായി വളരുന്നു. എങ്കിലും ഇവയൊന്നും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നില്ല. ചേന, ചേമ്പ്, വാഴ, കമുക്, കുരുമുളക് ഇവ ഇടവിളയായി വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്. എങ്കിൽ ഇവയുടെ ഉല്പാദനം വളരെയേറെ വർദ്ധിപ്പിക്കാൻ കഴിയും. ഒരു കാലത്ത് കശുമാവുകൾ ഇവിടെ വളർന്നിരുന്നു. അവയെല്ലാം മിക്കവാറും മുറിച്ചു മാറ്റപ്പെട്ടു കഴിഞ്ഞു. വാഴകൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. വാഴയെ ബാധിക്കുന്ന വൈറസുരോഗവും

കൂമ്പടപ്പും ഇവിടെ സാധാരണമാണ്. രോഗബാധ വാഴകൃഷിയെ തളർത്തുന്നു. കർഷകർ നിരാശരാകുന്നു. കൃഷിഭവൻ നിർദ്ദേശിക്കുന്ന പരിചരണ മാർഗ്ഗങ്ങളും പരിഹാര മാർഗ്ഗങ്ങളും പലപ്പോഴും ഫലപ്രദമല്ല. പക്ഷെ, ചേനയും, ചേമ്പും, കാച്ചിലും, നനകിഴങ്ങും, കൂർക്കയും, കമുകും, കുരുമുളകും ഈ പ്രദേശത്ത് ഇടവിളയായി നട്ടുവളർത്തി നല്ല വിളയെടുക്കാം. പശമണ്ണും ചരലും നിറഞ്ഞ ഈ പ്രദേശത്തിന്റെ കിഴക്കുഭാഗങ്ങളിൽ മരച്ചീനി കൃഷി പരിമിതമായി ഉണ്ട്. പക്ഷെ ഈ പ്രദേശത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്തും മരച്ചീനി കൃഷി ചെയ്യാവുന്നതാണ്. എലിശല്യമാണ് പ്രധാന പ്രശ്നം. പക്ഷെ, വ്യാപകമായി എല്ലാ പുരയിടങ്ങളിലും കൃഷി ചെയ്താൽ കർഷകന്റെ നഷ്ടം കുറയുന്നതാണ്. അതോടൊപ്പം എലി നശീകരണ തീവ്രയത്ന പരിപാടിയും നടപ്പിലാക്കിയാൽ മതി.

ഉല്പാദനക്ഷമത

തെങ്ങുകൃഷി ശാസ്ത്രീയമായിട്ടല്ല ഈ പ്രദേശത്തു നടന്നിട്ടുള്ളതും നടക്കുന്നതും. പൂർവ്വികന്മാർ നട്ടുവളർത്തിയ തെങ്ങുകൾ. അവയിൽ മിക്കവയും നല്ലയിനത്തിൽപ്പെട്ടവയായിരുന്നില്ല. നട്ടവരുടെ അറിവും അജ്ഞതയും വിളംബരം ചെയ്യുന്നു വളർന്നു നിൽക്കുന്ന തെങ്ങുകൾ. ചില തെങ്ങുകൾക്ക് വേണ്ടത്ര വളം നൽകിയാലും നല്ല വിളവു നൽകുന്നില്ല. ഈ പ്രദേശത്തെ 70 ശതമാനം തെങ്ങുകളും ഇത്തരത്തിലുള്ളവയാണ്. ചില തെങ്ങുകൾ വലിപ്പമുള്ള നാളികേരം നൽകുന്നു. എണ്ണം വളരെ കുറവ്. വാണിജ്യാടിസ്ഥാനത്തിൽ അവ ഗുണം നൽകുന്നില്ല. ചില തെങ്ങുകൾ ഒന്നിടവിട്ടുള്ള വർഷങ്ങളിൽ മാത്രം നല്ല വിളവുനൽകുന്നവയാണ്. പുതിയ തെങ്ങിൻ തൈകൾ നടുന്ന കേരകർഷകർ ഇപ്പോഴും പഴയ രീതി തന്നെ പിന്തുടരുന്നു. കൃഷി ഭവനിൽ നിന്നും വിതരണം ചെയ്യുന്ന തെങ്ങിൻ തൈകളും മേൽത്തരമാണെന്ന് പറഞ്ഞുകൂടാ. വൻ തോതിൽ വിതരണം ചെയ്യാൻ വേണ്ടി പരമ്പരാഗത രീതി തന്നെ അവരും അവലംബിക്കുന്നു. ഗവേഷണം നടത്തി നട്ടുവളർത്തി, നൽകിയ ചില സങ്കരയിനം തൈകളുടെ ഗുണനിലവാരത്തകർച്ചയും കർഷകർക്ക് പുതിയയിനം തൈകളോടുള്ള വിശ്വാസ്യത നശിപ്പിച്ചു. കൃഷിഭവന് ഈ രംഗത്ത് കാര്യമായ സംഭാവന നൽകാൻ കഴിയും. ഗവേഷണം മൂലം ഉരുത്തിരിച്ചെടുത്ത കുറ്റമറ്റ പുതിയ സങ്കരയിനം തൈകൾ ഇടത്തൈകളായി നട്ടുവളർത്താൻ കേരകർഷകരെ പ്രേരിപ്പിക്കുകയും അത്തരം തൈകൾ മാത്രം വിതരണം ചെയ്യുകയും ചെയ്താൽ വളം ചെയ്താലും വിളവു നൽകാത്ത പഴയ വളർച്ച മുറ്റിയ തെങ്ങുകളെ മുറിച്ചു മാറ്റിക്കാൻ കഴിയും. ഇത്തരത്തിലൊരു തീവ്രയത്ന പരിപാടി നടപ്പിലാക്കിയാൽ ഈ പ്രദേശത്തെ നാളികേര ഉല്പാദനം മൂന്നിരട്ടി വർദ്ധിപ്പിക്കാൻ അഞ്ചോ ആറോ വർഷങ്ങൾ കൊണ്ടു കഴിയും.

ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്ത് പ്രദേശത്തിലെ ഏറ്റവും വലിയ മേഖലയായ തീരസമതല പ്രദേശങ്ങളിൽ കിണർ ജലമാണ് കുടിയ്ക്കാനും കൃഷിയ്ക്കും ഉപയോഗിച്ചു വരുന്നത്. കിണറുകൾ കുഴിച്ച് പമ്പു സെറ്റുകൾ ഘടിപ്പിച്ച് വീട്ടുവളപ്പിലെ കൃഷി മെച്ചപ്പെടുത്തുന്നതിനു വേണം മുൻഗണന നൽകുവാൻ. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഈ പ്രദേശത്ത് 500 ഓളം പമ്പു സെറ്റുകൾ ജലസേചന സൗകര്യത്തിനായി വിതരണം ചെയ്തിട്ടുണ്ട്. എങ്കിൽക്കൂടിയും വളരെയധികം സാദ്ധ്യതകൾ ഈ മേഖലയിൽ ഇനിയുമുണ്ട്. ആയതിനാൽ 200 പമ്പു സെറ്റുകൾ കർഷകർക്കു ലഭ്യമാകത്തക്ക തരത്തിൽ 5 വർഷത്തേയ്ക്കു 1000 പമ്പുസെറ്റ്, പദ്ധതിക്കാലത്ത് വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്ത് അതിർത്തിയിൽ ആകെ 7 കുളങ്ങളുണ്ട്. തോപ്പിൽക്കുളം, നടുത്തട്ടിൽക്കുളം, വെളിവിളാകം വെണ്മണയ്ക്കൽ, ബംഗ്ലാവിൽ കുളം, തിട്ടയിൽകുളം, വാടയിൽ കുളം എന്നിവയാണ്. ഇവയിൽ തോപ്പിൽകുളം, ബംഗ്ലാവിൽ കുളം വെണ്മണയ്ക്കൽ കുളം, നടുത്തട്ടിൽ കുളം എന്നിവ പൊതു കുളങ്ങളാണ്. എന്നാൽ നിലവിലുള്ള ഒരു കുളങ്ങളും ജലസേചന സൗകര്യത്തിന് ഉപയുക്തമല്ല. ജലസേചന സൗകര്യത്തിനായി കിണറുകളോ, കുഴൽ കിണറുകളോ, തോടുകളോ ഒന്നും തന്നെ ഈ പ്രദേശത്ത് നിലവിലില്ല.

വക്കം പ്രദേശത്തിന്റെ കിഴക്കതിർത്തിയായ നിലയ്ക്കാമുക്കിൽ നിന്നും പടിഞ്ഞാറോട്ട് മഴക്കാലത്ത് കുത്തനെ ഒഴുകി വരുന്ന ജലം സംഭരിച്ച് നിർത്തുവാനായി ഉണ്ടായിരുന്ന ബംഗ്ലാവിൽ കുളം, ഇന്ന് പുരയിടമായി നികത്തി എടുത്തിരിക്കുന്നതിനാൽ പ്രധാന റോഡായ നിലയ്ക്കാമുക്ക് - കായിക്കര റോഡിൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നു. ഇവ പുനർ നിർമ്മിച്ച് വെള്ളം സംഭരിച്ചാൽ മഴയെ മാത്രം ആശ്രയിച്ച് കഴിയുന്ന

ഉയർന്ന സമതല പ്രദേശത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതും കൂടാതെ ഗതാഗതത്തിന് ഭീഷണിയായി നിൽക്കുന്ന വെള്ളപ്പൊക്കത്തിനെ തടയാൻ സഹായകരവുമായിരിക്കും.

ഉയർന്ന സമതലപ്രദേശത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ 5-ാം വാർഡ് കായൽവാരം പ്രദേശത്തും നെറ്റിക്കുന്നുവിള ഭാഗത്തും 7-ാം വാർഡിൽ മുത്താക്കൽ ഭാഗത്തും ഓരോ കുളം പുതുതായി നിർമ്മിച്ചാൽ വെള്ളം ശേഖരിച്ച് നിർത്താൻ കഴിയും.

ഉൽപ്പന്ന വിലയും വിപണനവും

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നില്ല എന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം മാർക്കറ്റിൽ 5600 രൂപ വെളിച്ചെണ്ണ വില ഉള്ളപ്പോൾ തേങ്ങാ വിൽക്കുന്ന കർഷകന് ശരാശരി 4000-ഉം 4200-ഉം രൂപയാണ് ലഭിക്കുന്നത്. മെച്ചപ്പെട്ട വില നൽകി തേങ്ങാ വാങ്ങുവാൻ ആളില്ലാത്തതാണ് പ്രധാന പ്രശ്നം. കേരഫെഡ് തേങ്ങ വാങ്ങുവാൻ തുടങ്ങിയപ്പോൾ ഈ പ്രശ്നം ചില പ്രദേശങ്ങളിലെങ്കിലും കുറച്ചൊക്കെ ഇല്ലാതായി. നമ്മുടെ ഗ്രാമത്തിൽ സ്ഥിരമായ ഒരു സംവിധാനം ഇതിന് ഇന്ന് നിലവിലില്ലാതിരിക്കുകയാണ്. അതിനാൽ കേരഫെഡിന്റെ ഒരു ഡിപ്പോ തുറന്ന് തേങ്ങ വാങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുവാൻ ഇത് സഹായകമാകും.

കാർഷിക ബന്ധങ്ങൾ

കാർഷിക ബന്ധങ്ങളിൽ മൗലികമായ മാറ്റം ഈ പ്രദേശത്ത് വന്നിട്ടുണ്ട്. ജന്മിത്തം അവസാനിച്ചു. ജന്മികുടിയാൻ ബന്ധവും വ്യവസ്ഥയും അവസാനിച്ചു. പക്ഷെ സ്വന്തം ഭൂമിയിൽ കൃഷി ചെയ്ത് ഉപജീവനം കഴിക്കുന്നവരുടെ എണ്ണത്തിൽ വലിയ കുറവു വന്നു. ചെറിയ കൃഷി ഭൂമികളിൽ കൃഷി ചെയ്ത് ഉപജീവനം നടത്തുക പ്രയാസം. അതുകൊണ്ട് അത്തരം കൃഷിക്കാർ മറ്റ് തൊഴിൽ തേടിപ്പോയി. എങ്കിലും ഏകദേശം 10% പേർ ഇപ്പോഴും കർഷകരായിട്ടുണ്ട് അവർ ചെറുകിട കർഷകരാണ്. ചെറുകിട കൃഷിക്കാരും കൃഷി ഭൂമി വിട്ട് മറ്റു തൊഴിൽ തേടി പോയവരും കർഷക തൊഴിലാളികളെക്കൊണ്ടാണ് പണിയെടുപ്പിക്കുന്നത്.

കൂലി-സേവന വ്യവസ്ഥകൾ

ഇടവപ്പാതി മഴക്കാലത്ത് തെങ്ങിന് തടമെടുക്കുക, തുലാവർഷം കഴിഞ്ഞ് പുരയിടം കിളയ്ക്കുക, വളം ചുമക്കുക, വളമിടുക ഇവയാണ് നാളീകേര കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾ. ഈ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ ചുരുക്കമാണ്. അവർക്ക് ദിവസം ഏകദേശം 100 രൂപ കൂലി ലഭിക്കുന്നു. എങ്കിലും വളം ചുമക്കുന്ന, വയലുകളിൽ ഞാറുനടുന്ന കള പറിക്കുന്ന, കൊയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഏകദേശം 70 രൂപയാണ് കൂലി ലഭിക്കുന്നത്. നാളീകേരവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് എന്നും ജോലി ലഭിക്കാറില്ല. അതുകൊണ്ട് അവർ വർഷംതോറും ഏകപക്ഷീയമായി കൂലി വർദ്ധിപ്പിക്കുന്നു. ഇത് കർഷകരെ വല്ലാതെ വലയ്ക്കാറുണ്ട്. തെങ്ങുകയറ്റതൊഴിലാളികൾ പരമ്പരാഗതമായി ഈ തൊഴിൽ ചെയ്യുന്നവരാണ്. എങ്കിലും ഈ തൊഴിലിലേയ്ക്കു വരുന്ന മറ്റുള്ളവരേയും വളരെ വിരളമായി കാണാം. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് താരതമ്യേന നല്ല കൂലി ലഭിക്കുന്നതു കൊണ്ടാകാം ഇത്.

വളം ഉപഭോഗം

പ്രധാന കൃഷിയായ തെങ്ങിന് ശാസ്ത്രീയമായ പരിരക്ഷയോ വള പ്രയോഗമോ വ്യാപകമായി നടക്കുന്നില്ല. ഇടവപ്പാതി മഴ തുടങ്ങുമ്പോൾ കേര കർഷകർ കർഷക തൊഴിലാളികളെക്കൊണ്ട് തെങ്ങുകൾക്ക് തടം എടുക്കുന്നു. ആഹാരം പാചകം ചെയ്യുമ്പോൾ ലഭിക്കുന്ന പരിമിതമായ ചാരം തെങ്ങിൻ തടങ്ങളിൽ വിതറി വളപ്രയോഗം നിർവ്വഹിക്കുന്ന പരമ്പരാഗതമായ രീതിയാണ് പൊതുവേ കണ്ടു വരുന്നത്. തെങ്ങിന് തടമെടുക്കുന്നതും ശാസ്ത്രീയമായിട്ടല്ല. തെങ്ങിന് വളമിട്ടാൽ വേരുകൾക്ക് അത് ലഭിക്കുവാൻ ഏകദേശം 2 വർഷക്കാലം കഴിയുമെന്ന് കൃഷി വിദഗ്ദ്ധർ പറയുന്നു. പക്ഷെ തെങ്ങിന് തടമെടുക്കുമ്പോൾ മുൻ വർഷമിട്ട പരിമിതമായ വളം പോലും തെങ്ങിന് ലഭിക്കാനാകാത്ത തരത്തിൽ തെങ്ങിൻ ചുവട്ടിലെ വളക്കൂറുള്ള മണ്ണ് ഏകദേശം 2 മീറ്റർ വീതിയിലും, 25 സെ.മീ. ആഴത്തിലും, വീണ്ടും മഴജല സംഭരണത്തിനായി പൂർണ്ണമായും നീക്കം ചെയ്യുകയാണ് പതിവ്. അശാസ്ത്രീയമായ ഈ രീതി പോലും മാറ്റിയെടുക്കുവാൻ കർഷകസംഘങ്ങളോ കൃഷിഭവനോ മുൻകൈ എടുക്കുന്നില്ല. എങ്കിലും ഈ

അടുത്ത കാലത്തായി ചില കർഷകരുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റം കുറേ വന്നിട്ടുണ്ട്. അവർ തെങ്ങിന് ശാസ്ത്രീയമായ വളപ്രയോഗത്തിൽ ഉത്സുകരാണ്. പക്ഷെ അങ്ങനെ ചെയ്തിട്ടും വിളവിൽ കാര്യമായ വർദ്ധനവ് ലഭിക്കാത്തതിൽ അവർ നിരാശരാണ്. മണ്ണിന്റെ രാസഘടനയിൽ വന്ന മാറ്റങ്ങളോ മണ്ണൊലിപ്പോ ആകാം കാരണം. നല്ലയിനം തെങ്ങ് അല്ലാത്തതുമാകാം കാരണം. കൃഷിഭവനും കർഷകസംഘത്തിനും കാര്യമായ സംഭാവന ചെയ്യാൻ കഴിയുന്ന പ്രശ്നമാണിത്. വളർച്ച മുറ്റിയ താണതരം തെങ്ങുകൾ ഉൾപ്പെടെയുള്ളവ മുറിച്ചുമാറ്റുക. നല്ലയിനം അല്ലാത്ത തെങ്ങുകളുടെ ഇടയിൽ ഇടത്തൈകളായി മേൽത്തരം സങ്കരയിനം തൈകൾ നട്ട് ശാസ്ത്രീയമായ വളപ്രയോഗവും പരിരക്ഷയും നൽകിയാൽ ആറോ ഏഴോ വർഷം കഴിയുമ്പോൾ നല്ല വിളവ് നല്കും. കർഷകർക്ക് ശാസ്ത്രീയ കൃഷി സമ്പ്രദായത്തിൽ വിശ്വാസം വരുമ്പോൾ വിളവ് നൽകാത്ത താണതരം തെങ്ങുകൾ മുറിച്ചു മാറ്റുവാനും തൽസ്ഥാനങ്ങളിൽ പുതിയയിനം തൈകൾ നട്ടുപിടിപ്പിക്കുവാനും അവർക്ക് പ്രചോദനം ഏറും.

സംസ്ഥാനത്തൊട്ടാകെ കണ്ടുവരുന്ന കാറ്റുവീഴ്ച എന്ന തെങ്ങുരോഗം ഈ ഗ്രാമത്തിലും വ്യാപകമായി പടർന്നു പിടിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ കൂമ്പു ചീയൽ, കൊച്ചങ്ങ കൊഴിയൽ, പ്രാണിശല്യം, വേരു ചീയൽ, ഓലപ്പുഴു ബാധിക്കൽ തുടങ്ങിയ രോഗങ്ങളും ഈ പ്രദേശത്തെ തെങ്ങുകളെ ബാധിച്ചിരിക്കുകയാണ്. രോഗബാധിതമായ തെങ്ങുകളെ മുറിച്ചു മാറ്റുന്നതിലേയ്ക്കു നഷ്ടപരിഹാരമായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന തുക പരിമിതമാണ്. രോഗം ബാധിച്ച തെങ്ങുകളുടെ പരിചരണ രീതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം ആവശ്യമായിരിക്കുകയാണ്. ആയതിലേക്കു വാർഡുകൾ തോറും ബോധവൽക്കരണ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

വിളവ് വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന മറ്റൊരു ഘടകം വളപ്രയോഗമാണ്. ഈ ഗ്രാമത്തിലെ നിലവിലുള്ള ഏജൻസികൾ വിതരണം ചെയ്യുന്ന വളത്തിന്റെ കണക്കുകൾ കാണിക്കുന്നത് ഇവിടെ ആവശ്യമായ വളത്തിന്റെ പത്തിലൊന്നുപോലും വിതരണം ചെയ്യുന്നില്ല എന്നാണ്. രാസവളത്തിന്റെ ഉപയോഗത്തെക്കുറിച്ചുപോലും കൃഷിക്കാർക്കു വിശ്വാസം നശിച്ചു പോകുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. 20% വിളവ് ഉയർത്താൻ ശാസ്ത്രീയ വളപ്രയോഗം കൊണ്ടു കഴിയും. കാർഷിക മേഖലയിൽ ഒരു വഴിത്തിരിവ് എന്ന വിധം ജൈവവള പ്രയോഗത്തിന് ഇന്ന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. അതിനാൽ നാം വലിച്ചെറിയുന്ന പാഴ്സാധനങ്ങൾ സംഭരിച്ച് ഇടാൻ ഓരോ കമ്പോസ്റ്റ് കുഴികൾ ഓരോ വീട്ടിലും നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

ഈ ഗ്രാമത്തിന് വളരെയധികം വികസന സാദ്ധ്യതയുള്ള കൃഷിയാണ് കുരുമുളക്. ഇപ്പോൾ 7.2 ഹെക്ടർ പ്രദേശത്ത് ഒതുങ്ങി നിൽക്കുന്നു. വർഷം തോറും കൃഷിഭവനിലൂടെ കുരുമുളക് വള്ളി വിതരണം ചെയ്യുന്നുണ്ടെങ്കിലും കർഷകർക്ക് അത് നട്ടു വളർത്താനുള്ള താല്പര്യം വളരെ കുറവായാണ് കാണുന്നത്. ബോധവൽക്കരണം ആവശ്യമായതിനാൽ അതിനുവേണ്ടി സിനിമാ പ്രദർശനങ്ങളും സെമിനാറുകളും ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

പച്ചക്കറികൃഷി ഈ ഗ്രാമത്തിൽ വളരെ വിരളമാണ്. ഇപ്പോൾ മൂന്നു ഹെക്ടറിൽ മാത്രമേ കൃഷി ഉള്ളൂ. ഈ ഗ്രാമത്തിലെ മണ്ണ് 'മണൽ' വിഭാഗത്തിൽപെടുന്നതിനാൽ പച്ചക്കറി കൃഷി ചെയ്യുമ്പോൾ കൂടുതൽ അദ്ധ്വാനം ആവശ്യമായതിനാൽ പൊതുവേ കർഷകർക്കു വിരസത അനുഭവപ്പെടുന്നു. മറ്റു മണ്ണുകളെപ്പോലെ മണൽ മണ്ണിലും ധാരാളം ജൈവവളം ചേർത്തുകൊടുത്താൽ പച്ചക്കറി കൃഷിയ്ക്കു അവ പ്രയോജനപ്പെടും. ഭൂമിയിൽ തെങ്ങിന്റെ തണൽ കൂടുതലായതിനാൽ സൂര്യപ്രകാശം വേണ്ടവിധം ലഭിക്കാത്തതുകൊണ്ട് വളർച്ച മുരടിച്ചു പോകുന്നതാണ് മറ്റൊരു കാരണം.

അവലോകനം

1992 മുതൽ ഈ ഗ്രാമത്തിൽ കൃഷിക്കാരുടെ ക്ഷേമത്തിനു വേണ്ടി കൃഷി ഭവനിലൂടെ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1992-93 കാലഘട്ടത്തിൽ പച്ചക്കറി കൃഷി മഹിളാസമാജം വഴി നടപ്പിലാക്കാൻ ലക്ഷ്യമിട്ട നാല് പദ്ധതികളിൽ നാലും നടപ്പിലാക്കി. അതുപോലെ പച്ചക്കറി തോട്ടം ഉണ്ടാക്കുന്നതിനായി വിദ്യാർത്ഥികൾക്കായി 1020 പാക്കറ്റ് വിത്ത് വിതരണം നടത്തി. സ്കൂൾ കോമ്പൗണ്ടിൽ പച്ചക്കറി തോട്ടം നിർമ്മാണം ലക്ഷ്യമിട്ട പദ്ധതിയും നടപ്പിലാക്കി.

പൊതുജന പങ്കാളിത്തത്തോടെ ഈ ഗ്രാമത്തിലെ തിരഞ്ഞെടുത്ത പ്ലോട്ടിൽ പച്ചക്കറി കൃഷി നടപ്പിലാക്കി. കർഷകർക്ക് മിനികിറ്റുകളും വിതരണം ചെയ്തു. S.C.P, C.C.D.P. പദ്ധതികളിലൂടെ 4 വീതം പുതിയ കിണറുകൾ നിർമ്മിക്കുകയും ചെയ്തു. S.C.P പദ്ധതി പ്രകാരം നിലവിലുള്ള 5 കിണറുകൾ പുനരുദ്ധാരണവും നടത്തി - പ്രകൃതിക്ഷോഭം മൂലം കൃഷിയ്ക്കു നാശനഷ്ടം സംഭവിച്ചതിന് ധനസഹായം നൽകുവാൻ ലഭിച്ച 15 അപേക്ഷകളും പരിഗണിക്കപ്പെട്ടു. ഏത്തവാഴ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2 പമ്പുസെറ്റുകൾക്കു സബ്സിഡി നൽകി. ഗോബർഗ്യാസ് നിർമ്മിക്കുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്ന രണ്ടെണ്ണത്തിൽ ഒരെണ്ണം നടപ്പിലാക്കി. പട്ടികജാതിക്കാർക്കു വേണ്ടി 6 ഫാം ഹൗസ് നിർമ്മിക്കുന്നതിനു ലക്ഷ്യമിട്ടിരുന്നെങ്കിലും ഒന്നും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

1993-94 ഘട്ടത്തിൽ S.C.P. പദ്ധതി പ്രകാരം 13 പുതിയ കിണറുകളുടെ നിർമ്മാണവും 3 കിണറുകളുടെ പുനരുദ്ധാരണവും നടന്നു. C.C.D.P. പദ്ധതി പ്രകാരം 700 കിലോഗ്രാം പച്ചിലവള വിത്തും വിതരണം ചെയ്തിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ നിലയ്ക്കാമുക്ക് ഗവൺമെൻറ് U.P. സ്ക്കൂളിൽ 10 സെൻറ് സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി. അതോടൊപ്പം വിദ്യാർത്ഥികൾക്കായി 500 പാക്കറ്റ് വിത്ത് പച്ചക്കറി തോട്ടം ഉണ്ടാക്കുന്നതിലേക്കു വിതരണം നടത്തി - സ്ക്കൂളുകളിൽ പച്ചക്കറിതോട്ടം ഉണ്ടാക്കുന്നതിലേക്കു ഒരു കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. മഹിളാസമാജം വഴി ലക്ഷ്യമിട്ട പച്ചക്കറി കൃഷി നാലിടങ്ങളിൽ നടപ്പിലാക്കി. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം ഏഴ് പുതിയ കിണർ ഈ കാലഘട്ടത്തിൽ നിർമ്മിച്ചു. ആ വർഷം തന്നെ 3 പമ്പുസെറ്റുകളും വിതരണം ചെയ്തു.

1994-95 കാലഘട്ടത്തിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ചവർക്കു നല്കുന്ന സാമ്പത്തിക സഹായം 19 കർഷകർക്കു നൽകി. S.C.P. പദ്ധതി പ്രകാരം പുതിയ 6 കിണറുകളും C.C.D.P. പദ്ധതി പ്രകാരം ഒരു കിണറും ഈ കാലയളവിൽ നിർമ്മിച്ച് നൽകി. രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റുന്ന പദ്ധതി പ്രകാരം ഒരു തെങ്ങിന് 200 രൂപ എന്ന കണക്കനുസരിച്ച് 825 തെങ്ങ് മുറിച്ചു മാറ്റിയതിന് നഷ്ടപരിഹാരമായി 1,65,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിലൂടെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി 500 പാക്കറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തിട്ടുണ്ട്.

1995-96 കാലഘട്ടത്തിൽ ഈ ഗ്രാമത്തിൽ കൃഷി ഭവനിലൂടെ C.C.D.P. പദ്ധതിപ്രകാരം ഒരു റോക്കർ സ്പ്രേയറും ഒരു ക്ലൈബിംഗ് ഡിവൈസും 25Kg. സൺഹമ്പ് വിത്തും, 1500 വാഴകന്നും, 680 വള കിറ്റും വിതരണം ചെയ്തു. S.C.P. പദ്ധതി പ്രകാരം 2500 വാഴക്കന്നും 500 പാക്കറ്റ് മലക്കറി വിത്തും വിതരണം ചെയ്തു. തേനീച്ച വളർത്തുന്നതിനുള്ള സാമ്പത്തിക സഹായമായി 1000 രൂപയും കൊക്കോ കൃഷി അര ഹെക്ടർ സ്ഥലത്ത് പുനരുദ്ധരിപ്പിക്കുകയും ഓരോ കിറ്റ് പച്ചക്കറി വിത്തും മുളക് വിത്തും ഈ കാലഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി കാലയളവിൽ ലക്ഷ്യമിട്ടിരുന്ന ഡ്രിപ് ഇറിഗേഷൻ പദ്ധതി (3¼ ഏക്കർ സ്ഥലത്ത്) നടപ്പിലാക്കി. ഗ്രീൻ ഹൗസ് പദ്ധതി നടപ്പിലാക്കി വരുന്നു.

1996-97 വർഷത്തിലെ C.C.D.P. പദ്ധതി പ്രകാരമുള്ള സ്കീമുകൾ ഒന്നും തന്നെ നടപ്പിൽ വരുത്തിയിട്ടില്ല.

പ്രശ്നങ്ങൾ

- തെങ്ങിനുണ്ടാകുന്ന കാറ്റ് വീഴ്ച, കൂമ്പ്ചീയൽ, വേരുചീയൽ, കൊച്ചങ്ങ കൊഴിയൽ, ഓലപ്പുഴു ബാധിക്കൽ, പ്രാണിശല്യം തുടങ്ങിയ മാരകമായ രോഗങ്ങൾ മൂലം ഈ പ്രദേശത്തെ കേരകർഷകർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു.
- കാർഷിക ഉല്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നില്ല; പ്രത്യേകിച്ച് തേങ്ങയ്ക്ക്.
- ശാസ്ത്രീയമായി നട്ടു വളർത്തിയ തെങ്ങിൻ തൈകൾ കിട്ടുന്നതിനുള്ള പ്രയാസം.
- ശാസ്ത്രീയമായി മണ്ണു പരിശോധന യഥാസമയം നടത്തുന്നതിനുള്ള കാലതാമസം.
- ജലസേചന സൗകര്യങ്ങളുടെ കുറവ് ഈ ഗ്രാമത്തിലെ എല്ലാ കർഷകരേയും ബാധിക്കുന്നു.
- ജൈവവളത്തിൻെറ ലഭ്യതകുറവ് മണ്ണിൻെറ ഘടനയെ തന്നെ പലയിടങ്ങളിലു ബാധിച്ചിട്ടുണ്ട്.
- ഭൂമിയിൽ തെങ്ങിൻെറ തണൽ കൂടുതലായതിനാൽ പച്ചക്കറി കൃഷിയും മറ്റ് ഇടവി

ളകൃഷിയും. വ്യാപിപ്പിക്കുവാനുള്ള തടസ്സം.

- മുതലപ്പൊഴി മൂടികിടക്കുന്ന അവസരങ്ങളിൽ കായൽ തീരപ്രദേശങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നതിനാൽ തെങ്ങിനും, ഇടവിള കൃഷികൾക്കും നാശം സംഭവിക്കുന്നു.
- നാളികേര സംസ്ക്കരണ കേന്ദ്രത്തിന്റെ അഭാവവും അതിനെ ബന്ധപ്പെട്ടുണ്ടാകുന്ന വിലക്കുറവും നാളികേര കർഷകർ നേരിടുന്ന രൂക്ഷമായ പ്രശ്നമായി അവശേഷിക്കുന്നു.
- എല്ലാറ്റിനും ഉപരിയായി, ഈ ഗ്രാമത്തിന്റെ എല്ലാ ഭാഗത്തുമുള്ള കർഷകർക്ക് കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി എത്തുന്നില്ല.

സാധ്യതകൾ

- മഴവെള്ളത്തിന്റെ കുത്തൊഴുക്ക് തടയുന്നതിന് ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തി മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റം തടയുക.
- മലവെള്ളം സംഭരിച്ച് നിറുത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും, നീർക്കെട്ട് ഒഴിവാക്കുന്നതിനും ഈ ഗ്രാമത്തിലുണ്ടായിരുന്നതായ കുളങ്ങൾ സംരക്ഷിച്ച് നിലനിറുത്തുകയും പുതുതായി കുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുകയും വേണം.
- ജലദൗർലഭ്യം നേരിടുന്ന ഉയർന്ന സമതല പ്രദേശങ്ങളായ 5-ാം വാർഡ് കായൽവാരം പ്രദേശത്ത് നെറ്റിക്കുന്നുവിളയിലും 6-ാം വാർഡിൽ കുളത്തിൽ ഭാഗത്തും 7-ാം വാർഡിൽ മുത്താക്കൽ ഭാഗത്തും ഓരോ കുളം പുതുതായി നിർമ്മിച്ചാൽ ആ പ്രദേശങ്ങളിലെ കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയും.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് ചകിരി ചോറിൽ നിന്നും ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചാൽ ഈ പ്രദേശത്ത് ജൈവവളത്തിന്റെ ലഭ്യതയിലുള്ള കുറവ് പൂർണ്ണമായി തന്നെ പരിഹരിക്കാൻ കഴിയും.
- ഉല്പാദന ശേഷി കൂടുതലുള്ള നല്ലയിനം തെങ്ങിൻ തൈകൾ കൃഷിഭവനിലൂടെ വിതരണം നടത്തുകയും ഉല്പാദന ശേഷി വളരെ കുറഞ്ഞ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുകയും വേണം.
- ജൈവവളം വീട്ടുവളപ്പുകളിൽ ഉല്പാദിപ്പിക്കുവാനുള്ള ബോധവൽക്കരണം നടത്താൻ കഴിയണം.
- പഞ്ചായത്തിലെ മണ്ണിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.
- മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷതൈകൾ മറ്റ് വിളകൾക്ക് തടസ്സമാകാത്ത തരത്തിൽ വ്യാപിപ്പിക്കുവാൻ കഴിയണം.
- ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയും.
- ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താം. ഇതിനാവശ്യമായ ലോണുകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതോടൊപ്പം സബ്സിഡിയും നൽകണം.
- ഈ ഗ്രാമത്തിലെ പ്രധാന ഉല്പന്നമായ തേങ്ങയ്ക്ക് പഞ്ചായത്ത് തലത്തിൽ തന്നെ വിപണന കേന്ദ്രം തുറക്കണം.
- കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങിൽ കുരുമുളക് വെച്ച് പിടിപ്പിക്കുന്നത് ശീലമാക്കി മാറ്റിയെടുക്കണം.
- കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം.
- ഇതിനെല്ലാറ്റിനും പുറമേ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.
- രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം ഉല്പാദനശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ നടണം.
- വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തണം.



5.2

മൃഗസംരക്ഷണവും, മത്സ്യബന്ധനവും

കാർഷിക സമ്പദ്‌വ്യവസ്ഥയിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് മൃഗസമ്പത്ത്. പശു, ആട് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി എരുമകളെയും വളർത്തിവരുന്നു. പഞ്ചായത്തിൽ 1995-ലെ കണക്കും പ്രകാരം 1071 പശുക്കളും 1190 ആടുകളും 47 എരുമകളുമാണുള്ളത്. സങ്കരഇനം പശുക്കളാണ് ഇന്ന് പൊതുവിലുള്ളതെങ്കിലും ഗതകാല സ്മരണ നിലനിറുത്താനെന്നോണം 12-ഓളം നാടൻ പശുക്കളെയും ഈ പഞ്ചായത്തിൽ പരിപാലിച്ചു വരുന്നു. 1987-ലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മൃഗങ്ങളെ വളർത്തുന്ന കാര്യത്തിൽ വലിയ വ്യത്യാസം കാണുന്നില്ല. എങ്കിലും നാടൻ പശുക്കളുടെ എണ്ണത്തിൽ 1995-ൽ വളരെ കുറവ് വന്നിട്ടുള്ളതായി കാണാം. [പട്ടിക 1 കാണുക].

പട്ടിക 1

വളർത്തു മൃഗങ്ങളും പക്ഷികളും			
ക്രമനമ്പർ	ഇനം	1987	1995
1.	കാള (സങ്കര ഇനം)	71 + 14 നാടൻ	100
2.	പശു - നാടൻ - കറവ ഉള്ളത്	138	8
3.	പശു നാടൻ - കറവ ഇല്ലാത്തത്	152	4
4.	പശു സങ്കര ഇനം - കറവഉള്ളത്	--	537
5.	പശു - സങ്കര ഇനം - കറവ ഇല്ലാത്തത്	1109	534
6.	എരുമ - കറവ ഉള്ളത്	ഇല്ല	25
7.	എരുമ - കറവ ഇല്ലാത്തത്	32	22
8.	പോത്ത്	ഇല്ല	14
9.	ആട്	960	1190
10.	പട്ടി	1488	1723
11.	പൂവൻകോഴി	2801	2059
12.	പിടക്കോഴി	7039	10525
13.	താറാവ്	151	1312

മുൻകാലങ്ങളിൽ കെട്ടഴിച്ച് മേയാൻ കന്നുകാലികളെ അനുവദിച്ചിരുന്നു. ഇന്ന് ആ രീതി തീരെ ഇല്ല. വീടിനോട് ചേർന്ന് തയ്യാറാക്കുന്ന തൊഴുത്തുകളിലും ആലകളിലും കെട്ടിയിട്ട് കൈതീറ്റ നൽകി പരിപാലിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽ ലഭിച്ചിരുന്ന പാല് ചില ചായപീടികകളിലും അയൽ വാസികൾക്കും നല്കി വന്നിരുന്നുവെങ്കിൽ ഇന്ന് ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് ശേഖരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ സ്വകാര്യ വ്യക്തികളും പഞ്ചായത്തതിർത്തിയിൽ പാല് സംഭരിച്ച് വിതരണം നടത്തിവരുന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് 12584 കോഴികളേയും 1315 താറാവുകളേയും വളർത്തുന്നു. വ്യാവസായികാടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ ഷെഡ് നിർമ്മിച്ച് മുട്ടക്കോഴികളെ വളർത്തിയിരുന്നു. എന്നാൽ ഇപ്പോൾ വീടുകൾതോറും നാടനും സങ്കരഇനത്തിലുമുള്ള കോഴികളെയാണ് വളർത്തി വരുന്നത്. പക്ഷികളെ (കോഴി) വളർത്തുന്ന കാര്യത്തിലും ഒരു പതിറ്റാണ്ടുകൾ തമ്മിലുള്ള വ്യത്യാസം വലുതായി കാണുന്നില്ല. എന്നാൽ താറാവിനെ വളർത്തുന്നതിൽ 1987-ൽ 151 എണ്ണമായിരുന്നെങ്കിൽ 1995-ൽ ഇത് 1315 ആയി ഉയർന്നതായി കാണാം [പട്ടിക 1 കാണുക].

പ്രതിദിനം 7500 ലിറ്റർ പാലാണ് ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്നത്. എന്നാൽ ഈ പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദന സഹകരണ സംഘം 1995-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ഈ ഗ്രാമത്തിൽ ഉല്പാദിപ്പിക്കുന്നതിന്റെ നൂറിൽ ഒരു ഭാഗം പോലും പാൽ ഈ സംഘം വഴി ശേഖരിക്കാൻ കഴിയുന്നില്ല. ശേഖരിച്ച കണക്ക് പ്രാകാരം പ്രതിദിനം ഈ സംഘത്തിൽ എത്തിച്ചേരുന്നത് 50, 60 ലിറ്റർ പാലാണ്. ചിറയിൻകീഴ് പഞ്ചായത്തിൽ മണ്ണാത്തിമൂല എന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘം വഴിയാണ് ഈ പ്രദേശത്തെ പാൽ സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും. വിതരണവും സംഭരണവും കാര്യക്ഷാമമല്ലാത്തതിനാൽ സ്വകാര്യ വ്യക്തികളിൽ പലരും ഈ മേഖലയിൽ പാൽ സംഭരിച്ച് വിതരണം നടത്തി വരുന്നുണ്ട്.

കാലിതീറ്റയുടെ വിലവർദ്ധനവ്, വയ്ക്കോലിന്റെയും, പുല്ലിന്റെയും ലഭ്യതകുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, കാലികൾക്കുണ്ടാകുന്ന കുളമ്പ്രോഗം, അകിട്വീക്കം എന്നീ പകർച്ചവ്യാധികൾ തുടങ്ങിയവ കാലിവളർത്തൽ രംഗത്തുള്ള കർഷകനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളായി നിലനിൽക്കുന്നു.

ഈ ഗ്രാമത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. സ്വന്തമായ സ്ഥലസൗകര്യത്തോടെ പ്രവർത്തിച്ചുവരുന്ന ഈ ആശുപത്രി വക്കം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കായിക്കരകടവിന് സമീപത്താണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ ക്ഷീര കർഷകരായി 4, 5, 6, 7 വാർഡുകളിലുള്ളവർക്ക് ഈ ആശുപത്രിയുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.

പഞ്ചായത്ത് പ്രദേശത്ത് 20-ഓളം വീടുകളിൽ തീറ്റപ്പുല്ല് വളർത്തുന്നുണ്ട്. കോഴിതീറ്റയുടേയും കാലിതീറ്റയുടെയും വർദ്ധിച്ച വില ഈ രംഗത്ത് നിൽക്കുന്നവരെ പിന്തിരിപ്പിക്കുന്നതിന് പ്രധാന കാരണമാണ്.

ഒരു ഗോബർ ഗ്യാസ് യൂണിറ്റ് മാത്രമാണ് ഈ ഗ്രാമത്തിൽ ഇപ്പോഴുള്ളത്. വ്യാപകമാക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിലും ഇതിനെക്കുറിച്ച് കർഷകർക്ക് വേണ്ടത്ര അവബോധമില്ല.

മുൻകാലങ്ങളിൽ ഇറച്ചിക്ക് ആവശ്യമായ കോഴി, ഇവിടെ തന്നെ ലഭ്യമായിരുന്നു. എന്നാൽ സ്ഥിതി മാറിയിരിക്കുന്നു. ഈ ഗ്രാമത്തിലേക്കാവശ്യമായ ഇറച്ചിക്കോഴി പുറമേ നിന്നാണ് വാങ്ങുന്നത്.

മൂന്നുവശവും കായൽതീരമായതിനാൽ വ്യാപകമായി താറാവ് വളർത്താൻ സാദ്ധ്യതയുള്ള മേഖലയാണ് ഈ പഞ്ചായത്ത്. നാമമാത്രമായി മാത്രമേ ഇപ്പോൾ താറാവ് വളർത്തുന്നുള്ളു.

അവലോകനം:

1992-93 സാമ്പത്തിക വർഷത്തിൽ എസ്.സി.പി. പദ്ധതി പ്രകാരം പത്ത് ഹരിജൻ ഗുണഭോക്താക്കൾക്ക് മുന്നൂറ് രൂപ വിലയുള്ള ഓരോ ആട്ടിൻകുട്ടിയെ വീതം സൗജന്യമായി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളിലൂടെ കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കൽ പദ്ധതി പ്രകാരം 90 സ്കൂൾ കുട്ടികൾക്ക് 3 കോഴികളും 1 കിലോ തീറ്റയും സൗജന്യമായി നൽകി.

1993-94 കാലഘട്ടത്തിൽ എസ്.സി.പി.

പദ്ധതി പ്രകാരം 5 ഹരിജൻ ഗുണഭോക്താക്കൾക്ക് 750 രൂപ വിലുയുള്ള 2 കറവ ആടുകളെ വീതം നൽകി. 7 ഹരിജൻ ഗുണഭോക്താക്കൾക്ക് 30 രൂപ വിലയുള്ള 7 കോഴികളെ വീതം നൽകി. 319 കുടുംബങ്ങൾക്ക് 90 രൂപ വിലയുള്ള 3 കോഴികളെ 45 രൂപക്ക് സൗജന്യ നിരക്കിൽ നൽകി.

1995-96 വർഷത്തിൽ 202 കുടുംബങ്ങൾക്ക് 175 രൂപ വിലയുള്ള 5 കോഴികളെ സൗജന്യ നിരക്കിൽ 100 രൂപ വിലക്ക് നൽകി. 80 ഹരിജൻ കുടുംബങ്ങൾക്ക് 175 രൂപ വിലയുള്ള 5 കോഴികളെ വീതം സൗജന്യമായി നൽകി. നടപ്പാക്കാത്ത പദ്ധതികൾ ഒന്നും തന്നെ ഇല്ല.

പ്രശ്നങ്ങൾ

- കാലിതീറ്റ, കോഴിതീറ്റ, തീറ്റപ്പുല്ല്, വയ്ക്കോൽ, ഇവയുടെ ദൗർലഭ്യവും വിലക്കയറ്റവും
- കുളമ്പ്രോഗം, അകിട്വീക്കം, കോഴിവസന്ത എന്നീ രോഗങ്ങൾ മൂലം അനുഭവിക്കുന്ന ബുദ്ധിമുട്ട്.
- അനിയന്ത്രിതമായി അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കൾ ദിനംപ്രതി പെരുകി വരുന്നു. ഇതുമൂലം ആടുമാടുകളെ പട്ടികടിക്കുന്നത് ഈ പ്രദേശത്ത് കർഷകർ നേരിടുന്ന ബുദ്ധിമുട്ടാണ്.
- നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.
- ഈ പ്രദേശത്തെ സങ്കരഇനത്തിൽ ജനിക്കുന്ന കാളക്കുട്ടികളെ ക്ഷീരകർഷകർക്ക് സംരക്ഷിക്കാൻ സാധിക്കാതെ വരുന്നു. ഇവയെ സംരക്ഷിക്കുന്നത് വളരെയധികം ബാദ്ധ്യതയേറിയതിനാൽ അതിനെ ചെറുതിലെ ഒഴിവാക്കുന്നു.
- ആവശ്യാനുസരണം ഈ പ്രദേശത്ത് കോഴിമുട്ട ലഭിക്കുന്നില്ല.
- അറവ്ശാല ഇല്ലാത്തതിനാൽ പരിസരമലിനീകരണം പ്രശ്നമായിതീരുന്നു. ചീഞ്ഞതും ആരോഗ്യത്തിന് ഹാനികരവുമായ പഴകിയ ഇറച്ചി വിതരണം ചെയ്യുന്നത് സാധാരണയാണ്.

സാധ്യതകൾ

- കാലിതീറ്റ, കോഴിതീറ്റ എന്നിവ സബ്സിഡി ഇനത്തിൽ പൊതുവിതരണ സമ്പ്രദായത്തിലൂടെ കർഷകർക്ക് ലഭിക്കത്തക്ക മാർഗ്ഗം കാണണം.
- തീറ്റപ്പുല്ല് വളർത്തുന്നതിന് ആവശ്യമായ പുൽവിത്തിന്റെ വിതരണം കൃഷിഭവൻ മുഖാന്തിരം വ്യാപകമാക്കണം.
- മൃഗ ചികിത്സാസൗകര്യങ്ങൾ വിപുലപ്പെടുത്തണം, നിലവിലുള്ള ഡിസ്പൻസറി അപ്ഗ്രേഡ്ചെയ്തു ആശുപത്രിയാക്കണം.
- പേവിഷക്കെതിരായി കുത്തിവയ്പും അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.
- കാളക്കുട്ടികളെ സംരക്ഷിക്കുന്നതിന് സൗജന്യനിരക്കിൽ തീറ്റ ലഭ്യമാക്കി പൂർണ്ണവളർച്ചനൽകി ഇറച്ചി ഉൽപാദനം വർദ്ധിപ്പിക്കണം.
- പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ 30 മാസംവരെ തീറ്റ, പ്രതിരോധശക്തിയുള്ള മരുന്നുകൾ എന്നിവ ലഭ്യമാക്കണം.
- കോഴിവളർത്തൽ മെച്ചപ്പെടുത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കണം.
- താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ബോധവൽക്കരണം നടത്തണം.
- ആട്വളർത്തൽ യൂണിറ്റ് ഒരോ വാർഡിലും പത്ത് എണ്ണംവീതം തുടങ്ങണം.
- കാളക്കുട്ടികളെ പൂർണ്ണവളർച്ചയെത്തുന്നതിനുള്ള സാമ്പത്തികസഹായം നൽകി ഇറച്ചി ഉൽപാദനം വർദ്ധിപ്പിക്കണം.
- ഓരോ വീട്ടമ്മമാർക്കും പത്ത് മുട്ടക്കോഴികളെ സൗജന്യമായി വിതരണം നടത്തി മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടണം.

മത്സ്യബന്ധനം

വക്കം പഞ്ചായത്ത് പ്രദേശത്തിന്റെ മൂന്ന് ഭാഗവും കായലാൽ ചുറ്റപ്പെട്ടിരിക്കുന്നു. മത്സ്യ ബന്ധനത്തിന് വൻ സാധ്യതകളുള്ള മേഖലയാണിത്. ഉദ്ദേശം ആറ് കിലോമീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന കായൽ പ്രദേശം അപൂർവ്വ ഇനത്തിലുള്ള മത്സ്യകൃഷിക്കുപോലും അനുയോജ്യമാണ്.

അഞ്ചുതെങ്ങ് കായിക്കര അതിർത്തിയിലെ കരപ്രദേശം ഉദ്ദേശം അറുനൂറ് മീറ്റർ വീതിയിൽ കടലിനെ കായലിൽ നിന്ന് വേർതിരിച്ചിരിക്കുന്നു.

ഈ ഗ്രാമത്തിൽ കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നൂറിലധികം പേർ നിത്യവൃത്തി നടത്തുന്നു. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ഈ പഞ്ചായത്തിൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കായൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്ദേശം മുന്നോറോളം മത്സ്യതൊഴിലാളികൾ ഇവിടെയുണ്ട്. ചെറു വള്ളങ്ങൾ ഉപയോഗിച്ചാണ് ഇവർ മത്സ്യബന്ധനം നടത്തിവരുന്നത്.

കായലിൽ പ്രധാനമായും കരിമീൻ, മാല, ചെമ്പല്ലി, പരിച്ചിൽ, നൂലി, ചെമ്മീൻ, ഞണ്ട്, തേട് തുടങ്ങിയ മത്സ്യങ്ങളാണ് വൻതോതിൽ കാണപ്പെടുന്നത്. മത്സ്യവിപണന രംഗത്ത് നിരവധി പേർ പ്രവർത്തിച്ച് വരുന്നു. പ്രതിദിനം മുപ്പതിനായിരം രൂപയ്ക്കുള്ള വിറ്റുവരവ് നടത്തിവരുന്നതായി കണക്കാക്കുന്നു.

പഞ്ചായത്ത് കുളങ്ങളിൽ ഒന്നിലും മത്സ്യകൃഷി നടത്തുന്നില്ല. ഇവിടത്തെ കായലിലെ വെള്ളം പച്ചനിറമുള്ളതും ഉപ്പുരസമുള്ളതുമാണ്. കായൽ തീരത്ത് താമസിക്കുന്ന വ്യക്തികളിൽ ചിലർ കായലിൽ തയ്യാറാക്കിയ ചെറുവട്ടങ്ങളിൽ ആദായകരമായി ചെമ്മീൻ കൃഷി നടത്തിവരുന്നുണ്ട്. മറ്റ്തരം മത്സ്യങ്ങളും ഇതുപോലുള്ള ചെറുവട്ടങ്ങൾ നിർമ്മിച്ച് വളർത്തിവരുന്നു. ഇത് കൂടുതൽ വ്യാപകമാക്കിയാൽ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷിയുടെ ഒരു മുഖ്യ കേന്ദ്രമായി ഈ മേഖലയെ വളർത്തിയെടുക്കാം.

കായൽ കക്ക ഇവിടെ ധാരാളം ലഭിച്ചു വരുന്നു. ''കക്കവാര്'' തൊഴിലാളികളായി നൂറോളം പേർ ഈ കായലിൽ പണിയെടുത്തു വരുന്നു. കക്കയുടെ തോട് നീറ്റിയെടുത്താണ് കുമ്മായമുണ്ടാക്കുന്നത്. കുമ്മായത്തിന്റെ ഉല്പാദനം സാമാന്യം മെച്ചപ്പെട്ട നിലയിൽ തന്നെ ഇവിടെ നടക്കുന്നുണ്ട്. കാത്സ്യത്തിന്റെ അംശം വളരെ കൂടുതലുള്ള 'കക്കാ ഇറച്ചി' വിപണിയിൽ ധാരാളമായി വിറ്റഴിച്ച് വരികയും ചെയ്യുന്നു.

പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മത്സ്യം ഇവിടെ നിന്നും ലഭിക്കുന്നില്ല. ഇവിടെ പിടിക്കുന്ന മത്സ്യത്തിൽ നല്ലൊരു ഭാഗം വെളിയിലേക്ക് കടത്തുന്നതാണ് ഇതിനു കാരണം. അതേ സമയം ദൂരപ്രദേശങ്ങളിൽ നിന്നും ധാരാളമായി മത്സ്യം ലോറികളിൽ കൊണ്ടുവന്ന് ഇവിടെ വിപണനം നടത്തി ഇടനിലക്കാർ വൻലാഭം കൊയ്യുകയും ചെയ്യുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന മത്സ്യം ഇവിടെതന്നെ വിപണനം ചെയ്യാൻ സംവിധാനമുണ്ടായാൽ തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും അത് ഏറെ പ്രയോജനകരമായിരിക്കും.

പഞ്ചായത്തിലെ മത്സ്യ ഉല്പാദനത്തിൽ കഴിഞ്ഞ കുറെക്കൊല്ലമായി ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. പരിസ്ഥിതിദോഷം മൂലം ആവാസ വ്യവസ്ഥക്കുണ്ടായ വ്യതിയാനവും അശാസ്ത്രീയമായ മത്സ്യബന്ധന രീതികളുമാവാം ഇതിന് കാരണം. മത്സ്യത്തിന്റെ വലിപ്പത്തിലും ഗുണനിലവാരത്തിലും കാര്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. മുൻകാലങ്ങളിൽ കാണപ്പെട്ടിരുന്ന പലയിനം മത്സ്യങ്ങളും വംശനാശഭീഷണി നേരിടുകയാണ്.

പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനമല്ലാതെ മറ്റു വരുമാനമാർഗ്ഗങ്ങളൊന്നുമില്ല. സ്വന്തമായി മത്സ്യബന്ധനോപകരണമില്ലാത്തത് പലരുടേയും ജീവിത മാർഗ്ഗത്തെ വഴിമുട്ടിക്കുന്നു.

മുതലാളിമാരിൽ നിന്നും വാടകയ്ക്കെടുക്കുന്ന വള്ളങ്ങളുമായാണ് തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നത്. കിട്ടുന്നതിൽ നല്ലൊ

രു പങ്ക് വള്ളത്തിന് വാടകയായി കൊടുക്കേണ്ടി വരുന്ന ഗതികേടിലാണ് പലരും.

പഞ്ചായത്തിലെ മത്സ്യകൃഷി മെച്ചപ്പെടുത്താനുതകുന്ന ഒരു സഹകരണ സംഘം പോലും ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ താല്പര്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇടനിലക്കാരുടെ കൊള്ളയ്ക്ക് ഉല്പാദകരും ഉപഭോക്താക്കളും ഒരുപോലെ ഇരയാവുകയും ചെയ്യുന്നു.

അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മറ്റിനം മത്സ്യകൃഷിയും ആരംഭിക്കാൻ നാളിതുവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. മത്സ്യതൊഴിലാളികൾക്ക് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങളും ഈ ഗ്രാമത്തിലില്ല.

സാദ്ധ്യതകൾ

ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങൾ പ്രദേശത്തിന്റെ കായൽ തീരങ്ങളിൽ പല സ്ഥലങ്ങളിലും വ്യാപിപ്പിക്കാൻ കഴിയും.

ശുദ്ധജലതടാകങ്ങളിൽ അനുയോജ്യമായ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യക്ഷാമത്തിന് അറുതി വരുത്താവുന്നതാണ്.

ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് മത്സ്യബന്ധനത്തിന് വള്ളവും വലയും സൗജന്യമായി ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തണം.

മത്സ്യസംരക്ഷണ വിപണനങ്ങൾക്ക് കോൾഡ് സ്റ്റോറേജ് സൗകര്യവും പൊതുമാർക്കറ്റുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് അതിർത്തിയിലുള്ള പൊതുകുളങ്ങളിലും സ്വകാര്യ കുളങ്ങളിലും ജനപങ്കാളിത്തത്തോടെ മത്സ്യകൃഷി ആരംഭിച്ചാൽ ഈ പ്രദേശത്തിന്റെ മത്സ്യക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.



5.3

വിദ്യാഭ്യാസം

നൂറ്റാണ്ടുകൾക്കു മുൻപ് ഇന്നാട്ടുകാരായ ചില പ്രമുഖർക്ക് ഉന്നത സംസ്കൃത പാരമ്പര്യമുള്ള കുടുംബങ്ങളുമായി പല വിധത്തിൽ അടുപ്പവും ബന്ധവും ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. വിജ്ഞാനം അഗ്രഗണ്യമായി കണ്ടിരുന്ന ഇവരുമായുള്ള സമ്പർക്കത്താൽ ഇന്നാട്ടുകാരായ പലർക്കും അറിവിന്റെ നെയ്ത്തിരി പകർന്നു കിട്ടി. ഇത് കൂടുതൽ അറിവ് സമ്പാദിക്കുവാൻ ഇക്കൂട്ടരെ പ്രേരിപ്പിക്കുകയും ചെയ്തു. അറിവ് നേടാൻ കിട്ടിയ അവസരമെല്ലാം ഇവർ ഉത്സാഹപൂർവ്വം പ്രയോജനപ്പെടുത്തുകയും ചെയ്തു. സംസ്കൃതം, വൈദ്യവൃത്തി എന്നിവയിൽ പ്രാവീണ്യമുണ്ടായിരുന്ന പുരാതന തറവാടുകളിൽ നിന്നും പകർന്നു കിട്ടിയ വിദ്യയുടെ വെളിച്ചവുമായി സാമൂഹ്യരംഗത്ത് കടന്നുവന്ന മഹത്തുക്കളുടെ കാരുണ്യമാർന്ന പ്രവർത്തനങ്ങൾ ക്രമാനുഗതമായി വളർന്ന് ഗുരുകുല വിദ്യാഭ്യാസത്തിന്റെ മട്ടും ഭാവവും കൈവരിച്ചു. സംസ്കൃത വിദ്യാഭ്യാസത്തിന്റെ സ്വാധീനമുള്ള ഒരു നാടെന്ന നിലയിലേക്ക് ഈ ഗ്രാമം വളർന്നതിങ്ങനെയാണ്. ഇന്നാട്ടിൽ നല്ല വൈദ്യന്മാരും, ജ്യോത്സ്യന്മാരും, മാന്ത്രികന്മാരും സംസ്കൃത പണ്ഡിതന്മാരും ഒക്കെ ഉണ്ടായതും മറ്റൊന്നും കൊണ്ടുമല്ല.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നാട്ടിലെ ആദ്യത്തെ പൊതു വിദ്യാദാന കേന്ദ്രം 'അയ്യപ്പൻപിള്ള ആശാൻ' എന്ന വയോവൃദ്ധൻ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടമാണ്. വെളിവിളാകം ക്ഷേത്ര പരിസരത്തായിരുന്നു ഗുരുകുല വിദ്യാഭ്യാസ രീതിയിലുള്ള ഈ പഠനകേന്ദ്രം. ജാതി മതഭേദങ്ങളുടെ അതിർവരമ്പുകളില്ലാതെ തന്നെ സമീപിച്ചവർക്കെല്ലാം ആശാൻ എഴുത്തും വായനയും കണക്കും പഠിപ്പിച്ചു. കേട്ടറിവുകളെ വിശ്വസിക്കാമെങ്കിൽ 'ആശാനും കുട്ടികളും ചേർന്ന് കളിയും ചിരിയും പാട്ടും കഥയും ആയി പാഠങ്ങൾ പഠിക്കുന്നു' എന്നതായിരുന്ന അവിടത്തെ പഠനരീതി. മലയാളം - എഴുത്ത്, വായന; കണക്ക്; തുടർന്ന് സംസ്കൃത പഠനം എന്നതായിരുന്നു ഇക്കാലത്തെ പാഠ്യക്രമം.

ഇക്കാലങ്ങളിൽ തന്നെ നിലയ്ക്കാമുക്കിലും, പടിഞ്ഞാറേ പള്ളിയോടനുബന്ധിച്ചും, മുസ്ലീം ദേവാലയങ്ങളുടെ ഭാഗമായി മതപഠന കേന്ദ്രങ്ങളും അവയിലൂടെ വിദ്യാദാനവും നടന്നിരുന്നു. ഗ്രാമത്തിന്റെ സാംസ്കാരികോന്നതിയിലും വിദ്യാഭ്യാസ പുരോഗതിയിലും ഈ ബൃഹത് സംരംഭങ്ങൾ ആഴത്തിൽ സ്വാധീനം ചെലുത്തി. ഇതേകാലയളവിൽത്തന്നെ ഒരു ക്രിസ്തീയ ഉപദേശി ഈ ഗ്രാമത്തിൽ വന്നുചേർന്നുവത്രേ. ആ പുണ്യാത്മാവും ഇത്തരമൊരു പാഠശാല തുടങ്ങി. ഇങ്ങനെ ഒരുനൂറ്റാണ്ട് മുമ്പു തന്നെ ഈ കൊച്ചു ഗ്രാമത്തിലുടനീളം വിവിധതരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾ ജന്മമെടുത്തിരുന്നു. അവയിലൂടെ അറിവിന്റെ ചക്രവാളം കൂടുതൽ കൂടുതൽ വികസ്വ

രമാകാൻ തുടങ്ങി.

ഈ ഗ്രാമത്തിൽ വ്യവസ്ഥാപിതമായി സ്ഥാപിക്കപ്പെട്ട ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ് 1909-ൽ മലയാളം മിഡിൽ സ്കൂളായി തുടങ്ങിയ ഇന്നത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. (വക്കം ഗവ. ഹൈസ്ക്കൂൾ) ഈ സ്കൂളിന്റെ ഉദ്ഘാടന വേളയിൽ എടുക്കപ്പെട്ട ഒരു ഗ്രൂപ്പ് ഫോട്ടോ ഇതിന്റെ ചരിത്രം വിളിച്ചോതുന്നു. ഈ ചരിത്രരേഖ സ്കൂളിൽ ഇന്നും സുരക്ഷിതമായിരിക്കുന്നു. ഇതിൽ സാമൂഹ്യപരിഷ്കർത്താവായ ശ്രീനാരായണഗുരുവിന്റെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. ഈ സ്കൂളിന്റെ നിർമ്മാണ വേളയിൽ കൈവിളാകത്ത് കൊച്ചു പപ്പുതരകനും മറ്റു പ്രമുഖ വ്യക്തികളും നൽകിയ നിസ്തുലമായ സഹായങ്ങളും സ്മരണീയമാണ്.

പെൺ പള്ളിക്കൂടമായി ആരംഭിച്ച പുളിവിളാകം LPBS, ശ്രീനാരായണഗുരു നടത്തിയ സാമൂഹ്യവിപ്ലവത്തിന്റെ ഭാഗമായി ഇന്നാട്ടിലുണ്ടായ ഉണർവിന്റെ ഫലമായ പ്രബോധിനി UPS, പഴക്കം കൊണ്ട് പ്രബോധിനിയെക്കാൾ മുന്നിൽ നിൽക്കുന്ന നിലയ്ക്കാമുക്ക് UPS, LMS LPS തുടങ്ങി എട്ടോളം പൊതു വിദ്യാലയങ്ങൾ ഇന്ന് ഈ നാട്ടിൽ പ്രവർത്തിച്ചുവരുന്നു.

ഈ വിദ്യാലയങ്ങളുടെ വരവോടെ നമ്മുടെ ഗ്രാമത്തിൽ വൻപിച്ച മാറ്റമാണുണ്ടായത്. അറിവിന്റെ രംഗത്തുണ്ടായ ഈ ഉന്നമനം മെല്ലെ മറ്റു രംഗങ്ങളിലേയ്ക്കും വ്യാപിച്ചു. സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നും ഉയർന്നുവന്ന പുത്തൻപ്രതിഭാശാലികളും അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിത നിലവാരത്തിൽ വന്ന വലിയ പുരോഗതിയും ഇവിടെ നിലവിൽ വന്ന വിദ്യാഭ്യാസ സൗകര്യങ്ങളുടെ പരിണതഫലമായി വിലയിരുത്താം. ജാതിമത ഭേദമില്ലാതെ എല്ലാ രംഗങ്ങളിലും സഹകരണത്തോടെ, സഹവർത്തിത്വത്തോടെ ഈ കൊച്ചു ഗ്രാമത്തിലെ ഉൽപ്പതിഷ്ണുക്കളായ ജനസമൂഹം കൊയ്തെടുത്ത നേട്ടങ്ങളുടെ തിളക്കം ഇവിടെ നിലനിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നുള്ള വെളിച്ചത്തിന്റെ പ്രതിഫലനമായി വേണം അനുമാനിക്കാൻ. എന്നാൽ ഇതുവരെ നേടിയവയൊന്നുമല്ല, ഇനി നേടാനുള്ളവയാണ് അധികം എന്ന ചിന്തയോടെ കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് പറന്നുയരാൻ, ഒരു കൊള്ളിമീൻ പോലെ ഒരു നിമിഷം പ്രഭചൊരിഞ്ഞെരിഞ്ഞണയാനല്ല, ഒരിക്കലുമണയാത്ത ഉജ്ജ്വല സൂര്യന്മാരായി ജ്വലിച്ചുയരാൻ ചിറകുവിടർത്തി വിശാലവിഹായസ്സിലേക്ക് അനന്തതയെ ജയിക്കുന്ന മിഴികളോടെ നില്ക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ നാടാണിതെന്ന ആത്മജ്ഞാനത്തോടെ ഇനിയും നാം ഒന്നിച്ച് ഈ രംഗത്ത് നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകേണ്ടതുണ്ട്.

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ രണ്ടായി തിരിക്കാം ഔപചാരിക വിദ്യാഭ്യാസവും, അനൗപചാരിക വിദ്യാഭ്യാസവും. ഇവ രണ്ടും പരസ്പര പൂരകങ്ങളാണ്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു ഘടകങ്ങളുണ്ട്. അവയിലൊന്നാമത്തേത്, നമ്മുടെ ഗ്രാമം ഒരു പിന്നോക്ക വിഭാഗ ഭൂരിപക്ഷ പ്രദേശമാണെന്നതാണ്. രണ്ടാമതായി, നമ്മുടെ നാട്ടിലെ ജനങ്ങളിലധികവും തൊഴിലാളി വർഗ്ഗമാണെന്നതും, അവരിൽ ഭൂരിഭാഗം കയർ തൊഴിലാളികളാണെന്നതുമാണ്. മൂന്നാമതായി, ജനസാന്ദ്രതയുടെ കാര്യത്തിൽ സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് ഉള്ള അന്തരമാണ്. അതായത്, സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പത്താമത്തെ പ്രദേശമാണിതെന്ന കാര്യം. കൂടാതെ പുരുഷന്മാരിലധികവും വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്നതുമൂലം കുടുംബകാര്യങ്ങളിലും വിദ്യാഭ്യാസ കാര്യങ്ങളിലും സ്ത്രീകൾ മേൽനോട്ടം വഹിക്കേണ്ടിവരുന്ന സാഹചര്യവും നിലനില്ക്കുന്നു. ഈ ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിനെ ഇതര പഞ്ചായത്തുകളിൽ നിന്നും വേറിട്ടു നിർത്തുന്നു.

ആകെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പട്ടിക 1

വാർഡ്	*സർക്കാർ*	*എയ്ഡഡ്*
1	ഇല്ല	ഇല്ല
2	1	ഇല്ല
3	ഇല്ല	ഇല്ല
4	ഇല്ല	1
5	ഇല്ല	ഇല്ല
6	2	ഇല്ല
7	ഇല്ല	ഇല്ല
8	3	1
9	ഇല്ല	ഇല്ല

പട്ടിക 2

	സർക്കാർ	എയിഡഡ്	അൺ എയിഡഡ്
ആകെ സ്ഥാപനങ്ങൾ	6	2	3

സർക്കാർ മേഖലയിലും സർക്കാർ എയ്ഡഡായും ആകെ 8 സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. അവയിൽ ഒരു ഹൈസ്ക്കൂളും രണ്ടു യു.പി. സ്കൂളുകളും അഞ്ചു എൽ.പി.സ്കൂളുകളും ഉൾപ്പെടുന്നു. അൺ എയ്ഡഡ് സ്കൂളുകളായി മൂന്നു സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. പൊതു വിദ്യാലയങ്ങളിലെല്ലാം കൂടി ആകെ 3781 വിദ്യാർത്ഥികൾ പഠിക്കുകയും 136 അദ്ധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നു.

പട്ടിക 3

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	L.P/UP/HS/ VHS	സർക്കാർ/ എയ്ഡഡ്
1	വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ	8	VHSC	സർക്കാർ
2	ന്യൂ എൽ.പി.എസ്. റൈട്ടർവിള	1	LP	സർക്കാർ
3	എൽ.പി.ജി.എസ്. മരുതൻവിളാകം	8	LP	സർക്കാർ
4	എൽ.പി.ബി.എസ്, പുളിവിളാകം	8	LP	സർക്കാർ
5	എൽ.എം.എസ്.എൽ.പി.എസ് (മിഷൻ സ്കൂൾ)	8	LP	എയ്ഡഡ്
6	മുസ്ലീം എൽ.പി.എസ്. നിലയ്ക്കാമുക്ക്	6	LP	സർക്കാർ
7	നിലയ്ക്കാമുക്ക് യു.പി.എസ്	6	UP	സർക്കാർ
8	പ്രബോധിനി യു.പി.എസ്	4	UP	എയ്ഡഡ്

വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ

വക്കം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 8 സ്കൂളുകളിലുമായി 91-92 അദ്ധ്യയന വർഷത്തിൽ 3950 കുട്ടികളും, 92-93 കാലയളവിൽ 3912 കുട്ടികളും, 93-94-ൽ 3889 കുട്ടികളും 94-95-ൽ 3893 കുട്ടികളും, 95-96-ൽ 3878 കുട്ടികളും പഠിച്ചിരുന്നു. ഓരോ വർഷങ്ങൾ കഴിയുന്തോറും ക്രമമായി കുട്ടികൾ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. 92-93-ൽ മുൻവർഷത്തെക്കാൾ 38 കുട്ടികൾ കുറഞ്ഞു. 93-94-ൽ മുൻവർഷത്തേക്കാൾ 23 കുട്ടികൾ കുറഞ്ഞു. എന്നാൽ 94-95 കാലത്ത് മുൻവർഷത്തേക്കാൾ നേരിയ ഒരു വർദ്ധനവ് കുട്ടികളുടെ എണ്ണത്തിലുണ്ടായി. ആ കാലയളവിൽ മുൻവർഷത്തെക്കാൾ 4 കുട്ടികൾ കൂടുതലുണ്ടായിരുന്നു. എന്നാൽ 95-96 ൽ വീണ്ടും മുൻവർഷത്തേക്കാൾ 15 കുട്ടികളുടെ കുറവുണ്ടായതായി കാണാം.

ഈ വർഷം (96-97) പഠിക്കുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണം 3781 ആണ്. അതായത് മുൻവർഷത്തെക്കാൾ ഈ അദ്ധ്യയനവർഷം 97 കുട്ടികളുടെ കുറവാണുണ്ടായത്. 91-92 അദ്ധ്യയനവർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നു നമ്മുടെ സ്കൂളുകളിൽ ആകെ 169 കുട്ടികളുടെ കുറവുള്ളതായി കാണാം. ഓരോ സ്കൂളിലും കുട്ടികളുടെ എണ്ണത്തിൽ ഓരോ വർഷവും ഉണ്ടായ മാറ്റങ്ങൾ പട്ടിക 4-ൽ നിന്നും മനസ്സിലാക്കാം.

പട്ടിക - 4

കുട്ടികളുടെ എണ്ണം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	91 - 92	92 - 93	93 - 94	94 - 95	95 - 96	96 - 97
1	LPBS	106	109	111	103	99	103
2	LPGS	197	182	186	179	190	213
3	മുസ്ലീം LPS	100	103	113	114	110	94
4	ന്യൂ LPS	420	423	421	438	447	418
5	LMS LPS	103	116	115	116	129	126
6	ഗവ. UPS, നിലയ്ക്കാമുക്ക്	980	980	948	954	973	973
7	പ്രബോധിനി UPS	741	741	767	791	822	841
8	ഗവ. ഹൈസ്ക്കൂൾ	1303	1258	1228	1198	1108	1013
	ആകെ	3950	3912	3889	3893	3878	3781

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ സ്കൂളിലും കുട്ടികളുടെ എണ്ണത്തിൽ വന്ന വ്യതിയാനം സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ വക്കം ഗവൺമെൻറ് ഹൈസ്ക്കൂളിലാണ് വർഷംതോറും കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുള്ളതെന്നു മനസ്സിലാകുന്നു. എൽ.പി. വിഭാഗം സ്കൂളുകളിലും യു.പി വിഭാഗം സ്കൂളുകളിലും ഓരോ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിക്കുമ്പോൾ വക്കം ഗവൺമെൻറ് ഹൈസ്ക്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. എൽ.പി. - യു.പി വിഭാഗം സ്കൂളുകളിൽ നിന്നും ക്ലാസ് കയറ്റം നേടി ഹൈസ്ക്കൂളിൽ ചേരേണ്ട കുട്ടികളിൽ ഒരു വിഭാഗത്തെ സമീപ പ്രദേശങ്ങളായ കടയ്ക്കാവൂർ, ആറ്റിങ്ങൽ, വർക്കല എന്നിവിടങ്ങളിലെ സ്കൂളികളിൽ ചേർത്തു പഠിപ്പിക്കുന്നതാണ് വക്കം ഗവൺമെൻറു ഹൈസ്ക്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടാകാൻ പ്രധാന കാരണം. അതുപോലെ എൽ.പി - യു.പി വിഭാഗം കുട്ടികളുടെ എണ്ണത്തിൽ ഒരു നേരിയ വർദ്ധന മുൻവർഷാവർഷം ഉണ്ടാകുന്നുണ്ടെങ്കിലും ജനനനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർദ്ധനവു ആശാവഹമല്ല. വക്കം പഞ്ചായത്തിലെ കുട്ടികളിൽ നല്ലൊരു വിഭാഗം സമീപ പ്രദേശങ്ങളിലെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്നു പഠിക്കുന്നതാണ് ഇതിനു പ്രധാന കാരണം. ഈ പഞ്ചായത്തിൽ നിന്നും സമീപ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതി വിവരക്കണക്ക് പട്ടിക 5-ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പട്ടിക - 5

ക്രമ നമ്പർ	അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പേര്	ഈ ഗ്രാമത്തിൽ നിന്നുള്ള കുട്ടികളുടെ എണ്ണം
1	ശിവഗിരി സെൻട്രൽ സ്കൂൾ, വർക്കല	67
2	C.S.I ഇംഗ്ലീഷ് മീഡിയം സ്കൂൾ, ആറ്റിങ്ങൽ	24
3	നവഭാരത് റഡിഡൻഷ്യൽ സ്കൂൾ ആറ്റിങ്ങൽ	42
4	സേക്രഡ്ഹാർട്ട്, അഞ്ചുതെങ്ങ്	75
	ആകെ	208

സമീപ പ്രദേശത്തെ സ്കൂളുകളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്ന പല ഘടകങ്ങളിൽ ഒന്ന് ഗവൺമെൻറ് സ്കൂളുകളിലെ പഠന നിലവാര തകർച്ചയിൽ രക്ഷിതാക്കൾക്കുള്ള ഉത്കണ്ഠയാണ്. സമീപ പ്രദേശങ്ങളായ ആറ്റിങ്ങൽ, കടയ്ക്കാവൂർ എന്നിവിടങ്ങളിലെ ചില സ്കൂളുകളിൽ നിലനില്ക്കുന്ന അച്ചടക്കവും നിലവാരവും കുട്ടികളെ അങ്ങോട്ടയയ്ക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയമെന്ന ഉത്കർഷാപരമായ സംജ്ഞ

പ്തിയും മറ്റൊരു കാരണമാണ്. പെൺകുട്ടികൾക്കു മാത്രമായി ഒരു സ്കൂളില്ല എന്ന പരിമിതി ചില രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ മറ്റു സ്ഥലങ്ങളിലെ പെൺപള്ളിക്കൂടങ്ങളിൽ അയയ്ക്കാൻ നിർബന്ധിതരാകുന്നതിനു ഒരു കാരണമാണ്. വർഷം തോറും കുട്ടികൾ കുറഞ്ഞു വരുന്നത് നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിലെ ഒരു ശാപമായി മാറാതിരിക്കാൻ നമ്മുടെ സ്കൂളുകളുടെ നിലനില്പിനെ ബാധിക്കുന്ന ഈ പ്രശ്നം അടിയന്തിരമായി തന്നെ പരിഹരിക്കേണ്ടതുണ്ട്. അതിനു മേൽപറഞ്ഞ അസൗകര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അതു വിജയിപ്പിക്കാൻ നമ്മുടെ ഗ്രാമത്തിലെ എല്ലാ പുരോ

പട്ടിക 6

അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ

(96 – 97)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിഭാഗം	അദ്ധ്യാപകർ			ആകെ വിദ്യാർത്ഥികൾ		
			ആൺ	പെൺ	ആകെ			
1	LPBS പുളിവിളാകം	LP	2	2	4	LP	103	
2	LPGS, മരുതൻവിളാകം	LP	ഇല്ല	6	6	LP	213	
3	മുസ്ലീം എൽ.പി.എസ്	LP	1	4	5	LP	94	
4	ന്യൂ LPS	LP	4	11	15	LP	418	
5	ഗവ. UPS	LP	2	14	31	LP	506	973
	നിലയ്ക്കാമുക്ക്	UP	7	8		UP	467	
6	പ്രബോധിനി UPS, വക്കം	LP	2	10	27	LP	397	841
	വക്കം (എയ്ഡഡ്)	UP	2	13		UP	444	
7	LMS, LPS, വക്കം	LP	1	4	5	LP	126	
8	ഗവ. H.S., വക്കം	UP	7	11	43	UP	404	1073
		HS	7	18		HS	609	
ആകെ			35	101	136		3781	

ഗമനവാദികളുടേയും സഹായം ആവശ്യമാണ്.

ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലുമായി ആകെ 136 അദ്ധ്യാപകരാണുള്ളത്. ഇതിൽ 35 പുരുഷന്മാരും 101 സ്ത്രീകളുമാണ് പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അനുപാതം 1:3 എന്ന ക്രമത്തിലാണ്. അതായത് അദ്ധ്യാപന രംഗത്ത് പുരുഷന്മാരുടെ മൂന്ന് മടങ്ങു സ്ത്രീകളുണ്ടെന്നർത്ഥം. ഇവിടെയുള്ള 8 സ്കൂളുകളിലുമായി പഠിപ്പിച്ചു വരുന്ന 136 പേരിൽ 63 പേർ എൽ.പി. വിഭാഗത്തിലും 48 പേർ യു.പി. വിഭാഗത്തിലും, 25 പേർ ഹൈസ്ക്കൂൾ തലത്തിലും ആണ്. പഞ്ചായത്തിലെ ഓരോ സ്കൂളിലുമുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സംബന്ധിക്കുന്ന പൂർണ്ണവിവരം പട്ടിക 7-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 7

നമ്പർ	സ്കൂൾ	അദ്ധ്യാപക/വിദ്യാർത്ഥി അനുപാതം
1	LPBS	1:26
2	LPGS	1:36
3	മുസ്ലിം LPS	1:19
4	ന്യൂ LPS	1:28
5	ഗവ. UPS നിലയ്ക്കാമുക്ക്	1:31
6	പ്രബോധിനി UPS വക്കം	1:31
7	LMS, LPS	1:25
8	ഗവ. ഹൈസ്ക്കൂൾ, വക്കം	1:24

പട്ടിക 7-ൽ നിന്നും ഈ പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറവാണെന്നു കാണാം. ഈ സാഹചര്യം വിദ്യാലയങ്ങളിൽ നല്ലൊരു അന്തരീക്ഷമുണ്ടാക്കാൻ സഹായിക്കേണ്ടതാണ്. പഞ്ചായത്തിലെ ശരാശരി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:28 ആണ്. ഇത് അംഗീകരിക്കപ്പെട്ട അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തേക്കാൾ (1:3) കുറവാണ്. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഏറ്റവും കുറഞ്ഞ അദ്ധ്യാപക വിദ്യാർത്ഥി അനുപാതമുള്ള വിദ്യാലയം മുസ്ലിം എൽ.പി.സ്കൂൾ ആണ്. ഇവിടെ ഒരു അദ്ധ്യാപകന് 19 കുട്ടികളാണുള്ളത്. ഇത് കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ അദ്ധ്യാപക വിദ്യാർത്ഥി അനുപാതമുള്ള വിദ്യാലയം വക്കം ഗവൺമെൻറ് ഹൈസ്ക്കൂൾ ആണ്. പഞ്ചായത്തിലെ രണ്ടു യു.പി.സ്കൂളുകളിലും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മറ്റു വിദ്യാലയങ്ങളെക്കാൾ കൂടുതലാണ്. ഈ സ്കൂളുകളിൽ ഒരു അദ്ധ്യാപകന് 31 കുട്ടികൾ എന്ന തോതിലാണ് അനുപാതം.

വികസിത രാജ്യങ്ങളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:7 ആണെന്നിരിക്കെ ഇക്കാര്യത്തിൽ നാം ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ഇനി സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ശതമാനം ഒന്നുതാരതമ്യം ചെയ്യാം (പട്ടിക 8 ശ്രദ്ധിക്കുക)

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ശതമാനം ഏകദേശം തുല്യമാണെന്നു കാണാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സർക്കാർ വിദ്യാലയങ്ങൾ ഇക്കാര്യത്തിൽ ഇതര വിദ്യാലങ്ങളുടെ പിന്നിലല്ല എന്നുകാണുന്നു. ഇങ്ങനെ ആവശ്യത്തിന് അദ്ധ്യാപകരുള്ള 8 വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഈ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുന്നുണ്ടോ എന്നത് സംശയാസ്പദമാണ്. ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലുള്ള അദ്ധ്യാപക വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നില്ല എന്നു വേണം അനുമാനിക്കാൻ.

ഭൗതിക സൗകര്യങ്ങൾ

ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ വിശദമായ വിവരങ്ങൾ പട്ടിക 9 ൽ ചേർത്തിരിക്കുന്നു.

പട്ടിക 8

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	സർക്കാർ അദ്ധ്യാപകരുടെ എണ്ണം % ത്തിൽ	ആകെ വിദ്യാർത്ഥികൾ (പഞ്ചായത്തിൽ)	സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം	സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം % ത്തിൽ
136	104	76.47	3781	2814	74.42

പട്ടിക 9 ഭൗദിക സാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനിമുറി ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി അവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി	നിലവിലുള്ള മൂത്രപ്പുര കളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല, കിണർ/പൈപ്പ്	വൈദ്യുതികരണം	പാചകമുറി	സ്റ്റാഫ്റും	ഇനി ആവശ്യമുള്ള വയുടെ എണ്ണം						
			സ്ഥിരം	അർദ്ധ സ്ഥിരം	താല്ക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താല്ക്കാലികം												നിലവിലുള്ള ഫർണിചർ മതിയാകുമോ?	ഡസ്ക്ക്	ബഞ്ച്	മേശ	കസേര	ആഫീസ് ഫർണിചർ	
LPBS പുളിവിളാകം	103	4	1	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	1	5	2	ഇല്ല	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	1	5	3	4	1	അലമാര
LPGS മരുതൻവിളാകം	213	6	2	1	ഇല്ല	1	ഇല്ല	ഇല്ല	1	ഉണ്ട്	2	10	ഇല്ല	1	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	5	15	3	6	1 2	അലമാര സ്റ്റാൻറ്
NEW L.P.S. റൈട്ടർവിള	418	15	2	ഇല്ല	2	8	ഇല്ല	4	ഇല്ല	ഇല്ല	1	10	1	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ആവശ്യമില്ല	ആവശ്യമില്ല	2	ആവശ്യമില്ല	2	അലമാര
MUSLIM LPS നിലയ്ക്കാമുക്ക്	94	5	2	1	ഇല്ല	2	1	ഇല്ല	3	ഉണ്ട്	2	10	ഇല്ല	1	1	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	2	ആവശ്യമില്ല	1	2	1 1	അലമാര സ്റ്റാൻറ്
LMS LPS മിഷൻ സ്ക്കൂൾ	126	5	1	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	2	1	1	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ആവശ്യമില്ല	5	2	5	1	ഷെൽഫ്
പ്രബോധിനി U.P.S.	841	27	5	1	ഇല്ല	23	2	ഇല്ല	5	ഉണ്ട്	2	10	5	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	30	20	5	8	1 2	അലമാര ഷെൽഫ്
ഗവ. U.P.S. നിലയ്ക്കാമുക്ക്	973	31	2	2	2	2	16	8	ഇല്ല	ഉണ്ട്	2	10	2	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	25	25	10	15	2 2	അലമാര സ്റ്റാൻറ്
ഗവ. H.S.	1105	43	3	1	ഇല്ല	36	3	ഇല്ല	5	ഉണ്ട്	2	5	5	10	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	128	59	25	32	2 2	അലമാര സ്റ്റാൻറ്.

ഈ പട്ടികയിൽ നിന്നും ഒരു വിദ്യാലയത്തിനാവശ്യമായ കെട്ടിടങ്ങളും മുറികളും, സ്ഥല സൗകര്യങ്ങളും, കക്കൂസ്, മൂത്രപ്പുര കുടിവെള്ള സംവിധാനം, വൈദ്യുതി, സ്റ്റാഫ്റൂം, ഫർണീച്ചർ, പാചകമുറി എന്നീ ഭൗതിക സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും.

ഓരോസ്കൂളിലേയും ഭൗതിക സൗകര്യങ്ങൾ സ്കൂളിന്റെ ആവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണെന്നു കാണാം.

സ്ഥലസൗകര്യങ്ങളും കെട്ടിട സൗകര്യങ്ങളും

ന്യൂ എൽ.പി.എസ്. റൈട്ടർവിള ഒഴികെയുള്ള എല്ലാ സ്കൂളുകളിലും കെട്ടിട സൗകര്യം കുറവാണെന്നാണ് മനസിലായത്. മിക്ക സ്കൂളുകളിലും പരിമിതമായ സ്ഥല സൗകര്യങ്ങളാണുള്ളത്. ഈ വിവരങ്ങൾ അടങ്ങിയ പട്ടിക 10 ശ്രദ്ധിക്കുക.

പട്ടിക 10

ക്രമ നമ്പർ	സ്കൂളുകളുടെ പേര്	ഭൂമി	കളിസ്ഥലം	ഒന്നിനും ഉപയോഗിക്കാത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം	ചുറ്റുമതിൽ സംബന്ധിച്ചുള്ള വിവരങ്ങൾ
1	LPBS. പുളിവിളാകം	50 സെൻറ്	20 സെൻറ്	10 സെൻറ്	3 വശം മതിൽ 1വശം കശാലകിണറില്ല
2	LPBS. മരുതൻവിളാകം	68 സെൻറ്	15 സെൻറ്	ഇല്ല	ചുറ്റു മതിൽഇല്ല കിണർ ഉപയോഗശൂന്യം
3.	മുസ്ലീം LPS.	60 സെൻറ്	20 സെൻറ്	15 സെൻറ്	ചുറ്റു മതിൽഇല്ല
4	LMS, LPS	35 സെൻറ്	10 സെൻറ്	5 സെൻറ്	2 വശം മാത്രം മതിൽ
5	ന്യൂ LPS. റൈട്ടർവിള	50 സെൻറ്	ഇല്ല	ഇല്ല	ചുറ്റു മതിൽഇല്ല
6	പ്രബോധിനി UPS	1 ഏക്കർ18 സെൻറ്	ഇല്ല	ഇല്ല	ചുറ്റു മതിൽഇല്ല
7	ഗവ. UPS നിലയ്ക്കാമുക്ക്	1 ഏക്കർ 52 സെൻറ്	30 സെൻറ്	20 സെൻറ്	ചുറ്റു മതിൽ ഉണ്ട്
8.	ഗവ. ഹൈസ്കൂൾ, വക്കം	2 ഏക്കർ 60 സെൻറ്	90 സെൻറ്	15 സെൻറ്	ചുറ്റുമതിൽ കാലഹരണപ്പെട്ട് പൊളിഞ്ഞിരിക്കുന്നു.

പട്ടിക 10 ൽ നിന്നും നമ്മുടെ സ്കൂളുകളുടെ പരിമിതികൾ പലതാണെന്നു മനസിലാക്കാം. സ്കൂളും പരിസരവും ശുചിയായി സൂക്ഷിക്കാൻ പലപ്പോഴും കഴിയാറില്ല. ജനസാന്ദ്രത യേറിയ ഒരു ഗ്രാമത്തിൽ ഇടുങ്ങിയ സ്ഥലങ്ങളിലെ ആത്യാവശ്യമുറികളുള്ള സ്കൂളുകളിൽ ഓടിനടക്കാനിടമില്ലാതെ തമ്മിൽ മുട്ടിയും തട്ടിയും ശ്വാസം മുട്ടുന്ന ബാല്യകൗമാരങ്ങളെ സമ്മാനിക്കുന്ന വിദ്യാലയാന്തരീക്ഷം മാറ്റിയെടുക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളെ നാം മറികടന്നേ മതിയാവൂ.

ന്യൂ എൽ.പി.എസ്. റൈട്ടർവിള 418 കുട്ടികൾ പഠിക്കുന്ന ഒരു വലിയ സ്ഥാപനമാണ്. എന്നാൽ സ്ഥല സൗകര്യം വെറും 50 സെൻറിൽ ഒതുങ്ങിയിരിക്കുന്നു. സ്കൂൾ കെട്ടിടങ്ങൾ കഴിഞ്ഞാൽ ശേഷിക്കുന്ന സ്ഥലം കളിസ്ഥലമായി ഉപയോഗിക്കാൻ പോലും തികയാത്ത അവസ്ഥയാണ്. ഈ സ്കൂളിൽ കളിസ്ഥലം ഇല്ലെന്നുള്ളതാണ് സത്യം. അതുപോലെ 10 സെൻറ് കളിസ്ഥലമുള്ള എൽ.എം.എസ്.എൽ.പി.എസ്, 15 സെൻറ് സ്ഥലമുള്ള എൽ.പി.ജി.എസ്. മരുതൻ വിളാകം തുടങ്ങിയ സ്കൂളികളിലെല്ലാം സ്ഥലപരിമിതി കൊണ്ടുള്ള നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടു.

ഈ അവസ്ഥ ഉണ്ടായിരുന്നിട്ടും പലസ്കൂളുകളിലും സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്ന വിരോധാഭാസവും നിലനില്ക്കുന്നു. പലപ്പോഴും കളിക്കാനുപയോഗിക്കേണ്ട സ്ഥലങ്ങൾ

കാട്പിടിച്ചും കുപ്പിച്ചില്ലും ചപ്പും ചവറും നിറഞ്ഞും കുട്ടികൾക്ക് കളിക്കാൻ പറ്റാത്ത സ്ഥിതിയിലാണു ഉള്ളത്.

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രബോധിനി യു.പി.എസ്. മുസ്ലീം എൽ.പി.എസ്., ന്യൂ എൽ.പി.എസ്. തുടങ്ങിയ ചിലസ്കൂളുകളിൽ ചുറ്റുമതിലില്ല. പലസ്കൂളുകളിലെയും ചുറ്റുമതിൽ കാലഹരണപ്പെട്ട് നശിച്ചു പോയിരിക്കുന്നു. വക്കം ഗവൺമെൻറ് ഹൈസ്ക്കൂളിൽ പോലും ചുറ്റുമതിൽ കാലഹരണപ്പെട്ടു ഇടിഞ്ഞു വീഴുന്ന സ്ഥിയിലാണുള്ളത്.

പ്രാഥമിക സൗകര്യങ്ങൾ (മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം)

മുസ്ലീം എൽ.പി.എസ്. നിലയ്ക്കാമുക്ക്, എൽ.പി.ജി.എസ്. മരുതൻ വിളാകം എന്നീ സ്കൂളുകളെ ഒഴിവാക്കിയാൽ ശേഷിക്കുന്ന എല്ലാ സ്കൂളുകളിലും ആവശ്യമുള്ളത്ര മൂത്രപ്പുര കളോ, കക്കൂസുകളോ ഇല്ല. ഉള്ള സ്കൂളുകളിലാകട്ടെ മൂത്രപ്പുരകളും കക്കൂസുകളും വൃത്തിഹീനമായും, ഉപയോഗശൂന്യമായും കിടക്കുകയാണ്.

സ്റ്റാഫ്റൂം

എൽ.പി.സ്കൂളുകളിലൊന്നിലും സ്റ്റാഫ്റൂം ഇല്ല. ഓഫീസ് മുറിതന്നെ സ്റ്റാഫ് റൂം ആയി ഉപയോഗിക്കുന്നു. ഇത് പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ചില അവസരങ്ങളിൽ ക്ലാസുമുറികൾ തന്നെ സ്റ്റാഫ് റൂമായി ഉപയോഗിക്കുന്നതുമൂലം കുട്ടികളുടെ പഠനത്തെ അത് ബാധിക്കാറുണ്ട്. യൂ.പി.എസ്. കളിലും ഹൈസ്കൂളിലും സ്റ്റാഫ് റൂം സൗകര്യമുണ്ട്.

ഫർണിച്ചർ

ആ വശ്യത്തിന് ഫർണിച്ചർ ഇല്ലാത്ത സ്ഥിതിയാണ് എല്ലാ സ്കൂളുകളിലും നിലനില്ക്കുന്നത്. ബഞ്ച്, ഡെസ്ക്, മേശ, കസേര, ഓഫീസ് ഫർണിച്ചർ എന്നിവയുടെ കുറവു പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നു. ഉള്ള ഫർണിച്ചറുകളാകട്ടെ, കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായ നിലയിലുമാണ്. ഓഫീസു റിക്കാർഡും മറ്റും സൂക്ഷിക്കാൻ സുരക്ഷിതമായ അലമാരയോ പുസ്തകങ്ങൾ സൂക്ഷിക്കാനാവശ്യമായ റാക്കുകളോ മിക്കസ്കൂളുകളിലും ഇല്ലാത്ത അവസ്ഥയാണുള്ളത്.

പൊതുവെ അപര്യാപ്തമായ ഭൗതിക സാഹചര്യമാണ് ഈ പഞ്ചായത്തിലെ മിക്കവിദ്യാലയങ്ങളിലുമുള്ളത്. ഇത് മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുമെന്നതുകൊണ്ട് ഇക്കാര്യം കൂടുതൽ പ്രാധാന്യം അർഹിക്കുന്നു.

അക്കാദമിക് സൗകര്യങ്ങളും അവയുടെ ഉപയോഗങ്ങളും

ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങളായ മാപ്പ്, ചാർട്ട്, അബാക്കസ്, കളിക്കോപ്പുകൾ, മോഡലുകൾ, ഫ്ളാഷ് കാർഡുകൾ, മാത്സ്കിറ്റ്, സയൻസ്കിറ്റ് തുടങ്ങിയവയും ദൃശ്യശ്രാവ്യ ഉപകരണങ്ങളും ബ്ലാക്ക് ബോർഡുമൊക്കെ സ്കൂളുകളിൽ വേണ്ട അക്കാദമിക് സൗകര്യങ്ങളാണ്. എന്നാൽ ഇവയിൽ പലതും ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ഇല്ലാത്ത അവസ്ഥയാണ്. ഈ ഗ്രാമത്തിലെ സ്കൂളുകളിൽ ലഭ്യമായ സൗകര്യങ്ങളുടെ വിശദമായ വിവരങ്ങൾ പട്ടിക 11 ൽ നൽകിയിരിക്കുന്നു.

പട്ടിക 11 അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ (എണ്ണം) റേഡിയോ	ടേപ് റിക്കാർഡർ	ടി.വി.സെറ്റ്	വി.സി.ആർ. വി.സി.പി.	സിനിമാ പ്രൊജക്ടർ	പ്രൊജക്ടർ സ്ക്രീൻ	ഓവർഹെഡ് പ്രൊജക്ടർ	കംപ്യൂട്ടർ	സമരങ്ങളിൽ ഉൾപ്പെട്ട അധ്യായന ദിവസങ്ങൾ	മാതൃസംഗമം	ക്ലാസ് റൂം പി.റ്റി.എ.
LPBS വക്കം	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
LPGS വക്കം	ഉണ്ട് പ്രവർത്തിക്കുന്നു	ഇല്ല	ഉണ്ട് World map ഇല്ല	ഉണ്ട് 1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
NEW LPS വക്കം	ഇല്ല	ഇല്ല	ആവശ്യത്തിന് മാപ്പുകൾ ഇല്ല	ഇണ്ട് 1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
മുസ്ലീം LPS വക്കം	ഇല്ല	ഇല്ല	ആവശ്യത്തിന് മാപ്പുകൾ ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
LMS LPS വക്കം	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
പ്രബോധിനി UPS വക്കം	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
നിലയ്ക്കമുക്ക് UPS വക്കം	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട്	ഗ്ലോബ് ചാർട്ടുകൾ മാപ്പ് എന്നിവ വേണ്ടത്രഇല്ല	ഉണ്ട് 1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല
ഗവ. H.S വക്കം	ഉണ്ട് പ്രവർത്തിക്കുന്നു	ഉണ്ട് പ്രവർത്തിക്കുന്നു	വേണ്ടത്ര ഉണ്ട്	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഉണ്ട് 2	ഇല്ല	ഇല്ല	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഉണ്ട് 1	ഉണ്ട് 5	ഇല്ല	8	ഇല്ല	ഇല്ല

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ എൽ.പി.സ്കൂളുകളിൽ ഒന്നിലുമില്ല. വക്കം ഗവ. ഹൈസ്കൂളിലും, പ്രബോധിനിയും.യു.പി.എസി. ലും. നിലയ്ക്കാമുക്ക് യു.പി.എസിലും ലൈബ്രറി കളും ലബോറട്ടറികളും ഉണ്ടെങ്കിലും അവ വേണ്ട വണ്ണം ഉപയോഗിക്കാൻ പല പ്രായോഗിക ബുദ്ധി മുട്ടുകളും ഉള്ളതായാണറിയാൻ കഴിഞ്ഞത്. ആവശ്യമായത്ര ഉപകരണങ്ങളുടെ കുറവും കുട്ടി കളുടെ അച്ചടക്കമില്ലായ്മയും ലബോറട്ടറി പ്രവർത്തനങ്ങളെ ബാധിക്കുമ്പോൾ ലൈബ്രറി വേണ്ടവിധം ഉപയോഗിക്കാൻ കുട്ടികൾ താല്പര്യം കാണിക്കാറില്ല എന്നാണറിയാൻ കഴിഞ്ഞത് പല സ്കൂളുകളിലും പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല. എല്ലാസ്കൂളുകളിലും റേഡിയോ ഉണ്ടെങ്കി ലും വേണ്ടവണ്ണം. ഉപയോഗിക്കുവാൻ കഴിയുന്നി ല്ല. വക്കം ഹൈസ്കൂളിലുള്ള രണ്ടു ടേപ്റിക്കാർ ഡർകളുടെ സ്ഥിതിയും ഇതുതന്നെ. വി.സി.ആർ. ഒരു സ്കൂളിലുമില്ല. വക്കം ഹൈസ്കൂളിലുള്ള ഒരു സിനിമാ പ്രൊജക്ടർ ഇപ്പോൾ പ്രവർത്തിക്കുന്നി ല്ല. ഇവിടെ പ്രൊജക്ടർ സ്ലൈഡ് ഒരെണ്ണവും, ഓവർഹെഡ് പ്രൊജക്ടർ 5 എണ്ണവുമുണ്ട്.

സാമൂഹിക ഇടപെടലുകൾ

ആരോഗ്യകരമായ സാമൂഹിക ഇടപെടലു കൾ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വള രെ കുറവാണ്. അനാരോഗ്യകരമായ ഇടപെടലു കൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. എല്ലാ സ്കൂളു കളിലും പി.റ്റി.എ. നിലവിലുണ്ടെങ്കിലും അവക്കും വേണ്ടവണ്ണം പ്രവർത്തിക്കുവാനുള്ള ചുറ്റുപാടു കളല്ല മിക്കവാറും വിദ്യാലയങ്ങളിലുള്ളത്. മാതൃ സംഗമങ്ങൾ, സ്കൂൾ പി.റ്റി.എ. ക്ലാസ് റൂം പി.റ്റി.എ. എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 12 ൽ നിന്നും മനസിലാക്കാം.

പട്ടിക12

ക്രമനമ്പർ	സ്കൂളുകൾ	മാതൃസംഗമങ്ങൾ	സ്കൂൾ PTA	ക്ലാസ്റൂം PTA
1	LPBS	ഇല്ല	ഉണ്ട്	ഇല്ല
2.	LPGS	ഇല്ല	ഉണ്ട്	ഇല്ല
3.	New LPS	ഇല്ല	ഉണ്ട്	ഇല്ല
4.	മുസ്ലിം LPS	ഇല്ല	ഉണ്ട്	ഇല്ല
5.	LMS LPS	ഇല്ല	ഉണ്ട്	ഇല്ല
6.	പ്രബോധിനി UPS	ഇല്ല	ഉണ്ട്	ഇല്ല
7.	നിലയ്ക്കാമുക്ക് UPS	ഇല്ല	ഉണ്ട്	ഇല്ല
8.	ഗവ. H.S. വക്കം	ഇല്ല	ഉണ്ട്	ഇല്ല

മാതൃ സംഗമങ്ങളും, ക്ലാസ്റൂം പി.റ്റി.എ.കളും ഇല്ലെങ്കിലും എല്ലാ സ്കൂളിലും സ്കൂൾ പി.റ്റി.എ.കൾ പ്രവർത്തിച്ചുവരുന്നു. പി.റ്റി.എ.കൾ പലതും സജീവമായി പ്രവർത്തിച്ചു തുടങ്ങിയത് ഈ രംഗത്ത് ആശയ്ക്കു വക നൽകുന്നുണ്ട്. മാ തൃ സംഗമങ്ങളും ക്ലാസുറൂം പി.റ്റി.എ.കളും സ്കൂൾ പി.റ്റി.എ. താല്പര്യമെടുത്ത് വിളിച്ചു ചേർത്താൽ പല പുരോഗതികളും കൈവരിക്കാൻ കഴിയും. ചി ല സ്കൂളുകളിലെ പി.റ്റി.എ. യുടെ പ്രവർത്തനം ആശാവഹമാണ്. അക്കൂട്ടത്തിൽ നിലയ്ക്കാമുക്ക് യു.പി.എസി.ലെ പി.റ്റി.എ.യുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട പ്രീപ്രൈമറിസ്കൂളിനായുള്ള കെട്ടി ടം എടുത്തു പറയേണ്ടതാണ്.

വിദ്യാലയങ്ങളുടെ പ്രവർത്തന നിലവാരം

ചിറയിൻകീഴ് താലൂക്കിൽ മാറ്റേതുഭാഗത്തെ അപേക്ഷിച്ചും വിദ്യാഭ്യാസ നിലവാരം ഉയർന്ന പ്ര ദേശമായിരുന്നു വക്കം ഗ്രാമം. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ വിദ്യാലയങ്ങൾ പലകാരണങ്ങൾകൊണ്ടും പ്രവർത്തന നിലവാ രത്തിൽ പിന്നോക്കം പോവുകയാണുണ്ടായത്. പാ ഠ്യാനുബന്ധപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പോലെ ബാധിച്ച ഈ മാന്ദ്യതയുടെ യഥാർത്ഥ രൂപ ഭാവങ്ങൾ സ്ഥിതി വിവരക്കണക്കുകളിലൂടെ പരിശോധിക്കാം. (പട്ടിക 13)

പട്ടിക - 13 അക്കാദമിക് നിലവാരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	വർഷം	സ്റ്റാൻ ഡേർഡ്	ആകെ കുട്ടികൾ	30%നു താഴെ മാർക്കു വാങ്ങുന്നവർ	30%-40% വരെ നേടുന്നവർ	40%-50% വരെ നേടുന്നവർ	50%-60% വരെ നേടുന്നവർ	60%ൽ കൂടുതൽ നേടുന്നവർ	SSLC%
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1.	L.P.B.S. വക്കം	91-92	III	28	2	7	3	4	12	..
			IV	23	2	3	2	8	8	..
		95-96	III	26	2	5	4	8	7	..
			IV	22	2	6	1	7	6	..
2.	L.P.G.S. വക്കം	91-92	III	52	3	9	7	17	16	..
			IV	33	3	9	4	4	13	..
			V	46	2	13	8	4	19	..
		95-96	III	49	5	7	8	6	23	..
			IV	30	2	1	6	7	14	..
			V	23	1	4	4	2	12	..
3.	New L.P.S, വക്കം	91-92	III	102	10	25	35	12	20	..
			IV	97	8	28	20	20	21	..
		95-96	III	103	3	18	20	30	32	..
			IV	133	6	10	49	20	48	..

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	വർഷം	സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ	30%നു താഴെ മാർക്കു വാങ്ങുന്നവർ	30%-40% വരെ നേടുന്നവർ	40%-50% വരെ നേടുന്നവർ	50%-60% വരെ നേടുന്നവർ	60%ൽ കൂടുതൽ നേടുന്നവർ	SSLC%
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
4.	മുസ്ലിം L.P.S., വക്കം	91-92	III	20	8	3	4	2	3	..
			IV	20	7	6	4	1	2	..
		95-96	III	27	10	4	3	4	6	..
			IV	29	5	7	5	5	7	..
5.	L.M.S, L.P.S., വക്കം	91-92	III	22	4	6	5	4	3	..
			IV	24	4	5	7	4	4	..
		95-96	III	38	5	10	8	5	10	..
			IV	31	4	8	9	5	5	..
6.	പ്രബോധിനി UPS,വക്കം	91-92	III	113	6	29	16	12	22	
			IV	112	13	17	13	9	60	
			V	88	11	26	6	13	32	
			VI	100	8	28	18	14	32	
			VII	104	1	37	20	6	40	
		95-96	III	68	1	5	16	17	29	
			IV	61	..	28	8	10	15	
			V	69	..	23	11	10	25	
			VI	105	7	25	24	23	30	
			VII	110	21	34	22	22	45	

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	വർഷം	സ്റ്റാൻ ഡേർഡ്	ആകെ കുട്ടികൾ	30%നു താഴെ മാർക്കു വാങ്ങുന്നവർ	30%-40% വരെ നേടുന്നവർ	40%-50% വരെ നേടുന്നവർ	50%-60% വരെ നേടുന്നവർ	60%ൽ കൂടുതൽ നേടുന്നവർ	SSLC%
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
7.	U.P.S. നിലയ്ക്കാമുക്ക്	91-92	III	147	3	28	50	40	26	..
			IV	151	22	13	30	30	46	..
			V	144	11	20	35	35	30	..
			VI	105	11	24	23	23	22	..
			VII	143	..	11	15	15	44	..
		95-96	III	141	20	35	40	36	10	..
			IV	142	25	28	35	24	30	..
			V	148	14	35	34	40	25	..
			VI	145	14	39	39	38	15	..
			VII	144	73	21	21	16	16	..
8.	ഗവ: ഹൈസ്ക്കൂൾ, വക്കം	91-92	V	200	14	148	20	12	6	
			VI	202	16	140	18	18	10	
			VII	196	19	125	23	14	15	
			VIII	275	16	205	20	16	18	
			IX	243	19	165	24	13	22	
			X	187	54	28	40	35	30	72%
		95-96	V	147	19	40	42	26	20	
			VI	145	22	40	38	24	21	
			VII	157	30	42	31	28	26	
			VIII	235	36	68	68	28	31	
			IX	234	37	69	69	29	30	
			X	190	110	25	26	14	15	42%

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും വിവിധ സ്ക്കൂളുകളിലെ വിവിധ നിലവാരമുള്ള കുട്ടികളുടെ 91-92 ലെ എണ്ണവും 95-96 ലെ എണ്ണവും താരതമ്യം ചെയ്യാൻ കഴിയും. ഈ കണക്കുകൾ പരിശോധിക്കുമ്പോൾ എൽ. പി, യു.പി., എച്ച്. എസ്സ്. ക്ലാസ്സുകളിൽ എസ്. എസ്. എൽ. സി. ഒഴികെയുള്ള പരീക്ഷകളിൽ 91-92 ലെ നിലവാരവും 95 - 96-ലെ നിലവാരവും തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ ഒന്നും കാണാനില്ലെങ്കിലും നിലവാര തകർച്ചയുടെ യഥാർത്ഥചിത്രം നൽകിക്കൊണ്ട് എസ്. എസ്. എൽ. സി. വിജയശതമാനം 91-92 ൽ നിന്നും 95-96 ആയപ്പോൾ 72 ൽ നിന്നും 42 ലേക്ക് കുത്തനെ താണതായി കാണാം. (പട്ടിക 14)

പട്ടിക 14

അക്കാദമിക് നിലവാരം *സ്ക്കൂളിന്റെ പേര്* - ഗവ. ഹൈസ്ക്കൂൾ, വക്കം

വർഷം	സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ	30%നു താഴെ മാർക്കു നേടിയവർ	30%-40% വരെ നേടിയവർ	40%-50% വരെ നേടിയവർ	50%-60% വരെ നേടിയവർ	60%ൽ കൂടുതൽ നേടുന്നവർ	SSLC വിജയ ശതമാനം
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
	V	200	14	148	20	12	6	..
	VI	202	16	140	18	18	10	..
91-92	VII	196	19	125	23	14	15	
	VIII	275	16	205	20	16	18	
	IX	243	19	165	24	13	22	
	X	187	54	28	40	35	30	72%
92-93	V	188	20	80	51	25	12	
	VI	192	32	72	48	28	16	
	VII	195	25	80	42	30	18	
	VIII	276	27	132	53	38	26	
	IX	233	25	78	62	40	28	
	X	170	54	31	30	28	27	68%
93-94	V	168	25	47	48	30	18	
	VI	191	30	61	52	28	20	
	VII	190	28	66	45	32	19	
	VIII	244	30	87	62	40	25	
	IX	246	30	76	65	45	30	
	X	188	50	44	35	32	27	65%

പട്ടിക14 - അക്കാദമിക് നിലവാരം *സ്ക്കൂളിന്റെ പേര്* - ഗവ. ഹൈസ്ക്കൂൾ, വക്കം

വർഷം	സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ	30%നു താഴെ മാർക്കു നേടിയവർ	30%-40% വരെ നേടിയവർ	40%-50% വരെ നേടിയവർ	50%-60% വരെ നേടിയവർ	60%ൽ കൂടുതൽ നേടിയവർ	SSLC വിജയ ശതമാനം
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
	V	149	22	43	36	32	16	
	VI	173	23	52	50	26	22	
94-95	VII	190	31	62	47	30	20	
	VIII	254	37	87	62	38	30	
	IX	238	36	82	61	27	32	
	X	194	47	59	32	32	24	76%
95-96	V	147	19	40	42	26	20	
	VI	145	22	40	38	24	21	
	VII	157	30	42	31	28	26	
	VIII	235	36	72	68	28	31	
	IX	234	37	69	69	29	30	
	X	190	110	25	26	14	15	42%

വക്കം ഗവ: ഹൈസ്ക്കൂളിലെ 91-91, 92-93, 93-94, 94-95, 95-96 അദ്ധ്യയനവർഷങ്ങളിൽ സ്റ്റാൻഡേർഡ് 5,6,7,8,9 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരവും എസ്. എസ്. എൽ. സി. വിജയശതമാനവും പട്ടികയിൽ താരതമ്യം ചെയ്യാൻ കഴിയും. ഓരോ ക്ളാസ്സിലും 30 ശതമാനം മാർക്കിനു താഴെ വാങ്ങുന്ന കുട്ടികളുടെ ശതമാനം ഓരോ വർഷം കഴിയുന്തോറും കൂടുന്നതായി കാണാം. ഇതിൽ നിന്നും വർഷംതോറും ഉണ്ടായ നിലവാരത്തകർച്ചയുടെ ആക്കം മനസ്സിലാകും. എസ്. എസ്. എൽ. സി. വിജയശതമാനം പരിശോധിക്കുമ്പോൾ ഇതു കൂടുതൽ വ്യക്തമാകും. 91-92 ൽ 72 ശതമാനം ആയിരുന്നത് 92-93 ൽ 68 ശതമാനവും തുടർന്നിങ്ങോട്ട് 94-95 അദ്ധ്യനവർത്തെ ഒഴിച്ചുനിർത്തിയാൽ ഒരോ വർഷം കഴിയുന്തോറും 65 ശതമാനം, 42 ശതമാനം എന്ന നിലയിൽ കുറഞ്ഞുവരുന്നതായി കാണാം.

വക്കം ഗവൺമെൻറ് ഹൈസ്ക്കൂളിനെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധേയമായ കാര്യം 94-95 ലെ എസ്. എസ്. എൽ. സി. വിജയശതമാനത്തിലുണ്ടായ വൻപിച്ച മുന്നേറ്റമാണ്. 94-95 അദ്ധ്യയനവർഷത്തിൽ നിന്നും വളരെ കാര്യങ്ങൾ നാം പഠിക്കേണ്ടതുണ്ട് എന്ന് ഇത് സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ എസ്. എസ്. എൽ. സി. വിജയശതമാനത്തിൽ ഏറ്റവും തിളക്കമാർന്ന വിജയം കൈവരിച്ചത് 94-95 ൽ ആയിരുന്നു. അതുപോലെ ഏറ്റവും ലജ്ജാകരമായ വിജയശതമാനം ഈ സ്ക്കൂളിനുണ്ടായത്. 95-96 അദ്ധ്യയനവർഷത്തിലായിരുന്നു. ഇക്കാലത്ത് സംഭവിച്ച പാളിച്ചകൾ എന്താണെന്ന് തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യത്തിലേക്കാണ് ഈ മോശമായ നിലവാരം വിരൽചൂണ്ടുന്നത്. 1984 മുതൽ വക്കം ഗവ: സ്ക്കൂളിൽ ഹയർ സെക്കൻററി (കൃഷി) വിഭാഗം ആരംഭിച്ചു. 96-97 അദ്ധ്യയനവർഷം ഈ വിഭാഗത്തിൽ 92 വിദ്യാർത്ഥികൾ പഠിക്കുന്നു. ഹയർ സെക്കൻററി തലത്തിലും അദ്ധ്യയനനിലവാരം വളരെ പിന്നിലാണ്.

സ്ക്കൂളുകളിൽ നടത്തിവരുന്ന വാർഷിക പരീക്ഷകളും പാദ വാർഷിക/അർദ്ധവാർഷിക പരീക്ഷകളും നിലവാരമില്ലാത്തവയും അശാസ്ത്രീയവുമാണെന്നാണ് അത്തരം പരീക്ഷകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലും എസ്. എസ്. എൽ. സി. വിജയശതമാനവും തമ്മിലുള്ള

വൈരുദ്ധ്യത്തിൽ നിന്നും മനസ്സിലാകുന്നത്. ആറാം പ്രമോഷൻ സമ്പ്രദായം മൂലം നിലവാരമില്ലാത്ത കുട്ടികറ്റം ക്ലാസ്സ് കയറ്റം ലഭിക്കുകയും അതുമൂലം ഉണ്ടാകുന്ന വിടവ് നികത്തപ്പെടാതെ തന്നെ എസ്. എസ്. എൽ. സി. പരീക്ഷയെ നേരിട്ട് പരാജിതരായി മടങ്ങുകയും ചെയ്യുന്നു. ഇത്തരത്തിൽ അസമർത്ഥരായി തീരുന്നവർ പിന്നീട് എതു മാർഗ്ഗത്തിലൂടെ എസ്. എസ്. എൽ. സി. പരീക്ഷ വിജയിച്ചാലും നിലവാരത്തകർച്ച മൂലം ഉപരി പഠനം അസാദ്ധ്യമാകുകയും അവരുടെ പ്രവർത്തനങ്ങളെ ഇത് ബാധിക്കുകയും ചെയ്യുന്നു. അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായവും ആറാം പ്രമോഷൻ സമ്പ്രദായവും അവസാനിപ്പിക്കേണ്ടത് വിദ്യാഭ്യാസ പുരോഗതിയ്ക്ക് ആവശ്യമാണെന്നാണ് കാണുന്നത്.

സ്ക്കൂളുകളിലെ പഠന നിലവാരം വിലയിരുത്തുമ്പോറം തോറ്റു പഠിക്കുന്നവരുടെയും കൊഴിഞ്ഞുപോയവരുടെയും സംഖ്യയും അനുപാതവും കൂടി അറിഞ്ഞിരിക്കണം. ഈ വിവരങ്ങറം പട്ടിക 15-ൽ നിന്നു മനസ്സിലാക്കാം.

പട്ടിക - 15

സ്ക്കൂറം	തോറ്റു പഠിച്ചവർ	തോറ്റു പഠിക്കുന്നവരുടെ എണ്ണം ശതമാനത്തിൽ	പഠനം നിറുത്തിയവർ (കൊഴിഞ്ഞു പോയത്)	കൊഴിഞ്ഞു പോക്കിന്റെ ശതമാനം
L.P.B.S. പുളിവിളാകം	26	4.95	00	00
L.P.G.S.മരുതൻ വിളാകം	27	2.84	10	1.05
മുസ്ലീം L.P.S., നിലയ്ക്കാമുക്ക്	40	7.49	18	3.37
New L.P.S., റ്റൈട്ടർവിള	106	4.94	90	4.19
U.P.S.നിലയ്ക്കാമുക്ക്	318	6.59	57	1.18
L.M.S.L.P.S. വക്കം	30	4.98	30	4.98
പ്രബോധിനി U.P.S.വക്കം	95	2.4	00	00
H.S. വക്കം	530	9.13	81	1.39

മേൽ കാണിച്ചിരിക്കുന്ന പട്ടിക വിലയിരുത്തുമ്പോറം ഏറ്റവും കൂടുതൽ നിലവാരം കുറഞ്ഞ സ്ക്കൂറം ഗവ: എച്ച്. എസ്. വക്കം ആണെന്ന് ബോദ്ധ്യമാകുന്നു. ഇവിടെ 9.13%കുട്ടികളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലമായി തോറ്റു പഠിച്ചുവരുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിന്റെ ശതമാനത്തിൽ L.M.S.L.P.S. ആണ് ഒന്നാമത്. 4.98% മാണ് ഈ സ്ക്കൂളിലെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക്. 4.19 ശതമാനം കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കാണിക്കുന്ന ന്യൂ. എൽ. പി. എസ്. റൈറ്റർ വിളയും 3.37 ശതമാനം കൊഴിഞ്ഞുപോക്കുള്ള മുസ്ലീം എൽ. പി. എസും പഠന നിലവാരത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. എൽ. പി. ബി. എസ്. പുളിവിളാകം പ്രബോധിനി യു. പി. എസ്. എന്നീ സ്ക്കൂളുകളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ ഒരു കൊഴിഞ്ഞു പോക്കുപോലും അനുഭവപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധേയമാണ്.

91-92 അദ്ധ്യയന വർഷം മുതൽ 95 - 96 അദ്ധ്യയന വർഷം വരെ അഞ്ചുവർഷക്കാലത്ത് പഠനം നിർത്തിയ പട്ടികജാതി വിദ്യാർത്ഥികളുടെയും മറ്റുള്ളവരുടെയും സ്ഥിതി വിവരക്കണക്ക് പട്ടിക 16-ൽ കാണാം.

പട്ടിക-16

91 - 92 മുതൽ 95 - 96 വരെ 5 വർഷക്കാലത്ത് പഠനം നിർത്തിയ SC വിദ്യാർത്ഥികളുടെയും മറ്റുള്ളവരുടെയും സ്ഥിതിവിവരക്കണക്ക്

സ്ക്കൂളിന്റെ പേര്	ആകെ കുട്ടികളുടെ എണ്ണം			S.C.കുട്ടികളുടെ എണ്ണം			മറ്റുള്ളവർ			പഠനം നിർത്തിയവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	S.C.കുട്ടികൾ	മറ്റുള്ളവർ	കൊഴിഞ്ഞു പോയവർ
L.P.B.S.	271	255	526	66	59	125	205	196	401	Nil	Nil	Nil
L.P.G.S	618	529	1147	171	137	308	447	392	839	1	10	11
New L.P.S.	1072	1077	2149	109	96	205	963	981	1944	24	66	90
L.M.S. L.P.S.	310	269	579	31	19	50	279	250	529	5	24	29
Muslim L.P.S.	277	269	546	10	19	29	267	250	517	Nil	15	15
Probodhini U.P.S.	1886	1976	3862	269	225	494	1617	1751	3368	Nil	2	2
Nilakkamukku U.P.S.	1911	1949	3855	379	417	796	..	..	3059	14	43	57
H.S. Vakkom	2929	3166	6095	357	392	749	..		5346	10	72	82

ഈ പട്ടികയെ കൂടതുൽ വ്യക്തമാകാൻ ശതമാനരൂപത്തിലേക്ക് മാറ്റാം. പട്ടിക 17 - കാണുക.

പട്ടിക - 17

സ്കൂളിന്റെ പേര്	SC/ കൊഴിഞ്ഞുപോക്ക് ശതമാനം	മറ്റുള്ളവരുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് ശതമാനം
LPBS	00	00
LPGS	0.32	1.19
New LPS	11.71	3.40
LMSLPS	10	4.54
Muslim LPS	00	2.90
Prabodhini UPS	00	0.06
Nilakkamukku UPS	1.76	1.41
HS Vakkom	1.34	1.35

പട്ടിക 17-ൽ നിന്നും ഭൂരിഭാഗം സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ഇടയിലാണ് കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കൂടുതലെന്നു കാണാം. ന്യൂ എൽ.പി.എസ് റൈട്ടർവിളയിലാണ് പട്ടികജാതി കുട്ടികളുടെ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് അനുഭവപ്പെടുന്നത്. അവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയാകാം ഇതിനുള്ള പ്രധാന കാരണം.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഭൂരിഭാഗം സ്കൂളുകളിലും ശോചനീയമാണ്. പ്രബോധിനി യു.പി.എസ്, നിലക്കാമുക്ക് യു.പി.എസ് എന്നീ സ്കൂളുകളിലെ പ്രവർത്തനങ്ങൾ ആശാവഹമാണ്. പട്ടിക 18-ൽ നിന്നും ഇക്കാര്യങ്ങൾ ബോധ്യമാകും.

പട്ടിക 18 അനുസരിച്ചു ജില്ലാതല/സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുകയും തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത സ്കൂളുകളാണ് വക്കം പ്രബോധിനി യു.പി.എസ്സും, നിലക്കാമുക്ക് യു.പി.എസ്സും എന്നു ബോധ്യമാകും. ഇവർ നടത്തുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി തന്നെ തുടരേണ്ടതുണ്ട്. ജില്ലാതല കായിക മത്സരത്തിൽ പങ്കെടുത്ത ന്യൂ എൽ.പി.എസ് റൈട്ടർവിള, 1991-92 ലെ ബാലപ്രതിഭാപട്ടം ഉൾപ്പെടെ മൂന്ന് അവാർഡുകൾ കലസ്ഥമാക്കിയ എൽ.പി.ബി.എസ്. പുളിവിളാകം എന്നീ സ്കൂളുകൾ ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾക്കായി തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്. എൽ.പി വിഭാഗം സ്കൂളുകളിൽ മറ്റുള്ളവയെല്ലാം ഇക്കാര്യത്തിൽ വളരെ പിന്നിലാണെന്ന വസ്തുത ദുഃഖകരമാണ്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി വക്കം ഗവ. ഹൈസ്ക്കൂൾ നിഷ്ക്രിയാവസ്ഥയിലാണെന്ന സത്യം ഏറ്റവും അനുകമ്പാർഹമാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഈ ഹൈസ്ക്കൂൾ നേടിയത് ജില്ലാതല ഡാൻസ് മത്സരത്തിൽ ഒരു അവാർഡ് മാത്രമാണ്. മുൻകാലങ്ങളിൽ കലാകായിക രംഗങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന ഈ സ്കൂളിന്റെ അധഃപതനം പ്രത്യേകം പരിശോധിക്കേണ്ടതാണ്. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഈ സ്കൂളിനെ കലാകായിക രംഗത്ത് മുൻനിരയിലെത്തിക്കുക എന്നത് അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സർവ്വോപരി എല്ലാ ഗ്രാമവാസികളുടെയും കർത്തവ്യമാണ്.

സമാന്തര വിദ്യാലയങ്ങൾ

ഈ ഗ്രാമാതിർത്തിക്കുള്ളിൽ 8 സമാന്തര വിദ്യാഭ്യസ സ്ഥാപനങ്ങളുണ്ട്. പട്ടിക 19 കാണുക.

പട്ടിക - 19

ക്രമ നമ്പർ	സ്ഥാപനങ്ങളുടെ പേര്	വാർഡ്	പാഠം നടക്കുന്ന ക്ലാസുകൾ	ഉടമസ്ഥത
1	വീനസ് ട്യൂട്ടോറിയൽസ്	3	5 മുതൽ 10 വരെ	സ്വകാര്യം
2	ദി ബെസ്റ്റ് ആൻറ് വിന്നേഴ്സ്	3	5 മുതൽ 10 വരെ	സ്വകാര്യം
3	ഗാന്ധിജി ട്യൂട്ടോറിയൽസ്	4	1 മുതൽ 7 വരെ	സ്വകാര്യം
4	ഫീനിക്സ് ട്യൂട്ടോറിയൽസ്	6	VHSC ക്ലാസ്സുകൾ	സ്വകാര്യം
5	ന്യൂ ആൽഫാ കോളേജ്	6	4 മുതൽ 10-വരെ	സ്വകാര്യം
6	ടാഗൂർ കോളേജ്	6	5 മുതൽ 10 വരെ	സ്വകാര്യം
7	ദീപ്തി അക്കാഡമി	7	5 മുതൽ 10 വരെ	സ്വകാര്യം
8	നോബിൾ അക്കാഡമി	8	5 മുതൽ 10 വരെ	സ്വകാര്യം

പട്ടിക - 18

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ജില്ലാതലത്തിൽ 91 - 92 മുതൽ 95 - 96 വരെ നേടിയ അവാർഡുകൾ സംബന്ധിച്ച വിവരങ്ങൾ	സംസ്ഥാനതലത്തിൽ 91 - 92 മുതൽ 95 - 96 വരെ നേടിയ അവാർഡുകൾ സംബന്ധിച്ച വിവരങ്ങൾ
1	LPBS പുളിവിളാകം	1991 - 92 ലെ തിരുവനന്തപുരം ജില്ലാതല ബാലകലോത്സവത്തിൽ മോഹിനിയാട്ടത്തിന് Ist ഭരതനാട്യത്തിന് Ist ബാലപ്രതിഭാപട്ടം — 3 അവാർഡുകൾ	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല
2	LPGS മരുതൻവിളാകം	അവാർഡുകൾ ഇല്ല	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല
3	New LPS റൈറ്റർവിള	ജില്ലാതല മാത്സ് ക്വിസ് മത്സരത്തിൽ പങ്കെടുത്തു — അവാർഡുകൾ ഇല്ല	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല
4	M LPS നിലയ്ക്കാമുക്ക്	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല
5	LMS LPS	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല	പങ്കെടുത്തില്ല — അവാർഡുകൾ ഇല്ല
6	പ്രബോധിനി UPS	ശാസ്ത്രപ്രദേർശനം - (2 ആൺ 2പെൺ) Work Experience - (6 ആൺകുട്ടി - 4 പെൺകുട്ടി) യുവജനോത്സവം - ഒരു പെൺ കുട്ടി) — അവാർഡുകൾ 3	ശാസ്ത്രപ്രദേർശനം - 1 ആൺ 1പെൺ) Work Experience - (2 ആൺകുട്ടികൾ - 2 പെൺകുട്ടികൾ) — അവാർഡുകൾ 2
7	നിലയ്ക്കാമുക്ക് UPS	1991 - 92-ൽ ശാസ്ത്രപ്രദർശനം (working Models) 1993 - 94-ൽ ശാസ്ത്രപ്രദർശനം 1994-95-ൽ Work Experience 1995 - 96-ൽ കായിക മത്സരം Work Experience ഗണിത ശാസ്ത്രം എന്നിങ്ങനെ 27 കുട്ടികൾ — അവാർഡുകൾ 4	1991 - 92-ൽ ശാസ്ത്രപ്രദർശനം (Working Model) 1994 — 95— Work experience — അവാർഡുകൾ 2
8	HS വക്കം	ജില്ലാതല യുവജനോത്സവത്തിൽ ഡാൻസിന് ഒരു പെൺകുട്ടി — അവാർഡുകൾ 1	അവാർഡുകൾ ഇല്ല

എട്ടു സ്വകാര്യ സമാന്തര വിദ്യാലയങ്ങളിൽ, പട്ടികയിൽ 1-ഉം, 2-ഉം 8-ഉം ക്രമനമ്പരിലുള്ള സ്ഥാപനങ്ങൾ കടയ്ക്കാവൂർ പഞ്ചായത്ത് അതിർത്തിയോടു ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. അവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അധികവും കടയ്ക്കാവൂർ പഞ്ചായത്ത് നിവാസികളും കടയ്ക്കാവൂരിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നവരുമാണ്. അതിനാൽ അവയെ നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ നിലവാരം അളക്കാൻ ഉപയോഗിക്കുന്നത് ഉചിതമായിരിക്കുകയില്ല. ക്രമനമ്പർ 7-ൽ വരുന്ന സ്ഥാപനം സ്കൂൾക്ലാസുകൾ കൈകാര്യം ചെയ്യുന്നില്ല. ക്രമനമ്പർ 1, 2, 7, 8 എന്നിവ ഒഴിവാക്കിയാൽ ബാക്കിയുള്ള നാലു സമാന്തര വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തന നിലവാരം വിലയിരുത്താൻ പട്ടിക 20 അപഗ്രഥിക്കുക.

പട്ടിക - 20

	സ്ഥാപനത്തിന്റെ പേര്	അധ്യാപകർ			കുട്ടികൾ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ദി ബെസ്റ്റ് ആന്റ വിന്നേഴ്സ്	11	2	13	75	125	200
2	നോബിൾ അക്കാഡമി	10	2	12	65	135	200
3	വീനസ്	9	2	11	80	100	180
4	ഗാന്ധിജി ട്യൂട്ടോറിയൽസ്	5	2	7	35	65	100

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവ നാലും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുവെന്നാണ് മനസിലാക്കാൻ കഴിയുന്നത്. ഇവ വിദ്യാഭ്യാസ മേഖലയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അടുത്തകാലത്തായി ചില രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികൾക്ക് ഓരോവിഷയത്തിനും പ്രത്യേകം പ്രത്യേകം ട്യൂഷൻ ഏർപ്പെടുത്തുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു വിഷയം മാത്രം പഠിപ്പിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളും ഇന്നീ ഗ്രാമത്തിലുണ്ട്. അദ്ധ്യാപകരെ വീട്ടിൽ വരുത്തി പഠിപ്പിക്കുക, അദ്ധ്യാപകരുടെ വീട്ടിലേക്ക് കുട്ടികളെ അയയ്ക്കുക എന്നീ രീതികളും സമാന്തര വിദ്യാഭ്യാസ രംഗത്തെ പതിവുകളായിരിക്കുന്നു. മിക്ക സ്ഥാപനങ്ങളും സ്വകാര്യ ഉടമസ്ഥതയിലാണ്. ഫീസ് നൽകി പഠിക്കേണ്ടി വരുന്നതു കാരണം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ഇവയെ ആശ്രയിക്കാൻ കഴിയാറില്ലെങ്കിലും ചില സ്ഥാപനങ്ങൾ അത്തരം കുട്ടികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നത് സ്വാഗതാർഹമാണ്.

സ്കൂൾ പി.റ്റി.എ കളുടെ നേതൃത്വത്തിൽ രണ്ടു സ്കൂളുകളിൽ (നിലക്കാമുക്ക് യു.പി.എസ്, എൽ.പി.ജി.എസ്, മരുതൻ വിളാകം) പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കക്കാരായ ആളുകളുടെ കുഞ്ഞുങ്ങൾ ഉൾപ്പെടെ നിരവധി കുട്ടികൾ ഈ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു.

അങ്കണവാടികളായി പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 9 എണ്ണമുണ്ട്. ഇവയെ കൂടാതെ ശിശു വിദ്യാലയങ്ങളായി 2 ബാലവാടികളും പ്രവർത്തിച്ചുവരുന്നു. ശിശുക്കൾക്ക് വേണ്ട പരിചരണങ്ങളും ലഘുവായ പഠനപ്രവർത്തനങ്ങളും ഇവിടങ്ങളിൽ നൽകിവരുന്നുണ്ട്. എന്നാൽ ഇവിടങ്ങളിലെ ജീവനക്കാർക്കുള്ള അപര്യാപ്തമായ ആനുകൂല്യങ്ങളും സൗകര്യങ്ങളും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കാറുണ്ട്.

സ്വകാര്യമേഖലയിൽ മൂന്ന് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം നേഴ്സറിയോടുകൂടിയ സ്കൂളുകൾ ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

തൊഴിലാളി ഭൂരിപക്ഷഗ്രാമമാണ് വക്കം. ദരിദ്രരും പരാധീനരുമായ ജനങ്ങളിൽ ഒരു വിഭാഗം വിദ്യാഭ്യാസപരമായ അവശത അനുഭവിച്ചുകൊണ്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ആ കാലഘട്ടത്തിലുണ്ടായ പുത്തൻ ആശയങ്ങൾ വിപ്ലവകരമായ മാറ്റമാണ് ഇവിടുത്തെ ജനതയിൽ ഉണ്ടാക്കിയത്. ഉയിർത്തെഴുന്നേൽപ്പിന്റെ ഘട്ടത്തിൽ അലയടിച്ച ദേശീയ പ്രസ്ഥാനത്തിലും നവോദ്ധാനപ്രസ്ഥാനത്തിലും ദേശത്തോളം വളർന്ന യശസ്സുമായി വക്കം ഖാദർ, വക്കം അബ്ദുൾ ഖാദർ മൗലവി തുടങ്ങിയവർ ചരിത്രത്തിൽ സ്ഥാനം നേടിയപ്പോൾ, വ്യവസ്ഥാപിത വിദ്യാനികേതനങ്ങളുടെ സ്ഥാനത്ത് അവർ ഉപയോഗിച്ചത് വായനശാലകളെയും, ഗ്രന്ഥശാലകളെയും കലാസമിതികളെയും ആയിരുന്നു.

സ്വന്തമായ കെട്ടിട സൗകര്യത്തോടെ ഗ്രാൻറ് ലഭിച്ചു പ്രവർത്തിച്ചുവരുന്ന മൂന്ന് ഗ്രന്ഥശാലകളാണ് നമ്മുടെ ഗ്രാമത്തിലുള്ളത്. ഇവയോടൊപ്പം വായനശാലകളുംപ്രവർത്തിച്ചുവരുന്നു. (പട്ടിക 21 കാണുക).

പട്ടിക - 21

ക്രമ നമ്പർ	ഗ്രന്ഥശാലകളുടെ പേര്	സ്ഥാപിതമായ വർഷം	വാർഡ്
1	സി.കൃഷ്ണവിലാസം	1936	8
2	സ്വദേശാഭിമാനി	1954	7
3	പ്രോഗ്രസ്സീവ്	1976	5

പഴയ കാലത്തു പ്രവർത്തിച്ചുവന്ന കലാസമിതികൾ പലതും കാലക്രമത്തിൽ നശിച്ചുപോയിട്ടുണ്ട്. ഈ ഗ്രാമത്തിലെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ ഏറെ സ്വാധീനിക്കാൻ കഴിഞ്ഞ കലാസമിതികളിൽ പ്രധാനമായവ, വക്കം കലാകേന്ദ്രം, ശ്രീനാരായണ കലാസമിതി എന്നിവയായിരുന്നു. അവയെല്ലാം ഇന്നു ഗതകാല സ്മരണകളായിത്തീർന്നിരിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളെന്ന നിലയിൽ ദശാബ്ദങ്ങളായി മദ്രസകൾ നൽകിവരുന്ന സേവനം ഈ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ഈ ഗ്രാമത്തിൽ വക്കം കിഴക്കേ ജമാഅത്തിലെയും വക്കം പടിഞ്ഞാറേ ജമാഅത്തിലെയും, കായൽവാരം ജമാഅത്തിലേയും മുസ്ലിം പള്ളികളോടനുബന്ധമായി മദ്രസകൾ പ്രവർത്തിച്ചുവരുന്നു. ഇതിനോടൊപ്പം അനാഥരായി കുട്ടികൾക്കുവേണ്ട സംരക്ഷണചുമതല വഹിക്കുന്ന യത്തീംഖാനകളുടെ സേവനം എടുത്തുപറയേണ്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസത്തെക്കുറിച്ചു പറയുമ്പോൾ വയോജന വിദ്യാഭ്യാസ രംഗത്ത് ഈ ഗ്രാമം കൈവരിച്ച നേട്ടങ്ങൾ വിസ്മരിക്കാനാവില്ല. സാക്ഷരതാ പ്രവർത്തനം ഒരുത്സവംപോലെ പടർന്ന ഈ ഗ്രാമത്തിൽ സാക്ഷരതയുടെ തുടർനടപടികളിൽ വന്ന പാകപ്പിഴകൾ ആ രംഗത്തെ പഠിതാക്കളുടെ താല്പര്യത്തെ ദോഷകരമായി ബാധിക്കുകയാണുണ്ടായത്.

പ്രശ്നങ്ങൾ

- സ്കൂളുകളുടെ ഭൗതികവും വിദ്യാഭ്യാസപരവുമായ സാഹചര്യങ്ങളുടെ അപര്യാപ്തത.
- പാഠ്യാനുബന്ധ പ്രവർത്തനങ്ങളും, പഠ്യേതര പ്രവർത്തനങ്ങളും നേരിടുന്ന തടസ്സങ്ങൾ.
- അദ്ധ്യാപകരക്ഷകർത്തൃ സമിതികൾക്ക് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുന്നില്ല.
- ഹൈസ്ക്കൂൾതല വിദ്യാഭ്യാസ രംഗത്തെ അച്ചടക്ക സംബന്ധമായ ബുദ്ധിമുട്ടുകൾ.
- All Promotion സമ്പ്രദായം മൂലം അദ്ധ്യയനത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
- മൂല്യനിർണ്ണയോപാധികളുടെ അശാസ്ത്രീയതയും പ്രായോഗികതയും.
- ലബോറട്ടറികൾ, ലൈബ്രറികൾ എന്നിവ വേണ്ട വണ്ണം പ്രവർത്തിക്കുന്നില്ല.
- ചുറ്റുമതിൽ സംരക്ഷണത്തിൻെറ അഭാവം.
- സ്കൂൾ പി.റ്റി.എ യ്ക്കു പുറമെയുള്ള ക്ലാസ്റൂം പി.റ്റി.എ കളുടേയും മാതൃ സംഗമങ്ങളുടെയും അഭാവം.
- മാദ്ധ്യമങ്ങളിലൂടെയുള്ള ദോഷകരമായ സ്വാധീനം.
- അദ്ധ്യാപനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല.
- വക്കം ഗവ. ഹൈസ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായംപോലുള്ള ബുദ്ധിമുട്ടുകൾ.
- സ്കൂളിനു പുറത്തു നിന്നുള്ള അനാരോഗ്യകരമായ ഇടപെടലുകൾ.
- അക്ഷരജ്ഞാനമില്ലാത്ത കുട്ടികൾക്ക് അക്ഷരക്ലാസുകൾ നടത്താൻ സംവിധാനമില്ല.
- എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി സൗകര്യമില്ല.
- വയോജന വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾ - തുടർസാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
- കുട്ടികളുടെ വായനാശീലം കുറഞ്ഞുവരുന്നു.
- എസ്.എസ്.എൽ.സി വിജയശതമാനം വർഷംതോറും കുറഞ്ഞുവരുന്നു.

സാദ്ധ്യതകൾ

- ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- കക്കൂസ്, മൂത്രപ്പുര, കുടിവെള്ളലഭ്യത എന്നീ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- സ്റ്റാഫ്റൂം, പാചകമുറി തുടങ്ങിയവരുടെ അപര്യാപ്തത പരിഹരിക്കുക.
- പാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന തലത്തിൽ കളി സ്ഥലങ്ങൾക്കുള്ള സൗകര്യമുണ്ടാക്കുക.
- സ്കൂൾ പ്രവർത്തനത്തിനാവശ്യമായ ഫർണിച്ചറുകൾ, മറ്റുപകരണങ്ങൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുക.
- സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും, സ്കൂൾ പരിസരം ശുചിയായി സൂക്ഷിക്കുകയും ചെയ്യുക.
- പെൺകുട്ടികൾക്കു മാത്രമായി ഒരു [illegible]ക്കൂൾ സ്ഥാപിക്കുക.
- പുറത്തുനിന്നുള്ള അനാരോഗ്യകരമായ ഇടപെടലുകൾ നിരുത്സാഹപ്പെടുത്തുക.
- സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ട സാമൂഹ്യബോധവൽക്കരണം നടത്തുക.
- മാസംതോറും യൂണിറ്റ് ടെസ്റ്റുകൾ നടത്തി പ്രോഗ്രസ് റപ്പോർട്ടുകൾ കൃത്യമായി നൽകി രക്ഷിതാക്കളുടെ ശ്രദ്ധയും താല്പര്യവും വർദ്ധിപ്പിക്കുക.
- All Promotion സമ്പ്രദായം മൂലം ഉയർന്ന ക്ലാസുകളിലേക്കു കടന്നുവരുന്ന നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേകം ട്യൂഷനുകൾ സ്കൂളിൽ തന്നെ ഏർപ്പെടുത്തുക.
- ലബോറട്ടറികൾ, ലൈബ്രറികൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ആവശ്യമായ ഉപകരണങ്ങളും, പുസ്തകങ്ങളും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.
- സ്കൂളുകളിൽ കർശനമായി അച്ചടക്കം നിലനിർത്തുകയും പാലിക്കുകയും ചെയ്യുന്നതിനാവശ്യമായി ഓരോ സ്കൂളിലും അച്ചടക്കസമിതി ഉണ്ടാക്കുക.
- ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കുക.
- ദൃശ്യമാദ്ധ്യമങ്ങളുടെ അമിതവും അനാരോഗ്യകരവുമായ സ്വാധീനം കുട്ടികളിൽ ചെലുത്താതിരിക്കാൻ രക്ഷകർത്താക്കളെ പ്രേരിപ്പിക്കുക.
- എല്ലാ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധമായി പ്രീ-പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങുക.
- വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുകയും സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.
- ഇപ്പോൾ നിർമ്മിച്ചുവരുന്ന പുതിയ 3 നില ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക.





5.4

പൊതുജനാരോഗ്യവും കുടിവെള്ളവും

ചരകസുശ്രുത വാത്സ്യായനാദി മുനിവര്യൻമാരുടെ സംഭാവനകളിലൂടെ ലോകോത്തരമായി മാറിയ, പ്രാചീന ആർഷസംസ്ക്കാരത്തിന്റെ അമൂല്യ നേട്ടമായ ആയുർവേദത്തിന്റെ അടിമുടിയുള്ള സ്വാധീനം നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഈ കൊച്ചു ഗ്രാമത്തിലെ വൈദ്യശാസ്ത്ര രംഗത്തെ കീഴടക്കിയിരുന്നതായി പഴമക്കാരുടെ ഓർമ്മകൾ ചികഞ്ഞതിൽ നിന്നും പഴയകാല ഗ്രന്ഥശേഖരത്തിൽ നിന്നും വ്യക്തമാകുന്നു. മനുഷ്യന്റെ മരണഭയം, ആയുസ്സ് ദീർഘിപ്പിക്കുവാനുള്ള അവന്റെ അന്വേഷണങ്ങൾക്ക് കാരണമാകുകയും, ആ അടിത്തറയിൽ, അന്നത്തെ ചിന്തകരായ മുനികളെന്ന ഗവേഷകവൃന്ദം വികസിപ്പിക്കുകയും, ചക്രവർത്തിമാർക്കും, രാജാക്കന്മാർക്കും, നാടുവാഴികൾക്കും, നാട്ടുപ്രമാണിമാർക്കും മാത്രമായി ഉപയോഗപ്പെടുത്തുകയും ചെയ്ത ആയുർവേദം ബ്രാഹ്മണാദി ബൗദ്ധിക വർഗങ്ങളിൽ നിന്നും അവരുമായുള്ള സമ്പർക്കത്തിലൂടെ ഇന്നാട്ടിലെ സാധാരണക്കാരനും പകർന്നു കിട്ടിയതായി അനുമാനിക്കാം. ഇന്നാട്ടിൽ നിലനിന്നിരുന്ന നാട്ടുചികിത്സാ രീതികളും പച്ചമരുന്നു പ്രയോഗങ്ങളും വിഷചികിത്സാ രീതികവും മന്ത്രതന്ത്രാദികളും ആചാരങ്ങളും കൂടിച്ചേർന്ന് ആയുർവേദത്തെ കൂടുതൽ ഗുണദോഷസമ്മിശ്രമാക്കി. ഇതുമൂലം കഠിനമായ സപര്യയിലൂടെ നേടിയെടുത്ത അതി ബൃഹത്തായ ചികിത്സാ രീതിക്ക് ക്ഷീണമേറ്റു. അലോപ്പതിയുടെയും ഹോമിയോപ്പതിയുടെയും വരവോടെ ഇന്നാട്ടിൽ ആയുർവേദം മുൻകാല പ്രതാപത്തിൽ നിന്നും പിറകോട്ടു ചലിക്കാൻ തുടങ്ങി.

ആഗംലശാസ്ത്രത്തിന്റെ കണ്ണിൽ ആയുർവേദം അശാസ്ത്രീയമായിരുന്ന കാലത്ത് ആയുർവേദ വിധികളിൽ കലർന്നുപോയ ആചാരദുരാചാരങ്ങൾ കൂടുതൽ എതിർപ്പുകൾക്ക് കാരണമായിത്തീർന്നു. അവയിൽ 'വെള്ളമോതൽ, നേർച്ച തുടങ്ങിയ അന്ധവിശ്വാസങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ വളരെ ചുരുങ്ങിയ തോതിലെങ്കിലും നിലനിൽക്കുന്നുണ്ട്.

വക്കത്തിന്റെ വൈദ്യശാസ്ത്രചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ആയുർവേദ പണ്ഡിതന്മാരായിരുന്നു പാട്ടത്തിൽ നാരായണൻ വൈദ്യനും ഇടയ്ക്കുടി.കൃഷ്ണൻ വൈദ്യനും. ഒടിവ്, ചതവ്, ഉളുക്ക് എന്നീ ശരീരദോഷങ്ങൾക്ക്, ധന്വന്തരീകൃതമായ ലേപന ചികിത്സാ പാരമ്പര്യമുള്ള, കൈപ്പുണ്യമുള്ള ഉഴിച്ചിൽ വിദ്വാൻമാരും

ഇന്നാട്ടിൽ ജീവിച്ചിരുന്നു. ഒരു നൂറ്റാണ്ടിനിപ്പുറത്തേക്ക് നോക്കുമ്പോൾ ഈ രംഗങ്ങളിൽ ശോഭിച്ചിരുന്നവരിൽ പ്രമുഖർ ലായത്തിൽ നീലകണ്ഠൻ, പാട്ടത്തിൽ ശ്രീധരൻ (വിഷചികിത്സ), കടൈവിളാകത്ത് രാമകൃഷ്ണൻ വൈദ്യർ (ആയുർവേദം) എന്നിവരായിരുന്നു എന്നു ചരിത്രബോധമുള്ളവർ പറയുന്നു.

അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം എന്നീ ചികിത്സാരീതികളാണ് ഇന്ന് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. ഇവയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ചികിത്സാ സമ്പ്രദായം അലോപ്പതിയാണ്. ഈ രംഗത്ത് പ്രവർത്തിയ്ക്കുന്ന രണ്ട് ചികിത്സാ കേന്ദ്രങ്ങളാണ് നമ്മുടെ നാട്ടിൽ ഇന്നുള്ളത്. അവ, (1) ഗവൺമെൻറ് ഉടമസ്ഥതയിലുള്ള ഒരു പ്രാഥമികാരോഗ്യകേന്ദ്രം, (2) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 'ജീവധാര' എന്ന സ്ഥാപനം. ഒരു ഹോമിയോ ഡിസ്പൻസറിയും ഒരു ആയുർവേദ ഡിസ്പൻസറിയും യഥാക്രമം ഹോമിയോ ചികിത്സാ രംഗത്തും ആയുർവേദ ചികിത്സാ രംഗത്തുമായി ഈ ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്നു.

പൊതുമരണനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, ജനന നിരക്ക്, എന്നീ സ്ഥിതിവിവരക്കണക്കുകൾ, ഈ ഗ്രാമം സംസ്ഥാന ശരാശരിയെക്കാൾ ഉയർന്ന ആരോഗ്യ നിലവാരം ഉള്ളതാണെന്ന് തെളിയിക്കുന്നു. (പട്ടിക ഒന്ന് കാണുക).

പട്ടിക 1

പൊതു മരണ നിരക്ക്

വർഷം	ആകെ മരണം	മരണനിരക്ക് (1000 ന്)
1993-94	58	3.29
1994-95	64	3.49
1995-96	74	3.89

സംസ്ഥാന ശരാശരി 1000-ന് 5.9 ആണ്.

പൊതുമരണ നിരക്ക് കുറയാൻ കാരണം ആരോഗ്യപരിപാലന രംഗത്തും ചികിത്സാരംഗത്തും ഉണ്ടായവൻ പുരോഗതിയാണ്. ഈ ഗ്രാമത്തിലെ പുരുഷന്മാരുടെ ശരാശരി ആയുർദൈർഘ്യം 71 വർഷവും സ്ത്രീകളുടെ ആയുർദൈർഘ്യം 75 വർഷവും ആണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് ശിശുമരണങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം (95-96)-ൽ ഗർഭസംബന്ധമായ അസുഖങ്ങളാൽ രണ്ട് സ്ത്രീകൾ മരണമടഞ്ഞതായി അംഗൻവാടികൾ നടത്തിയ സർവ്വേ റിപ്പോർട്ടിൽ നിന്നും മനസിലാക്കുന്നു. അതായത് കഴിഞ്ഞ വർഷത്തെ മാതൃമരണ നിരക്ക് പതിനായിരത്തിന് ഒന്നെന്ന കണക്കിനാണെന്ന് മനസ്സിലാക്കാം. എന്നാൽ സംസ്ഥാന ശരാശരി ആയിരത്തിന് 1-ൽ താഴെയാണ്. ഇത് പ്രസവ - പ്രസവാനന്തര ചികിത്സാരംഗത്തുള്ള ഈ ഗ്രാമത്തിന്റെ പുരോഗതിയെയാണ് സൂചിപ്പിക്കുന്നത്.

പൊതു ജനന നിരക്ക് അങ്കണവാടി കണക്കനുസരിച്ച് കഴിഞ്ഞ വർഷം 1000-ന് 8.8 എന്ന തോതിലാണ്, സംസ്ഥാന ശരാശരി 1000-ന് 17 ആണ്. കുറഞ്ഞ ജനനനിരക്ക് ആരോഗ്യ - കുടുംബാസൂത്രണ രംഗത്തെ വലിയ പുരോഗതിയെയാണ് കാണിക്കുന്നത്. എന്നാൽ മരണ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വർഷം തോറും ഗ്രാമത്തിലെ ജനസാന്ദ്രത വർധിച്ചു വരുന്നതായാണ് മനസിലാക്കാൻ കഴിയുന്നത്. അതിനാൽ ജനന നിയന്ത്രണ പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് മനസ്സിലാക്കാം.

പട്ടിക - 2

പ്രായഘടന

വയസ്	എണ്ണം	നിരക്ക് (ശതമാനം)
ഒന്നിന് താഴെ	290	1.64
ഒന്നുമുതൽ അഞ്ചുവരെ	1235	7
ആറു മുതൽ പന്ത്രണ്ട് വരെ	3172	17.98
അറുപതിന് മുകളിൽ	4857	27.53

അറുപത് വയസിനു മുകളിലുള്ള നല്ലൊരു ശതമാനം ജനങ്ങൾ വസിക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 233 വികലാംഗരാണ് ഉള്ളത്. ഇത് മൊത്തം ജനസംഖ്യയുടെ 1.32% വരും. പട്ടിക 3 ശ്രദ്ധിക്കുക.

പട്ടിക - 3

വൈകല്യ നിരക്ക്

വാർഡ്	5 വയസ്സുള്ളവർ	5-10	10-18	18-25	25-45	45-60	60-ന് മേൽ	ആകെ
1.	ഇല്ല	1	2	4	10	5	1	23
2.	2	1	6	1	8	1	ഇല്ല	19
3.	2	1	1	ഇല്ല	13	14	5	36
4.	ഇല്ല	ഇല്ല	3	2	7	3	ഇല്ല	15
5.	1	2	13	7	10	5	1	39
6.	1	3	3	3	10	12	ഇല്ല	32
7.	5	1	ഇല്ല	4	9	4	5	28
8.	3	2	5	4	5	8	1	28
9.	ഇല്ല	ഇല്ല	2	1	5	4	1	13
							ആകെ	233

രോഗാതുര

ക്ഷയം, കുഷ്ടം, മലമ്പനി, തിമിരം എന്നീ രോഗങ്ങൾ ബാധിച്ചവർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. മലമ്പനിയാകട്ടെ അന്യ ദേശങ്ങളിൽ നിന്നും രോഗബാധിതരായി എത്തുന്ന ഏതാനും ഗ്രാമീണരെ ഒഴിച്ചു നിർത്തിയാൽ ഈ പഞ്ചായത്തിൽ നിന്നും തുടച്ചു നീക്കപ്പെട്ടതായാണ് കണക്കുകളിൽ നിന്നു മനസിലാക്കാൻ കഴിയുന്നത്.

മറ്റു രോഗങ്ങളുടെ വിവരം വിലയിരുത്താൻ പട്ടിക നാല് ശ്രദ്ധിക്കുക.

പട്ടിക - 4

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	3939	4860	1864	1051
1994-95	2840	6402	3900	4761
1995-96	2018	4020	3672	902

കായലോര പ്രദേശങ്ങളിലാണ് സാധാരണയായി ജലജന്യരോഗങ്ങൾ കൂടുതലായി കണ്ടു വരുന്നത്. അതിസാരം, വയറുകടി, വിരശല്യം തുടങ്ങിയ ദഹനസംബന്ധികളായ രോഗങ്ങൾ അധികവും കണ്ടുവരുന്നത് കായലോരങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ, പട്ടികജാതിക്കാർ മറ്റു താണവരുമാനക്കാർ എന്നിവരുടെ ഇടയിലാണ്. ഇവരുടെ കുട്ടികളിലാണ് ഇത്തരം രോഗങ്ങൾ കൂടുതലായി പിടിപെടുന്നത്. അനാരോഗ്യകരമായ ഭക്ഷണശീലങ്ങളും ചുറ്റുപാടുകളുമാണ് ഇത്തരം രോഗങ്ങൾ പിടിപെടാനുള്ള ഒരു കാരണമായി വൈദ്യ ശാസ്ത്ര വിശാരദന്മാർ വിലയിരുത്തുന്നത്.

വായുജന്യരോഗങ്ങൾ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഒരേ തോതിലാണ് കണ്ടു വരുന്നത്. ഇവ പലപ്പോഴും ചില പ്രത്യേക കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നവയാണ്. ഇവ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും പടർന്നുപിടിക്കാറുണ്ട്. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ചുരുങ്ങിയ തോതിൽ കണ്ടുവരുന്നുണ്ട്. വൈറൽഫീവർ, മുണ്ടിനീര്, നേത്രസംബന്ധമായ ചെങ്കണ്ണ്, കൺകലതി തുടങ്ങിയ രോഗങ്ങൾ പെട്ടെന്ന് പടർന്നു പിടിക്കുകയും, കെട്ടടങ്ങുകയും ചെയ്യുന്നവയാണ്. ഇത്തരം രോഗങ്ങളും പലപ്പോഴായി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പിടിപെട്ടിട്ടുള്ളതായി ആശുപത്രിരേഖകളിൽ കാണുന്നു.

പ്രാണിജന്യരോഗങ്ങൾ അധികവും കണ്ടു വരുന്നത് കായലോര പ്രദേശങ്ങളിലാണ്. മറ്റു പ്രദേശങ്ങളിലും ഇത്തരം രോഗങ്ങൾ കുറവല്ല. തോടുകൾ, മലിനമായ കുളങ്ങൾ, കായലുകൾ, തൊണ്ടഴുക്കുന്ന വട്ടങ്ങൾ എന്നിങ്ങനെ മലിനജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിലെല്ലാം മുട്ടയിട്ടു പെരുകുന്ന കൊതുകുകൾ മാർച്ചുമുതൽ ജൂൺവരെ മാസങ്ങളിൽ അസഹ്യമാം വിധം ശല്യമാകാറുണ്ട്. കൊതുക്, ഈച്ച തുടങ്ങിയ പ്രാണികളാണ് ഈ പ്രദേശത്തെ രോഗവാഹികൾ. ചന്ത, ഹോട്ടൽ പരിസരങ്ങൾ, തുടങ്ങിയ പൊതു സ്ഥലങ്ങളിലും റോഡരുകുകളിലും കോളനികളിലെയും കന്നുകാലിത്തൊഴുത്തുകളിലെയും മലിനമായ ചുറ്റുപാടുകളിലും പെരുകുന്ന ഈച്ചകൾ മഴക്കാലത്തെ പ്രധാന രോഗവാഹകരായി മാറുന്നു. ഇത്തരം ചുറ്റുപാടിൽത്തന്നെ പെരുകുന്ന പാറ്റ, തുടങ്ങിയ ഷഡ്പദങ്ങളും എലികളും പരോക്ഷമായി പൊതുജനാരോഗ്യത്തെ ബാധിക്കുന്നവയാണ്.

മേൽപറഞ്ഞ രോഗങ്ങൾ കൂടാതെ രക്തസമ്മർദ്ദം, പ്രമേഹം, ആത്സ്മ, മഞ്ഞപ്പിത്തം, കരൾവീക്കം, വയറിളക്കം, ഛർദ്ദി, ചിക്കൻപോക്സ് എന്നീ രോഗങ്ങളും ത്വക്ക് സംബന്ധികളായ ചൊറി, ചിരങ്ങ്, പുഴുക്കടി, തേമൽ, തുടങ്ങിയവയും പോഷണക്കുറവ് മൂലം ഉണ്ടാകാറുള്ള ചില രോഗങ്ങളും ഈ ഗ്രാമ പ്രദേശത്ത് കണ്ടുവരുന്നു.

മദ്യപാനം, ലഹരി പദാർത്ഥങ്ങൾ, പുകവലി തുടങ്ങിയ അനാരോഗ്യ ശീലങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന മറ്റൊരു പ്രധാന സംഗതിയാണ്. ചെറുപ്പക്കാർക്കിടയിൽ വർദ്ധിച്ചുവരുന്ന പുകവലി ശീലം അവരുടെ ആരോഗ്യത്തെ ദേഷകരമായി ബാധിക്കുന്നു.

കുട്ടികളുടെ പോഷണനിലവാരം

ഗ്രാമത്തിലെ കുട്ടികളുടെയിടയിൽ പോഷണക്കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ വളരെക്കുറവാണ്. അടുത്തകാലത്തായി സ്ക്കൂളുകളിൽ നടത്തിയ ആരോഗ്യപരിശോധനയിലൂടെ പോഷണക്കുറവുള്ള ചില രോഗബാധിതരെ കണ്ടെത്തി. 'നിരാന്ധത' എന്ന രോഗമാണ് ഈ പ്രദേശത്തെ കുട്ടികളിൽ മുഖ്യമായും കണ്ടുവരുന്നത്. ചുരുക്കം ചില കുട്ടികളിൽ വിളർച്ചയും (അനീമിയ) കണ്ടുവരുന്നു. പോഷണക്കുറവ് മൂലം ഉണ്ടാകുന്ന മറ്റുരോഗങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

അങ്കണവാടികൾ നടത്തിയ സർവ്വേകളിൽ നിന്നും ഈ പഞ്ചായത്ത് പ്രദേശത്ത് മിതമായ പോഷണക്കുറവുള്ള ഇരുപത്തിരണ്ട് ആൺകുട്ടികളും ഇരുപത്തിഎട്ട് പെൺകുട്ടികളും ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞു.

പഞ്ചായത്ത് പ്രദേശത്താകെ പതിനൊന്ന് അങ്കണവാടികളും ഒരു ബാലവാടിയും പ്രവർത്തിച്ചുവരുന്നു. 3ന് മുകളിൽ 5 വയസിൽ താഴെയുള്ള കുട്ടികൾക്ക് ആഹാരപദാർത്ഥങ്ങൾ ഇവർ വിതരണം ചെയ്യാറുണ്ട്. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി സമ്പ്രദായവും നിലവിലുണ്ട്. ഇത്തരത്തിൽ കുട്ടികളുടെ പോഷണ നിലവാരം വിലയിരുത്തുമ്പോൾ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ് ഈ ഗ്രാമപേദേശം എന്ന് ബോദ്ധ്യമാകുന്നു (പട്ടിക - 5).

പട്ടിക - 5

ആരോഗ്യസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാർ
1.	പ്രൈമറി ഹെൽത്ത് സെൻറർ	4	1950	30
2.	ഹോമിയോ ഡിസ്പെൻസറി	3	1980	4
3.	ആയൂർവേദ ഡിസ്പെൻസറി	7	1981	4

പ്രൈമറി ഹെൽത്ത് സെൻറർ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിൻെറ എകദേശം മദ്ധ്യഭാഗത്തായാണ്. ആധുനിക സൗകര്യങ്ങൾ ഉണ്ടെങ്കിലും രോഗികളെ കിടത്തുന്ന വാർഡുകളിലെ സൗകര്യമില്ലാഴ്മയാണ് ഇവിടത്തെ പ്രധാനബുദ്ധിമുട്ട്.

പദ്ധതികാലയളവിൽ ഈ സെൻറിനോട്

ചേർന്ന് മുപ്പത് കിടക്കകളുള്ള രു പുതിയ ഇരു നില കെട്ടിടത്തിൻെറ പണി പൂർത്തിയായി വരുന്നു. പലപ്പോഴും ഈ കേന്ദ്രത്തിൽ ആവശ്യത്തിന് മരുന്നും, ഉപകരണങ്ങളും കിട്ടാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. എങ്കിലും അർപ്പണ മനസ്ക്കരായ ആതുര ശൂശ്രൂഷകർ ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ വൈതരണികൾ നിഷ്പ്രയാസം മറികടക്കാൻ കഴിയും.

ഹോമിയോ, ആയൂർവേദ ഡിസ്പെൻസറികൾ യഥാക്രമം മൂന്നും, എഴും വാർഡുകളിലായി സ്ഥിതിചെയ്യുന്നു. കെട്ടിടത്തിൻെറ സൗകര്യക്കുറവാണ് ഇവിടങ്ങളിലെ പ്രധാന പ്രശ്നം.

വിവിധ ചികിത്സാ രീതികൾ

ഈ പഞ്ചായത്തിൽ 3 തരം ചികിത്സാ രീതികളാണ് ഇന്ന് നിലവിലുള്ളത്. ആലോപ്പതി, ഹോമിയോ, ആയുർവേദം എന്നിവയാണ് അവ. ഈ മൂന്നു ചികിത്സാ രീതികൾ നിലനിൽക്കുന്ന 3 സർക്കാർ സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. 1992-93 മുതൽ 95-96 വരെ നാലു വർഷം ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട രോഗികളുടെ തരംതിരിച്ച പട്ടിക പരിശോധിക്കാം (പട്ടിക . 5A).

പട്ടിക - 5A

രോഗികളുടെ എണ്ണം വർഷം	പ്രൈമറി ഹെൽത്ത് സെൻറർ അലോപ്പതി		ഹോമിയോപ്പതി ഡിസ്പെൻസറി		ആയൂർവേദ ഡിസ്വെൻസറി		ആകെ
92 - 93		%		%		%	
	40560	38.79	27206	26.02	36784	3518	104550
93-94	33993	38.12	31718	35.57	23452	26.30	89163
94-95	43057	44.94	25891	27.02	26393	27.55	95791
95-96	47532	50.44	27447	29.12	19251	20.42	94230

പട്ടിക 5A യിൽ നിന്നും കഴിഞ്ഞ നാല് വർഷക്കാലം രോഗാതുരരുടെ എണ്ണത്തിൽ വന്ന അന്തരങ്ങളും ചികിത്സാരീതികളോട് ജനങ്ങളുടെ സമീപനത്തിൽ വന്ന വ്യതിയാനങ്ങളും ബോദ്ധ്യമാകും.

പ്രൈമറി ഹെൽത്ത് സെൻററുമായി ബന്ധപ്പെടുന്ന രോഗികളുടെ എണ്ണം ഓരോ വർഷം കഴിയുംതോറും വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. 92-93 വർഷങ്ങളിൽ 38.79 ശതമാനം രോഗികൾ ഈ സ്ഥാപനവുമായി ബന്ധപ്പെട്ടുവെങ്കിൽ ഇന്ന് 95-96 ൽ അത് 50.44 ശതമാനമായി ഉയർന്നിരിക്കുന്നു. പ്രഥമികാരോഗ്യ കേന്ദ്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ വർദ്ധനവ് ഉണ്ടായതെന്ന് മനസ്സിലാക്കാം. അതേസമയം ഹോമിയോ ഡിസ്പെൻസറി ആയൂർവേദ ഡിസ്പെൻസറി എന്നീ ചികിത്സാ കേന്ദ്രങ്ങളെ ആശ്രയിക്കുന്ന രോഗികൾ വർഷം തോറും കുറഞ്ഞുവരുകയാണ്. ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇങ്ങനെ സംഭവിക്കുവാൻ കാരണം.

ഒട്ടേറെ പരിമിതികളാണ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ചികിത്സയ്ക്കുള്ളത്. മരുന്നും ഉപകരണങ്ങളും അപര്യാപ്തമാണെന്ന് ജീവനക്കാർക്കും, മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല എന്ന് പൊതു ജനങ്ങൾക്കും പരാതിയുണ്ട്.

93-94, 94-95, 95-96. വർഷങ്ങളിൽ വിവിധ ചികിത്സാ കേന്ദ്രങ്ങളിൽ മരുന്നുകൾക്കുംഉപകരണങ്ങൾക്കും വേണ്ടി ചെലവാക്കിയ തുകയും ജനസംഖ്യാനുപാതവും.

പട്ടിക - 6

സ്ഥാപനങ്ങൾ	വർഷം	ചെലവ്	ജനസംഖ്യാനുപാതം ആളൊന്നിന് രൂപ
PHC	1993-94	2,15,678	12.23
	1994-95	2,80,329	15.89
	1995-96	3,24,376	18.39
ഹോമിയോ	1993-94	12,189	.69
	1994-95	13,495	.77
	1995-96	14,935	.85
ആയുർവേദം	1993-94	13,898	.79
	1994-95	15,925	.90
	1995-96	17,129	.97

ഔഷധ പ്രയോഗത്തേക്കാൾ പലപ്പോഴും ഗുണം ചെയ്യാറുള്ളത് ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളാണെന്ന് തെളിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ കൂട്ടായ പരിശ്രമത്തിലൂടെ മാത്രം തുടച്ചു നീക്കാൻ കഴിയുന്ന പല മാറാവ്യാധികളും പാരമ്പര്യജനിതക രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഫീൽഡ് വർക്കർമാർ പലപ്പോഴും നിഷ്ക്രിയരുമായിട്ടാണ് കാണപ്പെടുന്നത്. ചുരുങ്ങിയ തോതിലെങ്കിലും ഉദ്യോഗസ്ഥർക്കിടയിൽ കാണപ്പെടുന്ന ഈ മനോഭാവം മൂലം ചെറിയൊരു ശതമാനം ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം ഈ പഞ്ചായത്തിലുണ്ട്.

മഹിളാസമിതി സംഘടനെ ഒഴിച്ചു നിറുത്തിയാൽ കാര്യമായ സേവനം ആരോഗ്യ രംഗത്ത് നടത്തുന്ന മറ്റ് സംഘടനകൾ ഒന്നും തന്നെ ഈ ഗ്രാമത്തിൽ ഇല്ല എന്നതാണ് സത്യം. ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താൻ വേണ്ടി ഇന്നാട്ടിലെ ഗൾഫ് മലയാളികൾ രൂപീകരിച്ച വക്കം വെൽഫയർ അസോസിയേഷൻ ആരോഗ്യരംഗത്ത് വളരെ കുറിച്ച് സേവനങ്ങളേ നൽകിയിട്ടുള്ളുയെങ്കിലും മറ്റ് രംഗങ്ങളിൽ അവർ നടത്തുന്ന ബ്രഹത്തായ സേവനങ്ങൾ ശ്രേഷ്ഠമാണ്. ആരോഗ്യരംഗത്ത് അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ ഈ ഗ്രാമത്തിലെ ഉൽപതിഷ്ണുക്കളായ പൊതു പ്രവർത്തകർ തയ്യാറാകേണ്ടിയിരിക്കുന്നു.

പൈപ്പുകളിൽ നിന്നും കിണറുകളിൽ നിന്നും ഉള്ള ജലമാണ് ജനങ്ങൾ കുടിക്കുവാനും ഗാർഹികാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. മഴക്കാലത്ത് പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കിണറുകളിൽ നിന്നും ജലം ലഭിക്കുന്നു. എന്നാൽ വേനൽക്കാലത്ത് അഞ്ച്, ആറ്, ഏഴ്, വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ ജലം വറ്റുന്നു. കായലോരപ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പ്കലർന്ന ജലമാണ് ലഭിക്കുക. അതിനാൽ അത്തരം പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനായി പൈപ്പുകളെയാണ് പൂർണ്ണമായി ആശ്രയിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിലെ ജനങ്ങൾ വേനൽക്കാലത്ത് പൈപ്പുകളെ ആശ്രയിക്കുന്നു. ചില അവസരങ്ങളിൽ ടാപ്പുകളിൽ നിന്നും ജലം കിട്ടാത്ത സാഹചര്യവും ഉണ്ട്. സാങ്കേതികതകരാറുകളാണ് ഇതിന് കാരണം. ചില അവസരങ്ങളിൽ പൈപ്പുകളിൽ നിന്നും ലഭിക്കുന്ന

ജലം ചെളികലർന്നതും മഞ്ഞ നിറമുള്ളതും ആയിരിക്കും. ചുരുക്കം ചില അവസരങ്ങളിൽ ഉപ്പ് കലർത്ത ജലവും ലഭിക്കാറുണ്ട്. കുളങ്ങൾ കുളിക്കുവാനും തുണി അലക്കുവാനും ഉപയോഗിച്ചു വരുന്നു. ഭൂരിഭാഗം കുളങ്ങളും മലിനമായും ഉപയോഗ ശൂന്യമായും കിടക്കുകയാണ്. തോടുകൾ പൊതുവേ മലിനവും ഉപയോഗമില്ലാത്ത വയുമാണ്. [പട്ടിക 7/A]

പട്ടിക 7

ജല ലഭ്യത

ക്രമ നമ്പർ	ഉറവിടം	എണ്ണം പൊതുടാപ്പുകൾ ഹൗസ് കണക്ഷൻ	ലഭ്യത	ഉപയോഗം	സ്വഭാവം
1.	പൈപ്പുകൾ	123 347	എല്ലായ്പ്പോഴും ഇല്ല	കുടിവെള്ളം	ശുദ്ധീകരിച്ച ജലം
2.	കിണറുകൾ	1931	സമതലം ചരിവ് വേനലിൽ വറ്റുന്നു	കുടിവെള്ളം, കൃഷി	ശുദ്ധജലം
3.	കുളങ്ങൾ	8	വേനലിൽ ജലം കുറയും	കുളിക്കാൻ, അലക്ക്	ഉപ്പ്ജലം
4.	തോടുകൾ	2	വേനലിൽ ജലം കുറവ്	ഉപയോഗ ശൂന്യം	ഉപ്പ് ജലം

പട്ടിക 7 (A)

മാസങ്ങൾ	ടാപ്പുകൾ	കിണറുകൾ	കുളങ്ങൾ
ജനുവരി	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ഫെബ്രുവരി	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
മാർച്ച്	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ഏപ്രിൽ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നില്ല	വറ്റുന്നു
മേയ്	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നില്ല	വറ്റുന്നു
ജൂൺ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ജൂലായ്	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ആഗസ്റ്റ്	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
സെപ്റ്റംബർ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ഒക്ടോബർ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
നവംബർ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു
ഡിസംബർ	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു	ജലം ലഭിക്കുന്നു

വർഷാരംഭം മുതൽ അവസാനം വരെ ജലത്തിന്റെ ലഭ്യതയിൽ വരുന്ന മാറ്റങ്ങൾ

ഏപ്രിൽ, മേയ് മാസങ്ങളിൽ സമതല പ്രദേശമൊഴികെയുള്ള സ്ഥലങ്ങളിലെ കിണറുകൾ മിക്കവാറും വറ്റിവരളുന്നു. കുളങ്ങളിൽ ചിലതിനും ഈ കാലത്ത് ഇതേ ദുർഗതി ഉണ്ടാകുന്നു.

വക്കം പഞ്ചായത്തിലുള്ള ഒരേ ഒരു കുളിക്കടവാണ് തോപ്പിൽക്കുളം. രണ്ട് തോടുകളാണ് പഞ്ചായത്ത് രേഖകളിൽ കാണുന്നത്. ഇറങ്ങുകടവ് കുലുങ്ക് തോട്, 2. കോവിൽത്തോട്ടം - പുതിയകാവ് തോട്. തോടുകളിലെ ജലം മലിനവും ഉപയോഗശൂന്യവുമാണ്. അവയിൽ പലതും നികത്തപ്പെടുകയോ കാലക്രമത്തിൽ നികന്നു കൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥിതി വിശേഷമുണ്ട്.

പഞ്ചായത്തിൽ പൊതുവിതരണത്തിലൂടെ എത്തുന്ന ജലം ആറ്റിങ്ങൽ - അവനവഞ്ചേരി ജലസംഭരണിയിൽ നിന്നുള്ളതാണ്. പലപ്പോഴും ഇങ്ങനെ ലഭിക്കുന്ന ജലത്തിൽ ക്ലോറിന്റെ അളവ് വളരെ കുടുതലാണ്.

വിസർജ്യ നിർമ്മാജന സൗകര്യങ്ങൾ

ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പൊതുശൗചാലയങ്ങളും മൂത്രപ്പുരകളും ഇല്ല. എന്നാൽ 65 ശതമാനം വീടുകളിലും സ്വന്തമായി കക്കൂസ് സൗര്യമുണ്ട്. ലക്ഷംവീട് കോളനികൾ, ഹരിജൻ കോളനികൾ കായലോരപ്രദേശം എന്നിവിടങ്ങളിൽ കക്കൂസ് സൗകര്യമില്ലാത്ത വീടുകളുമുണ്ട്. എല്ലാ വിദ്യാലയങ്ങളിലും, പൊതു സ്ഥാപനങ്ങളിലും കക്കൂസുകളും, മൂത്രപ്പുരകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ ഇന്നത്തെ സ്ഥിതി ശോചനീയമാണ് എസ്.ഇ.യൂ. (സോഷ്യോ എക്കണോമിക് യൂണിറ്റ്) വഴി ഡച്ച് ഡാനിഷ് സഹായത്തോടെ നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായി കക്കൂസ്സുകൾ നിർമ്മിച്ച് നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ കക്കൂസ് സൗകര്യമില്ലാത്ത നിർദ്ധന കുടുംബങ്ങൾ ചെറിയ തോതിൽ പഞ്ചായത്തിൽ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധേയമാണ്. സാമ്പത്തിക ഭദ്രത ഇല്ലാത്ത കോളനി നിവാസികൾക്കും, കായലോരവാസികൾക്കും മറ്റും ജലജന്യരോഗങ്ങളും, വിരശല്യം, ദഹനേന്ദ്രിയ സംബന്ധമായ രോഗങ്ങളും ബാധിക്കുന്നതിന് പ്രധാന കാരണം ശുചിത്വമില്ല്യ്മയാണ്. 1995-96 വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത് ഈ പ്രദേശത്ത് 2018 പേർക്ക് ജലജന്യരോഗങ്ങൾ പിടിപെട്ടിട്ടുണ്ടെന്നാണ്. പട്ടിക 4 ശുചിത്വപാലനത്തിന് കൊടുക്കേണ്ട പ്രാധാന്യത്തെയാണ് ഇത് കാണിക്കുന്നത്.

പട്ടിക 8

വാർഡ് നമ്പർ	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കുസ്സുകൾ [എണ്ണം]	പൂർത്തീകരിച്ചവ	ഇനി കൂടുതൽ വേണ്ട കക്കൂസ്സുകൾ
1.	100	100	85
2.	102	102	45
3.	76	76	35
4.	100	100	65
5.	194	194	165
6.	17	17	85
7.	50	50	65
8.	70	70	55
9.	15	15	80
ആകെ	724	724	680

കായൽതീര പ്രദേശങ്ങളായ ഒന്നും, ഒമ്പതും വാർഡുകളിലും, ഉയർന്ന പ്രദേശങ്ങളായ അഞ്ചും, ആറും വാർഡുകളിലുമാണ് കക്കൂസ്സുകൾ ഇനിയും കൂടുതലായി ആവശ്യമുള്ളത്. ലക്ഷം വീടുകോളനികളുടെ സാന്നിധ്യം ഈ വർദ്ധിച്ച ആവശ്യത്തിന് നിദാനമായി കണക്കാക്കാം. മൊത്തത്തിൽ 680 കക്കൂസ്സുകൾ നിർമ്മിച്ച് നൽകാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു എന്നതാണ് കണക്കുകളിൽ നിന്നും കിട്ടുന്ന സൂചന.

ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ ഗ്രാമത്തിൽ പൊതു കക്കൂസുകൾക്ക് സ്ഥലപരിമിതി ഒരു പ്രശ്നമായി അവശേഷിക്കുന്നു എന്നാണ് ഗ്രാമത്തെ അടുത്തറിയുന്നവരുടെ അഭിപ്രായം. ചന്ത, ബസ്സ് സ്റ്റോപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ കക്കൂസ്സ്, ആവശ്യമാണെങ്കിലും സ്ഥലപരിമിതി അതിന് തടസ്സമായി നിൽക്കുയാണ്. ശൂചീകരണ ആവശ്യങ്ങൾക്കായി മൂന്ന് ജീവനക്കാരെ നിയമിച്ചട്ടുള്ള ഒരു പഞ്ചായത്താണെങ്കിലും പൊതു സ്ഥലങ്ങളിലും ഹോട്ടലുകളിലും മറ്റുമായി പരിസരമലിനീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആരോഗ്യ പ്രവർത്തകരുടെ ശ്രദ്ധ ചന്ത, ഹോട്ടൽ പരിസരങ്ങൾ, ബസ്സ് സ്റ്റോപ്പുകൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ നടക്കുന്ന മലിനീകരണ നിർമ്മാർജ്ജന രംഗത്തേക്ക് തിരിച്ച് വിടാനാവശ്യമായ പ്രവർത്തനങ്ങളുടെ അഭാവം നിമിത്തം ചീഞ്ഞ മത്സ്യ മാംസ വില്പന, പഴകിയ ആഹാര സാധന വില്പന, റോഡുകളിലും റോഡരികിലും അവശിഷ്ട വസ്തുക്കളുടെ സാന്നിദ്ധ്യം തുടങ്ങിയ അനാരോഗ്യ പ്രവണതകൾ ഏറിയും കുറഞ്ഞും നിലനിൽക്കുന്നു.

കയർ വ്യവസായവുമായി ബന്ധപ്പെട്ട് വരുന്ന മലിനീകരണ പ്രവർത്തനം പഞ്ചായത്തിന് പുറത്തുള്ള കായലുകളേയും അടുത്തുള്ള മറ്റ് ജലാശയങ്ങളേയും മലീമസമാക്കിക്കൊണ്ടിരിക്കുന്നു. തൊണ്ടഴുക്കൽ മൂലമുള്ള ദുർഗന്ധം കായലോര പ്രദേശങ്ങളേയും, കെട്ടികിടക്കുന്ന മലിന ജലത്തിൽ പെരുകുന്ന കൊതുകൾ പഞ്ചായത്തിനെ ആകെയും ബാധിക്കുന്നതാണ്. ചന്തയിലും പരിസരപ്രദേശങ്ങളിലും അടിഞ്ഞുകൂടുന്ന മലിനവസ്തുക്കളുടെ കൂമ്പാരത്തിൽ പെരുകുന്ന ഈച്ചകൾ, പാറ്റകൾ, എലികൾ മറ്റ് ഷുദ്രജീവികൾ എന്നിവ ആരോഗ്യ സംരക്ഷണ രംഗത്ത് ഒരു ഭീഷണിയായി തീർന്നിരിക്കുന്നു.

പ്രശ്നങ്ങൾ

ആരോഗ്യരംഗം

- കോളനികളിലെ ജനങ്ങളുടേയും സാമ്പത്തികമായി താണ നിലവാരമുള്ളവരുടേയും ഇടയിൽ ജനനനിരക്ക് കൂടുതലാണ്.
- വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. (അവരുടെ പരിപാലന പ്രശ്നം)
- വികലാംഗരുടെ വർദ്ധിച്ചുവരുന്ന നിരക്ക്
- കൂടെ കൂടെ ഉണ്ടാകുന്ന ജലജന്യ രോഗങ്ങൾ
- വർദ്ധിച്ചുവരുന്ന പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ
- കുട്ടികളെ, പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വരുടെ കുഞ്ഞുങ്ങളെ ബാധിക്കുന്ന പോഷകാഹാരകുറവുമൂലമുള്ള രോഗങ്ങൾ, ത്വക് സംബന്ധമായ രോഗങ്ങൾ എന്നിവ തുടച്ചുനീക്കാൻ കഴിയുന്നില്ല.
- വർദ്ധിച്ചുവരുന്ന കൊതുകുശല്യം
- സമൂഹത്തിൽ നിന്നും മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, പുകവലി എന്നിവ പൂർണ്ണമായി നിർത്തലാക്കാൻ കഴിയുന്നില്ല. യുവാക്കളിൽ പുകവലി ശീലം വർദ്ധിച്ചുവരുന്നു.
- അംങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലം കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
- ഹോമിയോ-ആയൂർവേദ ഡ്സ്പെൻസറികളിലെ സൗകര്യകുറവ്.
- പ്രൈമറി ഹെൽത്ത് സെൻററിൽ വെറും 18 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമേ ഉള്ളു.
- പലപ്പോഴും പ്രൈമറി ഹെൽത്ത് സെൻററിൽ ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും ലഭ്യമാകാത്ത അവസ്ഥ
- സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.
- പൊതുസ്ഥലങ്ങളിലെ ശുചിത്വമില്ലായ്മ.

- ഹോട്ടലുകളിലും ബേക്കറികളിലും വിറ്റഴിക്കുന്ന ശുചിത്വമില്ലാത്തതോ പഴകിയതോ ആയ ഭക്ഷണ പാനീയങ്ങൾ
- ആരോഗ്യരംഗത്ത് സന്നദ്ധ സംഘടനകളുടെ കുറവ്.
- ഓരോ വീടിനും ഓരോ കക്കൂസ് എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല.
- ചീഞ്ഞ മത്സ്യം, ചീഞ്ഞ മാസ്യം തുടങ്ങിയവ വിറ്റഴിക്കുന്നു.
- പൊതുശ്മശാനത്തിന്റെ അഭാവം
- തൊഴിൽപരമായ (കയർ) മലീനീകരണം

സാദ്ധ്യതകൾ

- ജനന നിയന്ത്രണ പ്രവർത്തനങ്ങൾ കോളനികളേയും താഴ്ന്ന സാമ്പത്തിക നിലവാരമുള്ളവരേയും പട്ടികജാതിക്കാരേയും കേന്ദ്രീകരിച്ച് ഊർജ്ജിതമാക്കുക.
- പ്രൈമറി ഹെൽത്ത് സെൻററിനോടനുബന്ധിച്ച് പ്രത്യേകം വയോജന ചികിത്സാലയം തുറക്കുക.
- ഗിരിജനാംഗക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.
- ജനസാന്ദ്രതകൂടിയ ഈ ഗ്രാമത്തിൽ ശവസംസ്ക്കാരം നടത്തുക എന്നത് ബുദ്ധിമുട്ടായതിനാൽ അടിയന്തിരമായി പൊതു ശ്മശാനം നിർമ്മിക്കുക.
- യഥാസമയം കിണറുകളിലും മറ്റു ജലാശയങ്ങളിലും ക്ലോറിനേഷൻ നടത്തുക.
- ശുചിത്വ ബോധവൽക്കരണക്ലാസുകൾ നടത്തുക. ആരോഗ്യവകുപ്പ് ഫീൽഡുവർക്കർമാർ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് കോളനികളിലേയും പൊതുസ്ഥലങ്ങളിലേയും ശുചീകരണത്തിന് നേതൃത്വം വഹിക്കുക. ശിചീകരണ ആവശ്യത്തിന് കൂടുതൽ ജീവനക്കാരെ നിയമിക്കുക.
- സേവന പ്രവർത്തനങ്ങളിലൂടെ പൊതുസ്ഥലങ്ങളിൽ മാനിലൃ നിർമ്മാർജ്ജന യജ്ഞങ്ങൾ നടത്തുക.
- സ്ക്കൂളുകളിൽ ആരോഗ്യ-ശുചിത്വ ബോധവൽക്കരണ ക്ലാസുകൾ നടത്തുക. രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക. കുട്ടികളെ ബാധിക്കുന്ന രോഗങ്ങൾ ഉടൻ ചികിത്സിച്ച് ഭേദപ്പെടുത്താൻ ആവശ്യമായ സംവിധാനങ്ങളും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനങ്ങളും ലഭ്യമാക്കുക.
- കെട്ടിക്കിടക്കുന്ന ജലത്തിലും മലിനമായ ചുറ്റുപാടുകളിലും കൊതുകുകൾ പെരുകുവാൻ അനുവദിക്കാതെ രാസ പദാർത്ഥങ്ങൾ ഉപയോഗിച്ച് കൊതുക് നിവാരണം നടത്തുക. പൊതു സ്ഥലങ്ങളിലും മറ്റും മാലിന്യങ്ങളും മലിനജലവും കെട്ടി നിൽക്കാൻ അനുവദിക്കാതിരിക്കുക.
- മദ്യപാനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, പുകവലി എന്നിവയ്ക്കെതിരെ പ്രചാരണ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തുക. ഗ്രാമാതിർത്തിക്കുള്ളിൽ ചാരായ വിൽപ്പന, മദ്യപശല്യം എന്നിവ കർശനമായി നിയന്ത്രിക്കണം.
- ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്ത അവസ്ഥയാണുള്ളത്. ഇവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുക, കൂടുതൽ ജീവനക്കാരെ നിയമിച്ച് ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
- പ്രൈമറി ഹെൽത്ത് സെൻററിൽ 100 രോഗികളെ കിടത്തിചികിത്സിക്കുവാൻ ആവശ്യമായ കെട്ടിട സൗകര്യം ഏർപ്പെടുത്തുക. എല്ലാ സമയത്തും പ്രവർത്തിയ്ക്കുവാൻ ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കുക. വിദഗ്ധഡോക്ടർമാരെ ഏർപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
- ഹോട്ടലുകളെയും ബേക്കറികളെയും കർശനമായ ആരോഗ്യ നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായി മാത്രം പ്രവർത്തിക്കാൻ അനുവദിയ്ക്കുക.
- സന്നദ്ധസേവകരുടെ സംഘങ്ങൾ വാർഡുതലത്തിൽ സംഘടിപ്പിച്ച് ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാവശ്യമായ പരിശീലനം നല്കുക.

- അങ്കണവാടികളിലെ സൗകര്യങ്ങൾ വർധിപ്പിക്കുക. ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ അങ്കണവാടി അധ്യാപികമാരെ പ്രാപ്തരാക്കാൻ പരിശീലനം നല്കുക.
- കക്കൂസ് സ്വന്തമായി ഇല്ലാത്ത നിർധന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകുക. അവയുടെ ഉപയോഗത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
- തൊഴിൽ പരമായ മലീനീകരണം തടയാൻ സാങ്കേതിക വിദഗ്ധരുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുക.
- സ്ലാട്ടർ ഹൗസ് നിർമ്മിച്ച് മാസം വില്പന ആരോഗ്യ ചട്ടങ്ങൾക്ക വിധേയമായി നടപ്പിലാക്കുക.
- പ്രമേഹ, രക്ത സമ്മർദ്ദരോഗങ്ങളെ ഫലപ്രദമായി ചികിത്സിച്ചുഭേദപ്പെടുത്താൻ ഒരു പ്രത്യേക യൂണിറ്റ്, പ്രൈമറി ഹെൽത്ത്സെൻററിനോട് ചേർന്ന് രൂപികരിച്ച് വിദഗ്ധരുടെ സേവനം ലഭ്യമാക്കുക.
- പ്രൈമറി ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി സെൻററായി ഉയർത്തുക.
- ഒന്ന്, രണ്ട്, മൂന്ന് വാർഡ് കേന്ദ്രീകരിച്ച് പ്രൈമറി ഹെൽത്ത്സെൻററിൻെറ ഒരു സബ് സെൻറർ ആരംഭിക്കണം. അതുപോലെ എട്ട്, ഒമ്പത് വാർഡ് കേന്ദ്രീകരിച്ച് രണ്ടാമതൊരു സബ്സെൻററും ഉണ്ടാകണം.

കുടിവെള്ളം

ഈ പഞ്ചായത്തിലെ ജനങ്ങളിൽ പകുതിയിലേറേ കുടുംബങ്ങൾ സ്വന്തം കിണറുകളെ ആശ്രയിക്കുന്നവരാണ്. ഏകദേശം 32% ആളുകൾ പൊതു പൈപ്പുകളേയും 10% ആളുകൾ ഹൗസ് കണക്ഷനുകളേയും 3% ആളുകൾ പൊതുകിണറുകളേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലാകെ 19 പൊതുകിണറുകൾ ഉണ്ട്. അവയിൽ 5 കിണറുകൾ വേനൽക്കാലത്ത് വറ്റുന്നവയാണ്. 1931 സ്വകാര്യകിണറുകൾ ഉള്ളതിൽ 334 എണ്ണവും വേനൽക്കാലത്ത് വറ്റുന്നു. ഇവയിൽ ബഹുഭൂരിപക്ഷവും 5,6 വാർഡുകളിലാണുള്ളത്. കിണറില്ലാത്ത 1598 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പൊതുപൈപ്പുകളെ ആശ്രയിക്കുന്നവർ 1149 ആണ്. ഏകദേശം 102 കുടുംബങ്ങൾ പൊതു കിണറുകളെ ആശ്രയിക്കുന്നു. ഈ വിവരങ്ങൾ താഴെക്കാണുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

കിണറുകൾ

	പൊതുകിണറുകൾ		സ്വകാര്യകിണറുകൾ		ആകെ കിണറുകൾ
	എല്ലായ്പ്പോഴും വെള്ളമുള്ളത്	എല്ലായ്പ്പോഴും വെള്ളമില്ലാത്തത്	എല്ലായ്പ്പോഴും വെള്ളമുള്ളത്	എല്ലായ്പ്പോഴും വെള്ളമില്ലാത്തത്	
	14	5	1597	334	1950
ആകെ	19		1931		

കിണറുകൾ	കിണറുള്ള കുടുംബങ്ങൾ	ഇല്ലാത്തവർ	വറ്റുന്ന കിണറുകൾ	ആകെ കുടുംബങ്ങൾ
1931	1931	1598	334	3529

സ്വകാര്യ കിണറുകൾ ഉള്ളവരും ഇല്ലാത്തവരും

ആകെ കുടുംബങ്ങൾ	സ്വകാര്യ കിണറുകളെ ആശ്രയിക്കുന്നവർ	പൈപ്പുകളെ ആശ്രയിക്കുന്നവർ		പൊതുകിണറുകളെ ആശ്രയിക്കുന്നവർ
		സ്വകാര്യം	പൊതു	
3529	1931	347	1149	102

പഞ്ചായത്തിലെ പൊതുകിണറുകളിൽ അധികവും 5,6 വാർഡുകളിലാണ്. ആവയിൽ 5 എണ്ണം വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. പൊതുകിണറുകൾ കൂടുതലും കുളിക്കാനും, അലക്കാനും മറ്റുമായാണ് ഉപയോഗിച്ചുവരുന്നത്. പൊതുകിണറുകളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യവും ക്രമത്തിന് അണുവിമുക്തമാക്കേണ്ടതിന്റെ ആവശ്യവും പ്രത്യേകം പരിഗണിക്കണം.

ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നത് സ്വകാര്യ കിണറുകളേയാണ്. അവയും ക്രമത്തിന് അണുവിമുക്തമാക്കേണ്ടതുണ്ട്. ടാപ്പുകൾ ഉപയോഗിക്കുന്ന 1149 കുടുംബങ്ങളുണ്ടെങ്കിലും അനാരോഗ്യകരമായ ഉപയോഗരീതികൾ അവലംബിക്കുന്നതിനാൽ പലപ്പോഴു ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. പൈപ്പുകൾ ഉപയോഗിക്കുന്നതിൽ ബോധവൽക്കരണം ആവശ്യമാണ്. ആകെ പൊതുപൈപ്പുകൾ 123 ആണ്. ഒമ്പത് വീട്ടുകാർക്ക് ഒരു

പൈപ്പെന്ന നിലയിലാണ് ഇന്ന് പഞ്ചായത്തിൽ പൈപ്പുകൾ ഉള്ളത്. ആവശ്യമുള്ളടത്ത് പൈപ്പുകളും ലൈനുകളും ഇല്ലാത്തതിനാൽ വേനൽക്കാലമാകുമ്പോൾ ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ചുകൊടുക്കേണ്ട അവസ്ഥ പലപ്പോഴും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ പൊതുവിതരണ ശൃഖലയുടെ സാങ്കേതികത്തകരാറുകൾ മൂലം പലപ്പോഴും ഉള്ള ടാപ്പുകളിൽ ജലം എത്താറില്ല. ചിലപ്പോൾ ഉപ്പുകലർന്ന ജലവും മങ്ങിയ നിറമുള്ള ജലവും ഉണ്ടാകാറുണ്ടെങ്കിലും അത്തരം ദോഷങ്ങൾ ദിവസങ്ങൾക്കകം പരിഹരിക്കാറുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കുളങ്ങളിലെ ജലം കുടിവെള്ളമായി ആരും ഉപയോഗിക്കാറില്ല. കായലോരത്തെ ചില കിണറുകളിലും അപൂർവ്വം മറ്റ് ചില കിണറുകളിലും ഉപ്പ് ജലവും ഓരുജലവും ഉണ്ടെങ്കിലും പൊതുവെ പാനയോഗ്യമായ ജലമാണ് പഞ്ചായത്തിലെ കിണറുകളിൽ നിന്നും ലഭിക്കുന്നത്.

മുൻപ് ഇവിടെ കുഴൽ കിണറുകൾ ഉണ്ടായിരുന്നുവെങ്കിലും അവ പരാജയമായതിനാൽ പിന്നീട് അവ സ്ഥാപിക്കുവാൻ ഒരു ശ്രമവും നടന്നുകാണുന്നില്ല. ഭൂമി ശാസ്ത്രപരമായ കാരണങ്ങളാണ് കുഴൽക്കിണറുകൾ പ്രവർത്തിക്കാനുള്ള തടസ്സമെന്നാണ് വിദഗ്ധരുടെ അഭിപ്രായം

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നത് 5-ഉം. 6-ഉം വാർഡുകളിലാണ്. കിണറുകൾ വറ്റിപ്പോകുന്നതാണിതിന് പ്രധാന കാരണം. ഉയർന്ന പ്രദേശമായതിനാൽ പൊതുവിതരണ ശൃഖലയിൽകൂടിയുള്ള ജലവിതരണം പലപ്പോഴും മുടങ്ങാറുണ്ട്. ഇത് സ്ഥിതി കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നു. ടാങ്കർ ലോറികളിൽ ജലം നിറച്ച് വിതരണം ചെയ്താണ് ഈ സാഹചര്യത്തെ നേരിട്ടുവരുന്നത്.

കുടിവെള്ളം

പ്രശ്നങ്ങൾ

- 5,6 വാർഡുകളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നു.
- ചരിവു പ്രദേശങ്ങളിലെ കിണറുകളിൽ ഓരുജലവും കായലോരപ്രദേശങ്ങളിൽ ഉപ്പുരസമുള്ള ജലവുമാണ് ലഭിക്കുന്നത്.
- പൊതുകിണറുകളുടെ ശുചിത്വമില്ലായ്മ.
- പൊതുടാപ്പുകളുടെ ദുർവിനിയോഗം.
- പൊതുകിണറുകളിൽ ചിലത് വേനൽകാലത്ത് വറ്റിപ്പോകുന്നു.
- വർധിച്ച ജനസാന്ദ്രതയാലും മണ്ണിന്റെ സ്വഭാവത്തതാലും കക്കൂസുകൾ മൂലവും കിണർജലം മലിനമാകുന്നു.

സാധ്യതകൾ

- ശുദ്ധജലം എളുപ്പത്തിൽ ലഭ്യമാകാൻ സാധ്യതയുള്ള പ്രദേശത്ത് കിണർകുഴിച്ച് പമ്പ് സെറ്റുപയോഗിച്ച് ജല സംഭരണികളിൽ നിറച്ച് കുടിവെള്ളക്ഷാമം നേരിടുന്ന 5,6 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുക.
- യഥാസമയം പൊതുകിണറുകൾ വൃത്തിയാക്കാനും മെയ്ൻറനൻസ് നടത്താനും വേണ്ട നടപടികൾ സ്വീകരിക്കുക.
- പൊതുടാപ്പുകൾ ദുർവിനിയോഗം ചെയ്യുന്നതിനെതിരെ വാർഡുകൾ തോറും ബോധവൽക്കരണം നടത്തുക.



5.5

വ്യവസായം

വ്യാവസായിക പുരോഗതിയാണ് ഒരു രാഷ്ട്രത്തിന്റെ വളർച്ചയുടെ മുഖമുദ്ര. തൊഴിലില്ലായ്മ പരിഹരിക്കാനും സാമ്പത്തിക ഭദ്രത കൈവരിക്കാനും വ്യവസായം കൂടിയേ തീരൂ. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും മനുഷ്യവിഭവശേഷിയും വേണ്ടുവോളം ഉണ്ടെങ്കിലും വ്യാവസായിക പുരോഗതി വേണ്ടത്ര കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിന് പറഞ്ഞു കേൾക്കുന്ന ഒരു പ്രധാനകാരണം അടിക്കടി ഉണ്ടാകുന്ന തൊഴിൽ സമരങ്ങളാണ്. ഇത് ശരിയല്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള തൊഴിലാളികളെ അപേക്ഷിച്ച് തൊഴിൽ മേഖലയോട് കൂറും ഉത്തരവാദിത്തബോധവുമുള്ള തൊഴിലാളികളാണ് കേരളത്തിലുള്ളത്.

നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ പുഷ്ടി പ്രാപിക്കാത്തതിന്റെ മുഖ്യകാരണം വൈദ്യുത ദൗർലഭ്യമാണെന്ന് സൂക്ഷ്മപരിശോധനയിൽ മനസ്സിലാക്കാം. പവർക്കട്ട് മൂലം സ്ഥാപനങ്ങൾ അടച്ചിടേണ്ടിവരുമെങ്കിൽ ആ മേഖലയിൽ മുതൽ മുടക്കാൻ സംരംഭകർ ഉണ്ടാവില്ലെന്നത് സ്വാഭാവികമാണ്. ഇതിന് പരിഹാരം കാണാൻ അടിയന്തിരനടപടികൾ നടന്നു വരുന്നതായി കാണുന്നത് ഏതായാലും ശുഭോദർക്കമാണ്.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ കയർ വ്യവസായം വൻതോതിൽ നടത്തിയിരുന്ന ഒരു പ്രദേശമാണ് നമ്മുടേത്. അഞ്ചുതെങ്ങ് കയർ ഉൽപാദന മേഖലയ്ക്ക് അനിഷേധ്യമായ സ്ഥാനം നേടിക്കൊടുത്തത് വക്കം പഞ്ചായത്തിലെ കയർ ഉൽപ്പന്നങ്ങളായിരുന്നു. 1940 കളിൽ പത്തോളം കയർ ഫാക്ടറികളും 3000 ത്തോളം റാട്ടുകളും ഈ മേഖലയിൽ പ്രവർത്തിച്ചു പോന്നിരുന്നു. കയർ ഉൽപ്പന്നങ്ങൾ വിദേശത്തും വിവിധസംസ്ഥാനങ്ങളിലേക്കും കയറ്റുമതിചെയ്തിരുന്ന നാടാണിത്. എന്നാൽ, ഇന്ന് വിവിധ കാരണങ്ങളാൽ കയർമേഖലയുടെ പ്രവർത്തനം മന്ദീഭവിച്ച് വരുന്നതായാണ് കാണുന്നത്.

ഒരു കാലത്ത് നെയ്ത്തുശാലകളും വ്യാവസായിക മാതൃകയിൽ ഇവിടെ പ്രവർത്തിച്ച് പോന്നിരുന്നു. ഇന്ന് അതൊരു ഗതകാലസ്മരണയായി തീർന്നിരിക്കുന്നു. എങ്കിലും ഈ ഗ്രാമാതിർത്തിയുടെ ചിലകോണുകളിൽ നെയ്ത്ത് ശാലകൾ നടത്തിവരുന്നുണ്ട്.

ഈ പഞ്ചായത്ത് പ്രദേശത്ത് പൊതു മേഖലയിലോ സഹകാര്യമേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ ചെറുകിട മേഖലയിൽ സഹകാര്യ വ്യക്തിയുടേതായി ഒരു ചുടുകട്ടഫാക്ടറിയും രണ്ട് സ്റ്റീൽ ഫർണിച്ചർ നിർമ്മാണഫാക്ടറികളും നാല് സാമില്ലുകളും, മൂന്ന് വെൽഡിംഗ് യൂണിറ്റുകളും ആയുർവേദമരുന്ന് നിർമ്മിക്കുന്ന ഒരുസ്ഥാപനവും പ്രവർത്തിച്ചുവരുന്നു. മൂന്ന് പ്രിൻറിംഗ് പ്രസ്സുകൾ, ഒരു ബുക്ക് നിർമ്മാണ യൂണിറ്റ്, നാല് ആട്ടോ മൊബൈൽ വർക്ക്ഷോപ്പുകൾ, ഏഴ് ഓയിൽ മില്ലുകൾ, മൂന്ന് തൊണ്ടു തല്ലുന്ന മില്ലുകൾ, നാല് ചകിരിമില്ലുകൾ, മൂന്ന് കോൺക്രീറ്റ് ഉറ വാർക്കുന്ന യൂണിറ്റുകൾ എന്നിവയും സഹകാര്യമേഖലയിലുണ്ട്. എന്നാൽ പൊതുമേഖലയിൽ, അഞ്ച് കയർ സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക I-ൽ

കേരം ഒരു വർഷത്തിൽ ലഭിക്കുന്നു. ഇത് വേണ്ടരീതിയിൽ സംഭരിക്കാനും സംസ്കരിക്കാനും ആവശ്യമായ ഒരു കേന്ദ്രം പോലുമില്ല. നാളികേരത്തിൽ നിന്ന് ലഭിക്കുന്ന ഉപോൽപ്പന്നങ്ങളായ ചകിരിച്ചോറ്, ചിരട്ട, തേങ്ങാവെള്ളം എന്നിവ സാങ്കേതിക വിദ്യഉപയോഗിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ അതിനുള്ള സൗകര്യങ്ങൾ ഒന്നും നിലവിലില്ല.

കയർവ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമല്ല. കൂടാതെ പരമ്പരാഗത വ്യവസായങ്ങളിൽ പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവും അനുഭവപ്പെടുന്നു. അസംസ്കൃത വസ്തുക്കളും ആവശ്യമായ മറ്റു സൗകര്യങ്ങളും ലഭ്യമായാൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ തയ്യാറായി നിൽക്കുന്നവർ നിരവധിയാണ്.

പട്ടിക 1

ക്രമ നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പു.	സ്ത്രീ.	ആകെ
1.	നാളികേരം	20	45	15	60
2.	തടി	4	20	-	20
3.	എൻജിനീയറിംഗ്	5	24	-	24
4.	അച്ചടി	3	8	6	14
5	ഫ്ളവർമിൽ	10	10	-	10
6.	ബുക്ക് നിർമ്മാണം	1	-	4	4
7.	ആയുർവേദ മരുന്ന്	1	2	3	5

പരമ്പരാഗതമേഖലയിൽ പ്രധാനം കയർ മേഖലയാണ്. അതിൽതന്നെ ചകിരി പിരിക്കലാണ് പ്രധാനം.

വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും കയർ സഹകരണസംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് വസ്തുനിഷ്ഠമായി പരിശോധിച്ച് പരിഹാരം തേടണം.

മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും പരമ്പരാഗതമേഖലയായ കയർമേഖലയിൽ സ്ത്രീകളാണ് കൂടുതൽ. ഉദ്ദേശം അമ്പതുലക്ഷം നാളി

നാളികേരത്തിൽ നിന്നും സുഗന്ധദ്രവ്യങ്ങൾ, നാളികേരപ്പൊടി ഉണക്കി പാക്കറ്റിലാക്കി വിദേശരാജ്യങ്ങളിൽ കയറ്റി അയയ്ക്കാനുള്ള ശാസ്ത്രീയമായ പാക്കിംഗ് സമ്പ്രദായം ചകിരി ഉപയോഗിച്ച് ഫാം മെത്ത, ബസ്സിൻെറ സീറ്റ് നിർമ്മാണം, ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഫാം മെത്ത തുടങ്ങിയവ നിർമ്മിക്കുന്ന ഫാക്ടറികൾക്ക് ഈ ഗ്രാമത്തിൽ വൻ സാധ്യതയാണുള്ളത്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം

വളരെ കുറവാണ്. ഇല്ല എന്നു തന്നെ പറയാം. തൊണ്ട്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. കാലദൈർഘ്യം ലഭിക്കുന്നതിനായി കെമിക്കൽ ഉപയോഗിച്ച് തെങ്ങോല സംസ്കരണയൂണിറ്റ് സ്ഥാപിക്കുവാൻ കഴിഞ്ഞാൽ കുറച്ചുപേർക്ക് തൊഴിലും അതോടൊപ്പം ഈ ഗ്രാമത്തിലെ ഓലമേഞ്ഞ വീടുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക് അതൊരു അനുഗ്രഹവും ആയിരിക്കും.

റബ്ബർ ഉപയോഗിച്ച് ഒരു വ്യവസായം ആരംഭിക്കാൻ ഇവിടെ സാധ്യതയുണ്ട്. ഗുണനിലവാരമുള്ള ചെരുപ്പ് നിർമ്മാണം ഇവിടെ ആരംഭിക്കുവാനു പറ്റിയ ഒരു വ്യവസായമാണ്. ഈ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ റബ്ബർ സുലഭമാണ്.

ഏകദേശം 12500-ഓളം കോഴികളെ ഈ ഗ്രാമത്തിനുള്ളിൽ വളർത്തുന്നുണ്ടെങ്കിലും മുട്ടയുടെ ഉപയോഗം കണക്കാക്കിയാൽ ഇന്നുള്ള ഉൽപ്പാദനം വളരെ കുറവാണെന്നു കാണാം. ആയതിനാൽ വ്യാവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയും.

ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിരിക്കുകയാണ്. ഒന്നാം വാർഡിനു സമീപം ചെറുന്നിയൂർ പഞ്ചായത്തധീനതയിലുള്ള കായൽ മധ്യത്തിൽ കാണുന്ന പ്രസിദ്ധമായ തുരുത്ത് പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കും വിധം വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ ഏറ്റവും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നത് ഈ പഞ്ചായത്തിനാണ്. ബോട്ട് യാത്രാ സൗകര്യങ്ങളോടുകൂടിയ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ വളരെയേറെ സാധ്യതയാണുള്ളത്.

പ്രശ്നങ്ങൾ

- വൻ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സ്ഥലപരിമിതികൾ ഉണ്ടെങ്കിലും ചെറിയ ചെറിയ ധാരാളം വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സ്ഥലവും സൗകര്യവും ഇവിടെയുണ്ട്. വ്യവസായവളർച്ചയ്ക്ക് പറ്റിയ അന്തരീക്ഷമാണ് ഈ ഗ്രാമത്തിൽ നിലനിൽക്കുന്നത്. എന്നാൽ വിദഗ്ധരായ തൊഴിലാളികളുടെ അഭാവം ചെറുതായി അനുഭവപ്പെടുന്നുണ്ട്. പല വ്യവസായങ്ങളിലെയും വിദഗ്ധതൊഴിലാളികളിൽ നല്ലൊരുഭാഗം ഗൾഫുനാടുകളിലാണെന്നതാണിതിന് കാരണം.
- വ്യവസായം തുടങ്ങുവാൻ ആവശ്യമായ മാർഗരേഖകളും സാമ്പത്തിക സഹായവും ലഭ്യമല്ല. സബ്സിഡികളുടെ അഭാവം ഇവിടെ പല പുതിയ വ്യവസായയൂണിറ്റുകളും ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.
- വ്യവസായം തുടങ്ങിയാൽ ഉണ്ടാകാനിടയുണ്ടെന്നു സംശയിക്കുന്ന തൊഴിൽ പ്രശ്നങ്ങളാണ് വ്യവസായ സംരംഭകർ ഭയക്കുന്ന മറ്റൊരു പ്രശ്നം.
- അസംസ്കൃത വസ്തുക്കളുടെ അഭംഗുരമായ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞാൽ

ചുരുങ്ങിയ മുതൽ മുടക്കിൽ, കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

പട്ടിക II

വിഭാഗം	നമ്പർ	ഇനം
ഖാദി ഗ്രാമവ്യവസായം	1	ശാസ്ത്രീയ കോഴിവളർത്തൽ
	2.	ചെരുപ്പു നിർമ്മാണം
	3.	സ്വിച്ച് ബോർഡ്
	4.	സ്കൂൾ ബാഗ്
	5.	പ്ലാസ്റ്റിക് ബട്ടൺസ്
	6.	ക്ലീനിംഗ് പൗഡർ
	7.	സിന്തറ്റിക് വിനാഗിരി
	8.	ചകിരിച്ചോറ് ഉപയോഗിച്ചുള്ള വളം
	9.	തെങ്ങുകൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും
	10.	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ
	11.	തേങ്ങാ പൗഡറും ക്രീമും
	12.	പഴം ജാമുകൾ
	13.	റെഡിമെയ്ഡ് ഗാർമെൻറ്സ്

മാത്രമേ ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർ മുന്നോട്ടു വരികയുള്ളു.

സാധ്യതകൾ

- ഈ ഗ്രാമത്തിൽ രണ്ടേക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് ഉണ്ടാക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കി, വ്യവസായികളെ ആകർഷിക്കണം.
- പരമ്പരാഗത വ്യവസായങ്ങൾ നവീകരിച്ച് അവ ലാഭകരമായ രീതിയിൽ നടത്തിക്കൊണ്ട് പോകുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കിയാൽ വ്യവസായ അഭിവൃദ്ധിക്ക് വമ്പിച്ച സാധ്യതകളാണിവിടെയുള്ളത്.
- പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങളുടെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.
- പഞ്ചായത്തിൽ നിന്നും ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന നിരവധി വ്യക്തികളുണ്ട്. അവരെ ഒറ്റയ്ക്കോ കൂട്ടായോ വ്യവസായിക രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുകയും അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിക്കൊടുക്കുകയും വേണം.
- വനിതകളെ വ്യവസായിക മേഖലകളിലേക്ക് ആകർഷിക്കുന്നതിന് അവർക്കുവേണ്ട സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നൽകുക.



5.6

ഗതാഗതം, ഊർജ്ജ്ജം, മാർക്കറ്റ്

ഇന്ന് തലങ്ങും വിലങ്ങും റോഡുകളുള്ള വക്കം പഞ്ചായത്തിൽ ആറ് പതിറ്റാണ്ടുമുമ്പ് വരെ റോഡുകളേ ഉണ്ടായിരുന്നില്ല. ഈ പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയായ നിലയ്ക്കാ മുക്കിൽ അന്നത്തെ ഏക റോഡ് അവസാനിച്ചിരുന്നു. ഇക്കാലത്ത് ഈ ഗ്രാമത്തിലുള്ളവർ യാത്രയ്ക്കും ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അവശ്യസാധനങ്ങൾ കമ്പോളങ്ങളിൽ നിന്ന് കൊണ്ടുവരുന്നതിനുമെല്ലാം ആശ്രയിച്ചിരുന്നത് ജലഗതാഗതത്തെയായിരുന്നു. ചരിത്ര പ്രസിദ്ധമായ വർക്കലത്തുരപ്പുകൾ കടന്ന് കായൽ വഴിയുള്ള ഗതാഗതം അന്ന് ഈ പ്രദേശത്തുകാർക്ക് ഒരു അനുഗ്രഹം തന്നെയായിരുന്നു. വിവാഹപ്പാർട്ടികൾ പോലും കെട്ടിയലങ്കരിച്ച കെട്ടുവള്ളങ്ങളിൽ ആഘോഷപൂർവ്വം യാത്ര ചെയ്തിരിന്നു.

1942-ൽ ഇന്നത്തെ ഏറ്റവും പ്രധാന റോഡായ നിലയ്ക്കാമുക്ക്-കായിക്കര കടവ് റോഡിന്റെ നിർമ്മാണ പ്രവർത്തനം നടന്നു. ഇതോടെയാണ് റോഡുഗതാഗതം ആരംഭിച്ചെതെന്നു പറയാം. പൊതുകാര്യപ്രസ്കതനും പ്രജാസഭാ മെമ്പറുമായിരുന്ന കടൈവിളാകത്ത് കൊച്ചു പപ്പുതരകന്റെ നേതൃത്വത്തിലാണ് റോഡുവെട്ടി ഗതാഗതയോഗ്യമാക്കി തീർത്തത്. റോഡുഗതാഗതം ആരംഭിച്ചതോടെ ജലഗതാഗതം ഉപേക്ഷിക്കപ്പെട്ട മട്ടായി. വർക്കല തോടും തുരപ്പും നികന്നുപോയതും ജലഗതാഗതം പൂർണ്ണമായും നിലയ്ക്കാൻ ഇടയാക്കി. റെയിൽപാത രണ്ടു കി. മി. നീളത്തിൽ ഈ പഞ്ചായത്തു പ്രദേശത്തുകൂടി കടന്നു പോകുന്നു. പഞ്ചായത്തിന്റെ തെക്കും വടക്കും അതിരുകളിൽ കടയ്ക്കാവൂർ അകത്തുമുറി എന്നീ രണ്ടു റയിൽവേ സ്റ്റേഷനുകളുണ്ട്. മീറ്റർ ഗേജായിരുന്ന സമയത്ത് തിരുവനന്തപുരത്തിനും കൊല്ലത്തിനും മധ്യേ ഏറ്റവും പ്രധാന റെയിൽവേ സ്റ്റേഷനായിരുന്നു കടയ്ക്കാവൂർ. തിരുവനന്തപുരത്തിനും കൊല്ലത്തിനും മധ്യേ ഏക ക്രോസിംഗ് സ്റ്റേഷനും വാട്ടറിംഗ് സ്റ്റേഷനുമായിരുന്നു കടയ്ക്കാവൂർ. ജനസാന്ദ്രതയേറിയ ഈ മേഖലയിൽ വിവിധമേഖലയിലുള്ള ധാരാളം പേർ തീവണ്ടിയാത്രാ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. ദീർഘദൂര എക്സ്പ്രസ് തീവണ്ടികൾ പലതും കടയ്ക്കാവൂർ സ്റ്റേഷനിൽ നിറുത്തുന്നില്ല. ഇത്

സ്ഥിരം യാത്രക്കാർ ഉൾപ്പെടെയുള്ള തീവണ്ടിയാത്രക്കാരിൽ അസന്തുഷ്ടി സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തു പ്രദേശത്ത് രണ്ടു റെയിൽവേ ഗേറ്റും നിലവിലുണ്ട്. പ്രധാനറോഡിന്റെ മധ്യഭാഗത്ത് തോപ്പിയ്ക്കവിളാകത്താണ് ഒന്ന്. മിക്കവാറും വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുള്ള ഗേറ്റാണിത്. രണ്ടാമത്തേത് ചാവടി ഇറങ്ങുകടവ് റോഡിന്റെ മധ്യഭാഗത്തുമാണ്. ഇവിടെ അത്ര കണ്ട് ഗതാഗതക്കുരുക്ക് അനുഭവപ്പെടാറില്ല. ഈ പഞ്ചായത്ത് പ്രദേശത്തെ വർക്കലയുമായി ബന്ധപ്പെടുത്തുന്ന പണയിൽകടവ് പാലത്തിന്റെ പണി പൂർത്തിയാകുന്നതോടെ ഈ പ്രദേശത്ത് ഗതാഗതക്കുരുക്ക് ഇപ്പോഴുള്ളതിൽ നിന്നും ഇരട്ടിയാവാൻ സാധ്യതയുണ്ടെങ്കിലും ഇവിടെ നിന്നും വർക്കല വരെയുള്ള ദൂരം 6. കി. മി. കുറയുന്നതാണ്. രണ്ട് ബസ്സ് ടെർമിനലുകളുള്ള പഞ്ചായത്തിൽ ടാക്സി സ്റ്റാൻഡും ആട്ടോ സ്റ്റാൻഡും ഇല്ല. പതിനഞ്ചോളം ബസ്സുകളും ഇരുപത്തി നാലോളം ട്രക്കർ, ജീപ്പ് തുടങ്ങിയവയും സർവീസ് നടത്തുന്നു.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ 35 കി. മി റോഡാണുള്ളത്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 24.25 കി. മി. മാത്രമാണുള്ളത്..

പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ പട്ടികഒന്നിൽ കാണിച്ചിരിക്കുന്നു.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. മിക്കറോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഓടകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിനു കാരണം. ആവിശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാവുന്നു.

റോഡുകളുടെ ഗുണനിലാവരമില്ലായ്മ, മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുക എന്നീ പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. അപകടകാരണങ്ങളായ വളവുകൾ, റോഡിന്റെ വീതിക്കുറവ് പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

റോഡ് ഗതാഗത സൗകര്യം തീരെയില്ലാത്ത ഒമ്പതാം വാർഡിൽ നെടുകയും കുറുകയുമായി അടിയന്തിര പ്രാധാന്യത്തോടെ റോഡ് നിർമ്മിക്കണം എന്ന ആവശ്യം പരിഹരിക്കപ്പെടേണ്ടതാണ്. ഇതുപോലെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ മറ്റു വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുക എന്നത് പ്രധാന പരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ നിരവധിയുണ്ട്. ഇവ II III പട്ടികകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡായി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ അനുബന്ധം 'എ'യിൽ കൊടുത്തിരിക്കുന്നു.

ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്നു വിളിക്കാം. ഇവ മൂന്നു തരത്തിലുണ്ട്. ടാർ റോഡ്, മെറ്റൽ റോഡ്, മണൽ റോഡ് എന്നിവ. ഇവയുടെ ശൃംഖലയെ റോഡ് ശൃംഖല എന്നു വിളിക്കാം. മിക്കപദ്ധതികളിലും റോഡുകൾക്ക് പണമനുവദിക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടുത്തുകൊണ്ടാണെന്നതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് കാണുന്നത് നന്നായിരിക്കും. ഈ റിപ്പോർട്ടുകളിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടികയിൽ വീതികൂടി കാണിച്ചിരിക്കുന്നത് ഈ ലക്ഷ്യം കൂടി മുൻനിറുത്തിയാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായ ഘടനയാലും കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും റോഡുകളുടെ വികസനപ്രവർത്തനത്തിന് അടിസ്ഥാനമായി പരിഗണിച്ചു കൂടാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ള പി. ഡബ്ലിയു. ഡി., പഞ്ചായത്ത് ടാർ റോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധികാരിക പട്ടിക (പട്ടിക എ) സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണനയനുസരിച്ചാണ് തയാറാക്കേണ്ടത്. എല്ലാ റോഡുകൾക്കും കോഡു നമ്പർ നൽകേണ്ടത് ആവശ്യമാണ്.മുൻപ്

പട്ടിക I

പഞ്ചായത്തിലെ ടാർ റോഡുകൾ

നം.	റോഡ്	ഉടമസ്ഥത	ദൂരം കി. മി.	വീതി മി.	ബസ്സ്യാത്രാ സൗകര്യം
1.	നിലയ്ക്കാമുക്ക്-കായിക്കര	P.W.D.	3	8	ഉണ്ട്
2..	എസ്. എൻ. ജംഗ്ഷൻ-പണയിൽകടവ്	P.W.D.	2	8	ഉണ്ട്
3.	മണനാക്ക്-കായൽ വാരം	P.W.D.	1	8	ഇല്ല
4.	ചാവടി-ഇറങ്ങുകടവ്	പഞ്ചായത്ത്	2.5	8	ഉണ്ട്
5.	മൗലവി ജംഗ്ഷൻ വലിയപള്ളി	പഞ്ചായത്ത്	1	6	ഇല്ല
6.	മാർക്കറ്റ് ജംഗ്ഷൻ-പുത്തൻ നട	പഞ്ചായത്ത്	1/4	4	ഇല്ല
7.	സ. മാർത്താണ്ഡൻ കുട്ടി സ്മാരക റോഡ്	പഞ്ചായത്ത്	1	5	ഉണ്ട്
8.	ആശുപത്രി-മൂന്നാലുംമൂട്	പഞ്ചായത്ത്	1.5	5	ഉണ്ട്
9.	ആങ്ങാവിള-അണയിൽ	പഞ്ചായത്ത്	1	6	ഇല്ല
10.	അണയിൽ- ഗാന്ധിമുക്ക്	പഞ്ചായത്ത്	3	6	ഇല്ല
11.	പ്രോഗ്രസ്സീവ് ലൈബ്രറി-നിലയ്ക്കാമുക്ക്	പഞ്ചായത്ത്	1/2	5	ഇല്ല
12.	മുള്ളുവിള-കോടമ്പള്ളി	പഞ്ചായത്ത്	1/2	5	ഇല്ല
13.	പാട്ടുവിളാകം-ചാമ്പാൻവിള	പഞ്ചായത്ത്	1.5	6	ഇല്ല
14.	ചാമ്പാൻവിള-കുന്നുവിള	പഞ്ചായത്ത്	1/2	5	ഇല്ല
15.	പള്ളി-കായൽ വാരം	പഞ്ചായത്ത്	1	5	ഇല്ല
16	ശാസ്ത്രിമുക്ക്-കുന്നുവിള	പഞ്ചായത്ത്	1	4	ഇല്ല
17.	ജൂബിലിറോഡ്- (പാട്ടത്തിൻ-കുളങ്ങര)	പഞ്ചായത്ത്	1	5	ഇല്ല
18.	ഏറൽ-മാടൻനട	പഞ്ചായത്ത്	1	6	ഇല്ല
19.	മരുതൻവിളാകം- മാർത്താണ്ഡൻ വിളാകം	പഞ്ചായത്ത്	1/4	5	ഇല്ല
20.	മാർക്കറ്റുജംഗ്ഷൻ-പുളിവിളാകം (മുക്കാലുവട്ടം റോഡ്)	പഞ്ചായത്ത്	1/2	8	ഉണ്ട്
21.	ഗവ. എച്ച്. എസ്. റോഡ്	പഞ്ചായത്ത്	1/4	3	ഇല്ല

അനുബന്ധം എ

പുതുതായി നിർമ്മിക്കേണ്ടറോഡ്

വാർഡ്	നിർദേശിക്കുന്ന പേര്	കോഡ്*	ദൂരം
1	റൈട്ടർവിള- തോപ്പിൽക്കുളം	0110	0.4
	പടിഞ്ഞാറേ ജമാ-അത്ത് പള്ളി-ചായക്കുടി. വി. കിയോസ്ക്	0103	0.3
	പള്ളി റോഡിന്റെ കിഴക്ക്-വലിയവിളാകം	0116	0.2
2.	കുരങ്ങൻ തോട്ടം-ഡ്രാങ്കേജംഗ്ഷൻ-റെയിൽവേലൈൻ	0208	1.20
	വിളയിൽ ജംഗ്ഷൻ-റൈട്ടർവിള-പുത്തൻ ക്ഷേത്രം	0207	1.00
3.	പുലിയത്ത് ജംഗ്ഷൻ (റെയിൽവേ ലൈൻ)-പടിഞ്ഞാറ്റുവിള--കണ്ണമംഗലം	0304	0.8
4.	ആശുപത്രി റോഡ് (പി. എച്ച്. സി.)-കൊച്ചുവിള	0414	0.2
	കുഞ്ചൻവിളാകം-അണയിൽ	04.09	0.2
	കുഞ്ചൻവിളാകം-കരിങ്ങോട്	04.15	0.4
5.	പാട്ടിക്കവിള-കയർവ്യവസായസഹകരണസംഘം-കായൽ വാരം	0517	1.5
6.	ആലിയിറക്കം-നിലയ്ക്കാമുക്ക്	0613	0.05
	മുതലച്ചൻ വിളാകം-മേലാർവിളാകം-	0611	1.00
7.	ആങ്ങാവിള-റെയിൽവേ സ്റ്റേഷൻ	0705	1.3
	തോപ്പിക്കവിളാകം-പുളിമൂട് ലക്ഷംവീട് - വെളിവിളാകം	0712	1.0
	കോതകുളം-മല്ലൻനട-തിട്ടയിൽക്കുളം	0706	1.2
9	കായിക്കര-ഇറങ്ങുകടവ് (വാർഡിന്റെ മധ്യഭാഗത്തുകൂടെ)	0901	2.0
10.	ജീവധാര അടിവാരം	0902	0.3

**കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ മുൻഗണനയെയും സൂചിപ്പിക്കുന്നു.*

പട്ടിക II

ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

നം.	വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി. മി.	വീതി മീ
1.	1	0104	ചായക്കുടി റോഡ്	0.5	3.5
2.	3	0301	മൂന്നാലുംമൂട്-ഗുരുമന്ദിരം	1.5	5.0
3.	5	0503	പാട്ടിക്കവിള-വടക്കതിൽ	0.5	5.0
4.	5	0505	ചാമ്പാൻവിള-മുണ്ടുകായൽ	1.00	4.0
5.	6	06.02	ആങ്ങാവിള-കുളത്തിൽ-തുണ്ടത്തിൽ	0.75	5.0

പട്ടിക III

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

നം.	വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി. മി	വീതി മീ
1.	4	0401	മാവോ ശ്രീധർ റോഡ് (കൊച്ചുവീട്-അയ്യൻവിളാകം)	0.75	5.0
2.	4	0407	വലിയവിളാകം-തോണിയൻറഴികം	0.4	4.0
3.	4	0405	പാട്ടത്തിൽ-പുതിയകാവ്	0.5	4.0
4.	5	0508	കാട്ടുവിളാകം-ചെട്ടിക്കവിള	1.0	4.5
5.	6	0604	ലായത്തിൽ-ഗണപതി ടെമ്പിൾ	0.5	3.5
6.	7	0702	തിട്ടയിൽക്കുളം മല്ലൻനട-കോതകുളം	1.2	4.0
7.	7	0706	ആങ്ങാവിള-റെയിൽവേസ്റ്റേഷൻ	1.8	3.5
8.	8	0803	ചെട്ടിത്തൊടി-ഇറങ്ങുകടവ്	1.0	5.0
9.	9	0609	ചരുവിളറോഡ് (സ്കൂ. പി. എസ്., നിലയ്ക്കാമുക്ക്)	2.0	4.0

പ്രസ്താവിച്ചതുപോലെ ഈ കോഡിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡുനമ്പരിനെയും തുടർന്നുവരുന്ന രണ്ടക്കങ്ങൾ റോഡിനുള്ള മുൻഗണനയെയും സൂചിപ്പിക്കുന്നു.

നിലവിലുള്ള റോഡുകളുടെ സമഗ്രമായപട്ടിക തയാറാക്കുമ്പോൾ താഴെ ചേർക്കുന്ന വിവരങ്ങൾ ആണ് രേഖപ്പെടുത്തേണ്ടത്.

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്. ഇതുപോലെ പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും നിർമ്മിക്കേണ്ടതാണ്. ഈ പട്ടികയിലും മുൻപറഞ്ഞ വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്. മൺറോഡുകൾ നിർമ്മിച്ചു കഴിഞ്ഞശേഷം ഇവ പട്ടിക എയിലേക്കു മാറ്റേണ്ടതാണ്.

പുതുതായി മൺറോഡുകൾ നിർമ്മിക്കുന്ന ഘട്ടങ്ങളിൽ ഭാവി വികസനസാധ്യതകൾ മുൻകൂട്ടി കണ്ടു വേണം റോഡിനും അനുബന്ധമായുള്ള മറ്റുകാര്യങ്ങൾക്കുമായി സ്ഥലം എടുക്കേണ്ടത്. പുതുതായി നിർമ്മിക്കുന്ന റോഡു

പട്ടിക A

1. വാർഡ്
2. കോഡ്
3. പേര് (തുടക്കം, ഒടുക്കം, ജംഗ്ഷൻ എന്നിവ വ്യക്തമായി കാണിക്കണം
4. ദൂരം
5. വീതി
6. ടാർ ചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം
9. ഓട നിലവിലുള്ള ദൂരം
10. ഓട ആവശ്യമായ ദൂരം
11. പാർശ്വസംരക്ഷണഭിത്തി നിലവിലുള്ള ദൂരം
12. പാർശ്വസംരക്ഷണഭിത്തി ആവശ്യമായ ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം
14. ആവശ്യമുള്ള കലുങ്കിന്റെ എണ്ണം
15. തന്നാണ്ടിൽ ചെലവഴിപ്പിച്ച പൊതുഫണ്ട്
16. സഞ്ചിത തുക (15+മുൻവർഷത്തെ)

കളുടെ ഇരുവശത്തും മരങ്ങൾ നട്ടതായി ബോധ്യപ്പെടണമെന്ന് പഞ്ചായത്തിന് നിഷ്കർഷിക്കാവുന്നതാണ്.

മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വസംരക്ഷണഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദ്യ പ്രാബല്യത്തിൽ സജ്ജമാക്കി നിലനിറുത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തേണ്ടതാണ്.

മൺറോഡുകളുടെ വികസനവും നിർമ്മാണവും

അനുബന്ധം എ യിൽ നിർദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും മുൻഗണനാ ക്രമം അനുസരിച്ച് നിർമ്മിക്കേണ്ടതാണ്. അതുപോലെ പട്ടിക രണ്ടിൽ സൂചിപ്പിച്ചിട്ടുള്ള റോഡുകൾ മെറ്റൽ ചെയത് ടാർ ചെയ്യേണ്ടതാണ്. ഗ്രമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് പൊതുഫണ്ടിൽ നിന്ന് വാർഡുകളിലേക്ക് ചെലവഴിക്കപ്പെടുന്ന തുക അവയിലെ ജനസംഖ്യയ്ക്ക് ആനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്.

റോഡുകളുടെ അവസ്ഥ

വക്കം പഞ്ചായത്തിലെ പ്രധാനറോഡായ നിലയ്ക്കാമുക്ക് കായിക്കര റോഡിന് നിലവിലുള്ള വീതി തീരെ അപര്യാപ്തമാണ്. ഈ റോഡിന്റെ വീതി കൂട്ടണം. കൂടാതെ ഓടയും സ്ലാബും ഇട്ട് പുനർ നിർമ്മാണം നടത്തേണ്ടതുമാണ്. ആങ്ങാവിള, (ബംഗ്ലാവ്), തോപ്പിക്കവിളാകം, മാർക്കറ്റ് ജംഗ്ഷൻ എന്നീ ഭാഗങ്ങളിൽ ഓരോ കലുങ്കിൽ പുതുതായി നിർമ്മിച്ച് റോഡിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകുന്നതിന് മാർഗം ഉണ്ടാക്കണം.

മറ്റൊരു പ്രധാന പി. ഡബ്ലിയൂ. ഡി. റോഡായ എസ്. എൻ. ജംഗ്ഷൻ പണയിൽക്കടവ് റോഡ് ഇരുവശത്തും വീതികൂട്ടി ടാർ ചെയ്ത് ഓട നിർമ്മിച്ച് മെച്ചപ്പെടുത്തണം.

മണനാക്ക്-കായൽവാരം റോഡ് വളരെക്കാലമായി മെയിൻറനൻസ് നടത്താത്തതിനാൽ താറുമാറായി കിടക്കുകയാണ്. അടിയന്തിരപ്രാധാന്യത്തോടെ മെയിൻറനൻസ് നടത്തി യോഗ്യമാക്കണം.

പഞ്ചായത്തു റോഡുകളിൽ പ്രധാനമായ ചാവടി-ഇറങ്ങുകടവ് റോഡിൽ ബസ് സർവീസ് ഉണ്ടെങ്കിലും റോഡിന് ആവശ്യാനുസരണം വീതിയില്ല. ഇരുവശവും വീതികൂട്ടി ഓട നിർമ്മിച്ച് പി. ഡബ്ളി. യു. ഡി. റോഡാക്കി മാറ്റാൻ സർക്കാരിനോട് ആവശ്യപ്പെടേണ്ടതാണ്.

ഒന്നാം വാർഡിലെ പ്രധാന റോഡായ മൗലവി [illegible] റോഡ് ടാർ ചെയ്തത് മെയിൻറനൻസ് നടത്താതെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഈ റോഡ് വീതികൂട്ടി സൈഡിൽ ഓട നിർമ്മിച്ച് റീടാർ ചെയ്യേണ്ടതാണ്. മാർക്കറ്റ്-പുത്തൻ ക്ഷേത്രം റോഡും തോപ്പിക്ക വിളാകം-മൂന്നാലുംമ്മൂട് അകത്തുമുറി റോഡും ആശുപത്രി- മൂന്നാലുംമൂട് റോഡും ടാർ ചെയ്തിട്ടുണ്ട്. ബസ്സ് സർവീസ്സുള്ള ആശുപത്രി മൂന്നാലുംമൂട് റോഡ് വീതി കുറവായതിനാൽ എതിരെ വരുന്ന വാഹനങ്ങൾക്ക് കടന്നു പോകുന്നതിൻ വളരെ പ്രയാസമനുഭവപ്പെടുന്നുണ്ട്. വീതികൂട്ടുന്നതിനോടൊപ്പം ഓട കെട്ടുകയും അടിയന്തിരമായി റീടാർ ചെയ്യേണ്ടതുമാണ്. ആങ്ങാവിള - അണയിൽ റോഡ് പല ഭാഗങ്ങളും ഗതാഗതയോഗ്യമല്ലാതിരിക്കുന്നതിനാൽ റീടാറിംഗ് നടത്തേണ്ടതും നിലവിലുള്ള ഓടകൾ സംരക്ഷിക്കേണ്ടതുമാണ്.

അണയിൽ-പാട്ടുവിളാകം, കോടമ്പള്ളി-ഗാന്ധിമുക്ക് റോഡുകൾ മെയിൻറനൻസ് നടത്തേണ്ടതായിട്ടുണ്ട്. കുന്നുവിള- പറങ്കിമാവിൻവിള റോഡിൽ ഓടയും സൈഡുവാളും നിർമ്മിച്ച് പരിസ്ഥിതി പ്രശ്നം സംരക്ഷിക്കണം. പാട്ടത്തിൽ -കുളങ്ങര (ജൂബിലി റോഡ്) റോഡ് വളരെ വീതി കുറഞ്ഞതായതിനാൽ ഗതാഗതക്കുരുക്ക് പലപ്പോഴും അനുഭവപ്പെടുന്നു റോഡിന് വീതികൂട്ടി റീടാർ ചെയ്യേണ്ടതാണ്.

മാർക്കറ്റ് ജംഗ്ഷൻ-പുളിവിളാകം-ഇറങ്ങുകടവ് റോഡ് പ്രധാനറോഡിൽ ബന്ധപ്പെടുന്ന മാർക്കറ്റ് ഭാഗത്ത് കലിങ്ക്കെട്ടിയും ഓട നിർമ്മിച്ചും മഴവെള്ളം ഇറങ്ങുകടവിൽ വിടാൻ സംവിധാനമുണ്ടാക്കുകയും കൂടാതെ വീതികൂട്ടി മെയിൻറനൻസ് നടത്തി സംരക്ഷിക്കുകയും ചെയ്യണം. റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെടുന്ന ഈ റോഡ് കുറച്ചു ഭാഗം ഗാർ ചെയ്യാൻ ഇനിയും ബാക്കിയുണ്ട്. ഇത് ടാർ ചെയ്യുകയും ഓട നിർമ്മിച്ച്

സംരക്ഷിക്കുകയും വേണം.

വക്കം ഗവ: ഹൈസ്കൂൾ ഇടവഴി ടാർ ചെയ്തിരിക്കുന്നത് നിലവിലുള്ള ഇടവഴിക്ക് വീതികൂട്ടാതെയാണ്. ഒരു ചെറു വാഹനത്തിനു തന്നെ സൗകര്യപ്രദമായി പോകാൻ കഴിയാത്ത ഈ ഭാഗത്തെ ഇടവഴി വേണ്ടവിധം വീതികൂട്ടി റീടാർ ചെയ്യേണ്ടതാണ്.

വക്കം പഞ്ചായത്തിൽ ടാറിംഗ് നടത്താത്ത ഉദ്ദേശം 12 കി. മി. റോഡുകളാണ് ഉള്ളത്. ഇത് ഈ ഗ്രാമത്തിന്റെ വിവിധ വാർഡുകളിലായി പ്രധാനറോഡുകളുമായി ബന്ധപ്പെടുന്ന .ഇടറോഡുകളാണ്. പാട്ടിക്കവിള-വടക്കതിൽ റോഡ് മെറ്റലിംഗ് നടത്തി ടാർ ഇടാൻ സാധന സാമഗ്രികൾ കൊണ്ടുവന്നെങ്കിലും പണി ഇന്നതുവരെ ആരംഭിച്ചിട്ടില്ല. ആങ്ങാവിള കല്ലുവിള-കുളത്തിൽ റോഡ് സെക്കൻറ് മെറ്റലിംഗ് കൂടി നടത്തി ടാർ ചെയ്യണ്ടേതാണ്.

ഗുരുമന്ദിരം-മൂന്നാലുംമൂട്, മാവോ ശ്രീധർ റോഡ് (കൊച്ചുവീട്,-അയ്യൻ വിളാകം) ചായക്കുടി റോഡ്, പാട്ടത്തിൽ-പുതിയ കാവ്, മല്ലൻനട-കോതകുളം, ലായത്തിൽ-ഗണപതി ടെമ്പിൾ റോഡ്, പാമ്പാൻ വിള-മുണ്ടുകായൽ റോഡ്, മംഗ്ലാവ് വിള-കാട്ടുവിളാകം-ചെട്ടിക്കവിള എന്നീ പഞ്ചായത്തു റോഡുകളാണ് പ്രധാനമായും മെറ്റൽ ചെയ്ത് ടാർ ചെയ്യുവാനുള്ളത്.

ഈ ഗ്രാമാതിർത്തിക്കുള്ളിൽ നാലു കടത്തുകളാണുള്ളത്. ഇതിൽ രണ്ടു പൊതുമരാമത്ത്കടത്തുകളും, രണ്ട് പഞ്ചായത്തു വക കടത്തുകളുമാണ്. ഇറങ്ങുകടവും, കായിക്കരക്കടവുംപൊതുമരാമത്തിന്റേതാണ്. അതിന്റെ ചെലവ് പൂർണമായും പൊതുമരാമത്ത് വകുപ്പ് തന്നെ വഹിക്കുന്നു. പണയിൽ കടവും അകത്തുമുറി-കുളമുട്ടം കടവും പഞ്ചായത്തു വകയാണ്. ഇതിൽ പണയിൽ കടവ് കടത്തിന്റെ ചെലവ് വക്കം ഗ്രാമപഞ്ചായത്തും അകത്തുമുറിക്കടത്തിന്റെ ചെലവ് വക്കം പഞ്ചായത്തും മണമ്പൂർ പഞ്ചായത്തും കൂട്ടായാണ് വഹിക്കുന്നത്. ഇറങ്ങുകടവിലും അകത്തുമുറിക്കടവിലും പണയിൽ കടവിലും ഗതാഗതമാർഗ്ഗത്തിനായി കടത്തുവള്ളമാണ് ഉപയോഗിക്കുന്നത്. എന്നാൽ കായിക്കരക്കടവിൽ വാഹനങ്ങളുടെ കടത്തിന് ചങ്ങാടവും ഉപയോഗിച്ച് വരികയായിരുന്നു. കഴിഞ്ഞ രണ്ടു മൂന്ന് വർഷമായി ചങ്ങാടം ഇല്ലാത്ത അവസ്ഥയാണ്. വാഹനഗതാഗതത്തിന് ചങ്ങാടം ഇല്ലാത്തതിനാൽ മത്സ്യകച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊളിലാളികളും, മോട്ടോർ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരും വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. ചങ്ങാടം ഇല്ലാത്തതിനാൽ ഇവിടെ നിന്ന് വർക്കല അഞ്ചു തെങ്ങ് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ കടയ്ക്കാവൂർ വഴി ചുറ്റിയാണ് പോവേണ്ടി വരിക. അകത്തുമുറി-കുളമുട്ടം കടത്തിന് ഇന്ന് വള്ളമാണ് ഉപയോഗിച്ചു വരുന്നത്. ഏകദേശം ഒരു മണിക്കൂറോളം സമയം ഒരു ഭാഗത്തേക്കുള്ള യാത്രയ്ക്ക് വേണ്ടിവരുന്നതിനാൽ ഈ കടത്തിൽ ഇന്നുള്ള വള്ളത്തിന്റെ സ്ഥാനത്ത് യന്ത്രം ഘടിപ്പിച്ച ബോട്ട് സംവിധാനം ഏർപ്പെടുത്തി ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്.

റോഡ് ഗതാഗതവും റെയിൽ ഗതാഗതവും നിലവിൽ വന്നതോടെ ഈ ഗ്രാമത്തിലെ വിദ്യാർത്ഥികൾക്കും ഇതര വിഭാഗം ജനങ്ങൾക്കും സമീപ നഗരങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടുവാനും വിദ്യാഭ്യാസരംഗത്തും സാംസ്കാരിക രംഗത്തും ഉയരുവാനും കഴിഞ്ഞിട്ടുണ്ട്.

റോഡ് ഗതാഗതം വർദ്ധിച്ചതോടെ ഈ കൊച്ച് ഗ്രാമത്തിൽ 35-ഓളം ടൂറിസ്റ്റ് ടാക്സികളും 20 ഓളം ഓട്ടോ റിക്ഷകളും 22ടെമ്പോട്രക്കറുകളും 15-ഓളം ബസ്സ് സർവീസുകളും ഉണ്ട് . ഇതിനു പുറമേ സ്വന്തമായി കാറുള്ളവരായി 35-ഓളം പേരും., ഇരു ചക്രവാഹനമുള്ളവർ 300 ഓളം പേരും ഉള്ളതായി കണക്കാക്കുന്നു.

പഞ്ചായത്തിൽ ബസ്സ്സ്റ്റാൻറും ടാക്സിസ്റ്റാൻറും, ആട്ടോറിക്ഷാ സ്റ്റാൻറും നിലവിലില്ല. ടൂറിസ്റ്റ് ടാക്സികൾ ഇപ്പോൾ വക്കം മാർക്കറ്റ് ജംഗ്ഷൻ കേന്ദ്രീകരിച്ചാണ് കിടക്കുന്നത്. ഇതുമൂലം മറ്റുവാഹനങ്ങൾക്ക് ഈ റോഡിലൂടെ യഥേഷ്ടം കടന്നു പോകുവാൻ നന്നേബുദ്ധിമുട്ടനുഭവപ്പെടുന്നു.

പ്രശ്നങ്ങൾ

- പൊതുമരാമത്ത് റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾക്ക് ആവശ്യാനുസരണം വേണ്ട വീതിയില്ല.
- റോഡുകളിലെ പാർശ്വങ്ങളിൽ ഓടയില്ല. ഉള്ള

ഓടകൾ വേണ്ടവിധം. മെയിൻറനൻസ് നടത്തുന്നില്ല.

- മിക്കറോഡുകളും ഇടിഞ്ഞു പൊടിഞ്ഞു കിടക്കുന്നു. മെയിൻറനൻസ് യഥാസമയം നടത്തുന്നില്ല.
- കടത്തുവള്ളം അടുക്കുവാൻ ജട്ടികൾ ഇല്ലാത്ത കടത്തുകൾ
- ടാക്സി, ആട്ടോ സ്റ്റാൻറുകൾ ഇല്ല
- ചങ്ങാടം സൗകര്യമില്ലാത്തത്

സാധ്യതകൾ

- പ്രധാനറോഡുകളിൽ മെറ്റലിംഗും ടാറിംഗും നടത്തുക.
- റോഡ് ഇല്ലാത്ത വാർഡുകളിൽ പുതിയ റോഡുകൾ നിർമ്മിക്കുക. പ്രത്യേകിച്ച് 9-ാം വാർഡിൽ
- വെള്ളം ഒലിച്ചുപോകാൻ സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ റോഡിന് വശത്തായി ഓടകൾ നിർമ്മിക്കണം. അതോടൊപ്പം ആവശ്യമായ കേന്ദ്രങ്ങളിൽ കലുങ്കും നിർമ്മിക്കണം.
- യന്ത്രം ഘടിപ്പിച്ച ബോട്ട് സർവീസ് അകത്തുമുറി-കുളമുട്ടം കടത്തിൽ ഏർപ്പെടുത്തണം.
- തോടുകൾക്ക് കുറുകെ നടപ്പാലങ്ങൾ നിർമ്മിക്കണം.



ഊർജ്ജം

സന്ധ്യയ്ക്കു വിളക്കു കൊളുത്താൻ വെളിച്ചെണ്ണ, പാചകത്തിനു വിറക്, വായനയ്ക്കും മറ്റു വീട്ടാവശ്യങ്ങൾക്കുംവേണ്ട പ്രകാശത്തിനു മണ്ണെണ്ണ ഇതായിരുന്നു അര നൂറ്റാണ്ടു മുമ്പ് ഈ ഗ്രാമത്തിലുണ്ടായിരുന്ന ഊർജ്ജസ്രോതസ്സുകൾ. തടി വിറകിനു പുറമെ തെങ്ങിൽ നിന്നുള്ള തൊണ്ട്, മടൽ, ചിരട്ട മുതലായ വസ്തുക്കളും പാചക ഇന്ധനമായി ഉപയോഗിച്ചിരുന്നു.

കാർഷികരംഗത്തോ വ്യാവസായികരംഗത്തോ ഊർജ്ജസ്രോതസ്സുകളൊന്നും ലഭ്യമായിരുന്നില്ല. കൃഷി ഉല്പാദനത്തിന്റെ ഉപോല്പന്നമായി ലഭിച്ചിരുന്ന ചകിരിച്ചോറായിരുന്നു പാവപ്പെട്ടവന്റെ ഗാർഹിക ഇന്ധനം.

1952-ൽ വൈദ്യുതി ലഭ്യമായതോടെ ഗ്രാമത്തിനു പുത്തനുണർവ്വും ഉന്മേഷവും കൈവന്നു. വീടുകൾ വൈദ്യുതീകരിച്ചുതുടങ്ങി. ചെറുകിട വ്യവസായമേഖലയ്ക്കും ഇതോടെ പുതിയൊരു ഉണർവ്വുണ്ടായി. സാമില്ലുകൾ, ഓയിൽ മില്ലുകൾ, റൈസ്മില്ലുകൾ, തൊണ്ടടി, ചകിരി പിരി മില്ലുകൾ എന്നിവ ഒന്നിനു പിറകെ ഒന്നായി പ്രവർത്തനമാരംഭിച്ചു. ആദ്യഘട്ടത്തിൽത്തന്നെ ഉപരിവർഗ്ഗത്തിന്റെ മെച്ചപ്പെട്ട വീടുകളെല്ലാം വൈദ്യുതീകരിച്ചു തുടങ്ങി. ഇടത്തട്ടുകാരുടെ വീടുകളിലും മൺഭിത്തികളുള്ള വീടുകളിലും ഓല കുത്തി പൂട്ടിയ വീടുകളിലും വൈദ്യുതിക്ക് ആദ്യമൊന്നും പ്രവേശനം ലഭിച്ചിരുന്നില്ല. വൈദ്യുതിയുടെ ഉപഭോഗം ഗാർഹിക ആവശ്യങ്ങൾക്കു സാർവത്രികമാകാൻ പിന്നെയും രണ്ടുമൂന്നു ദശകങ്ങൾ വേണ്ടിവന്നു. ഇപ്പോൾ ഭൂരിപക്ഷം വീടുകളിലും വൈദ്യുതിയുടെ മാസ്മര വെളിച്ചം പരന്നു.

വ്യാവസായിക മേഖലയിൽ വൈദ്യുതിയുടെ ഉപയോഗം കൂടുതൽ ശക്തിപ്രാപിക്കുകയും കാർഷിക മേഖലയിലേക്ക് വൈദ്യുതി കടന്നുചെല്ലുകയും ചെയ്തു. ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സബ്സിഡിയോടെ ലോണും മറ്റും ലഭ്യമാകാൻ തുടങ്ങിയതോടെ കാർഷികമേഖലയ്ക്കും ഇത് പ്രയോജനകരമായിത്തീർന്നു. തുടർന്ന് ഹോട്ടലുകൾ വാണിജ്യ സ്ഥാപനങ്ങൾ പരമ്പരാഗത വ്യവസായങ്ങൾ,. ആധുനിക വ്യവസായങ്ങൾ എല്ലാം ഊർജ്ജസ്രോതസ്സായി വൈദ്യുതിയെ ആശ്രയിക്കാൻ തുടങ്ങി.

വക്കം ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ കയറ്റുവിളാകം, അഞ്ചാം വാർഡിലെ നെറ്റിക്കുന്നുവിള, ചാമ്പാൻ വിള, ഒൻപതാം വാർഡിലെ പുളിവിളാകത്ത് തൊടി എന്നീ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ശേഷിക്കുന്ന ഭാഗങ്ങളിൽ ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചവയാണ്. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഇന്നും ഊർജ്ജസ്രോതസ്സ് മണ്ണെണ്ണ തന്നെ.

1985- ൽ പാചകഗ്യാസിന്റെ ആവിർഭാവത്തോടുകൂടി പാചകാവശ്യത്തിന് മറ്റൊരു സ്രോതസ്സുകൂടി ലഭിച്ചു. എന്നാൽ പാചകഗ്യാസ് കിട്ടാനുള്ള ബുദ്ധിമുട്ടും വർദ്ധിച്ച ചെലവും കാരണം സാധാരണക്കാരന് ഇതൊരു അപൂർവ വസ്തുവാണ്. അവർ മണ്ണെണ്ണ സ്റ്റൗവിനെ ആണ് അശ്രയിക്കുന്നത്. 11 കെ. വി. ലൈനിലൂടെയാണ് ഇവിടെ വൈദ്യുതി എത്തുന്നത്. വോൾട്ടേജ് ക്ഷാമം ഒരു തീരാശാപമായി നിലനിൽക്കുന്നു. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, പമ്പുസെറ്റ് മുതലായ സുഖഭോഗവസ്തുക്കൾ സാർവത്രികമായി ഉപയോഗിച്ചുതുടങ്ങിയതുമൂലം വൈദ്യുതി ഉപയോഗത്തിൽ വന്ന വർദ്ധന വോൾട്ടേജ് ക്ഷാമത്തിനുള്ള പല കാരണങ്ങളിൽ ഒന്നാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഈ ഗ്രാമപഞ്ചായത്തിൽ പല ഭാഗങ്ങളിലായി എട്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ടും പ്രശ്നം പരിഹരിക്കുന്നില്ല. ആറ്റിങ്ങൽ, വർക്കല എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി എത്തുന്നത്. ഈ പഞ്ചായത്ത് അതിർത്തിയിലുള്ള 11 കെ. വി. ലൈനിന്റെ ആകെ നീളം 6.5 കി. മീറ്ററാണ്. ഇതിൽ രണ്ടു കി. മീറ്റർ അണ്ടർ

ഗ്രൗണ്ട് ലൈനും 4.5 കിലോ മീറ്റർ ഓവർ ഹെഡ് ലൈനുമാണ്. പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക 1.)

പട്ടിക 1.

നമ്പർ	പേര്	കപ്പാസിറ്റി
1.	ഫാർമേഴ്സ് ബാങ്ക്	250 KVA
2.	പഞ്ചായത്ത് ഓഫീസ്	250 KVA
3.	പാട്ടുവിളാകം	100 KVA
4.	മൂന്നാലുംമൂട്	100 KVA
5.	പുളിവിളാകം	100 KVA
6.	എസ്. എൻ. ജംഗ്ഷൻ	100 KVA
7.	കണ്ണമംഗലം	100 KVA
8.	കായിക്കര	100 KVA

ഈ പഞ്ചായത്ത് പ്രദേശമാകെ 48.75 കിലോ മീറ്റർ L.T. ലൈൻ വലിച്ചാണ് ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിയിട്ടുള്ളത്.

ഈ ഗ്രാമത്തിന്റെ ഇപ്പോഴുള്ള ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം ഉൾപ്പെടെയുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഞ്ച് പുതിയ ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്. ഒന്നാം വാർഡിൽ തോപ്പിൽ ലക്ഷം വീട് കേന്ദ്രീകരിച്ചും, വലിയ പള്ളിക്ക് സമീപവും, മൂന്നാം വാർഡിൽ പുത്തൻ ക്ഷേത്രത്തിനു സമീപവും, ആറാം വാർഡിൽ ലക്ഷ്മി വിള ഭാഗത്തും, എട്ടാം വാർഡിൽ മരുതൻ വിളാകം സ്കൂളിന് സമീപവും 110 KVAയുടേയോ 160 KVA യുടേയോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്.

പണയിൽക്കടവ് പാലം പണി പൂർത്തിയാകുന്നതോടെ വർക്കല സബ്സ്റ്റേഷന്റെ വെന്നിക്കോട് ഭാഗത്തുനിന്നുള്ള 11K.V.ലൈനിൽ നിന്നുള്ള വക്കം തോപ്പിൽ ലക്ഷം വീട് ഭാഗത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഫോർമർ ഉണ്ടായാൽ ഏത് അടിയന്തിര ഘട്ടത്തിലും വക്കം പ്രദേശത്ത് വർക്കല ഫീഡറിൽ നിന്നും അനായാസം വൈദ്യുതി ലഭ്യമാക്കാൻ കഴിയും. (പട്ടിക 2 കാണുക)

പട്ടിക 2

പുതിയ ലൈനുകളും വലിയ്ക്കേണ്ട സ്ഥങ്ങളും, ദൂരം, ലൈനിന്റെ സ്വഭാവം, ട്രാൻസ്ഫോർമറുകളും, ചെലവ് എന്നിവ

വാർഡ്	പുതിയ ലൈനുകളും വലിയ്ക്കേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	ട്രാൻസ്ഫോർമറുകളും	പ്രതീക്ഷിക്കുന്ന ചെലവ് രൂപ
1.	പടിഞ്ഞാറെ ജമാ അത്ത് പള്ളിയ്ക്കു സമീപം	1 K.M.	3 Phase	100 K.V.A	2,50,000
1.	തോപ്പിൽ ലക്ഷംവീട് കോളനിക്ക് സമീപം	2 K.M.	3 Phase	160 K.V.A.	5,00,000
3.	പുത്തൻ ക്ഷേത്രത്തിന് സമീപം	1/2 K.M.	3 Phase	100 K.V.A.	1,75,000
6.	ലക്ഷ്മിവിള ഹരിജൻ കോളനി	1/2 K.M.	3 Phase	100 K.V.A.	1,75,000
8.	മരുതൻ വിളാകം സ്ക്കൂളിന് സമീപം	1½ K.M.	3 Phase	100 K.V.A.	3,25,000

അതുപോലെ കായിക്കര ഒന്നാം പാലത്തിൽ ഇപ്പോഴും നിലവിലുള്ള ട്രാൻസ്ഫോർമറിൽ നിന്നും 11 KV. ലൈൻ പുനരുദ്ധാരണം നടത്തി കായിക്കര കടത്തുഭാഗം വരെ എത്തിച്ചാൽ വക്കം പ്രദേശത്തിന് വർക്കലയിൽ നിന്നുള്ള വൈദ്യുതി വിതരണം എളുപ്പത്തിൽ ലഭ്യമാകും.

ഭാവി വൈദ്യുതി പ്രതിസന്ധി മുന്നിൽ കണ്ടുകൊണ്ട് കടയ്ക്കാവൂർ ഭാഗത്ത് 5 മെഗാവാട്ടിന്റെ ഡീസൽ ജനറേറ്റർ പ്ളാന്റ് സ്ഥാപിക്കേണ്ടതാണ്. ഇത് ഈ പഞ്ചായത്തിനൊപ്പം സമീപ ഗ്രാമപഞ്ചായത്തുകൾക്കും ഒരു അനുഗ്രഹമായിരിക്കും.

മണനാക്ക് 110 K.V സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്തി വക്കം പഞ്ചായത്തിന് മാത്രമായി ഒരു ലൈൻ സ്ഥാപിച്ചെങ്കിൽ മാത്രമേ ഈ പ്രദേശത്തെ ചെറുകിട വ്യവസായ യൂണിറ്റുകളും ഉപ്പെടെയുള്ള ഉപഭോക്താക്കൾക്ക് സമീപഭാവിയിൽ ആവശ്യാനുസരണം വേണ്ടുന്ന വൈദ്യുതി ലഭിക്കുകയുള്ളൂ.

വിറകു ക്ഷാമം രൂക്ഷമായിട്ടുള്ള ഒരു ഗ്രാമമാണിത്. സോഷ്യൽ ഫോറസ്ട്രി പദ്ധതിപ്രകാരമുള്ള വിറകുമരത്തോട്ടങ്ങളൊന്നും സ്ഥലപരിമിതിമൂലം ഈ പഞ്ചായത്തിലോ സമീപപ്രദേശങ്ങളിലോ തുടങ്ങിയിട്ടില്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി തേക്ക്, മട്ടി, തുടങ്ങിയ വൃക്ഷങ്ങൾ വീട്ടുവളപ്പുകളിൽ ധാരാളമായി നട്ടുവളർത്തിയിട്ടുണ്ട്. ഇവയെല്ലാം തടി ആവശ്യത്തിനായി നട്ടുവളർത്തുന്നവയാണ്.

ഈ പഞ്ചായത്തിലെ 700 ഓളം വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നു. വാണിജ്യ മേഖലയിൽ ഹോട്ടലുകളും പാചകഗ്യാസും വിറകും ഉപയോഗിക്കുന്നു. വ്യാവസായിക കാർഷിക മേഖലകളിലെ മുഖ്യ ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെയാണ്.

പ്രതിദിനം വീട്ടാവശ്യത്തിനും വാണിജ്യാവശ്യങ്ങൾക്കുമായി പാചകഗ്യാസിനും മണ്ണെണ്ണയ്ക്കും പുറമെ 10 ടണ്ണോളം വിറകും ഉപയോഗിച്ചു വരുന്നതായി കണക്കാക്കുന്നു. ഇതിൽ പകുതി മാത്രമേഈ ഗ്രാമത്തിൽനിന്നും ലഭ്യമാകുന്നുള്ളൂ. ശേഷിക്കുന്നത് പുറത്തുനിന്നും കൊണ്ടുവന്നാണ് ഉപയോഗിക്കുന്നത്. ഇവിടെ പ്രവർത്തിക്കുന്ന നാല് സാമില്ലുകളെയാണ് വിറകിന് ഗ്രാമീണർ മുഖ്യമായും ആശ്രയിക്കുന്നത്.

ഈ പ്രദേശത്ത് ഒരു സ്ഥലത്തുമാത്രമേ ചാണകത്തിൽ നിന്നുള്ള ബയോഗ്യാസ് പ്ളാൻറ് പ്രവർത്തിപ്പിച്ചു വരുന്നുള്ളൂ. വളരെ നല്ല രീതിയിലാണ് ഇതിൻെറ പ്രവർത്തനം.

ഈ പഞ്ചായത്ത് പ്രദേശത്ത് ട്യൂബ് ലൈറ്റുകളും ഉൾപ്പെടെ മൊത്തം 560 തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ 105782 രൂപ പ്രതിവർഷം പഞ്ചായത്ത് അടയ്ക്കുന്നു. തെരുവു വിളക്കുകൾ അധികവും അതിവേഗം ഉപയോഗശൂന്യമാകുന്നു. നിലവാരം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കുന്നതാണ് ഇതിനു കാരണം. പവർ കട്ട്, വോൾട്ടേജ് ക്ഷാമം ഇവ പരിഹരിക്കുന്നതിന് അനർട്ടിൻെറ വിളക്കുകൾ പരമാവധി ഉപയോഗിച്ചുതുടങ്ങേണ്ടതാണ്. പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ് പ്ളാൻറുകൾ മുതലായവ മുൻഗണനാക്രമത്തിൽ പ്രചരിപ്പിച്ചാൽ ഊർജ്ജപ്രതിസന്ധി അനായേസേന പരിഹരിക്കാവുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിൻെറ ഒരു അസിസ്റ്റൻറ് എഞ്ചിനീയർ ഓഫീസാണുള്ളത്. മൊത്തം 18 ജീവനക്കാരാണ് ഈ ഓഫീസിലുള്ളത്. A.E. യെ ക്കൂടാതെ 3 സബ് എഞ്ചിനീയർമാരും 3 ഓവർസിയർമാരും ഒരു മീറ്റർ റീഡറും 6 ലൈൻ മാൻമാരും, ഒരു വർക്കറും, 3 ഓഫീസ് ജീവനക്കാരുമാണ് ഉള്ളത്.

48.75 കിലോമീറ്റർ L.T. ലൈൻ വലിച്ചിട്ടുള്ള ഈ ഗ്രാമത്തിലെ മെയിൻറനൻസ് ജോലികൾ യഥാസമയം നടത്തുന്നതിനാവശ്യമായ മെയിൻറനൻസ് ജീവനക്കാരുടെ കുറവ് ഈ പ്രദേശത്തെ മിക്കപ്പോഴും ഇരുട്ടിലാക്കുന്നുണ്ട്.

പ്രശ്നങ്ങൾ

- സമ്പന്ന കുടുംബങ്ങൾ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനായി സ്റ്റെപ്പപ്പ് ഉപയോഗിക്കുന്നതുമൂലം പൊതു പ്രസരണിയിൽ കുറവു വരുന്നു.
- വോൾട്ടേജ് ക്ഷാമം
- വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം
- നിലവിലുള്ള ഓവർഹേഡ് ലൈൻ പലപ്പോഴും അപകടം ഉണ്ടാകുന്നു.
- ഇലക്ട്രിസിറ്റി ഓഫീസിലെ മെയിൻറനൻസു സ്റ്റഫിൻെറ കുറവ്.
- പാചകവാതകത്തിൻെറ ലഭ്യതക്കുറവ്
- വിറകിൻെറ ലഭ്യതക്കുറവ്.
- സ്ട്രീറ്റ് ലൈറ്റുകളിൽ ഉപയൊഗിക്കുന്ന ബൾബുകൾ വളരെ വേഗം കേടാകുന്നതുകൊണ്ട് രാത്രികാലങ്ങളിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്.

സാദ്ധ്യതകൾ

- പുകയില്ലാത്തതും ഇന്ധനചെലവ് കുറഞ്ഞതുമായ അടുപ്പുകൾ പ്രചരിപ്പിക്കുക
- ഊർജ്ജലാഭത്തിനായി ട്യൂബ് ലൈറ്റ്, വേപ്പർ ലാമ്പ്, ഇലക്ട്രോണിക് ചോക്ക്, അനർട്ടിൻെറ സൗരോർജ്ജ വിളക്കുകൾ ഇവയുടെ ഉപയോഗം വ്യാപിപ്പിക്കുക.
- ലക്ഷംവീട് കോളനികളിലും, തെരുവു വിളക്കുകൾ ഇല്ലാത്ത ഇതരഭാഗങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
- ജനസാന്ദ്രത യേറിയ ഈ പ്രദേശത്ത് മഴയിലും കാറ്റിലും പെട്ട് തെങ്ങ് ഒടിഞ്ഞും കട പുഴകിയും വീഴാൻ സാദ്ധ്യത കൂടുതലായതിനാൽ ഭൂഗർഭ വൈദ്യുതലൈൻ സ്ഥാപിക്കുക.
- വൈദ്യുതി എത്തിച്ചേരാത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.
- സ്റ്റെപ്പപ്പ് ഉപയോഗത്തിനെതിരെ നിയമനടപടി സ്വീകരിക്കുക
- സ്ട്രീറ്റ് ലൈറ്റുകൾക്ക് ആവശ്യമായ നല്ലയിനം ബൾബുകൾ ഉപയോഗിക്കുക.

മാർക്കറ്റ്

ഒരു ഉപഭോക്തൃഗ്രാമമാണ് വക്കം. മറ്റു സ്ഥലങ്ങളിലൊക്കെ ചന്തകളും, വിൽക്കാനും വാങ്ങാനുമുള്ള പൊതു സ്ഥലങ്ങളാണ്. ഇവിടത്തെ ഗ്രാമവാസികൾക്ക് ഒന്നും വിൽക്കാനില്ല. എല്ലാം വാങ്ങുകയാണ്. വാങ്ങുന്ന സാധനങ്ങളോ വിദൂരസ്ഥലങ്ങളിൽ നിന്നും എത്തുന്നവയും.

നാളികേരം മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. പ്രധാന ഉല്പന്നമായ നാളീകേരത്തിന് സുഗമമായി വിപണനം നടത്താനുള്ള ഒരു പൊതു വിപണിയോ സഹകരണവിപണിയോ വിശ്വസിക്കാവുന്ന വിപുലമായ ഒരു സ്വകാര്യവിപണിയോ പഞ്ചായത്തിൽ ഇല്ലാത്തതാണ് പരിതാപകരമായ ഒരു വസ്തുത.

സ്വകാര്യവ്യക്തികളും ഒന്നിച്ചുചേർന്നോ വിവിധ ഗ്രാമസഭകളും പ്രാതിനിധ്യ സ്വഭാവത്തിൽ സംഘടിച്ചോ, സഹകരണമേഖലയിലോ നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങളും നിർമ്മിക്കുന്നതും വിപണനം നടത്തുന്നതുമായ സംരംഭങ്ങൾക്ക് ഈ ഗ്രാമത്തിൽ നല്ല സാദ്ധ്യതയുണ്ട്.

എല്ലാ ദിവസവും പ്രവർത്തിക്കുന്ന രണ്ട് ചന്തകളാണ് ഇന്ന് ഈ കൊച്ചു ഗ്രാമത്തിലുള്ളത്. പ്രധാന ചന്തയായ മങ്കുഴി മാർക്കറ്റ് ഈ ഗ്രാമത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. സ്ഥലസൗകര്യം വളരെ പരിമിതമായതിനാൽ ജനങ്ങളും വളരെയധികം പ്രയാസമനുഭവിക്കുന്നു. ജനസംഖ്യയിലും ജനസാന്ദ്രതയിലും വളരെ മുന്നിൽ നിൽക്കുന്ന ഈ ഗ്രാമത്തിലെ ചന്തയ്ക്ക് അമ്പത് വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നതായ സ്ഥലസൗകര്യങ്ങൾ മാത്രമാണ് ഇന്നും ഉള്ളത്.

പഞ്ചായത്തിന് കിഴക്കുഭാഗത്ത് കടയ്ക്കാവൂർ പഞ്ചായത്തിന്റെ അതിർത്തിയിൽ നിലയ്ക്കാമുക്ക് കേന്ദ്രീകരിച്ച് ആറാം വാർഡിലാണ് രണ്ടാമത്തെ ചന്ത.

പഞ്ചായത്ത് പ്രദേശങ്ങളിൽ വളർത്തുന്ന ആടുമാടുകളെയും സമീപപഞ്ചായത്തിൽ നിന്നു കൊണ്ടുവരാൻ കഴിയുന്ന ആടുമാടുകളെയും വിറ്റഴിയ്ക്കുന്നതിന് നിലയ്ക്കാമുക്ക് കേന്ദ്രീകരിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കാലിച്ചന്ത തുറന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ജനസാന്ദ്രതയേറിയ ഈ പഞ്ചായത്തിലെ പ്രധാനപാലമായ പണയിൽ കടവ് പാലത്തിന്റെ പണി പൂർത്തിയാകുന്നതോടെ വെന്നികോട് അകത്തുമുറി, വെട്ടൂർ തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങളുടെ വക്കം ചന്തയിലേക്കുള്ള വരവ് വർദ്ധിക്കുവാൻ സാദ്ധ്യതയുള്ളതിനാൽ വക്കം പഞ്ചായത്തിലെ ഒന്ന് രണ്ട് വാർഡുകളിലെ ജനങ്ങളുടെയും സമീപസ്ഥലങ്ങളിലെ ആളുകളുടെയും സൗകര്യാർത്ഥം രണ്ടാം വാർഡിൽ പണയിൽ കടവ് പാലത്തിനുസമീപം ഒരു മാർക്കറ്റ് പുതുതായി ആരംഭിക്കുന്നത് ഉചിതമായിരിക്കും.

പ്രശ്നങ്ങൾ

- മങ്കുഴി മാർക്കറ്റിലെ സ്ഥലസൗകര്യക്കുറവ്
- സ്ളാട്ടർ ഹൗസ് ഇല്ല.
- പ്രധാന മാർക്കറ്റിൽ ഓട ഇല്ല
- മാർക്കറ്റ് സജ്ജീകരണങ്ങൾ ഒന്നും ഇല്ല.

സാദ്ധ്യതകൾ

- ജനസംഖ്യയ്ക്കു അനുസരണമായി മങ്കുഴി മാർക്കറ്റിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
- ആധുനിക സജ്ജീകരണങ്ങളുള്ള ഒരു മാതൃകാ ചന്തയായി മങ്കുഴി മാർക്കറ്റിനെ ഉയർത്തണം.
- ഒരു സ്ളാട്ടർ ഹൗസ് സ്ഥാപിക്കണം.
- ആടുമാടുകളുടെ വിപണനം നടത്തുന്നതിലേക്ക് ആഴ്ചയിൽ രണ്ടു ദിവസം നിലയ്ക്കാമുക്ക് ചന്തയോട് ചേർന്ന് സൗകര്യമുണ്ടാക്കണം.
- ചന്തയ്ക്കുള്ളിൽ പൊതു ടാപ്പ് സ്ഥാപിക്കണം.
- മങ്കുഴി മാർക്കിനുള്ളിൽ വേപ്പർ ലാമ്പ് സ്ഥാപിക്കണം.
- നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള മാർക്കറ്റ് സംഘടിപ്പിക്കണം.
- പണയിൽ കടവിന് സമീപം ഒന്ന്, രണ്ട്, വാർഡുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം പുതിയ ഒരു ചന്ത ആരംഭിക്കണം.



5.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

ജന സാന്ദ്രതയുടെ കാര്യത്തിൽ സംസ്ഥാനത്ത് പത്താം സ്ഥാനം അലങ്കരിക്കുന്ന ഗ്രാമപഞ്ചായത്താണ് വക്കം.

ജനപ്പെരുപ്പത്തിനനുസൃതമായി പാർപ്പിടത്തിനാവശ്യമായ കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. തത്ഫലമായി ഇവിടെ ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ ഒരുമിച്ച് താമസിക്കേണ്ട സ്ഥിതിയാണുള്ളത്. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും ഓലകെട്ടിയതോ ഓട് മേഞ്ഞതോ ആണ്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണവും കുറവല്ല. ബഹുനില കെട്ടിടങ്ങൾ അടുത്ത കാലങ്ങളിൽ ഉയർന്ന് വരാൻ തുടങ്ങിയിട്ടുണ്ട്.

ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ള ഓല കെട്ടിടങ്ങൾ വളരെയധികം മെച്ചപ്പെട്ടവയാണ്. അവയുടെ നിർമ്മാണ ചെലവ് ശരാശരിയാണെന്ന് അറിയുവാൻ കഴിഞ്ഞു. മേൽക്കൂര നിർമ്മാണമാണ് ചെലവേറിയത്. ഈ ചെലവ് ലഘൂകരിച്ച് സാധാരണക്കാരന്റെ പാർപ്പിട മോഹം സഫലമാക്കുന്നതിന് നൂതനമായ പല രീതികളും അവലംബിക്കുവാൻ നിർമ്മിതി കേന്ദ്രങ്ങളും മറ്റും നിർദ്ദേശം നൽകി തുടങ്ങിയിട്ടേയുള്ളു. നമ്മുടെ ബ്ലോക്കുകളിലെ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം വളരെ പ്രയോജനകരവും ആദായകരവുമാണ്.

ഓട് മേഞ്ഞ കെട്ടിടങ്ങൾ മിക്കതും മികവുറ്റ നിർമ്മാണ ശൈലി വെളിവാക്കുന്നവയാണ്. ഇവ ബലമുള്ളതും കാലപ്പഴക്കത്തിനു പറ്റിയതുമാണെന്നാണ് അനുഭവം തെളിയിക്കുന്നത്. സമീപ പ്രദേശങ്ങളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തത് ഇത്തരത്തിലുള്ള വീട് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഓടിന്റെ ലഭ്യത ഈ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ നന്നെ കുറവാണ്. ചുവരുകൾ ഇഷ്ടിക കൊണ്ടാണ് നിർമ്മിക്കുന്നത്. സിമൻറ് പൂശി സൂക്ഷിക്കുന്നു. ഇഷ്ടികയുടെ വിലയിലുള്ള വർദ്ധനവ് കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നു. കതക്, ജന്നൽ, എന്നിവ മേൽത്തരം തടി ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിനാവശ്യമായ തടി അതാത് പ്രദേശങ്ങളിലോ അതാത് പുരയിടങ്ങളിലോ നിന്ന് ലഭിച്ചെന്ന് വരില്ല. അത്തരം സന്ദർഭങ്ങളിൽ ആവശ്യമുള്ള തടിമരക്കടകളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു.

വീടുകൾ വളരെ ശുചിത്വമുള്ളവയും ഭംഗി

യുള്ളവയും വളരെക്കാലം നിലനിൽക്കുന്നതുമാണ്. സമീപഭൂതകാലത്ത് കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ജനങ്ങളുടെ താല്പര്യം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ പണി നടക്കുന്ന കെട്ടിടങ്ങളിലും ഭൂരിഭാഗവും കോൺക്രീറ്റ് കെട്ടിടങ്ങൾ തന്നെ. കോൺക്രീറ്റ് കെട്ടിടങ്ങളുടെ ബാഹുല്യം കൂലിച്ചിലവിലും മറ്റും വരുത്തിയ വർദ്ധന ചെറിയ തോതിലുള്ള വീട് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങൾ മിക്കവയും ആർഭാടവും അധികച്ചെലവ് വരുത്തിവയ്ക്കുന്നവയുമാണ്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾക്കുണ്ടായ വില വർദ്ധന കെട്ടിട നിർമ്മാണത്തെ തെല്ലും ബാധിച്ചിട്ടില്ല. നിർമ്മാണ വസ്തുക്കളിൽ പലതും പുറത്തു നിന്നും കൊണ്ടു വന്നാണ് കെട്ടിട നിർമ്മാണം നടത്തുന്നത്.

ബഹുനില കെട്ടിടങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും ഇവയുടെ നിർമ്മാണ ശൈലിയിലുള്ള വൈവിധ്യം വളരെ സ്പഷ്ടമാണ്. ഏറ്റവും ചെലവ് കൂടിയ ഇനമെന്ന് വിശേഷിപ്പിക്കുന്ന ഇവയുടെ നിർമ്മാണച്ചെലവ് ഇപ്പോൾ [illegible]നേക്കാൾ കുറച്ച് കൊണ്ടുവരുവാൻ കഴിയും എന്നാൽ ഇത്തരത്തിലുള്ള വീട് നിർമ്മിക്കുന്നവർ ആഢംബര പ്രീയരും ധനാഢ്യരുമായത് കൊണ്ട് ആ വഴിക്ക് ചിന്തിക്കുന്നില്ല. കമ്പി, സിമൻറ്, കമ്പനികട്ടകൾ, മണൽ എന്നിവ വളരെ ചെലവേറിയതാണ്. ഈ വിധം നിർമ്മാണത്തിനുള്ള ധൂർത്ത് നിയന്ത്രിക്കേണ്ടതും കർശനമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഇവ നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ ആറ് ലക്ഷംവീട് കോളനികൾ ഉണ്ട്. അവയുടെ നില വളരെ പരിതാപകരമാണ്. കാലപ്പഴക്കവും, നിർമ്മാണ പ്രക്രിയകളിലുള്ള വൈകല്യവും കാലാകാലങ്ങളിൽ സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കാത്തതും ഈ വീടുകളുടെ ഭാവി ഇരുട്ടിലാക്കിയിരിക്കുന്നു. ഇങ്ങനെയുള്ള വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. ഒരു വീട്ടിൽ തന്നെ അഞ്ചും ആറും കുടുംബങ്ങൾ പ്രയാസപ്പെട്ട് താമസിക്കുന്ന വളരെ പരിതാപകരമായ അവസ്ഥ നിലനിൽക്കുകയാണ്. ഈ പഞ്ചായത്തിലെ എല്ലാ ലക്ഷം വീടുകളുടെയും അവസ്ഥ, അപകടകരമായ പൊട്ടലുകളും വിള്ളലുകളും കാണുവാൻ സാധിക്കും. മറ്റ് ചില കെട്ടിടങ്ങൾ നിലം പൊത്തിവീഴുന്ന അവസ്ഥയിലെക്ക് നീങ്ങുകയാണ്. ഈ വീട്ടിലെ താമസക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾപോലും നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

ഈ പഞ്ചായത്തിലെ ഹരിജൻ കോളനികളുടെ അവസ്ഥ വളരെ മെച്ചപ്പെടുന്നുണ്ട്. എങ്കിലും എല്ലാ പാർപ്പിട രഹിതരായ ഹരിജനങ്ങൾക്കും വീട് ലഭിച്ചിട്ടില്ല. അവർ ഒരു വീട് സമ്പാദിക്കുന്നതിന് ഇപ്പോഴും അപേക്ഷയും നല്കി കാത്തിരിപ്പ് തുടരുകയാണ്. ഇവയുടെ നിർമ്മാണ പ്രക്രിയകൾ സർക്കാർ ഏജൻസികളുടെ നിർമ്മാണ വിഭാഗത്തിൻറെ സൂക്ഷ്മമായ മേൽനോട്ടത്തിലായാൽ ഇതിൻറെ അവസ്ഥ മെച്ചപ്പെടുത്തുവാനും കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിക്കും. ഹരിജൻ കോളനികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ധനസഹായം നൽകണം. ഈ കോളനികളിലെ താമസക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ സഹായം സർക്കാരിൻറെ ഏജൻസികൾ നൽകുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ദുർബല വിഭാഗങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഇത്തരത്തിലുള്ള വിഭാഗക്കാർക്ക് സൗജന്യമായി വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടെങ്കിലും അവ നാമമാത്രമാണ്. ഭൂരഹിതരായ പാർപ്പിട രഹിതരുടെ എണ്ണം വളരെ കൂടുതലാണ്. ഇത്തരത്തിലുള്ള നിരവധി പരാതികൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായം വേണ്ടപ്പോൾ ലഭിക്കാത്തതും ആവശ്യമായ നിയമനടപടികളിൽ ഉണ്ടാകുന്ന കാലതാമസവും ഇവരുടെ മിതമായ മോഹങ്ങൾ പോലും ലക്ഷ്യ സാഫല്യമടയാൻ ഉതകുന്നില്ല.

ചേരിപ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുടിൽ കെട്ടി താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇതിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ എണ്ണം നാമമാത്രമാണ്. ചേരി പ്രദേശങ്ങളിലുള്ള കുടിലുകൾ ആയുസ്സ് കുറഞ്ഞതും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളില്ലാതെ നിർമ്മിച്ചവയുമാണ്. ഇത് അത്തരത്തിലുള്ള കെട്ടിടങ്ങളുടെ ആയുസ്സിനെ പ്രതികൂലമായി ബാധിക്കുന്നു. ഇവയുടെ മേൽനോ

ട്ടം പൂർണ്ണമായും സർക്കാരിന്റെ ഏജൻസികളാണ് ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ അതിലുണ്ടാകുന്ന കാലതാമസമാണ് ഇത്തരത്തിലുള്ള വീടുകൾ വളരെപെട്ടെന്ന് തട്ടികൂട്ടുവാൻ അവരെ പ്രേരിപ്പിക്കുന്നത്. ഇവയുടെ മേൽക്കൂര നിർമ്മാണം തീരെ സുരക്ഷിതമല്ല.

പട്ടിക - 1

വിവിധ തരത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം

ഓല മേഞ്ഞത്	ഓട്	കോൺക്രീറ്റ്	ഇരുനില കെട്ടിടം
4321	1521	1634	140

പട്ടിക 1(A)

ഹരിജൻ കോളനി	ലക്ഷം വീട് കോളനി
10	5

തിരുവനന്തപുരം ജില്ലയിലെ മറ്റുള്ള പഞ്ചായത്തുകളെക്കാൾ അത്യന്ത വ്യത്യസ്തമായ ഭൂപ്രകൃതിയാണ് വക്കം പഞ്ചായത്തിനേറത്. വിദേശ രാജ്യങ്ങളിലേക്ക് പോയി അദ്ധ്വാനിച്ച് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നവർ നല്ലൊരു ശതമാനം വരും. വിദ്യാഭ്യാസപരമായും, സാംസ്ക്കാരികമായും, സാമ്പത്തികമായും വളരെ മുന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ നിവാസികളുടെ പാർപ്പിട നിർമ്മാണത്തിലുള്ള രുചി കാലാകാലങ്ങളിൽ വളരെയധികം മാറിക്കൊണ്ടിരിക്കുന്നു. എഴുപതുകളിൽ കുടിലുകളും, ഓലക്കെട്ടിടങ്ങളും മാത്രമുണ്ടായിരുന്ന ഈ പഞ്ചായത്തിൽ എൺപതുകളിൽ ഓട് കെട്ടിടങ്ങളും കോൺക്രീറ്റ് കെട്ടിടങ്ങളും കയ്യടക്കി. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ബഹുനില കെട്ടിടങ്ങൾ അത്യാധുനിക സൗകര്യങ്ങൾ ഉള്ളവയും വാസ്തു ശില്പകലയും പ്രൗഢിയും കാലഘട്ടത്തിന്റെ ആഢ്യതയും വെളിപ്പെടുത്തുന്നവയുമാണ്.

ഈടും ഉറപ്പുമുള്ള കോൺക്രീറ്റ് കെട്ടിടങ്ങളിലുള്ള വിശ്വാസതയും അതിന്റെ ആയുസ്സുമാണ് ഈ പഞ്ചായത്തിലെ ജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെ മുഖ്യ കാരണം. കെട്ടിട നികുതിയിൽ നിന്നുള്ള പഞ്ചായത്തിന്റെ വരുമാനം എല്ലാ വർഷവും ഒരു നിശ്ചിത ശതമാനം വർദ്ധിക്കുന്നുണ്ട്. ഇത് ബഹുനില കെട്ടിടങ്ങളുടെ ബാഹുല്യം മൂലമാണെന്ന് വ്യക്തമാകുന്നു പട്ടിക രണ്ടിൽ നിന്നും കഴിഞ്ഞ വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ 1993-94 കാലഘട്ടത്തിലാണ് കെട്ടിട നികുതിയിൽ ഏറ്റവും കൂടിയ വർദ്ധനവ് ഉണ്ടായതായി കാണുന്നത്. ഇതിൽ നിന്നും ഈ കാലയളവിലാണ് ഈ പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ കെട്ടിട നിർമ്മാണം നടന്നിട്ടുള്ളത് എന്ന് അനുമാനിക്കാം.

പട്ടിക 2

കെട്ടിട നികുതി വരുമാനം

1991	1992	1993	1994	1995	1996
101966	114184	118794	177089	183962	195780

പാർപ്പിട നിർമ്മാണത്തിന്റെ ചെലവ് നാൾക്കുനാൾ വർദ്ധിച്ച് വരികയാണെങ്കിലും കുറഞ്ഞ ചെലവിനുള്ള വീട് നിർമ്മിക്കുവാനുള്ള ജനങ്ങളുടെ ആഗ്രഹം വളരെയധികം പ്രകടമാണ്. വളരെയധികം നിർമ്മാണ ചെലവുള്ള കെട്ടിടങ്ങൾക്കിടയിലും കുറഞ്ഞ ചെലവിലുള്ള വീട് നിർമ്മിക്കുന്നതിൽ നാട്ടുകാർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇപ്പോൾ ചെലവ് കുറഞ്ഞ വീടുകൾ ധാരാളമായി നിർമ്മിച്ചു വരുന്നു. ഇത് ജനങ്ങളുടെ ബുദ്ധിപരമായ വളർച്ചയായി കാണേണ്ടിയിരിക്കുന്നു.

അതിർത്തി തിരിക്കുന്നതിന് കയ്യാലകളെ മാത്രം ആശ്രയിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ഇഷ്ടികയും, സിമൻറും, പാറയും ഉപയോഗിച്ച് മതിൽ കെട്ടുന്നതിനുള്ള താല്പര്യമാണ് ജനങ്ങളിൽ കണ്ട് വരുന്നത്. ആണ്ടുതോറും കെട്ടിമേയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള വൈമുഖ്യമാവാം ഇതിന് കാരണം.

ഗൾഫ് നാടുകളിലേയ്ക്ക് ചേക്കേറുവാനുള്ള ചെറുപ്പക്കാരുടെ ആഗ്രഹം ഒരു പരിധി വരെ നിർമ്മാണ പ്രക്രിയകളിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നു. ഇപ്പോൾ നിർമ്മാണ തൊഴിലാളികളെ കിട്ടുവാൻ വളരെയധികം പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉള്ളവർ തന്നെ വൈദഗ്ധ്യം ഇല്ലാത്തവരാണ്. നിർമ്മാണ തൊഴിലാളികളുടെ ജീവിത നിലവാരം ഓരോ വർഷവും വർദ്ധിക്കുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് നിർമ്മാണ തൊഴിലാളികളുടെ കൂലി പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്(പട്ടിക മൂന്ന് കാണുക).

പട്ടിക - 3

വർഷം	വൈദഗ്ധ്യമുള്ള തൊഴിലാളി	സഹായി	
		പുരുഷൻ	സ്ത്രീ
1985	50	40	30
1990	75	60	50
1995	110	90	75

പ്രശ്നങ്ങൾ

- ഭൂമിയുടെ വിലക്കയറ്റമാണ് ഏറ്റവും സങ്കീർണ്ണമായത്. മറ്റുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് വക്കം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് ഇതിന് കാരണമായിട്ടുള്ളത്. ഇവിടെ ഭൂമിയുടെ വില ദിനംപ്രതി വർദ്ധിക്കുകയാണ്. റോഡ് തീവണ്ടി ഗതാഗതത്തിന്റെ ലഭ്യത ഇതിനൊരു കാരണമാവാം.
- ഭവന നിർമ്മാണത്തിന് വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒരളവുവരെ ഈ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭവന വായ്പകൾ നൽകുന്നതിനുള്ള അപേക്ഷകളിൽ തീർപ്പാക്കുവാനുള്ള കാലതാമസമാണ് മറ്റൊന്ന്. ഭവന നിർമ്മാണത്തിന് നൽകുന്ന വായ്പകൾ വളരെ കുറവും, വലിയ പലിശ ഈടാക്കുന്നവയുമാണ്. ഇതും ജനങ്ങളെ ഈ സ്ഥാപനങ്ങളെ സമീപിക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നു.
- ദുർവ്യയമില്ലാതെ എങ്ങനെ കെട്ടിടം നിർമ്മിക്കാം എന്നതിന് വിദഗ്ധമായ ഉപദേശം നൽകുന്നവരുടെ അഭാവം ഈ മേഖലയിലെ കെട്ടിട നിർമ്മാണത്തിന്റെ ചെലവ് ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിദഗ്ധരുടെ സമിതി ഓരോ പഞ്ചായത്തിലും രൂപീകരിക്കേണ്ടതാണ്.
- ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്.
- ഓരോ പാർപ്പിടങ്ങളിൽ ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നത് അവരുടെ ജീവിത നിലവാരത്തെയും ആരോഗ്യം, ശുചിത്വം എന്നിവ പാലിക്കുന്നതിനും വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

സാദ്ധ്യതകൾ

- തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നല്കുന്നതിന് പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.
- ഭവന നിർമ്മാണത്തിലെ ദുർവ്യയം ദൂരീകരിക്കാൻ നികുതി സംവിധാനം അടിയന്തിരമായി ഭേദഗതി ചെയ്യണം. ആഡംബരങ്ങൾക്കായി പണം ചെലവിട്ട് നിർമ്മിക്കുന്ന വീടുകൾക്ക് അധിക നികുതി ഈടാക്കുവാനുള്ള നിയമം കൊണ്ടു വരണം.
- പഞ്ചായത്ത് പ്രദേശത്ത് സൗകര്യപ്രദമായ സ്ഥലത്ത് വേണ്ടത്ര സ്ഥലം സർക്കാരോ, ഗ്രാമപഞ്ചായത്തോ ഏറ്റെടുത്ത്, അവിടെ ഫ്ളാറ്റുകൾ നിർമ്മിച്ച് പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണണം.
- സർക്കാർ സഹായത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള വീടുകൾ അറ്റകുറ്റപണികൾ ചെയ്യുന്നതിന് വേണ്ടി പ്രത്യേക സർവീസ് സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.
- ഹൗസിംഗ് സൊസൈറ്റികൾ സ്ഥാപിച്ച് പാർപ്പിട പ്രശ്നത്തിന് ഒരളവ് വരെ പരിഹാരം കാണാവുന്നതാണ്.
- കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുന്നതിന് സഹകരണ സംരംഭങ്ങൾ ഏർപ്പെടുത്തുക.
- ചെലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണം നടത്തേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്. ഇതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രത്യേകം സംവിധാനം ഉണ്ടാകണം.
- ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കണം. ഈ പദ്ധതിയുടെ സഹായത്തോടെ ഗ്രാമത്തിലുള്ള മുഴുവൻ ഭവന രഹിതർക്കും പാർപ്പിട സൗകര്യം ലഭ്യമാക്കാവുന്നതാണ്.

ഒരു ഭാഗത്ത് പല കുടുംബങ്ങൾ ഒരുമിച്ച് പാർക്കുന്ന സൗകര്യം കുറഞ്ഞ കോളനികളിലെ വീടുകൾ. മറുഭാഗത്ത് രണ്ടോ മൂന്നോ അംഗങ്ങൾക്കു പാർക്കാൻ ബഹുനില കെട്ടിടങ്ങൾ, നാലു ചുവരുകൾ കെട്ടി മേൽക്കൂര അടിച്ചുകൂട്ടാൻ കഴിയാതെ ഒരു കൂട്ടർ ബന്ധപ്പെടുമ്പോൾ മറ്റൊരു കൂട്ടർ

വില കൂടിയതും ഇറക്കുമതി ചെയ്യുന്നതുമായ ആഡംബര വസ്തുക്കൾ ഉപയോഗിച്ച് രമ്യഹർമ്മ്യങ്ങൾ പടുത്തുയർത്തുന്നു. കെട്ടിട നിർമ്മാണത്തിനായി പാഴാക്കുന്ന തുക ചെറുകിട വ്യവസായ മേഖലയിലോ മറ്റോ മുടക്കിയാൽ കുറേപ്പേർക്കു തൊഴിലും, മുടക്കു മുതലിന് ലാഭവും. ഇത്തരത്തിൽ ചിന്തിക്കാൻ ധനാഢ്യരിൽ പ്രത്യേകിച്ച് ഗൾഫു മലയാളികളിൽ പ്രേരണ ചെലുത്താനായാൽ ഇവിടെ വമ്പിച്ച മാറ്റങ്ങൾ പ്രതീക്ഷിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിയ്ക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ തരംതിരിയ്ക്കാം.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായമാണ് വലിയ തോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവത്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതു തന്നെയാണ്.

എട്ടാം പദ്ധതികാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1564 കുടുംബങ്ങളിൽ 201 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതിൽ എൺപത്തി രണ്ട് കുടുംബങ്ങൾ പട്ടികജാതി കുടുംബത്തിൽ നിന്നുള്ളവരാണ്. അങ്ങനെ സഹായം ലഭിച്ചതുവഴി എൺപത്തി ഒന്ന് കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി കാണുന്നു.

വിവിധ ക്ഷേമനിധി ബോർഡുകൾ നിലവിൽ വന്നെങ്കിലും തൊഴിലുടമകളുടെ സഹകരണക്കുറവ് കൊണ്ടും, തൊഴിലാളികളുടെ അജ്ഞത കൊണ്ടും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കയർ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നതിന് പ്രയാസങ്ങളും കാലതാമസവും അനുഭവപ്പെടുന്നുണ്ട്.

സ്ത്രീകളുടെ ക്ഷേമത്തിനും വികസനത്തിനുമായി വനിതാ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയില്ലെന്നതാണ് യഥാർത്ഥ്യം.

18 മുതൽ 35 വയസ്സുവരെയുള്ള യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഈ പഞ്ചായത്തിൽ വിവിധ വിഷയത്തിൽ ഈ വിധം പരിശീലനം ലഭിച്ചത് നാല്പത്തി ഒമ്പത് പേർക്കാണ്. പ്ലംമ്പിംഗ്, ബുക്ക് ബയൻറിംഗ്, കമ്പോസിംഗ്, ബ്യൂട്ടിഷൻ, എലക്ട്രോപ്ലേറ്റിംഗ്, വയറിംഗ്, എംബ്രോയിടറി ടെയിലറിംഗ്, ഇലക്ട്രിക്കൽ കയർ റാട്ട് എന്നിവയിലാണ് പരിശീലനം നൽകിയത്. പരിശീലനത്തെ തുടർന്ന് ആറുപേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. മറ്റ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇരുപത്തിനാല് ആണ്.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. തൊഴിൽ സംരംഭം എന്ന നിലയിൽ കയർ നിർമ്മാണത്തിലും യന്ത്രവത്കൃത കയർ പിരിയൂണിറ്റിലും പ്രവർത്തനം ആരംഭിക്കുവാനുള്ള ശ്രമം തുടങ്ങിയെങ്കിലും ഇതുവരെ പ്രാവർത്തികമായിട്ടില്ല. യന്ത്രവത്കൃത കയർപിരി യൂണിറ്റിനു വേണ്ടി 96800 രൂപയുടെ ലോൺ ഫെഡറൽ ബാങ്ക് വക്കം ശാഖ 14.3.96 ന് അനു

വദിച്ചു മെഷിനറി ലഭിക്കുന്നതിലേക്ക് കെൽട്രോണിനു ഡി.ഡി. നൽകിയെങ്കിലും മെഷിനുകൾ എത്തിയിട്ടില്ല. കയർ നിർമ്മാണ യൂണിറ്റും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം വീടാവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 825 ആണ്. അതിൽ ഈ പഞ്ചായത്തിൽ 270 വീടുകൾ ഇതിനകം അനുവദിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും അനുവദിക്കേണ്ടത് 555 വീടുകളാണ്.

1992 നു ശേഷം വിവിധ പദ്ധതികളിലായി ഈ പഞ്ചായത്തിൽ ഐ.ആർ.ഡി.പി സർവ്വേപ്രകാരം അനുവദിച്ച കക്കൂസുകളുടെ എണ്ണം 774 ആണ്. അത്രയും കക്കൂസുകൾ പൂർത്തിയാക്കുകയും ചെയ്തു. ഇനി കക്കൂസുകൾ [illegible] 500 ഓളം കുടുംബങ്ങൾ അവശേഷിക്കുന്നുണ്ട്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം വക്കം പഞ്ചായത്തിൽ ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം 63 ആയി കണക്കാക്കുന്നു. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (ആർ.ഏ.പി) പ്രകാരം ആധുനിക ഉപകരണങ്ങൾക്കുവേണ്ടി ധനസഹായം ലഭിച്ചവർ 56 പേരാണ്. ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം 70 ആയി കണക്കാക്കുന്നു. പാരമ്പര്യ തോഴിലിൽ ഏർപ്പെട്ടവർക്കു [illegible] ഈ സർവ്വേയിൽ ഉൾപ്പെടാത്ത നിർദ്ധന കുടുംബങ്ങളിലെ കുറച്ചു കൈത്തൊഴിലാളികൾക്കും ഉപകരണം നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പു വഴിയും മറ്റു വിവിധ വകുപ്പുകൾ വഴിയും സഹായധനം ലഭിക്കുന്ന 735 പേരാണുള്ളത്. അഗതി പെൻഷൻ ലഭിക്കുന്ന 43 പേരും വിധവാ പെൻഷൻ ലഭിക്കുന്ന 20 പേരും വികലാംഗ പെൻഷൻ ലഭിക്കുന്ന 15 പേരും വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്ന 8 പേരും ക്ഷയരോഗപെൻഷൻ ലഭിക്കുന്ന 4 പേരും കുഷ്ഠരോഗി പെൻഷൻ ലഭിക്കുന്ന 2 പേരും കാൻസർ രോഗി പെൻഷൻ ലഭിക്കുന്ന 3 പേരും കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്ന 267 പേരും തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന 373 പേരുമാണുള്ളത്.

പട്ടിക 1

സഹായധനത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം	തുക പ്രതിമാസം
അഗതി പെൻഷൻ	43	100
വിധവാ പെൻഷൻ	20	100
വികലാംഗ പെൻഷൻ	15	100
വാർദ്ധക്യകാല പെൻഷൻ	8	100
ക്ഷയരോഗ പെൻഷൻ	4	50
കുഷ്ഠരോഗ പെൻഷൻ	2	100
കാൻസർ രോഗി പെൻഷൻ	3	100
കയർതൊഴിലാളി പെൻഷൻ	267	75
തൊഴിലില്ലായ്മ വേതനം	373	70
ആകെ	735	

ക്ഷേമ പദ്ധതികളിലൂടെ സഹായം ലഭിക്കുന്നവരിൽ അർഹത ഇല്ലാത്തവരാരും ഇല്ല. എന്നാൽ വിവിധ ക്ഷേമപദ്ധതി പ്രകാരം പെൻഷൻ ലഭിക്കാൻ അർഹതയുള്ളവർ ഏറെയുണ്ടെങ്കിലും അർഹതയുള്ളവർക്കെല്ലാ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. പലപ്പോഴും ഇത്തരം ആൾക്കാരുടെ അപേക്ഷ സ്വീകരിച്ചു ഇൻറർവ്യൂവിനു വിളിക്കുമ്പോൾ നാമമാത്രമായുള്ള അപേക്ഷകളിന്മേൽ മാത്രമെ തീരുമാനമെടുക്കുന്നുള്ളു. സർക്കാരിന്റെ സാമ്പത്തിക പരാധീനതകളാണ് പലപ്പോഴും അർഹതപ്പെട്ട പല അപേക്ഷകരെയും ഒഴിവാക്കാൻ നിർബ്ബന്ധിതരാക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും അർഹതപ്പെട്ട ആളുകളുടെ, പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ കൊണ്ടും സാമൂഹ്യരംഗത്തു പ്രവർത്തിക്കുന്നവരുടെ നിസ്സംഗത കൊണ്ടും അർഹതപ്പെട്ട ഒട്ടനവധി പേർക്കു പലവിധ സഹായങ്ങളും ഇന്നു ലഭിക്കുന്നില്ല. (വ്യക്തമായ കണക്ക് ലഭിച്ചിട്ടില്ല.

മഹിളാ സമാജങ്ങൾ. [illegible] അംഗൻവാടികൾ

1952 സെപ്തംബർ മാസത്തിലാണ് ഈ പഞ്ചായത്തിൽ ആദ്യമായി ഒരു മഹിളാ സമാജം

രൂപം കൊണ്ടത്. 26.1.1956-ൽ 7/56 ആയി രജിസ്റ്റർ ചെയ്യപ്പെട്ട വക്കം വനിതാ സംഘം എന്ന ഈ സ്ഥാപനം ഇന്നു സ്വന്തം വസ്തുവും കെട്ടിടവും ആയി പ്രവർത്തനം നടത്തുന്നു. 30 കുട്ടികൾക്കും 20-ഓളം തയ്യൽ വിദ്യാർത്ഥികൾക്കും ഇവിടെ പരിശീലനം നൽകുന്നു. സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും ഗ്രാൻറ് ലഭിക്കുന്ന ഈ സ്ഥാപനത്തിൽ രണ്ട് ജീവനക്കാരുണ്ട്. (ക്രാഫ്റ്റ് ടീച്ചർ, ബാലവാടി ടീച്ചർ). 1995-96 കാലയളവിൽ 12869 രൂപ ഗ്രാൻറായി ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു ബാലവാടിയും പ്രവർത്തിക്കുന്നു. ഇത് 9-ാം വാർഡിലാണ്.

ഇതല്ലാതെ നാലാം വാർഡിൽ മറ്റൊരു ബാലവാടിയും പ്രവർത്തിക്കുന്നു. ഈ സ്ഥാപനം 'സേവാദളം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇന്നു ഈ കേന്ദ്രം അംഗൻവാടിയായി പ്രവർത്തിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവക്കുന്ന അംഗൻവാടികൾ ഈ പഞ്ചായത്തിൻെറ ഒമ്പത് വാർഡുകളിലായി 9 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ.സി.ഡി.എ സിൻെറ ലക്ഷ്യമെങ്കിലും ഇത് നമ്മുടെ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല എന്ന് കണക്കുകൾ കാണിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിൻെറ കടന്നു കയറ്റം ഈ പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. അംഗൻവാടികളുടെ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരുംതലമുറയെ വാർത്തെടുക്കുന്ന അങ്കക്കളരിയായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപർ എന്നീ തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ 3½ മണി വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിൻെറ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. അംഗൻവാടികൾക്ക് സ്വന്തമായി, പഞ്ചായത്തു തലത്തിൽ ലഭിക്കുന്ന ഫണ്ടുപയോഗിച്ചു കെട്ടിടം ഉണ്ടാക്കുകയും ഉള്ളവ അറ്റകുറ്റപണി നടത്തിക്കുകയും ചെയ്യുക.
2. കളിപ്പാട്ടങ്ങൾ വാങ്ങി നൽകുക.
3. പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
4. ആഴ്ചയിൽ ഒരു ദിവസം വൈദ്യപരിശോധന നടത്തിക്കുക.
5. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

ക്ഷേമനിധികളെ സംബന്ധിച്ച്

1) കയർ തൊഴിലാളി ക്ഷേമനിധി

കയർ മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾ 90 ശതമാനം പേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കയർ വ്യവസായ മേഖലയിൽ സ്വകാര്യമേഖലയിലാണ് ഭൂരിപക്ഷം തൊഴിലാളികളും പണിയെടുക്കുന്നത്. ഈ മേഖലയിലെ തൊഴിലാളികൾ ബോധവാന്മാരല്ലാത്തതും തൊഴിലാളി യൂണിയനും അതിൻെറ പ്രവർത്തകരും സൊസൈറ്റികളും മുൻകൈയെടുക്കാത്തതുമാണ് തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ സാധിക്കാത്തത്. നിലവിലുള്ള പദ്ധതിക്ക് ഒട്ടനവധി അപാകതകൾ ഉണ്ട്. തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗമായാൽ തന്നെ തൊഴിലുടമകൾ അവർ അടക്കേണ്ട ക്ഷേമനിധി വിഹിതം അടക്കുവാൻ വിമുഖത കാണിക്കുന്നു. നിലവിലുള്ള നിയമങ്ങളിലെ പഴുതുകളാണ് ഇക്കൂട്ടരെ ഇതിനു പ്രേരിപ്പിക്കുന്നത്. ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് കയർ മേഖലയിൽ കയർ തൊഴിലാളിയായി പ്രവർത്തിച്ചിരുന്ന എല്ലാ കയർ തൊഴിലാളികൾക്കും അന്നത്തെ നിരക്കിൽ പെൻഷൻ നൽകാനാണ് ലക്ഷ്യം ഇട്ടിരുന്നതെങ്കിലും അത്തരം അർഹതപ്പെട്ട തൊഴിലാളികളിൽ 50 ശതമാനത്തിൽ താഴെ മാത്രം തൊഴിലാളികൾക്കെ ഇന്ന് കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നുള്ളു. പെൻഷൻ അനുവദിക്കപ്പെട്ടവർക്കു തന്നെ

വർഷങ്ങളോളമുള്ള കുടിശ്ശിക പെൻഷൻ ലഭിക്കാനുണ്ട്. വിവാഹധന സഹായം, മരണാനന്തര ആനുകൂല്യങ്ങൾ, എന്നിവ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് യഥാസമയം ലഭിക്കുന്നില്ല. കയർ തൊഴിലാളികളെ കിടത്തി ചികിത്സിക്കാനുള്ള 6 കിടക്കകളുള്ള ഒരു വാർഡ് വക്കം പ്രൈമറി ഹെൽത്തു സെൻററിൽ പ്രവർത്തിക്കുന്നുള്ളുണ്ട്.

2) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ അഞ്ഞൂറോളം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം അടക്കുന്നതിനും പിരിക്കുന്നതിനും നിയമം നിലവിലുണ്ടെങ്കിലും നിയമ നടപടി സ്വീകരിച്ചു വിഹിതം അടപ്പിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. കയർ മേഖലയിൽ പണിയെടുത്തുവരുന്ന സ്ത്രീ തൊഴിലാളികൾ പല പ്പോഴും ആ മേഖലയിൽ തൊഴിൽ ഇല്ലാതെ വരുമ്പോൾ കെട്ടിട നിർമ്മാണ തൊലിലാളികളായി രംഗത്തു വരുന്നുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 60 വയസിനു മുകളിൽ പണി ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. ഈ വിഭാഗം തൊഴിലാളികൾക്ക് 60 വയസു കഴിഞ്ഞാലുടൻ പെൻഷൻ നൽകത്തക്ക വിധം ക്ഷേമ നിധിയുടെ പ്രവർത്തനം താലൂക്കടിസ്ഥാനത്തിൽ നടപ്പിലാക്കണം.

3) കേരള കൈത്തൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ തൊഴിലാളി

വക്കം പഞ്ചായത്തിൽ ഏകദേശം 350 ഓളം തയ്യൽ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അസംഘടിതരായിരുന്ന തയ്യൽ തൊഴിലാളികൾ ഇപ്പോൾ സംഘടിതരാകുന്നുണ്ട്. മുൻകാലങ്ങളിൽ പുരുഷന്മാർക്ക് മുൻ തൂക്കം ഉണ്ടായിരുന്ന ഈ മേഖലയിൽ ഇന്ന് സ്ത്രീകൾ ആധിപത്യം സ്ഥാപിച്ചിരിക്കുകയാണ്. ഒരു കൈത്തൊഴിലാളി എന്ന നിലയിൽ 10-ാം സ്റ്റാൻേറർഡ് പൂർത്തിയാക്കി ഉപരിപഠനത്തിനു സൗകര്യം ലഭിക്കാത്ത സാധാരണ കുടുംബങ്ങളിലെ വനിതകൾ തയ്യൽ തൊഴിൽ അഭ്യസിക്കുന്നതായാണ് കാണുന്നത്. വർഷങ്ങൾക്കു മുമ്പ് തയ്യൽക്കടകൾ കേന്ദ്രീകരിച്ചു തൊഴിലെടുത്തിരുന്നവർ ഇന്ന് വീട്ടിനുള്ളിൽ തന്നെയിരുന്നു ഈ തൊഴിൽ ചെയ്യുന്നുവെന്നതാണ് പ്രത്യേകത. പുരുഷന്മാരുടെയും സ്ത്രീകളുടെയും വസ്ത്രങ്ങൾ തുന്നിയിരുന്നത് ഒരേ കടയിലായിരുന്നുവെങ്കിൽ ഇന്നതിനു മാറ്റം വന്നിരിക്കുന്നു. പുരുഷന്മാരുടെ വസ്ത്രങ്ങൾ പുരുഷന്മാരിലൂടെയും സ്ത്രീകളുടെ വസ്ത്രങ്ങൾ സ്ത്രീകളിലൂടെയും തുന്നുന്ന രീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളാണെന്നു കണക്കാക്കുന്നു.

മരം കയറ്റ മരം അറുപ്പു തൊഴിലാളി

മരം കയറ്റ മരംഅറുപ്പു തൊഴിലാളികൾ ഈ പഞ്ചായത്തിൽ 300 ഓളം പേരുണ്ട്. സംഘടിതരായ ഈ തൊഴിലാളികളിൽ 60 പേർ ഈ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന മറ്റു തൊലിലാളികളെക്കൂടി ഈ പദ്ധതിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

ബാർബർ, കൊല്ലന്മാർ, ബീഡി തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ആഭരണതൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ, അലക്കുകാർ, പാലു കറവക്കാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഈ മേഖലയിലുള്ള ഭൂരിപക്ഷം തൊഴിലാളികളെയും പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല.

കർഷകത്തൊഴിലാളി ക്ഷേമനിധി

പാടത്തു പണിയെടുക്കുന്ന തൊഴിലാളികൾ ഈ ഗ്രാമത്തിൽ താരതമ്യേന കുറവാണെങ്കിലും ഓല മെടയുന്ന തൊഴിലാളികളെയും മൺവെട്ടി വേലക്കാരെയും മറ്റും കർഷക തൊഴിലാളികളായി അംഗീകരിച്ചു 28-ഓളം തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും അംഗങ്ങളാക്കിയിട്ടുണ്ട്.

ചുമട്ടുതൊഴിലാളി ക്ഷേമനിധി

ചുമട്ടു തൊഴിലിൽ സ്ഥിരമായി ഏർപ്പെട്ടിരിക്കുന്ന 270 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. സംഘടിത വിഭാഗമായി ചുമട്ട് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത് 150 പേർ മാത്രമാണ്. ശേഷിക്കുന്നവർ പല തൊഴിലിൽ ഏർപ്പെടുന്നതോടൊപ്പം ചുമടും തൊഴിലാക്കി വരുന്നു അതിൽ ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. വ്യത്യസ്ഥ രാഷ്ട്രീയ സംഘടനയുടെ കീഴിൽ അണിനിരന്നിട്ടുള്ളവരാണ് സംഘടിത തൊഴിലാളികൾ ആയ നൂറ്റി അമ്പത്

പേർ. ഇവർപോലും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

പൊതുവിതരണം

ഗ്രാമ പഞ്ചായത്തിലാകെയുള്ള കാർഡുടമകൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഒമ്പത് പൊതുവിതരണ കേന്ദ്രത്തിൽ നിന്നും സമീപ പഞ്ചായത്തിനോട് ബന്ധപ്പെട്ടു കിടക്കുന്ന മറ്റ് രണ്ട് കേന്ദ്രങ്ങളിൽ നിന്നുമാണ് ഭക്ഷ്യ വസ്തുക്കൾ വാങ്ങിവരുന്നത്. ഈ പഞ്ചായത്ത് പ്രദേശത്താകെ 3786 കാർഡ് ഉടമകൾ ഉള്ളതായി കണക്കാക്കുന്നു. ഏകദേശം 17122 ഗുണഭോക്താക്കൾ ഉള്ളതിൽ 14283 പേർ 12 വയസ്സിനുമേൽ പ്രായമുള്ളവരും 2839 പേർ 3 നും 12 നും മദ്ധ്യേ പ്രായമുള്ളവരും ആണെന്ന് കണക്കാക്കുന്നു. 997 കുടുംബങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല എന്നാണ് സൂചന. നൂറ്റി അമ്പതോളം പേർക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ച് കിട്ടിയിട്ടുള്ളവരാണ്.

റേഷൻ ഷാപ്പ് പൊതു വിതരണ കേന്ദ്രമായതോട്കൂടി പ്രവർത്തനത്തിന് താളപ്പിഴ സംഭവിച്ചതായി അനുഭവപ്പെടുന്നു. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതു വിതരണ കേന്ദ്രത്തെ നിലവിലുള്ള ആക്ട് പ്രകാരം 'റേഷൻ ഷാപ്പ്' എന്നാക്കിത്തന്നെ മാറ്റണം. റേഷൻ ഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്തുകൾക്ക് നൽകി ഈ മേഖലയിൽ ഇന്നുള്ള പരാതിക്ക് പരിഹാരം കാണണം.

അതാത് പഞ്ചായത്തുകളിൽ ഉള്ള പൊതുവിതരണ കേന്ദ്രത്തിലൂടെ മാത്രം അതാത് പഞ്ചായത്തിലെ കാർഡുടമകൾക്കുള്ള ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുവാൻ വ്യവസ്ഥയുണ്ടാവണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും ജനങ്ങളെ ബോധവത്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതികൾ ഒരു റേഷൻ ഷാപ്പിന് ഒന്ന് എന്ന രീതിയിൽ രൂപീകരിക്കണം. അവർക്ക് സ്റ്റാറ്റ്യൂട്ടറിയായുള്ള അധികാരം നൽകണം.

പ്രശ്നങ്ങൾ

- പദ്ധതികളെക്കുറിച്ചുള്ള അജ്ഞതമൂലം പല ക്ഷേമ പദ്ധതികളുടേയും ഗുണഫലം അർഹതപ്പെട്ടവർക്കു ലഭിക്കുന്നില്ല.
- അർഹതയില്ലാത്തവർ പദ്ധതിയുടെ പ്രയോജനം കൈക്കലാക്കുകയും ചെയ്യുന്നു.
- IRDP ഗുണഭോക്താക്കളുടെ ലിസ്റ്റിൽ വന്നിട്ടുള്ള പോരായ്മകൾ.
- ഉദ്യോഗതലത്തിൽ ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിൽ കാണുന്ന വീഴ്ച.
- സാങ്കേതിക നൂലാമാലകൾ.
- അഴിമതി.
- പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഓഫീസുമായി ബന്ധപ്പെടുവാനുള്ള പ്രയാസം.

സാദ്ധ്യതകൾ

- പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് ബോധവൽക്കരിക്കൽ.
- ട്രൈസം പദ്ധതി വിപുലപ്പെടുത്തി ട്രെയിനിംഗ് ലഭിക്കുന്നവരെ അതാത് തൊഴിലിൽ നിലനിർത്തുക.
- വനിതകൾക്കായി 20 പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കണം.
- ധനസഹായ പദ്ധതികൾക്കു അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനുമുള്ള ജനകീയ സംവിധാനം.
- ഈ ഗ്രാമത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ വക ഒരു മാവേലി സ്റ്റോർ അനുവദിക്കണം.
- ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളെ കണ്ടെത്തി അതാത് മേഖലയിലെ ക്ഷേമനിധിയിൽ അംഗങ്ങളാക്കണം.



5.8

സംസ്ക്കാരം

കേരള സംസ്ഥാനത്ത് ഏറ്റവും ജനസാന്ദ്രത [illegible] പത്താം സ്ഥാനമാണ് ഇന്ന് വക്കം പഞ്ചായത്തിനുള്ളത്. അഞ്ചുകിലോമീറ്ററിൽ അധികം വിസ്തീർണ്ണമുള്ളതും മൂന്നു ഭാഗവും കായലാൽ ചുറ്റപ്പെട്ടുകിടക്കുന്നതുമായ ഭൂവിഭാഗമാണ് വക്കം. ചതുരശ്ര കിലോമീറ്ററിനകത്ത് അഞ്ഞൂറോളം വീടുകളും ശരാശരി നാലായിരത്തിൽപരം മൊത്ത ജനസംഖ്യയും കണക്കാക്കുന്നു.

മതസൗഹാർദ്ദത്തിൽ അടിയുറച്ചു വരുന്ന ജനസമൂഹമാണ് ഈ പഞ്ചായത്ത് പ്രദേശത്ത് പാർക്കുന്നത്. ജനസംഖ്യയിൽ 75 ശതമാനം ഹിന്ദുക്കളും 25 ശതമാനം മുസ്ലീങ്ങളുമാണ്. ജാതിമതസ്പർധകളൊന്നുമില്ലാതെ നാനാജാതിമതസ്ഥരും ഈ പ്രദേശത്തെ ആചാരങ്ങളിലും ആഘോഷങ്ങളിലും ഒരു പോലെ സഹകരിച്ചു വരുന്നു.

ഭൂപ്രകൃതി - കാർഷികവ്യാവസായിക സാധ്യതകൾ - ജലസമൃദ്ധി - ഗതാഗത സൗകര്യം സർവ്വോപരി പ്രശാന്തമായ സാമൂഹ്യജീവിതത്തിന് അനുയോജ്യമായ സാംസ്കാരിക അടിത്തറ എന്നിവയാണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. വടക്ക് പടിഞ്ഞാറ് ഭാഗവും മിക്കവാറും തെക്കു ഭാഗവും കായലാൽ ചുറ്റപ്പെട്ട ആർദ്രത ഒരിക്കലും വിട്ടുമാറാത്ത ഫലഭൂയിഷ്ടഭൂമിയാണ് ജനങ്ങളുടെ അധിക ആവാസത്തിന് കാരണം. കൃഷിക്കും, കയർവ്യവസായത്തിനും അതീവ അനുകൂല സാഹചര്യം. കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചാഞ്ഞുള്ള പ്രകൃതി. മഴവെള്ളം പോലും കൃത്യമായും എത്രയും വേഗം പടിഞ്ഞാറോട്ടൊഴുകി കായലിലും പിന്നെ കടലിലേക്കും പോകാൻ എളുപ്പമായതിനാൽ വെള്ളപ്പൊക്കമെന്ന ഭീഷണി ഈ പ്രദേശത്തെ പലപ്പോഴും ഭയപ്പെടുത്തുന്നില്ല. തെങ്ങും നെല്ലും ഉൾപ്പെടെ മിക്കവാറും എല്ലാ സസ്യജാലങ്ങൾക്കും അനുകൂലമായ കാലാവസ്ഥയും ഫലഭൂയിഷ്ടിയും. കാലിവളർത്തലിനു പറ്റിയ സാഹചര്യം. ഉഷ്ണകാലാവസ്ഥയിൽ കുറച്ചു ദിവസത്തെ കൊതുകുശല്യം ഒഴിച്ചാൽ ഈ പ്രദേശം സുഖകരമായ ജനജീവിതത്തിന് തികച്ചും അനുയോജ്യം തന്നെ. തൊഴിൽ സാദ്ധ്യതകളും, കാർഷിക സൗകര്യവും മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങളും അതിനെ പ്രേരിപ്പിക്കുന്നു. കരമാർഗ്ഗം, ജലമാർഗ്ഗം, തീവണ്ടി മാർഗ്ഗവുമായി സമീപപ്രദേശങ്ങളിലേക്ക് ചരക്കുകൾ കടത്തുവാ

നും ആളുകൾക്കു സഞ്ചരിക്കുവാനും എത്രയോ സൗകര്യം. പഞ്ചായത്തിനകത്ത് റെയിൽവേ സ്റ്റേഷനില്ല. എങ്കിലും ഫലത്തിൽ രണ്ടു റെയിവേ സ്റ്റേഷനുകളുടെ സൗകര്യം വക്കം പഞ്ചായത്തിനുണ്ട്. അകത്തുമുറി റെയിൽവേ സ്റ്റേഷൻ വക്കം പഞ്ചായത്തിന്റെ മൂന്നും നാലും വാർഡിലും, കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷൻ 7-ും 8-ും വാർഡിലും തൊട്ടുകിടക്കുകയാണ്. ഈ ഭൗതിക സാഹചര്യങ്ങൾക്ക് അതീതമായി ശാന്തസുന്ദരമായ ഒരു സാസ്കാരികാന്തരീക്ഷം കൂടിയുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ അനുകൂല ഘടകങ്ങളാവും ഇത്രയും നല്ല ഒരു സാംസ്കാരിക അടിത്തറ ഈ ഗ്രാമത്തിന് നല്കിയത്. സർവ്വജാതി മതസ്ഥരും പ്രത്യേകിച്ച് ഒരുഭേദ ചിന്തയും സ്പർദ്ധയും കൂടാതെ സൗഹാർദ്ദമായി, മാതൃകാപരമായി കഴിഞ്ഞുകൂടുന്ന മറ്റൊരു പ്രദേശവും ഇതേപോലെ ചൂണ്ടിക്കാണിക്കുവാൻ ഈ താലൂക്കിൽ പോലും ഇല്ല എന്നതാണ് സത്യം.

ഹിന്ദു ആരാധനാലയങ്ങളായി പത്ത് ക്ഷേത്രങ്ങളും, മുസ്ലീം ദേവാലയങ്ങളായി അഞ്ച് പള്ളികളുമാണ് ഇന്ന് ഈ കൊച്ചുഗ്രാമത്തിലുള്ളത്.

ചരിത്രപരമായി അറിയപ്പെട്ടിരുന്ന വേലായുധൻ നടയും, ചേരമാൻ രാജാവിന്റെ മുഖ്യ സൈന്യാധിപനായ ഉലകുടപെരുമാളിന്റെ ധീരതയെ അനുസ്മരിപ്പിക്കുന്ന വിഗ്രഹമില്ലാത്ത ദൈവപ്പുരക്ഷേത്രവുമായിരുന്നു ഈ പ്രദേശത്തെ പുരാതന ഹിന്ദു ദേവാലയങ്ങൾ.

പട്ടിക - 1

ക്രമ നമ്പർ	ആരാധനാലയങ്ങൾ			വാർഡ്
	ക്ഷേത്രം	മുസ്ലിം പള്ളി		
1	കുന്നിൽ ക്ഷേത്രം	1	പടിഞ്ഞാറെ ജമാഅത്ത് (വലിയ പള്ളി)	1
2	കണ്ണമംഗലം	2	പൂന്ത്രാൻ വിളാകം പള്ളി	2
3	ദേവേശ്വര ക്ഷേത്രം (പുത്തൻ നട)	3	കിഴക്കേ ജമാഅത്ത് (കൊച്ചുപള്ളി)	3
4	പുതിയകാവ് ആനന്ദവല്ലീശ്വരം ക്ഷേത്രം			4
5	ദൈവപ്പുരക്ഷേത്രം			4
		4	കായൽവാരംപള്ളി	5
		5	മണനാക്ക് പള്ളി	5
6	വേലായുധൻ നട			6
7	മല്ലൻ നട			7
8	വെളിവിളാകം			7
9	കുളങ്ങര			7
10	പുത്തൻ മുക്കാലുവട്ടം ഭഗവതി ക്ഷേത്രം			8

യുവാവായിരിക്കെ ശ്രീനാരായണഗുരു ധ്യാനത്തിനായി ഇരിക്കുമായിരുന്ന അമ്പലമായിരുന്നു വേലായുധൻ നട. (അണയിൽ). 1888-ൽ അരുവിപ്പുറം പ്രതിഷ്ഠയ്ക്കുശേഷം പുന-പ്രതിഷ്ഠ നടത്തിയ ക്ഷേത്രമെന്ന പദവിയും വേലായുധൻ നടയ്ക്കുണ്ട്.

ഏകദേശം നാല് നൂറ്റാണ്ടോളം പഴക്കം അവകാശപ്പെടാവുന്ന വക്കം ദൈവപ്പുരക്ഷേത്രവും അവിടുത്തെ ആചാരാനുഷ്ടാനങ്ങളും പരിശോധിച്ചാൽ സർവതലങ്ങളിലും ഉള്ള ആളുകൾ നേരിട്ട് ഉത്തരവാദപ്പെട്ടു തന്നെ ഭാഗഭാക്കാവുന്ന തരത്തിലായിരുന്നു എന്ന് കാണാം. ഒരു ദേവത എന്നതിനേക്കാൾ വൈദേശിക ആക്രമണത്തെ ചെറുത്ത്

തോൽപിച്ച് വീരസ്വർഗ്ഗമടഞ്ഞ ഒരു യുവരാജയോദ്ധാവിന്റെ പാവനസ്മരണ അയവിറക്കുന്നതാണ് ഈ ക്ഷേത്രത്തിലെ പട മഹോത്സവം. ഇത് ഈ പ്രദേശത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ അതി ശ്രദ്ധേയമായ ഒരു മഹത്വവും അന്യാദൃശ്യത്വവും അവകാശപ്പെടാൻ അർഹത നൽകുന്നുണ്ട്. ഓരോ രണ്ടു വർഷത്തിലൊരിക്കെ നടത്തിവരുന്ന പടമഹോത്സവത്തിൽ ഈ ഗ്രാമത്തിലെ നാനാജാതി മതസ്ഥരും ഒരുപോലെ ആഘോഷപൂർവ്വം പങ്കെടുക്കുന്നു. ഉത്സവാഘോഷങ്ങൾ വർഷംതോറും നടത്തുന്ന മറ്റുക്ഷേത്രങ്ങൾ വക്കം ദേവേശ്വരക്ഷേത്രം (പുത്തൻനട), കണ്ണമംഗലം ക്ഷേത്രം, പുത്തൻമുക്കാലുവട്ടം ക്ഷേത്രം മല്ലൻനട, വെളിവിളാകം ക്ഷേത്രം, കുളങ്ങര ക്ഷേത്രം എന്നവയാണ്. ഈ ക്ഷേത്രങ്ങളിലെ ഉത്സവാദികാര്യങ്ങളിലെല്ലാം തന്നെ ജാതിമത വ്യത്യാസമില്ലാതെ എല്ലാവിഭാഗം ജനങ്ങളും പരിപൂർണ്ണമായി സഹകരിക്കുന്നു എന്നുള്ളതാണ് പ്രത്യേകത. ഈ ഗ്രാമത്തിലുള്ള മുസ്ലീം പള്ളികളോട് ചേർത്ത് മതപഠന കേന്ദ്രങ്ങളായ മദ്രസ്സകൾ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസവും സംസ്കാരവും മുസ്ലിംങ്ങളിൽ വളർത്തിക്കൊണ്ടുവരുന്നതിന് മദ്രസ്സകളുടെ പ്രവർത്തനം വളരേയേറെ സഹായിക്കുന്നുണ്ട്.

മുസ്ലിം ജനവിഭാഗങ്ങൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചുവരുന്ന നബിദിനം, ബക്രീദ്, റംസാൻ മുതലായ വാർഷിക ചടങ്ങുകളിൽ മറ്റ് വിഭാഗം ജനങ്ങൾ സാഹോദര്യവും സൗഹാർദ്ദവും നിലനിറുത്തിയാണ് സഹകരിച്ചു വരുന്നത്.

ഇവിടെയുള്ള മുസ്ലീം ദേവാലയങ്ങൾക്കും ഇപ്പോൾ നാമാവശേഷമായിപ്പോയിരിക്കുന്ന ഒരു ക്രൈസ്തീയ കുടുംബത്തിനും അവരുടെ ആരാധനാലയത്തിനും (മിഷൻ സ്ക്കൂൾ) ഭൂമി നൽകിയത് ഇവിടത്തെ ഈഴവ പ്രമാണിമാർ ആയിരുന്നു. ഇവിടുള്ള ഒരു നായർ ദേവാലയമായ വെളിവിളാകം ക്ഷേത്രത്തിൽ ഈഴവ കുടുംബത്തെ പ്രതിനീധീകരിക്കുന്ന ആൽത്തറകളും ആരാധനയ്ക്കായി പ്രത്യേക സ്വകര്യങ്ങളും ഉണ്ടായിരുന്നു എന്ന വസ്തുത പുതിയ തലമുറയ്ക്ക് അജ്ഞാതമാണ്. ക്ഷേത്രപ്രവേശന വിളംബരത്തിന് മുൻപ്തന്നെ ഇവിടെ ഏതു ദേവാലയവും ആരും ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നിരുന്നു എന്നതാണ് സവിശേഷ വസ്തുത. ബ്രാഹ്മണ സ്വാധീനം ഈ പ്രദേശത്ത് ഏശിയിരുന്നില്ല എന്നതാവാം ഇതിന് ഹേതു. വൈദ്യം, മാന്ത്രികം, ജ്യോതിഷം ആദിയായ വിഷയങ്ങളിൽ അസാമാന്യ പാണ്ഡിത്യം നേടിയിരുന്നവർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. അവരിൽ നിന്നും അത്തരം അപൂർവ്വ വിദ്യ പഠിക്കാൻ ബ്രാഹ്മണർ പോലും വന്നിരുന്നു എന്നതാകാം ഇതിന് അനുകൂലമായിരുന്ന ഒരു ഘടകം എന്ന് ഊഹിക്കാം.

ഇന്ന് ഈ ഗ്രാമത്തിൽ മുന്നോക്കജാതിയിൽപ്പെട്ട നായർ വിഭാഗങ്ങളും പിന്നോക്ക ജാതിയിൽപ്പെട്ട ഈഴവർ, മൂസ്ലീംങ്ങൾ, വണിക വൈശ്യർ, ആശാരിമാർ, കൊല്ലപ്പണിക്കാർ, തട്ടാന്മാർ, ഈഴവവാത്തി, വാത്തി, വിളക്കിത്തല നായർ എന്നീ വിഭാഗങ്ങളും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട തണ്ടാർ, പുലയർ, പറയർ, കുറവർ, മണ്ണാൻ, പാണൻ എന്നീ വിഭാഗത്തിലുമുള്ളവരും ഉണ്ട്. മൊത്തം ജനസംഖ്യയിൽ ഉദ്ദേശം 2 ശതമാനം മുന്നോക്ക ജാതിക്കാരും, മറ്റ് പിന്നോക്ക വിഭാഗത്തിൽ 65 ശതമാനം ഈഴവരും, 23 ശതമാനത്തോളം മുസ്ലിംങ്ങളും, 10 ശതമാനത്തോളം പട്ടികജാതി വിഭാഗത്തിപ്പെട്ടവരുമാണ്. ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈഴവ സമുദായമാണ് സാമ്പത്തികമായി മുന്നിൽ. തൊട്ടടുത്ത് മുസ്ലിം സമുദായവുമാണ്. മറ്റ് ജാതീയ വിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങളിൽ സാമ്പത്തികമായി മുന്നോട്ട് വന്നിട്ടുള്ളവർ വളരെയേറെ കുറവാണ്.

വിദ്യാഭ്യാസവും കർമ്മശേഷിയും ബുദ്ധിശക്തിയുംകൊണ്ട് ശ്രേഷ്ഠമായ ഒരു സാംസ്ക്കാരിക അടിത്തറ ഈ പ്രദേശത്ത് രൂപപ്പെടുവാൻ ഇടയായി. മുന്നൂറിൽപ്പരം വർഷംകൊണ്ട് ചേപ്പേടുകളിൽ (ചെമ്പ് തകിടിൽ) നാഗര ലിപിയിൽ ശുദ്ധമായ വടിവിൽ പേര് എഴുതി കയ്യൊപ്പു വയ്ക്കാൻ കഴിയുമായിരുന്ന ഈഴവ സ്ത്രീകളും ഈ പ്രദേശത്തുണ്ടായിരുന്നു എന്ന് അറിയുമ്പോൾ ബ്രാഹ്മണ ഇല്ലങ്ങളും രാജകൊട്ടാരങ്ങളും പോലും മൂക്കിൽ വിരൽ വച്ചുപോകും. അതായിരുന്നു ആ കാലഘട്ടത്തിലെ ഈ രാജ്യത്തെ അവസ്ഥ. അബ്രാഹ്മണൻ വേദം പഠിച്ചാൽ അവന്റെ ചെവിയിൽ ഈയ്യം ഉരുക്കി ഒഴിക്കുന്ന മേലാളന്മാരുടെ തേർവാഴ്ച നടക്കുന്ന രാജ്യത്താണ് ഈ പ്രദേശത്ത് ഈ ഉന്നത വിദ്യാഭ്യാസം നടന്നതെന്ന് ഓർക്കണം. ജ്യോതിഷവും വൈദ്യവും നന്നായി പ്രാക്ടീസ് ചെയ്തിരുന്ന സ്ത്രീകൾപോലും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു എന്നതാണ് നേര്.

ജാതിക്കും മതത്തിനും അതീതമായി സാമൂഹികമായ അനീതിക്കും ബഹുജനങ്ങളുടേയും തൊഴിലാളികളുടെയും അവകാശ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി രൂപംകൊണ്ട സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും തുടർന്നു രൂപംകൊണ്ട കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനവും ഈ നാട്ടിൽ സാമൂഹിക അനാചാരങ്ങളെ മാറ്റുന്നതിനും വലിയ സംഭാവന നൽകിയിട്ടുണ്ട്. ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഈ വിധമുള്ള പ്രവർത്തനങ്ങൾ ഇന്നും ഈ ഗ്രാമത്തിൽ ഊർജ്ജസ്വലമായി നടന്നുവരുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും ഈ തുറകളിൽ അവരുടെതായ വലിയ സംഭാവനകൾ ഇന്നും നൽകുന്നുണ്ട്.

ശ്രീനാരായണ ഗുരുദേവന്റെ ആദർശങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുക, ഈഴവരാദി അവശ സമുദായങ്ങളുടെ ഭൗതികവും ആത്മീയവുമായ പുരോഗതി എന്നിവക്കുവേണ്ടി ആരംഭിച്ച എസ്.എൻ.ഡി.പി. പ്രസ്ഥാനത്തിന്റെ അലകും ഈ കൊച്ചു പ്രദേശത്ത് ആവേശം പകർന്നു. സാമുദായിക മൈത്രി നിലനിർത്തുവാൻ വക്കം പ്രദേശത്ത് ആ കാലഘട്ടത്തിൽ രൂപംകൊണ്ട ശാഖാമന്ദിരം ചിറയിൻകീഴ് താലൂക്കിലെ മറ്റ് സംഘടനകൾക്കും പ്രവർത്തകർക്കും ഒരു മാത്രൃകയായിരുന്നു. ഈ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളേയും കോർത്തിണക്കികൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയിലൂടെ ആണ് അന്ന് കേരളത്തിലെ തന്നെ ഏറ്റവും വലിയ ശാഖാമന്ദിരം വക്കത്ത് പടുത്തുയർത്തിയത്. ഈ വിധം നടത്തിയ പ്രവർത്തനം ജനകീയാസൂത്രണ പ്രസ്ഥാനത്തിന് എന്നും മാത്രൃകയാക്കാവുന്നതാണ്.

ആചാരവിശേഷങ്ങൾകൊണ്ടും ആരാധനാസ്വഭാവംകൊണ്ടും വ്യത്യസ്ഥത പുലർത്തുന്നവർ പോലും പരസ്പരം തികഞ്ഞ സൗഹൃദവും സഹകരണവും സഹിഷ്ണുതയും പുലർത്തിപ്പോരുന്നു. കേവലം അപൂർവ്വം ചില സാമൂഹ്യ വിരുദ്ധരുടെ ദുഷ്ചെയ്തികളുടെ പ്രതികരണങ്ങൾ പണ്ടെന്നോ ചിലപ്പോൾ സംഭവിച്ചതായി കേട്ടു കേൾവി മാത്രമുള്ള ചില സംഘർഷാവസ്സരങ്ങൾ ഒഴിച്ചാൽ കാര്യമായി ശ്രദ്ധേയമായ ഒരു വർഗ്ഗീയ സംഘട്ടനവും ഈ നാട്ടിൽ ഇന്നോളം നടന്നിട്ടില്ല. ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കളും ന്യൂനപക്ഷമായ മുസ്ലീങ്ങളും ഇവിടെ ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്നു. ഗണ്യമായ ശതമാനം വരുന്ന ഹരിജനങ്ങൾ എന്ന് വിളിക്കപ്പെടുന്ന വർഗ്ഗങ്ങളും മറ്റ് സമീപ പ്രദേശങ്ങളേക്കാൾ തികഞ്ഞ ആത്മാഭിമാനവും അഹങ്കാരവും ആയിത്തന്നെ ഇവിടെ കഴിഞ്ഞു കൂടുന്നുണ്ട്. വളരെ ചെറിയ ഒരു വിഭാഗമായ നായർ സമുദായംഗങ്ങൾ പ്രധാനമായ ഒരു വാർഡിൽ തങ്ങിക്കഴിയുന്നുണ്ട്. ഈ വിഭാഗങ്ങൾ എല്ലാം തന്നെ തമ്മിൽ തമ്മിൽ ഏതു പൊതുക്കാര്യങ്ങളിലും വിവാഹച്ചടങ്ങുകളിലും മറ്റ് ആഘോഷങ്ങളിലും ഉത്സവാദികളിലും സമ്പൂർണ്ണമായി ഭാഗഭാക്കാവുന്നുണ്ട് എന്നത് ഒരു പ്രത്യേകതയായി പ്പോലും ഈ പ്രദേശത്തുകാർ ചിന്തിച്ചിട്ടില്ല. ഈ ഒരു മയ്ക്കും സാംസ്ക്കാരിക സൗഹൃദത്തിനും എങ്ങനെ കാരണമായി എന്ന് ഗവേഷണം ചെയ്യേണ്ടിയിരിക്കുന്നു. രാജ്യത്താകമാനവും സമീപ പ്രദേശങ്ങളിൽപ്പോലും വളരെ പെട്ടെന്ന് പലേ വിഭാഗീയതകളുടേയും കാരണങ്ങളാൽ സംഘർഷങ്ങൾ നടക്കുന്നുണ്ടെങ്കിലും ഈ പ്രദേശത്തെ അതൊന്നും യാതൊരു വിധത്തിലും സ്വാധീനിക്കുന്നില്ല.

ശ്രീ നാരായണ ഗുരുദേവൻ കർമ്മം കൊണ്ട് ഏറെ ബന്ധപ്പെട്ടിട്ടുള്ള ഒരു പ്രദേശമാണ് വക്കം ഗ്രാമം. അദ്ദേഹത്തിന്റെ അവധൂതകാലത്ത് വക്കത്തെ മിക്കവാറും എല്ലാ ഈഴവ, നായർ, മുസ്ലീം, കൃസ്തീയ ഗൃഹങ്ങളിലും സാധാരണ സന്ദർശനം നടത്തിയിരുന്നിരുന്നു എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. പക്ഷേ ഗുരുദേവന്റെ കാലത്തിനും നൂറ്റാണ്ടുകൾക്ക് അപ്പുറം ഇവിടുത്തെ എല്ലാ വിഭാഗക്കാരുടേയും ദേവാലയങ്ങളിലെ ഉത്സവാദികളിൽ ഇവിടെ എല്ലാപേരും തുല്ല്യ ആഹ്ലാദത്തോടെയും ഭക്തിയോടെയും പങ്കുകൊണ്ടിരുന്നിരുന്നു എന്നതാണ് സത്യം.

വിദ്യാഭ്യാസത്തിൽ മാത്രമല്ല കലാ സാഹിത്യാദികാര്യങ്ങളിലും ഇവിടുത്തെ സ്ത്രീകളുടെ പോലും ആസ്വാദനക്ഷമതയും അഭ്യാസ പാടവവും ശ്രദ്ധേയമാണ്. കവിതയിലൂടെ കത്തും ആശയവിനിമയവും അക്കാലത്ത് സ്ത്രീകൾപോലും നടത്തിയിരുന്നു.

അതുപോലെതന്നെ കൃഷിയിലും, കച്ചവടത്തിലും വ്യവസായത്തിലും ഈ പ്രദേശത്തുണ്ടായിരുന്ന പ്രാധാന്യവും പ്രശസ്തിയും അത്ഭുതാവഹമാണ്. അസാധാരണമായ കാർഷിക ഉല്പന്നങ്ങളായ കാച്ചിൽ, ചേന തുടങ്ങിയവ രാജാവിന് കാഴ്ചവച്ച അനുഭവം ഉണ്ട്. സായിപ്പിനെപ്പോലും അമ്പരപ്പിച്ച കസവിൽ കവിത നെയ്

തെടുത്ത് കരവിരുത്കാട്ടിയ നെയ്തുകാരും, പട്ടി നേക്കാൾ മനോഹരവും മൃദുലവും ആയ കയർ പിരിച്ചതിന് ജനോവാ രാജാവിൽ നിന്നും സമ്മാനം നേടിയ കയറു പിരിതൊഴിലാളി സ്ത്രീയും ഈ പ്രദേശത്തിന് അവകാശപ്പെടാൻ ഉണ്ടായിരുന്നു.

അത്യാകർഷകമായ കെട്ടിടങ്ങളും ക്ഷേത്രങ്ങളും ഗൃഹോപകരണങ്ങളും മറ്റും നിർമ്മിച്ചിരുന്ന ആശാരിമാരും മറ്റ് കലാമേൻമയുള്ള കൈത്തൊഴിലുകാരും ഈ ഗ്രാമത്തിൽ സുലഭമായിരുന്നു. വള്ളം പണിയിൽ ശ്രേഷ്ഠരായ ആശാരിമാരെ കൊച്ചിയിലെ കപ്പലും മറ്റും പണിയാൻ വന്നു കൊണ്ട് പോയിട്ടുണ്ടത്രേ.

ക്ഷേത്ര നിർമ്മാണം മാത്രമല്ല ക്ഷേത്ര കലകളിലും മറ്റ് കലാസാംസ്ക്കാരിക രംഗങ്ങളിലും ഈ പ്രദേശം തികഞ്ഞ മാതൃക കാണിച്ചിട്ടുണ്ട്. ചിത്രകലയിൽ ഈ ഗ്രാമത്തിൽ നിന്നുയർന്നുവന്ന ഒരതുല്യ പ്രതിഭയാണ് ആർട്ടിസ്റ്റ് സഹദേവൻ.

സാംസ്ക്കാരിക സ്ഥാപനങ്ങൾ

കേരളത്തിന്റെ സാമൂഹിക സാംസ്ക്കാരിക സാഹിത്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നവരിൽ പ്രമുഖനും മിതവാദി പത്രാധിപരുമായിരുന്ന സി. കൃഷ്ണന്റെ നാമധേയത്തിൽ ഉദ്ദേശം അറുപത് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച വായനശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല. ഈ സ്ഥാപനത്തിന്റെ അദ്യകാല പ്രവർത്തകനും സ്ഥാപകനും ആയിരുന്നു തോപ്പിക്കവിളാകത്ത് പത്മനാഭൻ മുതലാളി. 'എ' ഗ്രേഡ് വിഭാഗത്തിലുള്ള ഈ സ്ഥാപനം ഇന്ന് വിദേശത്തുള്ള വരിൽ നിന്നും നാട്ടുകാരിൽ നിന്നും സ്വരൂപീച്ച സമ്പത്ത് ഉപയോഗിച്ച് പണിതീർത്ത ഒരു കെട്ടിടത്തിലാണ് പ്രവർത്തനം നടത്തുന്നത്. വളരെ നല്ല നിലവാരത്തിലാണ് അതിന്റെ പ്രവർത്തനം. 698 അംഗങ്ങളും 8476 ഗ്രന്ഥങ്ങളും ഉണ്ട്. പ്രതിദിനം ശരാശരി 40 പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഗ്രന്ഥശാലയോടൊപ്പം വായനശാലയും പ്രവർത്തിച്ചുവരുന്നു.

പത്രപ്രവർത്തനരംഗത്ത് സ്പോടനാത്മകമായ പ്രവർത്തനത്തിലൂടെ ചരിത്രം തിരുത്തി കുറിച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാമത്തിൽ ആരംഭിച്ച ഗ്രന്ഥശാലയാണ് രണ്ടാമത്തേത്. ഇതും 'എ' ഗ്രേഡ് വിഭാഗത്തിൽ നല്ല നിലവാരത്തിൽ പ്രവർത്തിച്ചുവരുന്നു. 245 അംഗങ്ങളും 5560 പുസ്തകങ്ങളും ഉള്ള ഈ സ്ഥാപനത്തിൽ നിന്നും പ്രതിദിനം ഇരുപത് പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു.

1976 ൽ പ്രവർത്തനം ആരംഭിച്ച പ്രോഗ്രസ്സീവ് ലൈബ്രറി ആൻറ് റീഡിംഗ്റൂം എന്ന സ്ഥാപനമാണ് ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന മൂന്നാമത്തെ ഗ്രന്ഥശാല. 'സി' ഗ്രേഡ് വിഭാഗത്തിൽ ഇന്ന് പ്രവർത്തിച്ചുവരുന്ന ഈ ഗ്രന്ഥശാലയ്ക്കും ഭൂമിയും സ്വന്തമായി കെട്ടിടവും ഉണ്ട്. ഈ സ്ഥാപനത്തിൽ 1103 അംഗങ്ങളും 3242 പുസ്തകങ്ങളും ഉണ്ട്. പ്രതിദിനം 7 നും 15 നും ഇടയ്ക്ക് പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു. [പട്ടിക 1 കാണുക]

പട്ടിക 1

ക്രമനമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	അംഗങ്ങൾ	പ്രതിദിനശരാശരി വിതരണം
1.	സി.കൃഷ്ണ വിലാസം ഗ്രന്ഥശാല	1936	എ	8476	698	40
2.	സാദേശാഭിമാനി ഗ്രന്ഥശാല	1954	എ	5560	245	20
3.	പ്രോഗ്രസീവ് ലൈബ്രറി ആൻറ് റീഡിംഗ് റൂം	1976	സി	3242	1103	7-15

മുൻകാലങ്ങളിൽ സർക്കാരിൽ നിന്നും മറ്റും യഥാസമയം ഗ്രാൻറ് ലഭിക്കാതിരുന്നതിനാൽ ഗുണനിലവാരമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനോ മറ്റേതെങ്കിലും തരത്തിൽ ശേഖരിക്കുന്നതിനോ ഉള്ള ശ്രമം ഈ ഗ്രാമത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മൂന്ന് ഗ്രന്ഥശാലകളിലും നടന്നിട്ടില്ല. വായനാശീലം പൊതുവേ ഗ്രാമവാസികളിൽ കുറഞ്ഞു വരുന്നതായാണ് ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്. സ്കൂളുകളിലുള്ള ലൈബ്രറികൾ പോലും ഇന്ന് വിദ്യാർത്ഥികൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതാണ് ദുഃഖകരമായ സത്യം. ജനസംഖ്യയിലും ജനസാന്ദ്രതയിലും മുന്നിൽ നിൽക്കുന്ന ഈ ഗ്രാമത്തിലെ മൂന്ന് ഗ്രന്ഥശാലകളിലൂടെയും വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ എണ്ണം പരിശോധിച്ചാൽ നമ്മുടെ ഗ്രാമവാസികളിലുള്ള വായനാശീലത്തെ കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭിക്കും.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറിനെ മാത്രം ആശ്രയിച്ച് പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകൾക്ക് ഇന്നത്തെ ഗുണ നിലവാരമുള്ള പുസ്തകങ്ങളുടെ വിലതാരതമ്യപ്പെടുത്തുമ്പോൾ ആവശ്യാനുസരണമുള്ള പുസ്തകങ്ങൾ ആ ഗ്രഹത്തിനുസരിച്ച് വാങ്ങി ശേഖരിക്കുവാൻ കഴിയുകയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതിനാൽ എണ്ണത്തിൽ വലിയ ഒരു വർദ്ധനവ് വർഷാവർഷം ഉണ്ടാക്കുവാൻ സാധിക്കുകയില്ല. എങ്കിലും ഇപ്പോഴത്തെ സർക്കാർ ഗ്രാൻറിൽ വരുത്തിയ വർദ്ധനവുകൊണ്ട് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പുസ്തകവായനാശീലം വനിതകളിലുൾപ്പെടെ തീരെകുറവാണ് ഈ ഗ്രാമത്തിൽ. വനിതകളുടെ വായനാശീലം ചില ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായാണ് കാണുന്നത്. ഗ്രന്ഥശാലകൾ തുടങ്ങിയ കാലഘട്ടങ്ങളിൽ ഓരോ ഗ്രന്ഥശാലകളിൽ നിന്നും പ്രതിദിനം നൂറ്റി അമ്പതോളം പുസ്തകങ്ങൾ വിതരണം ചെയ്തിരുന്നുയെങ്കിൽ ഇന്നത് വളരെ താഴ്ന്പ്പോട്ട് പോയിരിക്കുന്നതായാണ് കാണുന്നത്.

ഈ ഗ്രാമത്തിൽ നിലവിൽ മുന്ന് വായനശാലകൾ പ്രവർത്തിച്ചുവരുന്നു. വക്കം പഞ്ചായത്ത് രണ്ടാം വാർഡിൽ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വായനശാലയാണ് ആദ്യത്തേത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വഹിച്ച വക്കം ഖാദറിൻെറ നാമധേയത്തിലുള്ള ഐ.എൻ.എ. ഹീറോ വക്കം ഖാദർ അസ്സോസിയേഷൻെറ കീഴിലുള്ള വായനശാലയും, നാലാം വാർഡിൽ മൂന്നാലുംമൂട് ജംഗ്ഷനിൽ ബ്രദേഴ്സ് സ്പോഴ്സ് ആൻറ് ആഴ്സ് ക്ലബ്ബിൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു വായനശാലയുമാണ് നിലവിലുള്ളത്. ഓരോ വായനശാലയിലും നാലോളം പ്രമുഖ പത്രങ്ങൾ വരുത്തുന്നുണ്ട്. പത്രം വായിക്കുന്നതിന് പ്രായമുള്ളവരായ പുരുഷന്മാരും ചെറുപ്പക്കാരും താല്പര്യമുള്ളവരാണ്. ദൈനംദിന സാമൂഹ്യരാഷ്ട്രീയ കാര്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിനാണ് ഏറെ ആളുകളും ഉത്സുകരാകുന്നത്.

ഇതിന് പുറമേ ഒമ്പതോളം വായനശാലകൾ പലകാലഘട്ടങ്ങളിലായി ഇവിടെ പ്രവർത്തിക്കുകയും കാലക്രമേണ നാമാവശേഷമായി തീരുകയും ചെയ്തിട്ടുണ്ട്. അതിൽ ചിലത് ചുവടെ ചേർക്കുന്നു. (പട്ടിക - 2).

പട്ടിക - 2

	വായനശാലയുടെ പേര്	സ്ഥലം	വാർഡ്
1.	പ്രബോധിനി വായനശാല	പുതിയകാവ് ക്ഷേത്രം	4
2.	വിജ്ഞാന	പാട്ടത്തിൽ മുക്ക്	4
3.	ചതയദിന പാഠശാല ആൻറ് റീഡിംഗ് റൂം	കരിങ്ങോട്	3
4.	വക്കം കലാകേന്ദ്രം	പുത്തൻ നട	3

ഈ ഗ്രാമത്തിൽ വളരെ പ്രചാരത്തിലുണ്ടായിരുന്ന ആദ്യ ദിനപ്പത്രം 'മലയാളി' ആയിരുന്നു. മലയാള രാജ്യം ദിനപ്പത്രവും പ്രചാരത്തിലുണ്ടായിരുന്നെങ്കലും ഇപ്പോൾ 'മലയാളി'യും മലയാളരാജ്യവും നിലവിലില്ല. പ്രചാരത്തിലുള്ള പത്രങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളകൗമുദി, മലയാളമനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം എന്നിവയാണ്. ഇതിനും പുറമേ ഇംഗ്ലീഷ് ദിനപത്രങ്ങളായ ഇൻഡ്യൻ എക്സ്പ്രസ്സ്, ദി ഹിന്ദുവും ചുരുങ്ങിയ എണ്ണം പ്രചാരത്തിലുണ്ട്. സായാഹ്ന പത്രമായ രാഷ്ട്രദീപികയും ഈ ഗ്രാമത്തിലെ വ്യാപാര കേന്ദ്രങ്ങളിൽ പ്രചാരത്തിലുണ്ട്. പട്ടിക മുന്നിൽ ഇത് വ്യക്തമാകും.

പട്ടിക - 3

ക്രമ നമ്പർ	ദിനപത്രങ്ങളുടെ പേര്	എണ്ണം
1.	കേരളകൗമുദി	806
2.	മലയാളമനോരമ	302
3.	മാതൃഭൂമി	252
4.	ദേശാഭിമാനി	82
5.	മാധ്യമം	48
6.	ഇൻഡ്യൻ എക്സ്പ്രസ്സ്	10
7.	ദി ഹിന്ദു	15

ഈ പഞ്ചായത്ത് പ്രദേശത്ത് നിന്നും 1905-ൽ 'സ്വദേശാഭിമാനി' ദിനപ്പത്രം വക്കം മൗലവിയുടെ ഉടമസ്ഥതയിലും സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പത്രാധിപരായും പ്രസിദ്ധീകരിച്ചിരുന്നു. ഇതോടൊപ്പം വക്കം മൗലവിയുടെ മറ്റ് പ്രസിദ്ധീകരണങ്ങളും ഇവിടെ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്ന എം.ഡി.ദാസിന്റെ നേതൃത്വത്തിൽ 'മന്ദഹാസം' എന്ന ഹാസ്യമാസികയും പ്രസിദ്ധീകരിച്ചു വന്നിരുന്നു.

എൻ.രവിയുടെ നേതൃത്വത്തിൽ ആർഷജ്യോതി എന്ന പേരിൽ ഈടുറ്റ ഒരു മാസിക നിലവിൽ പ്രസിദ്ധീകരിച്ചുവരുന്നു.

1976-ൽ വക്കം സർവീസ് സഹകരണ ബാങ്കിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചും 1984-ൽ വക്കം ഗവണ്മെൻറ് ഹൈസ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചും പ്രത്യേകം പ്രത്യേകം സോവനീറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല വിലപ്പെട്ട വിവരങ്ങളും ഈ രണ്ട് സോവനീറുകളും നൽകിയിട്ടുണ്ട്.

ഈ ഗ്രാമാതിർത്തിക്കുള്ളിൽ കലാകായിക മേഖലകളിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന എട്ടോളം സമിതികൾ നിലവിലുണ്ട് (പട്ടിക-4).

കലാകായിക രംഗത്ത് പ്രവർത്തിച്ചു വരുന്ന ഒട്ടനവധി ചെറുസമിതികളും ഇതിനു പുറമേ നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ ഒരു സിനിമാശാലയാണ് നിലവിലുള്ളത്. ദൂരദർശന്റെ രംഗപ്രവേശത്തോടെ സിനിമാശാലയിൽ പോയി സിനിമ കാണുന്നവരുടെ എണ്ണത്തിൽ കുറവ് വന്നട്ടുള്ളതായാണ് പൊതുവേയുള്ള കണക്ക്. അതിൽ നിന്നും വ്യത്യസ്തമല്ല ഈ ഗ്രാമവും. ദൂരദർശന്റെ അതിപ്രസരം പഞ്ചായത്തിലെ ജനങ്ങളുടെ, പൊതുവേ വിദ്യാർത്ഥികളുടെ പഠിത്തത്തിലുള്ള ഉത്സാഹവും സമയവും അപഹരിച്ചിരിക്കുന്നതായി കാണാം. ഈ ഗ്രാമത്തിലെ ഏകദേശം 40 - 50 ശതമാനം വീടുകളിലും ടി.വി ഉള്ളതായാണ് കണക്ക്. കേബിൾ ടി.വി. കേന്ദ്രങ്ങൾ ഈ ഗ്രാമത്തിന്റെ രണ്ട് ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഉദ്ദേശം ഇരുന്നൂറോളം വീടുകളിൽ കേബിൾ ടി.വി. കണക്ഷൻ എടുത്തിട്ടുള്ളതായി കണക്കാക്കുന്നു.

പട്ടിക - 4

ക്രമ നമ്പർ	സമിതിയുടെ പേര്	സ്ഥാപിത വർഷം	വാർഡ്
1.	നേതാജി സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബ്ബ്	1994	1
2.	ബ്രദേഴ്സ് സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്	1987	4
3.	കംബാനിയൻസ്	1975	4
4.	മണനാക്ക് യൂത്ത്സ് ആർട്ട്സ് ആൻറ് കൾച്ചറൽ ഓർഗനൈസേഷൻ(മ്യാകോ)	1991	5
5.	കാമ	1985	6
6.	ദുർഗ്ഗാദേവി കഥകളി യോഗം	1979	7
7.	രവീന്ദ്രാ മെമ്മോറിയൽ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്	1981	7
8.	ദർശന	1986	8

കാൽ നൂറ്റാണ്ടു മുൻപ് ഈ ഗ്രാമത്തിൽ കായിക രംഗത്ത് നല്ല രീതിയിൽ പ്രവർത്തിച്ചുവന്ന ഒട്ടനവധി ക്ലബ്ബുകൾ നിലവിലുണ്ടായിരുന്നു. എന്നാൽ ആ വിധം പ്രവർത്തിക്കുന്ന സമിതികൾ ഇന്ന് വളരെ വിരളമായിട്ടുമാത്രമാണ് ഈ പ്രദേശത്ത് കാണുവാൻ കഴിയുന്നത്. ഈ രംഗത്ത് ജ്വലിക്കുന്ന പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന വിധത്തിൽ വളരെ ശ്രേഷ്ഠമായി പ്രവർത്തിച്ചിരുന്ന കായിക പരിശീലന കേന്ദ്രങ്ങൾ (ജിംഖാന) നമുക്കുണ്ടായിരുന്നു. അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ അംഗീകാരം നേടിയ കായിക താരങ്ങളെ വാർത്തെടുക്കാൻ ഈ ഗ്രാമത്തിലെ കായിക രംഗത്തുള്ള മുൻ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ വോളീബാൾ കളിയിൽ ശോഭിക്കുവാൻ കഴിഞ്ഞ പല വോളിബാൾ താരങ്ങളേയും സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിലെ കായിക രംഗത്ത് പ്രവർത്തിക്കുന്ന സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഏഷ്യൻ വെയിറ്റ് ലിഫ്റ്റിംഗ് ചാമ്പ്യനായ പള്ളിപ്പുരയിൽ സദാശിവൻ, ഫുട്ബാൾ കളിയിൽ അന്തർദേശീയ അംഗീകാരം നേടിയിരുന്ന എഞ്ചിനീയർ സദാശിവൻ (വെളിയിൽ), ഫുഡ്ബാൾ കളിയിലൂടെ കാല് നഷ്ടപ്പെട്ട നല്ലൊരു ഫുട്ബാളറും, സാഹിത്യകാരനും, നാടകകൃത്തും, നടനും ആയിരുന്ന വി.കെ.വേലുക്കുട്ടി എന്നിവരൊക്കെ ഈ നാടിന്റെ സംഭാവനകളായിരുന്നു. അതിന്റെ ഒക്കെ അവക്ഷിപ്ത പാരമ്പര്യമാവാം അപൂർവ്വം ചില വോളീബാൾ താരങ്ങളും, 1976, 77, 78 വർഷങ്ങളിൽ തുടർച്ചയായി ദേശീയ തലത്തിൽ സീനിയർ വിഭാഗം ഹൈജംബിൽ റിക്കാർഡ് തിരുത്തി കുറിച്ച വെണ്മണയ്ക്കൽ രാമഭദ്രനും കാരാട്ടെയിൽ ദേശീയ അംഗീകാരം നേടിയ കാമാശിവദാസനും മറ്റും എന്ന് ആശ്വസിക്കാം.

ഇന്ന് ഈ കൊച്ചു ഗ്രാമത്തിന് പൊതുകളി സ്ഥലമില്ലാത്തത്, കായികരംഗത്ത് കഴിവുള്ളവരെ വളർത്തിക്കൊണ്ട് വരുന്നതിന് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് പോലും കായികരംഗത്ത് അവരുടെ കഴിവ് വളർത്തിക്കൊണ്ട് വരുവാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. വിദ്യാലയങ്ങളിൽ കളിസ്ഥലമില്ലാത്തതാണ് ഇതിന് പ്രധാന കാരണം. ആകെയുള്ള എട്ട് സ്ക്കൂളുകളിൽ ഒരു വിധം ഭേദപ്പെട്ട കളിസ്ഥലം ഉള്ളത് ഹൈസ്ക്കൂളിൽ മാത്രമാണ്.

കായിക ഇനങ്ങൾ, കളരി, കരാട്ടെ എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന 'കാമ' എന്ന ഒരു സ്ഥാപനവും ഇവിടെയുണ്ട്.

വക്കം കംമ്പാനിയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വർഷം തോറും സംസ്ഥാനാടിസ്ഥാനത്തിൽ വോളിബാൾ മത്സരം നടത്തി വരുന്നു. അതുപോലെ മൂന്നാലുംമൂടിൽ പ്രവർത്തിക്കുന്ന ബ്രദേഴ്സ് സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബിന്റെ വാർഷികത്തോടനുബന്ധിച്ചും ഒണാഘോഷനാളുകളിൽ കായിക മത്സരങ്ങൾ നടത്തി വരുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ഷട്ടിൽ ബാഡ്മിൻറൻ ടൂർണമെൻറും വർഷം തോറും നടത്തിവരുന്നു. നിലവിലുള്ള ചെറിയ ചെറിയ സമിതികളും വാർഷികാഘോഷത്തിന്റെ ഭാഗമായി കായികകലാ മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്.

കുഴിപന്ത്കളി, കിളിത്തട്ടുകളി, സെവൻറീസ് (പന്ത്കളി), കബടി, ചക്കകളി, കുക്കൂടുകളി എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രചാരമുള്ള നാടൻ കായിക വിനോദങ്ങൾ. ഓണം നാളുകളിലാണ് നാടൻ കായിക വിനോദങ്ങൾ സാധാരണയായി അരങ്ങേറാറുള്ളത്.

പ്രശ്നങ്ങൾ

- മൂന്ന്, ആറ്, ഒമ്പത് വാർഡുകളിൽ വായനശാലകളോ, ഗ്രന്ഥശാലകളോ ഇല്ല.
- നിലവിലുള്ള വായനശാലകളിലെ ഭൗതിക സൗകര്യങ്ങളിലുള്ള കുറവ്.
- പൊതു കളിസ്ഥലങ്ങളുടെ അപര്യാപ്തത.
- വിദ്യാലയങ്ങളിൽ ഇപ്പോൾ ഉള്ള പുസ്തക ശേഖരണം വിദ്യാർത്ഥികൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല. അദ്ധ്യാപകർ പുസ്തക പാരായണം പ്രോത്സാഹിപ്പിക്കുന്നില്ല.
- കായിക ഇനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകാനുള്ള സംവിധാനങ്ങളുടെ കുറവ്.
- നാടിന്റെ സാംസ്ക്കാരിക പൈതൃകം ഇളംതലമുറക്ക് പകർന്നു കൊടുക്കുവാനുള്ള സംവിധാനങ്ങളില്ല.
- ദൃശ്യമാദ്ധ്യമങ്ങളിലൂടെയും ധനദുർവിനിയോഗത്തിലൂടെയും, ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിലൂടെയുമുള്ള സാംസ്ക്കാരിക അധപതനം.

സാദ്ധ്യതകൾ

- വായനശാലയും ഗ്രന്ഥശാലയും ഇല്ലാത്ത മൂന്ന്, ആറ്, ഒമ്പത് വാർഡുകളിൽ വായനശാലയോ ഗ്രന്ഥശാലയോ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ തുടങ്ങുക.
- നിലവിലുള്ള വായനശാലകളിൽ വായനക്കാർക്ക് സൗകര്യപ്രദമായി വന്നിരുന്ന് വായിക്കുവാനുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാലയങ്ങളിൽ പ്രത്യേകിച്ചും വക്കം ഹൈസ്ക്കൂൾ സ്റ്റേഡിയത്തിൽ ഇന്നുള്ള സൗകര്യം വിപുലപ്പെടുത്തി എല്ലാ വിധ കായിക പരിശീലനത്തിനും പ്രത്യേക സംവിധാനം ഒരുക്കണം.

- പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുവാൻ അദ്ധ്യാപകർ പ്രത്യേകം താല്പര്യം കാണിക്കുവാനുള്ള ബോധവൽക്കരണം.
- നിലവിലുള്ള വാർഡുതല കലാസാംസ്കാരിക സമിതികളിലൂടെ രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ മാസം തോറും നടത്തുക. ഇതിന് ആവശ്യമുള്ള ചെലവ് പഞ്ചായത്ത് വഹിക്കുക.
- ബോധവൽക്കരണത്തിനു ശേഷം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ സഞ്ചരിക്കുന്ന ലൈബ്രറി സ്ഥാപിക്കുക.





5.9

വനിത

വനിതാക്ഷേമപ്രവർത്തനങ്ങൾ സർക്കാർ തലത്തിലും വനിതാ വിമോചന സംഘടനകളുടെ ബോധവൽക്കരണ പരിപാടികൾ പൊതുരംഗത്തും വനിതകളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക പുരോഗതിയെ ധനാത്മകമായി സ്വാധീനിച്ചു കൊണ്ടിരിക്കുകയാണല്ലോ അതോടൊപ്പം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വനിതാസംവരണനയത്തിന്റെ ഫലമായി വിവിധമേഖലകളിൽ അവരുടെ പ്രാതിനിധ്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത ഏറ്റവും സ്വാഗതാർഹമാണ്. ഇത്തരത്തിലൊരു സ്വാധീനം ഏറ്റവും പ്രകടമായി നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെട്ടത്, കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പോടുകൂടിയാണ്

കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ ഉണ്ടായ നമ്മുടെ പ്രദേശത്തെ വനിതകളുടെ സാമ്പത്തിക-സാമൂഹിക സാംസ്കാരിക പുരോഗതിയെക്കുറിച്ച് പരിശോധിക്കുമ്പോൾ മന്ദഗതിയിലുള്ള ക്രമാനുഗതമായ ഒരു വളർച്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ വളർച്ചാ ഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവം, ദിവംഗതരായ ശ്രീമതി കൈവെളിളാകത്ത് ഭവാനി പ്രസിഡൻറായും ഡോക്ടർ റ്റി. കെ. മാധവി സെക്രട്ടറിയായും ഒരു മഹിളാസംഘം രൂപീകരിക്കപ്പെട്ടതാണ്. കൈത്തൊഴിൽ എന്ന നിലയിൽ തയ്യലും സാമൂഹ്യ-സംസ്കാരിക വളർച്ച ലക്ഷ്യമാക്കിയുള്ള പരിശീലനവും കൊണ്ട് വനിതകളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി പ്രയത്നിച്ച വക്കത്തെ ആദ്യ പ്രസ്ഥാനമായിരുന്നു ഈ മഹിളാസംഘം. സ്തുത്യർഹമായ സേവനപാരമ്പര്യത്തോടെ വക്കത്ത് ഒമ്പതാം വാർഡിൽ മുക്കാലുവട്ടം റോഡിനരുകിൽ പ്രവർത്തിച്ചു വരുന്നു.

ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസമേഖലയിൽ വൻ പിച്ച പുരോഗതി കൈവരിച്ച ഈ ഗ്രാമത്തിൽ ബിരുദത്തിന്റെ ഭദ്രദീപം കൊളുത്തിയത് ആദ്യമായി റ്റൈറ്റർവിള പൊന്നമ്മയും ആദ്യമായി നിയമബിരുദമെടുത്ത കുരുത്തോലയിൽ ജാനകിയുമാണ്. തൊഴിലാളി ഭൂരിപക്ഷമുള്ള ഈ ഗ്രാമത്തിൽ നടന്ന തീപാറുന്ന അവകാശസമരങ്ങളിലെല്ലാം മുന്നണിപ്പടയാളിയായി പ്രശോഭിച്ച് ശ്രദ്ധിക്കപ്പെടാതെ കർമ്മരംഗം വിട്ടൊഴിഞ്ഞ നിരവധി വനിതകൾക്ക് ജന്മം നൽകിയ ഗ്രാമമാണിത്.

പഴയകാലത്തെന്നപോലെ ഇന്നും ഈ ഗ്രാമത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണധികം. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നിലെ കനേഷുമാരിപ്രകാരം പഞ്ചായത്തിൽ മൊത്തം

ജനസംഖ്യ 17640 ആണ്. 9644 സ്ത്രീകളും 7996 പുരുഷന്മാരും, അതായത് പുരുഷന്മാരെക്കാൾ 1468 സ്ത്രീകൾ കൂടുതലാണന്നെർത്ഥം

വിദ്യാഭ്യാസരംഗം

സെൻസസ് പ്രകാരം വക്കം പ്രദേശത്തെ സ്ത്രീ പുരുഷ സാക്ഷരതാ നിരക്കുകൾ യഥാക്രമം 73.32 ഉം 80.52 ഉം ആണ്. വക്കം പ്രദേശത്തുള്ള എട്ട് സ്കൂളുകളിലായി ആകെ 3873 വിദ്യാർത്ഥികൾ പഠിക്കുന്നു. അവരിൽ 1926 ആൺകുട്ടികളും 2067 പെൺകുട്ടികളുമാണ്. എൽ. പി. വിഭാഗത്തിൽ ആകെ 1957 കുട്ടികൾ ഉള്ളതിൽ 922 ആൺകുട്ടികളും 935 പെൺകുട്ടികളുമാണ്. യു. പി. വിഭാഗത്തിൽ 654 ആൺ കുട്ടികളും 661 പെൺകുട്ടികളും ഉൾപ്പെടെ ആകെ 1315 കുട്ടികൾ ഉണ്ട്. ഹൈസ്കൂൾ തലത്തിൽ ആകെയുള്ള 609 കുട്ടികളിൽ 257 പേർ ആൺകുട്ടികളും

പട്ടിക 1

	L.P	U.P	H.S.	V.H.S.E
ആൺകുട്ടി	922	654	287	43
പെൺകുട്ടി	935	661	322	49
കൂടുതലുള്ള പെൺകുട്ടി	13	07	35	6

322 പേർ പെൺകുട്ടികളുമാണ്. എല്ലാ തലങ്ങളിലും പെൺകുട്ടികളാണധികം. പട്ടിക ഒന്ന് കാണുക. മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും എൽ. പി. വിഭാഗത്തിലാണ് പെൺകുട്ടികൾ അധികമുള്ളത് എന്നു കാണാം. തുടർന്നങ്ങോട്ട് പെൺകുട്ടി-ആൺകുട്ടി അന്തരം കുറഞ്ഞുവരുന്നതായി കാണാം. തുടർവിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ അനുപാതം കുറഞ്ഞുവരുന്നതായി കാണുന്നു.

സ്കൂൾതല വിദ്യാഭ്യസാരംഗത്തെ ഇന്നത്തെ സ്ഥിതി ഇതാണെങ്കിൽ ഹയർ സെക്കണ്ടറി തലം തൊട്ട് മുകളിലോട്ടുള്ള തലങ്ങളിൽ സ്ഥിതി വളരെ വ്യത്യസ്തമാണ്. ഉന്നത വിദ്യാഭ്യാസത്തിന് സമർത്ഥരായ പെൺകുട്ടികൾക്കുപോലും ആൺകുട്ടികൾക്കു ലഭിക്കുന്നത്ര അവസരങ്ങൾ ലഭിക്കാറില്ല. ഉന്നത റാങ്കുനേടിയ വിദ്യാർത്ഥിനികളായാൽ പോലും ഇവിടുത്തെ സാമൂഹ്യചുറ്റുപാടിൽ അവർക്കുള്ള സർഗ വൈഭവങ്ങളെ പോഷിപ്പിക്കാനാവശ്യമായ സാഹചര്യങ്ങളും അവസരങ്ങളും പല കാരണങ്ങളാൽ തടയപ്പെടുന്നതായാണ് കാണുന്നത്. അതുകൊണ്ട് സ്കൂൾ തലത്തിൽ പ്രകടമായി കാണുന്ന മുന്നേറ്റം തുടർവിദ്യാഭ്യാസ രംഗങ്ങളിൽ കുറഞ്ഞുകുറഞ്ഞു വരുന്നു. ഇതിനുള്ള പല കാരണങ്ങളിൽ ഒന്ന് സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റായ ചിന്താഗതികളാണ്. പെൺകുട്ടികൾ എത്രതന്നെ സമർത്ഥരായാലും വിദ്യാഭ്യാസത്തിലൂടെ അവരുടെ ഭാവി ഉറപ്പാക്കുന്നതിൽ അധികമാരും താൽപര്യം കാട്ടാറില്ല. വിവാഹജീവിതത്തിന് വേണ്ടിയുള്ള ഒരു തയാറെടുപ്പായി മാത്രമാണ് പല രക്ഷകർത്താക്കളും വിദ്യാഭ്യാസത്തെ വീക്ഷിക്കുന്നത്. സാമ്പത്തികമായ മുന്നോക്ക-പിന്നോക്ക അവസ്ഥകളൊന്നും തന്നെ പൊതുവിൽ രക്ഷിതാക്കളുടെ ചിന്താഗതിക്ക് മാറ്റം ഉണ്ടാക്കുന്നില്ല. എന്നാൽ ചുരുക്കം ചിലർ ഇതിനൊരപവാദമായി പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദ-ബിരുദാനന്തര പഠനത്തിനും കുട്ടികളെ അയയ്ക്കുന്നുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. എങ്കിലും പൊതുവേ ആൺകുട്ടികളെ അപേക്ഷിച്ച് ഇവരുടെ സംഖ്യ തുലോം തുച്ഛം ആണെന്നും കാണാം.

വിദ്യാഭ്യാസം നേടിയവരുടെ പിൽക്കാല പ്രവർത്തനവുമായി ബന്ധപ്പെട്ടുവരുന്നതാണ് മറ്റൊരു കാരണം.

തങ്ങൾ നേടിയ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് പൊതുവേയും കുടുംബത്തിന് പ്രത്യേകിച്ചും ഗുണകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഉൽപാദനരംഗത്ത് തങ്ങൾക്ക് ലഭിച്ച പുതിയ അറിവുകൾ പ്രയോജനപ്പെടുത്തുന്നതിലും വനിതകളുടെ പങ്ക് പരിമിതമാണെന്ന് കാണാവുന്നതാണ്. ബിരുദമെടുത്ത വനിതകളിൽ അധികവും വീട്ടമ്മമാരായി ഒതുങ്ങിക്കൂടുന്ന സ്ഥിതിയാണ് വേറൊരു പ്രത്യേകത. ഇക്കാരണങ്ങളാൽ വിദ്യാഭ്യാസാനന്തരം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ഭരണരംഗങ്ങളിലേക്ക് തങ്ങളുടെ കഴിവും ശേഷിയും വേണ്ടവിധം പ്രയോജനപ്പെടുത്താനാകാതെ അന്തഃർമുഖരായി കഴിയുന്നവരാണ് നമ്മുടെ ആധുനിക വനിതകളിൽ അധികവും. അവരിൽ ഒരു വിഭാഗം എന്തെങ്കിലും ഗവൺമെൻറ് ജോലി നേടിയെടുക്കുന്നതിനായി നിരന്തരം പരിശ്രമിക്കുകയും അത്തരം മത്സര പരീക്ഷകളിൽ പങ്കെടു

ക്കുകയും ചെയ്തുവരുന്നു. എടുത്തു പറയത്തക്ക മറ്റൊരുകാര്യം സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പുലർത്തുന്ന വൈമുഖ്യമാണ്. ഈ രംഗത്ത് പെൺകുട്ടികൾ ഇന്ന് ആൺകുട്ടികളെക്കാൾ വളരെയധികം പിന്നിലാണ്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ പെൺകുട്ടികൾ നൂറ് ശതമാനം പ്രാഥമിക വിദ്യാഭ്യാസം നേടിവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള തൊഴിലാളികൾ അധികമുള്ള പ്രദേശമാണ് വക്കം. അത്തരം കുടുംബപശ്ചാത്തലമുള്ള സാഹചര്യങ്ങളിൽ നിന്നും വരുന്ന പെൺകുട്ടികളിൽ ചെറിയ ശതമാനത്തിനെങ്കിലും ഇന്ന് പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്ത തായി കാണുന്നുണ്ട്. നിരക്ഷരരായ വനിതകളും ഈ സാഹചര്യമുള്ളവരാണ്. ഇതിൽ തന്നെ മുന്നോക്ക സമുദായങ്ങളിലുള്ള വനിതകൾ നൂറു ശതമാനം പ്രാഥമികവിദ്യാഭ്യാസം നേടിയവരാണ്.

പ്രാഥമികവിദ്യാഭ്യാസം നേടിയ മുസ്ലീം വനിതകൾ പുരുഷന്മാരെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. എന്നാൽ ഇന്ന് മുസ്ലീം പെൺകുട്ടികൾ നൂറുശതമാനവും പ്രാഥമിക വിദ്യാഭ്യാസം നേടിവരുന്നു. ഇത് ശുഭോദർക്കമാണ്.

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ വിദ്യാഭ്യാസപരമായി പിന്നോക്കവസ്ഥ സ്ത്രീ പുരുഷ ഭേദമന്യേ നിലനിൽക്കുന്നുണ്ടെങ്കിലും ഇവരുടെ ഇടയിലും സ്ത്രീകളുടെ അവസ്ഥ പുരുഷന്മാരുടേതിനേക്കൾ ശോചനീയമാണ്. ഹൈസ്കൂൾ തലത്തിൽ വരുമ്പോൾ ഈ അന്തരം വളരെ വ്യക്തമാകുന്നതാണ്. ദുർബല വിഭാഗങ്ങൾക്കിടയിൽ ബിരുദവും ബിരുദാനന്തരബിരുദവും ലഭിക്കുന്നവരുടെ എണ്ണം മറ്റുള്ള വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്.

പട്ടിക II

		L.P	U.P	H.S.	V. H. S.E
പട്ടികജാതി	ആൺ	144	116	33	3
	പെൺ	138	109	34	2
മറ്റു	ആൺ	778	53.8	254.	40
വിഭാഗങ്ങൾ	പെൺ	797	552	288	47

പട്ടിക II

പട്ടികജാതി-പട്ടികവർഗം മറ്റുള്ളവർ

	ആൺ	പെൺ	ആൺ	പെൺ
എൽ. പി.	32	29	83	50
യു. പി.	69	40	164	127
എച്ച്. എസ്.	49	59	278	277

92-93 മുതൽ 96-97 വരെ തോറ്റുപഠിക്കുന്ന കുട്ടികളുടെ ആൺ, പെൺ തിരിച്ച് പട്ടിക ജാതിയിലും പട്ടികവർഗത്തിലും മറ്റുള്ളവരിലേയും കുട്ടികളുടെ പട്ടിക

ഇതിൽത്തന്നെ പെൺകുട്ടികളുടെ അനുപാതം പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണെന്നു കാണാം. മേൽക്കാണിച്ചിരിക്കുന്ന പട്ടിക അപഗ്രഥിക്കുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകും എൽ. പി., യു. പി., എച്ച്. എസ്. തലങ്ങളിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ കുറവാണ്. എന്നാൽ മറ്റുവിഭാഗക്കാർക്കിടയിൽ പെൺകുട്ടികളാണ് ആൺകുട്ടികളെക്കാൾ വിദ്യാഭ്യാസകാര്യത്തിൽ നാമമാത്രമായെങ്കിലും മുന്നിൽ നിൽക്കുന്നതെന്നു കാണുമ്പോൾ പട്ടികജാതി പട്ടികവർഗ സമുദായങ്ങളിലെ സ്ത്രീ വിദ്യാഭ്യാസത്തിന്റെ ശോചനീയാവസ്ഥ കൂടുതൽ ബോധ്യമാകും.

എണ്ണം അവരുടെ ആകെ എണ്ണവുമായി താരതമ്യം ചെയ്യുന്നോൾ വളരെ കൂടുതലാണെന്നു കാണാം.

കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിലും ഇത്തരത്തിലൊരന്തരം ഇരുവിദ്യാർത്ഥികൾക്കിടയിലും കാണാവുന്നതാണ്. പെൺകുട്ടികൾ ധാരാളം കൊഴിഞ്ഞുപോകുന്നത് പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ നിന്നുമാണെന്നാണ് മനസ്സിലാകുന്നത്. വിദ്യാഭ്യാസകാലത്ത് തന്നെ കുട്ടികളെ മറ്റ് തൊഴിലുകളിൽ ഏർപ്പെടുത്തുന്നതാണ് ഇതിന്റെ മുഖ്യകാരണം.

പട്ടിക IV

പട്ടികജാതി-പട്ടികവർഗം			മറ്റുള്ളവർ	
	ആൺ	പെൺ	ആൺ	പെൺ
എൽ. പി.	22	11	70	46
യു. പി.	7	7	16	25
എച്ച്. എസ്.	9	5	40	33

92-93 മുതൽ 96-97 വരെ പഠനം നിർത്തിയവരുടെ പട്ടിക

വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിലും പട്ടിക ജാതിസമുദായക്കാർ ഇന്നു വളരെ പിന്നിലാണെന്ന് പട്ടിക III വ്യക്തമാക്കുന്നു.

പട്ടികയിൽ നിന്നും ദുർബല വിഭാഗങ്ങളിലെ നല്ലൊരു ശതമാനം കുട്ടികൾ തോറ്റുപഠിക്കുന്നവരും അവരിൽ നിന്ന് നല്ലൊരു ശതമാനം കൊഴിഞ്ഞുപോകുന്നവരുമാണെന്നു മനസ്സിലാക്കാം. മറ്റു സമുദായളിൽ നിന്നും പട്ടികജാതി പട്ടികവർഗക്കാരുടെ വിദ്യാഭ്യാസനിലവാരത്തിന്റെ പിന്നോക്കാവസ്ഥ അവരിലെ ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരു പോലെ ബാധിച്ചിരിക്കുന്നു എന്നും മനസ്സിലാക്കാം. മുന്നോക്ക-പിന്നോക്കവ്യത്യാസമില്ലാതെ പൊതുവേ നല്ലൊരു ശതമാനം വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും തോറ്റുപഠിക്കുന്നവരാണ്. മുന്നോക്ക സമുദായങ്ങളിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ അല്പമെങ്കിലും മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. എങ്കിലും പട്ടികജാതി, ദുർബല വിഭാഗങ്ങളിൽ തോറ്റുപഠിക്കുന്ന പെൺകുട്ടികളുടെ

വിദ്യാഭ്യാസപരമായി വനിതകളുടെ പിന്നോക്കാവസ്ഥ ഒരു സത്യമായി നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നു. ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് സാങ്കേതിക വിദ്യാഭ്യാസരംഗത്തും സേവനമേഖലകളിലുമാണ്. വിദ്യാഭ്യാസം നേടിയ പെൺകുട്ടികളും വനിതകളു, അതിനെ ഉല്പാദനപരമായും പ്രായോഗികമായും വിനിയോഗിക്കാൻ അവസരമില്ലാതെ കഴിയുകയാണ്. ഇതിനൊരു മാറ്റം ഉണ്ടാകേണ്ടത്, സാംസ്കാരിക, സാമൂഹിക രാഷ്ട്രീയ ഭരണരംഗങ്ങളിലും തൊഴിൽ രംഗത്തും സ്ത്രീകളെ കൂടുതൽ കരുത്തരും കർമശേഷിയുള്ളവരുമാക്കി നാടിന്റെ, പുരോഗതിയുടെ പുത്തൻ ചാലകശക്തിയാക്കുന്നതിനാവശ്യമാണ്.

വനിതകളും ആരോഗ്യരംഗവും

ആരോഗ്യരംഗത്ത് പൊതുവേ പുരോഗതി കൈവരിച്ച ഒരു ഗ്രാമമാണെങ്കിലും ആരോഗ്യബോധവല്ക്കരണ പരിപാടികൾ വേണ്ടത്ര ഫലപ്രദമാകുന്നുണ്ടോ എന്ന സംശയം ബാക്കി നിൽക്കുന്നു.

പ്രത്യേകിച്ചും സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച്. വനിതകൾക്കാണ് പുരുഷന്മാരെക്കാൾ ആരോഗ്യപ്രശ്നം ഉണ്ടാകാറുള്ളത് എന്ന കാര്യം പരിഗണിക്കുമ്പോൾ ഇന്നുള്ള സംവിധാനങ്ങൾ അതിന് എത്രകണ്ട് പര്യാപ്തമാണ് എന്നും പരിശോധിക്കേണ്ടിവരുന്നു. വനിതകളായ ആരോഗ്യപ്രവർത്തകരുടെ ഊർജ്ജിത പ്രവർത്തനങ്ങൾ കൊണ്ടും ആരോഗ്യപ്രവർത്തകരുടെ ശുഷ്കാന്തിയോടുകൂടിയ സമീപനങ്ങൾ കൊണ്ടും മാറ്റിയെടുക്കേണ്ട നിരവധി ആരോഗ്യപ്രശ്നങ്ങൾ വനിതകൾക്കിടയിൽ നിലനിൽക്കുന്നതായും വിവിധ സർവേ റിപ്പോർട്ടുകൾ ആധാരമാക്കി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നുണ്ട്. അവയിൽ പ്രധാനം ആരോഗ്യപരമായ അജ്ഞതയാണ്. അതു മാറ്റിയെടുക്കാൻ കൂട്ടായ സന്നദ്ധ പ്രവർത്തനങ്ങൾ കൊണ്ടേ കഴിയൂ. അജ്ഞത കൊണ്ട് ശുചിത്വമില്ലായ്മയും അതുമൂലം രോഗങ്ങളും ഉണ്ടാകും. പ്രത്യേകിച്ചും വനിതകളുടെ ഇടയിൽ ശുചിത്വമില്ലായ്മ വലിയ ആരോഗ്യപ്രശ്നങ്ങൾ തന്നെ സൃഷ്ടിക്കും. അത് കുട്ടികളെയും സമൂഹത്തെയും ബാധിക്കും. അതിനാൽ ശുചിത്വപരിപാലനത്തിൽ വനിതകളെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ കാര്യക്ഷമാക്കുകയും ആതുരാലയങ്ങളിലും ആരോഗ്യകേന്ദ്രങ്ങളിലും വനിതകൾക്കായി പ്രത്യേക ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമായി വരുന്നു.

പഞ്ചായത്തിന്റെ സമഗ്രമായ ആരോഗ്യപരിപാലനം കയ്യാളുന്ന ആതുരാലയങ്ങളെ മാറ്റിനിർത്തിയാൽ ആ രംഗത്ത് നിസ്തുല സേവനം അനുഷ്ഠിച്ചുവരുന്നത് മഹിളാ സ്വസ്ത് സംഘത്തിന്റെ (എം. എസ്. എസ്.) പ്രവർത്തകരാണ്. മറ്റ് വനിതാസംഘടനകളും പ്രവർത്തകരും തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ വനിതകളും ആരോഗ്യപരിപാലന ശുചിത്വബോധവൽക്കരണ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. എന്തെന്നാൽ, സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് വളരെ പ്രാധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്. ആതുരസേവനം ജീവിതവൃത്തിയാക്കിയ സ്ത്രീകൾ സമൂഹത്തിൽ ഇതരതുറകളിൽ ഉള്ളതിനേക്കാൾ അധികമുണ്ട്. മാത്രമല്ല. കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കാണാനും കഴിയുന്നത് പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണ്. എന്നാൽ ഈ രംഗത്ത് അവർക്കുള്ള അർഹമായ പ്രാതിനിധ്യം നൽകാൻ കഴിയുന്നില്ല.

പുകവലി, മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചുവരികയും തദ്ജന്യമായി അനാരോഗ്യവും രോഗങ്ങളും പെരുകുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം സാമൂഹ്യ-ആരോഗ്യ വിപത്തുകളെ ചെറുക്കാനുള്ള നിശ്ചയദാർഢ്യത്തോടെ ഈ കൊച്ചു ഗ്രാമത്തിലെ വനിതകൾ പ്രായഭേദമന്യേ ഉണർന്ന് ഒന്നിച്ചു പ്രവർത്തിക്കേണ്ട കാലമായിരിക്കുകയാണ്.

വനിതകൾ, തൊഴിൽ രംഗത്ത്

തൊഴിൽ മേഖലയിൽ വനിതകൾ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമമാണ് വക്കം. ഇവിടത്തെ പരമ്പരാഗത വ്യവസായം കയർ മേഖലയാണ്. ഏറ്റവും കൂടുതൽ തൊഴിലാളികൾ കയർമേഖലയിലാണ് പണിയെടുക്കുന്നത്. അവരിൽത്തന്നെ ബഹുഭൂരിപക്ഷവും സ്ത്രീജനങ്ങളാണ്. പാരമ്പര്യമായി കയർ മേഖലയിൽ പണിയെടുക്കുന്ന പരമ്പരാഗത കയർത്തൊഴിലാളികളാണ് ഇവർ. യന്ത്രവൽക്കൃത റാട്ടും മറ്റ് ആധുനിക സംവിധാനങ്ങളും ഈ മേഖലയിലേക്ക് കടന്നുവരാൻ തുടങ്ങിയിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിന്റെ തൊഴിൽ ശക്തിയിൽ, പ്രത്യേകിച്ചും കയർ മേഖലയിൽ വരാനിരിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ച് ഇപ്പോൾ എന്തെങ്കിലും പ്രസ്താവിക്കുന്നത് ഉചിതമല്ല. ഇന്നത്തെ നിലയിൽ കയർമേഖലയിൽ പണിയെടുക്കുന്ന തൊളിലാഴികളിൽ ഒമ്പതിൽ എട്ട് എന്ന കണക്കിനാണ് വനിതാപങ്കാളിത്തം.

മറ്റുതൊഴിൽ മേഖലകൾ, കെട്ടിടനിർമ്മാണം, കർഷകവൃത്തി, ചെറുകിട വ്യവസായം, മൃഗസംരക്ഷണം, കൃഷി, ഗതാഗതം എന്നിവയാണ്. കയർ മേഖലയെ ഒഴിച്ചു നിർത്തിയാൽ മേൽപ്പറഞ്ഞ എല്ലാ തൊഴിൽ രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം തുലോം തുച്ഛമാണ്. ഗതാഗതരംഗത്താകട്ടെ സ്ത്രീകളുടെ പങ്കാളിത്തം ഒട്ടും തന്നെ ഇല്ല. ഇത്തരം മേഖലകളെ കൂടാതെ സർക്കാർ ജീവനക്കാരായും ഇൻഷ്വറൻസ് മേഖലയിലും അംങ്കണവാടി, ബാലവാടി, പ്രീ പ്രൈമറി, പ്രൈവറ്റ് ട്യൂഷൻ, ഹോം ട്യൂഷൻ, ട്യൂട്ടോറിയൽ അദ്ധ്യാ

പനം എന്നീ രംഗങ്ങളിലേക്കും വനിതകൾ കടന്നു വന്നുകൊണ്ടിരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. ഇവ കൂടാതെ ആടുമാടു വളർത്തൽ പച്ചക്കറിക്കൃഷി, തയ്യൽ, കൈത്തൊഴിൽ (കുട്ടകൾ, കൂടകൾ, കരകൗശലവസ്തു നിർമ്മാണം, എംബ്രോയിഡറി തുടങ്ങിയവ) ചെറു കച്ചവടം (ചന്തകച്ചവടം, ചെറു പീടിക നടത്തൽ, തുടങ്ങിയവ) എന്നീ കാണാപ്പണികളിലും വനിതകൾ ഏർപ്പെട്ടുവരുന്നതായി കാണാം. എങ്കിലും ഈ മേഖകളിലെല്ലാം തന്നെ പുരുഷന്മാരുടെ പങ്കാളിത്തമാണ് അധികവും എന്നത് ശ്രദ്ധേയമാണ്.

ഇനി മേൽപ്പറഞ്ഞ വസ്തുതകളെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്താം.

പട്ടിക V

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കയർ വ്യവസായം	1635	272
കെട്ടിടനിർമ്മാണം	118	437
കാർഷികവൃത്തി	176	520
ഗതാഗതം	ഇല്ല	224
കൃഷി	98	363
മറ്റുള്ളവർ	195	1120

തൊഴിൽ ഉള്ളവർ	തൊഴിൽ ഇല്ലാത്തവർ	ശതമാനം	
		സ്ത്രീ	പുരു
പു. 3033	4615	12.78	
സ്ത്രീ. 2254	7061		17.19

17640 ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വക്കം പ്രദേശത്തെ ബൃഹത്തായ തൊഴിൽ ശക്തി 5287 പേരിൽ ഒതുങ്ങുന്നു. അതിൽത്തന്നെ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് വളരെ ശോചനീയമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വെറും 12.78 ശതമാനം ആയിരിക്കുമ്പോൾ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 17.19 ശതമാനം ആണ്. ഇതിൽ നിന്നും സത്രീകളുടെ തൊഴിൽ രംഗത്തെ പിന്നോക്കാവസ്ഥ ബോധ്യമാവുന്നു. ഓരോ തൊഴിൽ മേഖലയായി പരിശോധിച്ചാൽ, കയർ മേഖല ഒഴികെ മറ്റൊരു മേഖലയിലും സ്ത്രീകൾക്ക് അർഹിക്കുന്ന പങ്കാളിത്തം ലഭിച്ചിട്ടുണ്ടെന്നു പറയാൻ വയ്യ. കൃഷിപ്പണിയിൽ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുടേതിനേക്കാൾ ഗണ്യമായി കുറഞ്ഞു കാണുന്നു. ഇത്തരത്തിലുള്ള അന്തരം തൊഴിലിന്റെ വിതരണത്തിൽ എല്ലാ മേഖലകളെയും ബാധിച്ചിട്ടുണ്ടെന്നുള്ളതും മനസ്സിലാക്കാം. എന്നാൽ പാരമ്പര്യരീതിയിൽ കയർ വ്യവസായം നിലനിൽക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ ഗണ്യമായ ഒരന്തരം വരാതിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ തൊണ്ട്തല്ലൽ, കയർ പിരിപ്പ് രംഗങ്ങളിലാണ് കയർ വ്യവസായത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികളെ ആവശ്യമുള്ളത്. ആ രംഗങ്ങൾ പണ്ടുമുതലേ സ്ത്രീകൾ കയ്യടക്കി വച്ചിരിക്കുകയാണ്. ഇന്നും ഈ നിലയിലാണ് തുടരുന്നത്. യന്ത്രവൽക്കരണം മൂലം ഈ രംഗത്തും സ്ത്രീ പങ്കാളിത്തം വരുംകാലങ്ങളിൽ കുറയാതിരിക്കണമെങ്കിൽ സ്ത്രീകൾ തൊഴിലിന്റെ സാങ്കേതിക വശങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഗതാഗതരംഗത്തും അതുപോലുള്ള ചില തൊഴിൽ രംഗങ്ങളിലും സ്ത്രീകൾ ഇപ്പോഴും കടന്നു ചെല്ലാൻ മടിച്ചു നില്ക്കുന്നുണ്ട്. ഈ മനോഭാവം മൂലം ആ രംഗങ്ങൾ പൂർണമായും പുരുഷന്മാരുടെ നിയന്ത്രണത്തിലുമാണ്. ഇതു മാറാത്തിടത്തോളം കാലം (പല പരിമിതികൾ കൊണ്ടും) ഇനിയും ഈ നില ഇതുപോലുള്ള രംഗങ്ങളിൽ തുടരാനാണ് സാധ്യത.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നിലെ സെൻസസ് പ്രകാരം വക്കം പഞ്ചായത്തിൽ ആകെ 11676 തൊഴിൽ രഹിതരാണുള്ളത്. അവരിൽ 7061 പേർ സ്ത്രീകളാണ്. തൊഴിൽ രഹിതരായ പുരുഷന്മാർ 4615 പേർ മാത്രമാണ്. ഇത് സ്ത്രീകൾക്കുള്ള തൊഴിൽ അവസരങ്ങളുടെ അപര്യാപ്തതയാണ് വ്യക്തമാക്കുന്നത്.

എംപ്ലോയ്മെൻറ് എക്ചേഞ്ചിലെ കണക്കനുസരിച്ച് തൊഴിലില്ലായ്മ വേതനം പറ്റുന്ന 317 സ്ത്രീകളാണ് വക്കം പ്രദേശത്തുള്ളത്. എന്നാൽ തൊഴിൽ രഹിതവേതനം വാങ്ങുന്ന പുരുഷന്മാരുടെ എണ്ണം വെറും 56 ആണെന്നു കാണുമ്പോൾ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ഇടയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മയുടെ ചിത്രം പൂർത്തിയാകും

പ്രവർത്തനസമയം, ഒഴിവുകൾ, രണ്ടുമാസത്തെ വെക്കേഷൻ ഇവ സ്ത്രീകളെ അദ്ധ്യാപക വൃത്തിയിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. ഈ ഗ്രാമത്തിലും അദ്ധ്യാപികമാർ ധാരാളമുണ്ട്. ആകെയുള്ള എട്ട് സ്കൂളുകളിൽ ബഹുഭൂരിപക്ഷം സ്കൂളുകളുടെയും നിയന്ത്രണം സ്ത്രീകളിലാണ്. അദ്ധ്യാപനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെങ്കിലും പാഠ്യേതരകാര്യങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന കാര്യത്തിൽ അദ്ധ്യാപികമാർ വിജയിക്കുന്നതായി കാണുന്നില്ല. വനിതകളുടെ ഇടയിൽ പൊതുവേ ദൃശ്യമാകുന്ന നേതൃത്വപാടവത്തിന്റെ അപര്യാപ്തതയാണ് ഇതിന് കാരണമെന്ന് കാണാം. വനിതാ വ്യവസായസംരംഭകരുടെ എണ്ണവും പുരുഷസംരംഭകരെ അപേക്ഷിച്ച് കുറവാണ്. അതുപോലെ കയർ വ്യവസായ മേഖലയിലെ നടത്തിപ്പിലും മറ്റും സ്ത്രീകൾ പിന്നോക്കമാണെന്നത് ശ്രദ്ധേയമാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ട് ഡി. ഡബ്ല്യു. സി. ആർ. എ. പ്രവർത്തനത്തിന്റെ പ്രാരംഭദിശയിലാണ്. കയർനിർമ്മാണം, യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിച്ചു തുടങ്ങുവാനുള്ള തയാറെടുപ്പിലാണ്.

മുൻകാലങ്ങളിൽ വീട്ടമ്മമാരായി ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകളിൽ അധികവും വിവിധങ്ങളായ കാണാപ്പണികളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്ന്, അത്തരം കാണാപ്പണികളിലേർപ്പെട്ട് പരോക്ഷമായെങ്കിലും സമ്പത്ത് ഉൽപാദനരംഗത്ത് അവരുടെ പങ്ക് നിർവഹിച്ചുപോകുന്ന വീട്ടമ്മമാർ വിരളമാണ്. എങ്കിലു, ആടുമാടു വളർത്തൽ, പച്ചക്കറികൃഷി, കൈത്തൊഴിലുകൾ തുടങ്ങിയ പണികളിൽ സ്ത്രീകൾ ഏർപ്പെട്ടു വരുന്നതായി കാണാം. പുരുഷന്മാർ, ഗൾഫ് മേഖലയിൽ പണിടെുക്കുന്നത് മൂലം ഗൾഫ് സമ്പത്തിന്റെ സ്വാധീനവും ഇലക്ട്രോണിക് മാധ്യമരംഗത്ത് (പ്രത്യേകിച്ചും ടെലിവിഷൻ) വന്ന വൻപിച്ച പുരോഗതിയും ഗണ്യമായ തോതിൽ സ്ത്രീകളെ അലസരും വിനോദപ്രിയരുമാക്കി മാറ്റുന്നു എന്നുള്ളത് സൂചിപ്പിക്കാതിരിക്കുവാൻ നിവൃത്തിയില്ല. കുടുംബത്തിന്റെ ചുമതല പൂർണ്ണമായി ഏറ്റെടുക്കേണ്ട ബാദ്ധ്യതയും ഇന്ന് സ്ത്രീകൾക്കാണ്. വക്കം പഞ്ചായത്തിൽ ഏകദേശം 956-ഓളം വീടുകളിൽ കുടുംബഭരണം സ്ത്രീകൾക്കാണ്. എന്നാൽ ഈ സ്ഥിതി വിശേഷം ഉല്പാദനരംഗത്തെയോ തൊഴിൽ രംഗത്തെയൊ ഒരുതരത്തിലും ഗുണകരമായി സ്വാധീനിക്കാനായിട്ടിലെന്നുള്ളത് ഒരു സത്യമാണ്.

പട്ടിക VII

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
നിർമ്മാണത്തൊഴിലാളി	70-90 രൂ.	90-125 രൂ.
കയർ തൊഴിലാളി	23-31 രൂ.	70 രൂ.
കർഷകത്തൊഴിലാളി	30 രൂ.	90 രൂ.

ഈ പഞ്ചായത്തിൽ വിധവാപെൻഷന് അർഹതയുള്ള 282 പേരാണുള്ളത്. ഇതിൽ 20 പേർക്ക് മാത്രമേ ഇന്ന് പെൻഷൻ ലഭിക്കുന്നുള്ളു. അഗതികളായ 198 സ്ത്രീകളിൽ വെറും 43 പേർക്കാണ് അഗതി പെൻഷൻ ലഭിക്കുന്നത്. വാർദ്ധക്യകാല പെൻഷൻ വാങ്ങിക്കുന്ന 8 പേരിലാകട്ടെ വെറും 3 പേർമാത്രമാണ് സ്ത്രീകൾ. അർഹരായ നിരവധി സ്ത്രീകൾ വേറെയുമുണ്ട്. സ്ത്രീകൾക്ക് അർഹമായ സാമ്പത്തികാനുകൂല്യം യഥാവിധി ലഭ്യമാകുന്നില്ലെന്ന സത്യമാണ് ഈ കണക്കുകൾ വെളിപ്പെടുത്തുന്നത്.

പ്രധാനപ്പെട്ട തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന ലിംഗപരമായ വിവേചനവും കൂലിയിലുള്ള അന്തരവും എടുത്തു പറയേണ്ടതുണ്ട്. കൂലിയിലുള്ള അന്തരം താഴെക്കാണുന്ന പട്ടികVIIയിൽ നിന്നും മനസ്സിലാക്കാം.

ഈ മൂന്ന് തൊഴിൽ മേഖലകളിലും കൂടിയുള്ള അന്തരം വളരെ പ്രകടമാണ്. ഈ അന്തരം ജോലിഭാരത്തിന് ആനുപാതികമല്ല. വേതന ഘടനയിൽ ശാസ്ത്രീയമായ പഠനങ്ങളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഇന്ന് സ്ത്രീകൾ നേരിടുന്ന അവഗണന അവസാനിപ്പിക്കേണ്ടതാണ്.

ഇത്തരം വിവേചനങ്ങൾക്കുപരിയായി തൊഴിൽ രംഗത്തുള്ള ലിംഗപരമായ ചില വിവേചനങ്ങളെയും നാം വിലയിരുത്തേണ്ടതുണ്ട്. അതിൽ പ്രധാനം കയർ മേഖലയിൽ ഉള്ള വിവേചനമാണ്. താരതമ്യേന അദ്ധ്വാനഭാരം കൂടിയതും ദീർഘവുമായ പ്രവർത്തനങ്ങളാണ് തൊണ്ടുതല്ലൽ, കയർ പിരിപ്പ് എന്നിവ, ഈ രണ്ട് പ്രവർത്തനങ്ങളും പരമ്പരയായിത്തന്നെ സ്ത്രീകളാണ് ചെയ്തു വരുന്നത്. എന്നാൽ കയർകെട്ട്, തൊണ്ട് പൂഴ്ത്തൽ എന്നീ പ്രവർത്തനങ്ങൾ കരുത്തരായ തൊഴിലാളികൾക്കേ ചെയ്യാൻ കഴിയൂ. ഈ വകത്തൊഴിലുകൾ പുരുഷന്മാർ ചെയ്യുന്നു. ഈ വിവേചനം കൊണ്ട് സ്ത്രീകൾക്കുള്ള പ്രധാന ദോഷം കൂലിയിലുള്ള അന്തരമാണ്.

കെട്ടിടനിർമ്മാണരംഗത്ത് ഇതുപോലുള്ള വിവേചനമുണ്ട്. മേശന്മാർ എല്ലായ്പ്പോഴും പുരുഷന്മാരായിരിക്കും.സ്ത്രീകൾ കൂലിയാളുകളാണ്. മേശന്മാർക്ക് ദിവസം 100 മുതൽ 125 രൂപ വരെ വേതനമുള്ളപ്പോൾ കൂലിയാളുകളായ സ്ത്രീകൾക്ക് 70 രൂപ മുതൽ 90 രൂപവരെയാണ് വേതനം. ഇവിടെയും വേതനത്തിലുള്ള അന്തരം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യേണ്ടതാണ്. അതുപോലെ ഓല മെടച്ചിൽ രംഗത്ത് ബഹുഭൂരിപക്ഷവും സ്ത്രീകളാണെങ്കിൽ മോട്ടോർ തൊഴിലാളികൾക്കിടയിൽ ഒരു സ്ത്രീ പോലും ഇന്നുവരെ കടന്നു വന്നിട്ടില്ല. വനിതകൾക്ക് ആവശ്യമായ ആത്മവിശ്വാസം പകർന്നു നൽകി പുതിയ മേഖലകളിലേക്ക് അവരെ ആകർഷിക്കേണ്ട ബാദ്ധ്യത സമൂഹം ഏറ്റെടുക്കേണ്ടതാണ്.

തൊഴിൽ രംഗത്തെ പുത്തൻവെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് ഈ കൊച്ചുഗ്രാമത്തിലെ സ്ത്രീകൾ വിവിധ തൊഴിൽ മേഖലകളിലേക്ക് കടന്നുകയറി തിളയ്ക്കമാർന്ന പ്രകടനം കാഴ്ചവയ്ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുകയാണ്. നാടിന്റെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും അതിൽ പങ്കാളികളാകാനും സ്ത്രീജനങ്ങളുടെ ഒരു പ്രവാഹം തന്നെ ഉണ്ടാകട്ടെ എന്നാശിക്കുന്നു

അങ്കണവാടികൾ

ഈ പഞ്ചായത്തിൽ പത്ത് അങ്കണവാടിയും ഒരു ബാലവാടിയുമാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനങ്ങളിൽ ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയുമായി ബന്ധപ്പെട്ട് മുലയൂട്ടുന്ന അമ്മമാരും ഗർഭിണികളും ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്നുവെന്നത് ഇവയുടെ പ്രാധാന്യം വർദ്ധിപ്പിക്കുകയാണ് . വ്യാപകവും സമഗ്രവുമായ പ്രവർത്തനങ്ങളിലൂടെ ഇവയുടെ പ്രവർത്തനം വിപുലീകരിക്കുന്നത് വനിതാക്ഷേമ പ്രവർത്തന രംഗത്ത് ഗുണകരമായിരിക്കുമെന്നാണ് വിലയിരുത്തൽ.

സാമൂഹ്യരംഗം

സാമൂഹ്യരംഗത്താണ് സ്ത്രീകൾ ഏറ്റവും കൂടുതൽ പിന്നോക്കം നിൽക്കുന്നത്. കഴിഞ്ഞകാലയളവിൽ നടന്ന അവകാശപോരാട്ടങ്ങളുടെ, യാതനകളിൽ നിന്നും പഠിച്ച പാഠങ്ങൾ ഇന്നത്തെ വനിതകൾക്ക് കൈമോശം വന്നിരിക്കുന്നു. മനുഷ്യകുലത്തിന്റെ പകുതിയിലധികം വരുന്ന ജനവിഭാഗമാണ് തങ്ങളെന്ന കാര്യം സ്ത്രീകൾ മറന്നുപോയിരിക്കുന്നു.

വിസ്മൃതിയുടെ ബന്ധനം വിട്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവതികളായി അവർ സാമൂഹ്യരംഗങ്ങളിൽ തങ്ങൾക്കാവുന്ന സംഭാവനകൾ നൽകാൻ തയാറാകേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്ത് പണ്ടുമുതൽ തന്നെ സ്ത്രീകൾ പിന്നിലാണ്. എന്നാൽ കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ ഒരു പുത്തൻ ഉണർവ് സ്ത്രീകൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെ മൂന്ന് വനിതാ മെമ്പർമാർ ഉണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മെമ്പറും, ജില്ലാ പഞ്ചായത്ത് മെമ്പറും നമ്മുടെ പഞ്ചായത്തിൽപ്പെട്ട വനിതകളാണ്. എന്നാൽ ഒരു മഹിളാ അസോസിഷേൻ ഒഴിച്ചാൽ മറ്റൊരു സംഘടനയിലും സ്ത്രീകൾ നേതൃസ്ഥാനത്തില്ല. ബഹുജനസംഘടനകളിലെ വനിതാ പങ്കാളിത്തവും ആശാവഹമല്ല. കുടുംബപരവും സാമൂഹ്യപരവുമായ ചുറ്റുപാടുകളാണ് ഇതിനു കാരണം. സ്ത്രീകൾ പൊതുവേ സാമൂഹ്യരംഗങ്ങളിലേക്ക് കടന്നു വരാൻ വിമുഖത കാട്ടുന്നു. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ നിലനിൽക്കുന്ന ദുഷ്പ്രവണതകളും ദുരാരോപണങ്ങളും ഒരു പരിധിവരെ ഈ വൈമുഖ്യത്തിന് കാരണമാകുന്നുണ്ട്. സ്ത്രീകളെ സാമൂഹ്യസംരംഭങ്ങളിൽ പങ്കെടുപ്പിക്കാനാവശ്യ

മായ പ്രേരണയോ പ്രോത്സാഹനങ്ങളോ കുടും ബനാഥന്മാരിൽ നിന്ന് ലഭിക്കുന്നില്ല എന്നതാണി തിനു കാരണം. ഈ കാര്യത്തിൽ ഒരു സമൂല പരിവർത്തനം ആവശ്യമാണ്. ഇന്ന് ഇവിടെ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളും കൂടുതൽ മെച്ചപ്പെടു ത്തേണ്ടതായിട്ടുണ്ട്. സ്ത്രീധനപീഡനങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അക്രമ പ്രവർ ത്തനങ്ങൾ തുടങ്ങിയ സാമൂഹ്യതിന്മകൾ ക ണ്ടെത്തി പരിഹരിക്കാൻ ഈ സംഘടനകൾ മുൻ കൈയെടുക്കണം. സ്ത്രീകളെ പരസ്യക്കമ്പോ ളത്തിൽ അശ്ലീലമായി ചിത്രീകരിക്കൽ, അപവാദ പ്രചരണം, അശ്ലീല സിനിമാ പ്രദർശനങ്ങൾ എന്നിവയൊക്കെ നമ്മുടെ പഞ്ചായത്തിനെ സം ബന്ധിച്ചടത്തോളം ഇല്ല എന്നു പറയത്തക്കവിധം കുറവാണ്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലയ്മയുടെ തിക്തഫലം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് സ്ത്രീകൾ ക്കിടയിലാണ്. തൊഴിൽ രഹിതരായ സ്ത്രീകൾ പുരുഷന്മാരെക്കാൾ കൂടുതലുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. സാങ്കേതിക മേഖലയിൽ പ്രത്യേകിച്ചും ഇലക്ട്രോണിക്സ് രം ഗത്ത് സ്ത്രീകളുടെ സാന്നിദ്ധ്യം പുരുഷന്മാരു ടേതിനേക്കാൾ വളരെക്കുറവാണ്. സാങ്കേതിക വി ദ്യാഭ്യാസരംഗത്തേക്ക് കടന്നു കയറാൻ സ്ത്രീകൾ ക്ക് കഴിയാത്തതുതന്നെയാണ് ഇതിനു കാരണം.

സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രശ്നം പൊ തുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മയാണ്. സ്ത്രീകൾ ധാരാളം വന്നു പോകുന്ന ഇടങ്ങളായ മാർക്കറ്റ്, ആശുപത്രി, ബസ് സ്റ്റോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ പ്രാഥമികാവ ശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാകേണ്ടത് ആവശ്യ മാണ്. സ്ത്രീയും പുരുഷനും പരസ്പരം പൂ രകങ്ങളായി പ്രവർത്തിക്കേണ്ട സമൂഹത്തിൽ നിന്നും സ്ത്രീ സ്വയം പിന്തിരിഞ്ഞുപോ കുന്നതും പുരുഷൻ സ്ത്രീയെ ഒഴിവാക്കി മുന്നോ ട്ട് പോകാൻ ശ്രമിക്കുന്നതും നന്നല്ല. നമ്മുടെ പഞ്ചായത്തിലെ പകുതിയിലധികം വരുന്ന ജനവി ഭാഗമാണ് സ്ത്രീകൾ. അവർ സമൂഹത്തിലെ വെറും ഉപഭോക്താക്കളായി അധഃപതിക്കുന്നത് തികച്ചും ഖേദകരമാണ്. ഉൽപാദനരംഗത്ത് സ് ത്രീകൾ ഗണ്യമായ പങ്ക് വഹിക്കേണ്ടതുണ്ട്. മാ നുഷിക വിഭവത്തിന്റെ പകുതിയിലധികം വരുന്നവരാണ് സ്ത്രീകളെന്ന ബോധം ഉൾ ക്കൊണ്ട് എല്ലാ മേഖലകളിലും തങ്ങളുടെ കഴി വുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നേടി യെടുക്കാൻ സ്ത്രീകൾക്ക് കഴിയണം.

മേൽപ്പറഞ്ഞ പ്രശ്നങ്ങളെ മുൻഗണനാ ക്രമത്തിൽ ഇങ്ങനെ തരംതിരിക്കാം.

- സ്ത്രീകൾക്കിടയിലെ വർദ്ധിച്ച തൊഴിലില്ലാ യ്മാനിരക്ക്
- അവശജനവിഭാഗങ്ങൾക്കിടയിലെ വിദ്യാഭ്യാ സപരവും സാമൂഹ്യവുമായ പിന്നോക്കാ വസ്ഥ
- തൊഴിൽ രംഗങ്ങളിലെ പ്രാതിനിധ്യക്കുറവ്
- സാമൂഹ്യസേവനരംഗത്തെ സ്ത്രീകളുടെ അദൃശ്യത
- സാങ്കേതിക-വിദ്യാഭ്യാസരംഗങ്ങളിൽ സ്ത്രീ കളുടെ പങ്കാളിത്തക്കുറവ്
- പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ രക്ഷിതാക്കൾക്കുള്ള വികലമായ വീക്ഷണം
- തൊഴിൽ-സ്വയം തൊഴിൽ പരിശീലനങ്ങളു ടെ അഭാവം
- അങ്കണവാടികളുടെ പ്രവർത്തനം കാര്യ ക്ഷമമല്ല.
- അങ്കണവാടി അദ്ധ്യാപകരുടെ തുച്ഛമായ വേതനം
- തൊഴിൽ രംഗത്തെ വേതനഘടനയിലെ വി വേചനങ്ങൾ
- അങ്കണവാടികളിലെ ഭൗതികസൗകര്യങ്ങളി ലെ അപര്യാപ്തത
- ആതുരാലയങ്ങളുടെയും ആരോഗ്യകേ ന്ദ്രങ്ങളുടെയും അപര്യാപ്തത
- നേതൃപരമായ കഴിവുള്ളവർ മറഞ്ഞിരിക്കുന്ന അവസ്ഥ
- സർക്കാർ ആനുകൂല്യങ്ങൾ അർഹരായവർ ക്ക് മുഴുവൻ കിട്ടുന്നില്ല.
- പാഠ്യേതര പ്രവർത്തനങ്ങളിൽ മിടുക്കരായ പെൺകുട്ടികൾക്ക് തുടർച്ചയായ

പ്രോത്സാഹനവും പരിശീലനവും നൽകാൻ കഴിയുന്നില്ല.

- ശാസ്ത്രീയ വീക്ഷണം സ്ത്രീകൾക്കിടയിൽ കുറഞ്ഞുവരുന്നു.

സാധ്യതകൾ

തൊഴിൽ പരിശീലനകേന്ദ്രങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളും സ്ത്രീകൾക്ക് മാത്രമായി പ്രത്യേകം ഉണ്ടെങ്കിൽ അത്തരം സാങ്കേതിക വിദ്യാലയങ്ങളെ സ്ത്രീകൾ ആശ്രയിക്കുകയും സാങ്കേതികബോധം സ്ത്രീകൾക്കുണ്ടാവുകയും ചെയ്യും . ഇന്ന് നിലവിലുള്ള സാങ്കേതിക വിദ്യാലയങ്ങളിൽ കൂടുതൽ പെൺകുട്ടികളെ പ്രവേശിപ്പിക്കുന്നതോടൊപ്പം സ്ത്രീകൾക്കായി അത്തരം ഒരു പ്രാദേശിക സ്ഥാപനം ആവശ്യമാണെന്നു കാണാം.

- കയർ വ്യവസായരംഗത്ത് യന്ത്രവൽക്കരണം മൂലം ഉണ്ടാകാവുന്ന വ്യതിയാനങ്ങൾ ഗുണകരമാക്കി മാറ്റി കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക.
- സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ സംഘടിപ്പിക്കുക
- സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ, സെമിനാറുകൾ സംഘടിപ്പിക്കുക.
- മഹിളാസമാജങ്ങളും അങ്കണവാടികളും ഊർജിതമാക്കി അതുവഴി സ്ത്രീകൾക്കാവശ്യമായ തൊഴിൽ പരിശീലനം നൽകുകയും സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക
- പച്ചക്കറി, മൃഗസംരക്ഷണരംഗങ്ങളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുക
- പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യം ഉറപ്പുവരുത്തുക
- പെൺകുട്ടികളുടെ രക്ഷിതാക്കൾക്കായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക
- പെൺകുട്ടിൾക്കും സ്ത്രീകൾക്കുമായി കലാകായികമേളകൾ സംഘടിപ്പിക്കുക
- ശാസ്ത്രവീക്ഷണം സ്ത്രീകളിൽ വളർത്തുവാനായി സാമൂഹ്യബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക
- ആതുരാലയങ്ങളുടെയും ആരോഗ്യകേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക
- അങ്കണവാടി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുക
- അവശജനവിഭാഗങ്ങൾക്ക് പ്രത്യേകാനു കൂല്യങ്ങൾ നൽകണം
- സ്ത്രീകൾക്കായി സഹകരണാടിസ്ഥാനത്തിൽ പുതിയ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കണം.



5.10

സഹകരണം

മനുഷ്യന്റെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ സമസ്ത തലങ്ങളെയും സ്വാധീനിക്കുന്ന രു അത്ഭുത പ്രതിഭാസമാണ് സഹകരണ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ വിജയാപചയങ്ങളാണ് നാടിന്റെ സാമൂഹിക സാമ്പത്തിക മേഖലയിലെ വൃദ്ധിക്ഷയങ്ങൾ നിയന്ത്രിക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ നിലനില്പു പോലും പ്രപഞ്ച ഘടകങ്ങളുടെ സഹകരണത്തിലധിഷ്ടിതമാണ്. സൗരയൂഥത്തിലെ ഗോളങ്ങളുടെ സഹകരണമാണ് പ്രപഞ്ചത്തിന്റെ നിലനില്പിനാധാരം. സൂര്യചന്ദ്രാദികൾ ഉദിച്ചസ്തമിക്കുന്നതും രാത്രിയും പകലും മാറിമാറി വരുന്നതും കാലാവസ്ഥ ക്രമീകരിക്കപ്പെടുന്നതുമെല്ലാം പ്രപഞ്ചഘടകങ്ങൾ തമ്മിലുള്ള സഹകരണം കൊണ്ടു മാത്രമാണ്.

അംഗചലനങ്ങൾ താളാനുസാരിയായി സഹകരിക്കുമ്പോൾ നൃത്തകലയുണ്ടാകുന്നു. സ്വരങ്ങളുടെ സഹകരണമാണ് സംഗീതം. നിറങ്ങളുടെയും വരകളുടെയും സഹകരണമാണ് ചിത്രകല. വാക്കും അർത്ഥവും സഹകരിക്കുമ്പോഴാണ് സാഹിത്യമുണ്ടാകുന്നത്.

സമൂഹത്തിന്റെ സമസ്ത തലങ്ങളിലുമുള്ള ജനങ്ങളെ ഏകോപിപ്പിച്ച് പരസ്പര ചൂഷണത്തിൽ നിന്ന് നിർ മുക്തമാക്കി സാമൂഹികവും സാമ്പത്തികവുമായ പുത്തൻ ചക്രവാളങ്ങളിലേയ്ക്ക് ആനയിക്കുന്ന പുതിയ ഒരു അറിവായിരുന്നു സഹകരണ പ്രസ്ഥാനം. പഴയ തിരുവിതാംകൂറിൽ സഹകരണപ്രസ്ഥാനം ശക്തി പ്രാപിച്ചു തുടങ്ങിയ കാലഘട്ടത്തിൽ തന്നെ ഇവിടെയും ഒരു സഹകരണപ്രസ്ഥാനം ഉടലെടുത്തു. കടയ്ക്കാവൂർ വ്യവസായ പോഷിണി സഹകരണസംഘം എന്ന പേരിലായിരുന്നു അത് രജിസ്റ്റർ ചെയ്തത്. വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് തളർച്ചയെന്തെന്നറിയാതെ വളർന്ന് പന്തലിച്ച ഈ സ്ഥാപനമാണ് വക്കം ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ ഈ ഗ്രാമത്തിലെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനമായി ഇന്ന് തലയുയർത്തി നിൽക്കുന്നത്. സഹകരണപ്രസ്ഥാനത്തിനുതന്നെ അഭിമാനകരമായ ഈ സ്ഥാപനം സംസ്ഥാനത്തെ എറ്റവും മികച്ച സഹകരണ സ്ഥാപനങ്ങളിലൊന്നാണ്.

എൻ. മാർത്താണ്ഡൻ വാദ്ധ്യാർ, പി. എൻ. പദ്മനാഭൻ വാദ്ധ്യാർ, എൻ. വേലായുധൻ വാദ്ധ്യാർ, ജി.നീലകണ്ഠൻ വാദ്ധ്യാർ അപ്പിക്കണക്കൻ, ആർ. പത്മനാഭൻ മുതലാളി, കെ. സി. കേശവൻ എന്നിവരായിരുന്നു ആദ്യകാല സഹകരണസ്ഥാപനത്തിന്റെ സ്ഥാപകർ.

ഈ പ്രദേശത്തെ കൈത്തറി മേഘലയെ പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നൂൽ വ്യാപാരമാണ് ആദ്യമായി ആരംഭിച്ചത്. എന്നാൽ അത് വേണ്ടത്ര പുരോഗമിച്ചില്ല. തുടർന്ന് പ്രവർത്തനരഹിതമായ ആ സംഘത്തെ പത്മനാഭൻ മുതലാളിയുടെ നേതൃത്വപരമായ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ഒരു മാതൃകാ സഹകരണസ്ഥാപനമായി വളർത്തി. അദ്ദേഹം തന്നെ ആ സ്ഥാപനത്തിന്റെ പ്രസിഡൻറായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും ചെയ്തു. 26.07.1099 ൽ 100 ബ്രിട്ടീഷ് രൂപ മുടക്കി നൂൽ വ്യാപാരം ആരംഭിച്ചുകൊണ്ടാണ് സംഘത്തിന്റെ ആദ്യകാലപ്രവർത്തനം ആംരംഭിക്കുന്നത്. ഇദം പ്രഥമമായി സംഘത്തിൽ നിന്നും വായ്പ നൽകിയത് അൻപത് രൂപയാണ്.

1961 മാർച്ച് 4-ാം തീയതി സംഘത്തിന്റെ പേര് വക്കം 542 -ാം നമ്പർ സർവ്വീസ് സഹകരണസംഘം എന്നും അതിനുശേഷം 1973 ഫെബ്രുവരി 28 ന് ബൈലാ ഭേദഗതിയിലൂടെ സർവ്വീസ് സഹകരണസംഘം എന്നുള്ളത് സർവ്വീസ് സഹകരണബാങ്ക് എന്നും പുനർ നാമകരണം ചെയ്ത് അതിന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തി.

1966 ഫെബ്രുവരി 24 മുതൽ 1975 ആഗസ്റ്റ് മാസം 3-ാം തീയതി വരെ ഈ സ്ഥാപനത്തിന്റെ പ്രസിഡൻറായിരുന്നത് യശശരീരനായ എം യഹിയ ആയിരുന്നു.

1983 ഒക്ടോബർ 16-ാംതീയതി മുതൽ നിലവിലുണ്ടായിരുന്ന സർവ്വീസ് സഹകരണബാങ്ക് ബൈലാഭേദഗതിയിലൂടെ വക്കം ഫാർമേഴ്സ് സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 542 ആയി മാറി. 1975 നു ശേഷം ദിവാകരൻ , വി. ശ്രീധരൻ, എ, സൈനുലാബ്ദ്ദീൻ, എം. സൈനുലാബ്ദ്ദീൻ എന്നിവർ പ്രസിഡൻറായി.

വക്കം പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കും അഞ്ച് കയർ വ്യവസായ സഹകരണ സംഘങ്ങളും ഒരു ഹരിജൻ സഹകരണ സംഘവും ക്ഷീരോല്പാദകരുടെ രു സഹകരണസ്ഥാപനവുമാണുള്ളത്. സഹകരണസ്ഥാപനങ്ങൾക്ക് തഴച്ചു വളരാൻ വളക്കൂറുള്ള മണ്ണാണ് വക്കം പഞ്ചായത്തിനുള്ളത്. ഇവിടെ ഇനിയും പുതിയ സഹകരണ സ്ഥാപനങ്ങൾ തുറന്ന് വിജയകരമായി നടത്തുവാൻ സാദ്ധ്യതകളേറെയുണ്ട്.

പട്ടിക 2

വക്കം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

സ്ഥാപിത വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭം/നഷ്ടം
1923	15772	27	50 ലക്ഷം	15 കോടി	ലാഭം

പട്ടിക 5

ക്ഷീരോല്പാദക സഹകരണസംഘം

സ്ഥാപിത വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	പ്രതിദിന പാൽ ശേഖരണം	ലാഭം/നഷ്ടം
1995	39	2	550 രൂപ	ഇല്ല	50-60 ലിറ്റർ	നഷ്ടം

പട്ടിക 1

സഹകരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥാപിത വർഷം	പ്രവർത്തന പരിധി/ വാർഡ്
1.	വക്കം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം നമ്പർ 542	1923	വക്കം പഞ്ചായത്ത്
2.	വക്കം കിഴക്ക് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 87	1955	5,6
3.	അകത്തുമുറി തെക്ക് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ.303	1960	2,3
4.	മണനാക്ക് കയർ വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 455	1964	5
5.	വക്കം തെക്ക് കയർ വ്യവസായ സഹകരണ സംഘം റ്റി.537	1982	8,9
6.	വക്കം നോർത്ത് വെസ്റ്റ് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി. 529	.....	1,9
7.	പട്ടികജാതി പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം റ്റി.881	1983	വക്കം പഞ്ചായത്ത്
8.	ക്ഷീരോല്പാദക സഹകരണസംഘം	1995	"

പട്ടിക 4

ഹരിജന സഹകരണ സംഘം

സ്ഥാപിത വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭം/നഷ്ടം
1987	253	3 [പ്രവർത്തനം ഇല്ല]	24000 രൂപ	--	നഷ്ടം

പട്ടിക 3

കയർ സഹകരണസംഘങ്ങൾ

പേര്	നമ്പർ	സ്ഥാപിത വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം		ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭം/ നഷ്ടം
				സ്ഥിരം	മറ്റുള്ളവ			
വക്കം കിഴക്ക് കയർ വ്യവസായ സഹകരണ സംഘം	87	1955	792	2	66	100000	--	നഷ്ടം
അകത്തുമുറി തെക്ക് കയർ വ്യവസായ സഹകരണസംഘം	303	1960	547	1	55	177480	--	നഷ്ടം
മണനാക്ക് കയർ വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്	455	1946	745	3	52	38000	--	നഷ്ടം
വക്കം തെക്ക് കയർ വ്യവസായ സഹകരണ സംഘം	റ്റി 537	1982	367	2	76	1,26,342	--	നഷ്ടം
വക്കം നോർത്ത് വെസ്റ്റ് കയർ വ്യവസായ സഹകരണ സംഘം	റ്റി. 529	1982	137	2	ഇല്ല	100000	നാല് വർഷമായി പ്രവർത്തനം ഇല്ല	നഷ്ടം

സഹകരണ ബാങ്കിംഗ് മേഖലയാണ് ഇവിടെ ശക്തി പ്രാപിച്ചുവരുന്നത്. 1923-ൽ ആരംഭിച്ച ഈ സംഘത്തിന്റെ വളർച്ച അത്ഭുതകരമാണ്. ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെയും, ഈ നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് വക്കം ഫാർമേഴ്സ് സഹകരണ ബാങ്കിന് അസൂയാവഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. കേവലം 50 ലക്ഷം രൂപ മൂലധനം നിക്ഷേപിച്ച് തുടങ്ങിയ ഈ ബാങ്കിന് ഇന്ന് കോടികളുടെ ആസ്തിയാണുള്ളത്. ഗൾഫിൽ പോകുന്നതിനോ, വിദ്യാഭ്യാസത്തിനോ, വിവാഹാവശ്യങ്ങൾക്കോ, പാർപ്പിട നിർമ്മാണത്തിനോ പ്രത്യക്ഷമായോ പരോക്ഷമായോ ഈ ബാങ്കിന്റെ ഗുണഭോക്താക്കളാണ് ഈ ഗ്രാമത്തിലെ മുഴുവൻ ജനതയുമെന്ന് പറഞ്ഞാൽ വലിയ പിശകിനവകാശമില്ല.

ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ വളർച്ചയ്ക്ക് മുഖ്യകാരണം ജനങ്ങൾക്ക് സ്ഥാപനത്തോടുള്ള വിശ്വാസ്യതയാണ്. ഉദാരവൽക്കരണം

കാലതാമസം കൂടാതെ നല്കുന്ന ഹ്രസ്വകാല വായ്പകൾക്ക് കുറഞ്ഞ പലിശ നിരക്ക്, എന്നിവയും സാധാരണ ജനങ്ങളെ ഈ സ്ഥാപനവുമായി കൂടുതൽ അടുപ്പിക്കുന്നു.

സാധാരണ വായ്പയാണ് ഈ സഹകരണ ബാങ്കിൽ നിന്ന് ഏറ്റവും കൂടുതൽ നല്കി വരുന്നത്. ഇടത്തരക്കാരായ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയാണ് ഇത്തരം വായ്പകൾക്ക് കൂടുതൽ പ്രാധാന്യം നല്കുന്നത്. ഇത് കൂടുതലും കാർഷികമേഖലയുടെ അഭിവൃദ്ധിക്കായാണ് വിനിയോഗിച്ചുവരുന്നത്. സ്വർണ്ണപ്പണയത്തിന്മേൽ നൽകുന്ന വായ്പയാണ് രണ്ടാമത്. ഇത് ഈ പ്രദേശത്തെ ജനങ്ങളുടെ പെട്ടെന്നുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് വളരെയധികം സഹായകരമാണ്. മൂന്നാമത്തെ വായ്പാ ഇനമാണ് മധ്യകാലവായ്പ. ഇത് കർഷകരുടെ സമയോചിതമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉപകരിക്കും. സ്ഥിരനിക്ഷേപകർക്ക് അതിനുമേൽ നൽകുന്ന ലോൺ ആണ് മറ്റൊരു സ്കീം. ഇത് നിക്ഷേപകരുടെ പെട്ടെന്നുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുന്നു.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടി ഈ ബാങ്ക് വായ്പകൾ നൽകി വരുന്നു. ഇത് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്കും മറ്റുള്ളവർക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകമാകുന്നു.

പാർപ്പിട നിർമ്മാണത്തിനും ഈ ബാങ്ക് വായ്പ നൽകി വരുന്നുണ്ട്. പാർപ്പിട രഹിതർക്ക് വലിയൊരു ആശ്വാസമാണിത്. ഒരു നിശ്ചിത തുക വസ്തുവിന്റെ ഈടിന്മേലാണ് നൽകുന്നത്. ഇത് കുറെക്കൂടി വിപുലീകരിക്കേണ്ട ഒരു പദ്ധതിയാണ്.

സൈക്കിൾ മുതൽ മോട്ടോർ വാഹനങ്ങൾ വരെ വാങ്ങുന്നതിന് വായ്പകൾ ഈ ബാങ്കിൽ നിന്ന് നൽകി വരുന്നു. ഇത് നിശ്ചിത ഗഡുക്കളായി തിരിച്ചടയ്ക്കാൻ സൗകര്യമുള്ള വായ്പ്പായിനമാണ്.

വിവിധ സ്കീമുകൾ പ്രകാരം സഹകരണസംഘം നൽകിയിട്ടുള്ള വായ്പകൾ താഴെ പറയും പ്രകാരമാണ്. (1995 ജൂൺ 1 മുതൽ 1996 ജൂൺ 30 വരെയുള്ള കണക്ക് പട്ടിക 6 കാണുക).

പട്ടിക 6

ക്രമ നമ്പർ	ഇനം	നല്കിയിട്ടുള്ള തുക
1	ഗോൾഡ് ലോൺ	4,60,02,810
2	സാധാരണ വായ്പ	7,12,35,076
3	മദ്ധ്യകാല വായ്പ (കാർഷികം)	6,96,151
4	സ്ഥിരനിക്ഷേപത്തിനുമേൽ ലോൺ	2,17,62,269
5	സ്വയംതൊഴിൽ വായ്പ (വ്യവസായം)	1,84,362
6.	ഭവന നിർമ്മാണ വായ്പ	5,99,642
7	വാഹന വായ്പ	46,41,971

ഹരിജൻ സഹകരണംസംഘം ഈ പ്രദേശത്ത് ഒരെണ്ണം ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം ഒന്നും തന്നെ ഇല്ല എന്നുള്ളതാണ് സത്യം. ഭരണ സമിതിയുടെ പിടിപ്പുകേട് കൊണ്ട് ഒരുവിധ പ്രവർത്തനവും ഇല്ലാതെയാണ് നീങ്ങുന്നത്. കാര്യക്ഷമമായ പ്രവർത്തനം നടത്തിയാൽ പാവപ്പെട്ട ഹരിജനങ്ങൾക്ക് ആശ്വാസകരമായി ഈ സ്ഥാപനത്തെ വളർത്തി കൊണ്ടുവരാൻ സാധിക്കും.

അഞ്ച് കയർ വ്യവസായ സഹകരണസംഘങ്ങൾ ഈ ഗ്രാമത്തിൽ ഉണ്ടെങ്കിൽ തന്നെയും വേണ്ടത്ര കയർ റാട്ടുകൾപ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതിനാൽ ഈ മേഖലയിൽ സ്ത്രീ തൊഴിലാളികൾക്ക് ഉണ്ടായിരുന്നതായ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. സംഘങ്ങൾക്ക് തൊണ്ട് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന തൊണ്ട് ലെവി സമ്പ്രദായത്തിൽ സർക്കാർ വരുത്തിയ നയപരമായ മാറ്റം കയർ വ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ കയർ ഉല്പാദകരുടെ ഉല്പാദന ചെലവിനേക്കാൾ കയർ സംഘങ്ങളിലെ ഉല്പാദന ചെലവ് കൂടുന്നതിനാൽ എല്ലാ കയർ സഹകരണ സ്ഥാപനങ്ങളും ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വക്കം നോർത്ത് വെസ്റ്റ് കയർ വ്യവസായ സഹകരണസംഘം (റ്റി.529) കഴിഞ്ഞ നാല് വർഷമായി പൂർണ്ണമായി പ്രവർത്തനരഹിതമാണ്.

1995 ൽ സ്ഥാപിതമായ ക്ഷീരോല്പാദക സഹകരണസംഘം അതിന്റെ പ്രാരംഭ ദിശയിലാണ്. പാൽഉല്പാദകരെ എല്ലാം അംഗങ്ങളാക്കിയും പൂർണ്ണമായി സഹകരിപ്പിച്ചും ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ കഴിയും. പല മേഖലകളിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാനും സ്ഥാപനത്തെ നല്ല രീതിയിൽ വളർത്തിക്കൊണ്ടു വരുവാനും കഴിയും.

പ്രശ്നങ്ങൾ

- അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചെലവ് കാരണം പുതിയ തലങ്ങളിലേയ്ക്ക് കയറിപ്പറ്റാൻ സഹകരണ മേഖലകൾക്ക് കഴിയാത്ത ഒരു അവസ്ഥ നിലനിൽക്കുകയാണ്. ഇതാണ് സഹകരണമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

- അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് കയർ വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന മറ്റൊരു വലിയ പ്രശ്നം ഇതുമൂലം തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നിരന്തരമായി നഷ്ടപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്.

- സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങളുടെ കുറവ് കയർ മേഖല കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമത്തിന് വിഘാതമായി നിൽക്കുന്നു. സാമ്പത്തിക സഹായങ്ങൾ കൃത്യമായ സമയത്ത് ലഭിച്ചാൽ മത്രമേ ഇവ വിജയകരമായി പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു.

സാധ്യതകൾ

- കയർ മേഖലയിൽ കൂടുതൽ സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്. അതിന് ഈ ഗ്രാമത്തിൽ വളരെയധികം സാധ്യതകളുണ്ട്.

- സാമ്പത്തിക സഹായവും അസംസ്കൃത സാധനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കിയാൽ ഏറെ സംഘങ്ങൾ ആരംഭിക്കുന്നതിനും അവയെ ലാഭകരമായി നടത്തികൊണ്ട് പോകുന്നതിനും സാധിക്കുന്നതാണ്. കയർ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറക്കുന്നതിന് ആധുനിക യന്ത്രവൽകൃത കയർ സംഘങ്ങൾ രൂപീകരിക്കണം. ഇതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ ഇത് വളരെ വിജയകരമായി നടത്താവുന്നതാണ്.

- കയർത്തൊഴിലാളികൾക്ക് വിവിധ കയർ ഉല്പന്ന മേഖലകൾ കണ്ടെത്തി വേണ്ടത്ര പരിശീലനം നൽകുന്നതിന് ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

- ഈ ഗ്രാമത്തിന്റെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിന് ക്ഷീരോല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ആവശ്യമായ സാമ്പത്തിക സഹായവും മാർഗ്ഗനിർദ്ദേശവും നല്കിയാൽ ഈ പദ്ധതി വമ്പിച്ച വിജയമാക്കി മാറ്റുവാൻ സാധിക്കുന്നതാണ്.

- വക്കം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ രഹിതരായ സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണ്. ഇവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ വനിതാ സഹകരണ സംഘങ്ങൾക്ക് കഴിയും. നിരവധി അഭ്യസ്തവിദ്യരായ വനിതകളുള്ള ഈ ഗ്രാമത്തിൽ റെഡിമെയ്ഡ് ഗാർമെൻറ്സ്, അച്ചാർ, കറി പൗഡർ തുടങ്ങിയ നിരവധി സാധനങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ തെളിഞ്ഞു കാണുന്നു.

- ജനങ്ങളുടെ ആവശ്യത്തിന് അനുസരിച്ചുള്ള സ്കീമുകൾ ആരംഭിക്കുന്നതിന് സഹകരണ ബാങ്കുകൾ മുന്നോട്ടു വരികയും സഹകരണ മേഖലയിലെ നിലവിലുള്ള വ്യവസ്ഥ കൂടുതൽ ഉദാരമാക്കുകയും ചെയ്യേണ്ടതാണ്. വായ്പകൾക്ക് മേലുള്ള പലിശനിരക്ക് കുറയ്ക്കുകയും മറ്റു മേഖലകളിലേയ്ക്ക് കൂടി വായ്പാവിതരണം വ്യാപിപ്പിക്കുകയും ചെയ്യണം.



5.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നിന്ദിതർ, നിർദ്ധനർ, നിരക്ഷരർ, പീഡിതർ, സംസാരസ്വാതന്ത്ര്യംപോലും നിക്ഷേധിക്കപ്പെട്ടവർ- അരനൂറ്റാണ്ടുമുൻപുവരെ ഈ ഗ്രാമത്തിലെ പട്ടിക ജാതിക്കാരുടെ സാമാന്യസ്ഥിതി ഇതായിരുന്നു. പിൽക്കാലത്തുണ്ടായ സാമൂഹ്യമാറ്റങ്ങളുടെ ഫലമായി സ്ഥിതി ഒട്ടൊക്കെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരാൻ ഇന്നും കാര്യമായി കഴിഞ്ഞിട്ടില്ലാത്ത ഒരു ജനവിഭാഗമാണ് പട്ടിക ജാതിക്കാർ.

പട്ടിക വർഗ്ഗത്തിൽപ്പെടുന്ന ആരുംതന്നെ ഈ പഞ്ചായത്തിലില്ല.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക രംഗങ്ങളിൽ ഏറ്റവും കൂടുതൽ യാതനയും, അവഗണനയും അനുഭവിക്കുന്ന ജനവിഭാഗവും പട്ടികജാതിക്കാർ തന്നെയാണ്. എന്നാൽ ഇത് മറ്റ് സമുദായങ്ങളുടെ അതിരുവിട്ട അതിക്രമങ്ങൾ കൊണ്ടോ കടന്നു കയറ്റം കൊണ്ടോ ഉണ്ടായതല്ല. മറിച്ച്, അന്തർമുഖരായി സാമൂഹ്യമാറ്റത്തിന്റെ അന്തർ ധാരയിൽ നിന്ന് സ്വയം വിട്ടു നിന്നതു മൂലം കാലാന്തരത്തിലുണ്ടായ പിന്നോക്കാവസ്ഥയാണ്. മുൻകാലങ്ങളിൽ നിലനിന്നിരുന്ന ജാതി-ജന്മി-നാടുവാഴി വ്യവസ്ഥിതിയിൽ നിന്നും, അടിയാളന്മാരായി കഴിഞ്ഞുവന്ന, പറയർ, പുലയർ തുടങ്ങിയ പട്ടികജാതിക്കാർ, നിരന്തരമായുണ്ടായ സാമൂഹ്യമാറ്റങ്ങളുടെ ഫലമായി, നിർഭയമായും, സ്വതന്ത്രമായും, സമൂഹത്തിൽ തങ്ങളുടെ സ്ഥാനങ്ങളുറപ്പിക്കാൻ ഇന്ന് കരുത്താർജ്ജിച്ചു കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഇതര ഗ്രാമങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ തന്നെയാണ് നമ്മുടെ ഗ്രാമം. ജാതീയമായ വേർതിരിവുകളോ; അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും പുലർത്തുകയോ ചെയ്യുന്ന ഒരു ജനതയല്ല ഇന്ന് ഈ ഗ്രാമത്തിലുള്ളത്. ഇങ്ങനെയൊക്കെയാണെങ്കിലും, മുൻകാലങ്ങളിൽ പിന്തള്ളപ്പെട്ടിരുന്നത് മൂലം നേടാൻ കഴിയാതെ വന്ന സാമൂഹ്യസാസ്ക്കാരിക മൂല്യങ്ങളുടെ കുറവ് ദുർബലവിഭാഗങ്ങൾക്കിടയിൽ ഒരു തരം അപകർഷതാബോധം സൃഷ്ടിച്ചിട്ടുള്ളതായി കാണാം. ഇത് ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമാണ് പ്രകടമാവുക.

പട്ടികജാതിക്കാർ ഇന്ന് സമൂഹത്തിൽ അവഗണിക്കാനാവാത്ത ഒരു ശക്തിയാണ്. ഇതാണ് ഏറ്റവും ഒടുവിലത്തെ ജനസംഖ്യാ കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ ജനവിഭാഗങ്ങളിൽ ഭൂ

രിഭാഗവും അടിസ്ഥാന തൊഴിൽ മേഖലകളിലെ അദ്ധ്വാന വർഗ്ഗമാണ്. ഇത് ഉൽപാദന രംഗത്ത് അവർക്കുള്ള പ്രാധാന്യമാണ് വെളിപ്പെടുത്തുന്നത്.

പഞ്ചായത്തിന്റെ സമഗ്രവികസനത്തിൽ തങ്ങളുടെ നിർണ്ണായക സ്വാധീനം തെളിയിക്കാൻ ഈ ജനവിഭാഗങ്ങൾക്ക് കഴിയും. അതിനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും അവർ നേടേണ്ടതായിട്ടുണ്ട്.

ജനസംഖ്യാനുപാതം

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്ത് പ്രദേശത്തെ ജനസംഖ്യ 17640 ആണ്. ഇതിൽ 1872 പേർ പട്ടികജാതി വിഭാഗക്കാരാണ്. അതായത് മൊത്തം ജനസംഖ്യയുടെ 10.61 ശതമാനം. ഇതിൽ 1011 സ്ത്രീകവും 861 പുരുഷന്മാരും അടങ്ങുന്നു മറ്റു സമുദായങ്ങളെപ്പോലെ തന്നെ വനിതകളുടെ എണ്ണം ഈ വിഭാഗക്കാർക്കിടയിലും കൂടുതലാണ്. സാമൂഹികവും സാസ്ക്കാരികവുമായ പിന്നോക്കാവസ്ഥയും, ദാരിദ്ര്യവും, നാളെയെക്കുറിച്ചുള്ള മോഹന സങ്കല്പങ്ങളുടെ അഭാവവും ആയിരിക്കണം ഈ ജനവിഭാഗങ്ങൾക്കിടയിലെ ജനനനിരക്ക് മറ്റ് വിഭാഗങ്ങളെക്കാൾ വളരെക്കൂടുതലാകാൻ കാരണം.

ദാരിദ്ര്യം

മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തിലധികം വരുന്ന, പട്ടിക ജാതിക്കാർക്കിടയിൽ ദാരിദ്ര്യ രേഖക്ക് താഴെ വരുന്നവർ 61.91 ശതമാനമാണ്. മറ്റു സമുദായങ്ങൾക്കിടയിലെ ദരിദ്രരുടെ നിരക്ക് 47.78 ശതമാനമാണെന്നു കാണുമ്പോൾ ഈ ജനവിഭാഗത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ വ്യക്തമാകും.

പട്ടിക - 1

	ആകെ	ദാരിദ്ര്യ രേഖയ്ക്ക് താഴെ	ദാരിദ്ര്യ ശതമാനം
പട്ടികജാതി കുടുംബങ്ങൾ	407	252	61.91
മറ്റുള്ള കുടുംബങ്ങൾ	3122	1492	47.78
ആകെ	3529	1744	49.41

മേൽകാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും പട്ടിക ജാതിക്കാരുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കാം.

ഈ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് പല കാരണങ്ങൾ ഉണ്ട്. ഒന്നാമതായി കാണുന്നത് വിദ്യാഭ്യാസ നിലവാരത്തിലുള്ള ദയനീയ പിന്നോക്കാവസ്ഥയാണ്, ഇതുമൂലം ശാസ്ത്ര സാങ്കേതിക രംഗങ്ങളെ കുറിച്ചുള്ള അഞ്ജതയും ഔദ്യോഗിക ഭരണ രംഗങ്ങളിൽ പ്രാതിനിധ്യമില്ലായ്മയും അനുഭവപ്പെടുന്നു.

അടിസ്ഥാന തൊഴിൽ മേഖലയിൽ വന്ന തകർച്ച; പ്രത്യേകിച്ചും കാർഷിക മേഖലയിൽ വന്ന മാന്ദ്യവും കാർഷികോല്പന്നങ്ങളുടെ വിലയിടിവും ഏറ്റവും പ്രതികൂലമായി ബാധിച്ചിട്ടുള്ളത് പട്ടിക ജാതിക്കാരെയാണെന്ന് നിസ്സംശയം പറയാം. കാരണം കാർഷികമേഖലയിലും കയർ ഉല്പാദന രംഗത്തും പണിയെടുക്കുന്ന തൊഴിലാളികളിൽ ആനുപാതികമായി ഏറ്റവും കൂടുതൽ പട്ടികജാതിക്കാരാണന്നതാണ്. സാമ്പത്തികമായി അടിസ്ഥാന ഉല്പാദന മേഖലയെ ആശ്രയിച്ചിരുന്ന പരമ്പരാഗത കർഷക തൊഴിലാളികളായ തണ്ടാൻ, പുലയർ തുടങ്ങിയ പട്ടിക ജാതിക്കാരുടെ സാമ്പത്തികത്തകർച്ച പരസ്പര പൂരകമായി ആ ജനവിഭാഗത്തിന്റെ പുരോഗതിയേയും കാർഷിക കയർ മേഖലകളുടെ പുരോഗതിയേയും കഴിഞ്ഞ പത്ത് വർഷക്കാലത്ത് വല്ലാതെ ദോഷകരമായി ബാധിച്ചു. ഇതുമൂലം തൊഴിൽ ലഭ്യത കുറയുകയും പട്ടികജാതിക്കാർ കൂടുതൽ ദരിദ്രരാവുകയും ചെയ്തു. തൊഴിൽ വൈദഗ്ധ്യത്തിന്റെ കുറവും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവവും മൂലം മറ്റ് തൊഴിൽ മേഖലകളിലേക്ക് കടന്നുകയറി സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും ഇവർക്ക് കഴിയാതെ പോയി. അല്പം ആശ്വാസം നൽകിയത് നിർമ്മാണ മേഖലയിലെ വമ്പിച്ച തൊഴിൽ സാദ്ധ്യതയാണ്. ബഹുഭൂരിപക്ഷം പട്ടികജാതി തൊഴിലാളികളും കെട്ടിട നിർമ്മാണ മേഖലയിലേക്ക് മാറുകയാണുണ്ടായത്. സാമാന്യം തൃപ്തികരമായ വേതനം ലഭിക്കുന്ന ഈ മേഖലയിൽ അധികവും യുവാക്കളായ പട്ടിക ജാതിക്കാരാണ്. ദാരിദ്ര്യം വർദ്ധിച്ചു വന്ന പട്ടികജാതി കുടുബങ്ങൾ ജനനനിരക്കിലുള്ള ഉയർന്ന തോത് നിമിത്തം ഇതര സമുദായങ്ങളെക്കാൾ പിന്നിലേക്കു പോകുകയായിരുന്നു. കുടുംബാസൂത്രണ രംഗം കൈവരിച്ചുകൊണ്ടിരിക്കുന്ന വമ്പിച്ച പുരോഗതിയെതുടർന്ന് ഇന്ന് ഈ അവസ്ഥയ്ക്ക് വ്യത്യാസങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സമ്പത്തുല്പാദന രംഗത്ത് പണിയെടുക്കുന്ന അടിസ്ഥാന ജനവി

ഭാഗമായ ഇവരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്.

വിദ്യാഭ്യാസം

സാമൂഹ്യരംഗത്തെ പിന്നോക്കാവസ്ഥയും, ദരിദ്രമായ സാമ്പത്തിക ചുറ്റുപാടുകളും, നൂറ്റാണ്ടുകളായി നിലനിന്നിരുന്ന 'അടിയാൻ സംസ്ക്കാരം' ഏല്പിച്ച സാംസ്ക്കാരിക ജീർണ്ണതയും അപകർഷതയും മൂലം വിദ്യാഭ്യാസ രംഗത്ത് മറ്റേതൊരു ജനവിഭാഗങ്ങളെക്കാളും വളരെയധികം പിന്തള്ളപ്പെട്ടിരുന്ന ജനവിഭാഗമാണ് പട്ടിക ജാതിക്കാർ. പഞ്ചായത്ത് പ്രദേശത്തെ 8 സ്കൂളുകളിലായി പഠിക്കുന്ന 3873 വിദ്യാർത്ഥികളിൽ 579 പേർ പട്ടിക ജാതി വിദ്യാർത്ഥികളാണ്. ഇത്മൊത്തം വിദ്യാർത്ഥികളുടെ 14.95 ശതമാനമാണ്.

പട്ടിക - 2

	പട്ടികജാതി	മറ്റുള്ളവർ	ആകെ
LP	282	1575	1857
UP	225	1090	1315
HS	67	542	609
VHSC	5	87	92
ആകെ	579	3294	3873

പട്ടിക രണ്ടിൽ നിന്നും സ്കൂൾതലത്തിൽ തന്നെ ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുംതോറും പട്ടികജാതി കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. മറ്റ് വിഭാഗക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ തുടർവിദ്യാഭ്യാസമേഖലയിലെ കൊഴിഞ്ഞ് പോക്ക് പട്ടിക ജാതിക്കാർക്കിടയിൽ കൂടുതലാണെന്ന് പട്ടിക മുന്നിൽ നിന്ന് മനസ്സിലാക്കാം.

പട്ടിക - 3

	ആകെ കുട്ടികൾ	ആകെ കൊഴിഞ്ഞു പോയവർ	കൊഴിഞ്ഞു പോക്കിന്റെ നിരക്ക്
പട്ടികജാതി	579	17	2.93%
മറ്റുള്ളവർ	3294	43	1.3%
ആകെ	3873		

(1996-97 വർഷത്തെ കൊഴിഞ്ഞു പോയ വിദ്യാർത്ഥികളുടെ വിവരം)

പട്ടിക 3 (A)

	ആകെ കുട്ടികൾ	ഇതിൽ തോറ്റു പഠിക്കുന്നവർ	നിരക്ക്
പട്ടികജാതി	579	64	11.05%
മറ്റുള്ളവർ	3294	73	2.22%

96-97 ലെ തോറ്റുപഠിക്കുന്ന കുട്ടികളുടെ വിവരം

വക്കം പ്രദേശത്ത് ഈ അദ്ധ്യയന വർഷം (1996-97) പഠിക്കുന്ന കുട്ടികളിൽ തോറ്റു പഠിക്കുന്നവരുടേയും കൊഴിഞ്ഞു പോയവരുടേയും സ്ഥിതി വിവരകണക്കാണ് പട്ടിക 3 (A) കാണുന്നത്.

കൊഴിഞ്ഞുപോക്കിന്റെ നിരക്ക് പരിശോധിച്ചാൽ പട്ടിക ജാതിക്കാരുടെ കുട്ടികൾ വിദ്യാഭ്യാസ കാര്യത്തിൽ എത്രമാത്രം പിന്നിലാണെന്ന കാര്യം മനസ്സിലാകും. 579 പട്ടിക ജാതി വിദ്യാർത്ഥികളിൽ 17 വിദ്യാർത്ഥികളാണ് ഈ വർഷം കൊഴിഞ്ഞുപോയത്. അതായത് പട്ടിക ജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് 2.93 ശതമാനമാണെന്ന് മനസ്സിലാകുന്നു. മറ്റ് സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് വെറും 1.3 ശതമാനമാണ്. മറ്റ് സമുദായങ്ങൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്കിന്റെ ഇരട്ടിയിലും അധികമാണ് പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞു പോക്കിന്റെ നിരക്ക്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പഠനവ്യഗ്രത പട്ടികജാതി വിദ്യാർത്ഥികളിൽ കാണുന്നില്ല.

തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ എടുക്കുമ്പോൾ ഈ പിന്നോക്കാവസ്ഥ കൂടുതൽ വ്യക്തമാകും. പട്ടിക ജാതി വിദ്യാർത്ഥികൾക്കിടയിൽ 11.05 ശതമാനം വിദ്യാർത്ഥികളും തോറ്റു പഠിക്കുന്നവരാണ്. എന്നാൽ മറ്റു സമുദായങ്ങളിൽ ഇത് 2.22 ശതമാനമായി ചുരുങ്ങുന്നു. ഇത് കാണിക്കുന്നത് പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ പഠന നിലവാരത്തകർച്ചയാണ്. ഈ നിലവാരത്തകർച്ചക്ക് പല കാരണങ്ങൾ ഉണ്ട്. അവ;

എ) സാമ്പത്തികമായ പിന്നോക്കാവസ്ഥ

മറ്റ് സമുദായങ്ങളിലെ വിദ്യാർത്ഥികൾ ട്യൂഷൻ തുടങ്ങിയ ഉപാധികളിലൂടെ തങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നു. എന്നാൽ പട്ടികജാ

തി വിദ്യാർത്ഥികൾ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ട്യൂഷനും മറ്റ് മാർഗ്ഗങ്ങളും അവലംബിക്കാൻ കഴിയാതെ നിസ്സഹായരാകുന്നു.

ബി) കുടുംബ പശ്ചാത്തലം

മോശമായ കുടുംബ സാഹചര്യങ്ങൾ ദരിദ്രരായ പട്ടിക ജാതിക്കാരുടെ ഇടയിൽ സാധാരണമാണ്. ഇത്തരം ചുറ്റുപാടിൽ നിന്നും വരുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട പഠന നിലവാരം പ്രതീക്ഷിക്കാൻ കഴിയില്ലല്ലോ.

സി) തൊഴിൽപരമായ തടസ്സങ്ങൾ

പട്ടികജാതി ജനങ്ങളിലധികവും തൊഴിലാളികളാണ്. വരുമാനം കുറഞ്ഞ കാർഷിക വൃത്തിയും മറ്റും ഉപജീവനമാർഗമാക്കിയ തണ്ടാർ, പുലയർ വിഭാഗങ്ങളിലെ കുട്ടികൾ ബാല്യദശയിൽ തന്നെ ഉപജീവനത്തിനായി തൊഴിലെടുക്കുന്നവരാണ്. വിദ്യാർത്ഥിനികൾ കയർമേഖലകളിലും, വിദ്യാർത്ഥികൾ നിർമ്മാണ രംഗങ്ങളിലും പ്രവർത്തിച്ചുവരുന്നു. ചെറിയ കുട്ടികൾ പോലും തൊഴിലിൽ തങ്ങളുടെ രക്ഷിതാക്കളെ സഹായിക്കേണ്ട സ്ഥിതിയും നിലനിൽക്കുന്നു. ഇക്കാരണങ്ങളാൽ വിദ്യാലയത്തിൽ സ്ഥിരമായിപ്പോകാനും വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധിക്കാനും കുട്ടികൾക്ക് കഴിയാതെ വരുന്നു. ഇതും പിന്നോക്കാവസ്ഥക്ക് ഒരു കാരണമാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കടന്നുവന്നവരിലെണ്ണാവുന്ന പട്ടികജാതിക്കാർ ഒരപവാദമാകില്ലെങ്കിൽ ഈ രംഗത്ത് പട്ടികജാതിക്കാർക്ക് ഒരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്,

ബിരുദക്കാരും ബിരുദാനന്തര ബിരുദക്കാരുമായ പട്ടിക ജാതിക്കാർ അപൂർവമായ പ്രദേശമാണ് വക്കം.

പട്ടികജാതിക്കാർക്കിടയിൽ നടത്തിയ സർവേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് അവർക്കിടയിൽ നിരക്ഷരത കൂടുതലാണെന്നാണ്. ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് സാക്ഷരതാ നിരക്ക് ഇവരുടെ ഇടയിൽ തുലോം തുച്ഛമാണ്. ഇങ്ങനെ പല കാരണങ്ങളാൽ വിദ്യാഭ്യാസരംഗത്ത് പിൻതള്ളപ്പെട്ടുപോയ, ഈ മണ്ണിൽ പിറന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗമായ ,അടിസ്ഥാന ഉല്പാദന മേഖലകളിൽ അവിരാമം തൊഴിലെടുക്കുന്ന, പ്രയത്നശീലരായ പട്ടികജാതിക്കാരെന്ന, സഹജാതരെ ഈ രംഗത്ത് കൈപിടിച്ചുയർത്താൻ അഭ്യസ്ഥവിദ്യരും പുരോഗമന വാദികളും, ഗുണകാംക്ഷികളുമായ ഓരോ ഗ്രാമീണനും ഉത്തരവാദിത്തമുണ്ടെന്ന വസ്തുത ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുകയാണ്.

തൊഴിൽ രംഗം

പട്ടികജാതി ജനവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും അടിസ്ഥാന ഉല്പാദനമേഖലയിലെ കൂലിത്തൊഴിലാളികളാണ്. തണ്ടാർ സമുദായാംഗങ്ങളുടെ പരമ്പരാഗത തൊഴിൽ തെങ്ങുകയറ്റമാണ്. പുലയർ, കയർ മേഖലയിലും മറ്റ് കൂലിപ്പണികളിലും ഏർപ്പെട്ടു വരുന്നു. യുവാക്കളായ പട്ടികജാതിക്കാർ നിർമ്മാണ തൊഴിലാളികളായി പണിയെടുത്തു വരുന്നു. പട്ടിക നാല് കാണുക.

പട്ടിക - 4

	ആകെ	കർഷക വൃത്തി	%	കയർ	%	നിർമ്മാണം	%	മറ്റുള്ളവർ	%
പട്ടികജാതിക്കാർ	1872	976	52.14	605	32.32	198	10.58	93	4.96

കർഷകവൃത്തി, കയർമേഖല എന്നീ തൊഴിൽ രംഗങ്ങളിലെ അവഗണിക്കാനാകാത്ത തൊഴിൽ ശക്തിയാണ് പട്ടിക ജാതിക്കാർ. നിർമ്മാണത്തൊഴിലിലും ഇവർ കടന്നുവന്നിട്ടുണ്ടെങ്കിലും തൊഴിൽ നടത്തിപ്പുകാരെന്ന നിലയിൽ ആ രംഗത്ത് ഒരൊറ്റ പട്ടികജാതിക്കാരനും ഉയർന്നു വന്നിട്ടില്ല. ഇതും ശ്രദ്ധേയമാണ്.

ചെറുകിട കച്ചവടം, ചെറുകിട വ്യവസായം, സാങ്കേതിക തൊഴിൽ രംഗം, LIC, പിയർലസ്സ് തുടങ്ങിയ സേവന തുറകൾ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയ ഉയർന്ന സാമ്പത്തിക നേട്ടമുള്ള തൊഴിൽ രംഗങ്ങളിൽ എത്തിച്ചേർന്ന പട്ടികജാതിക്കാരുടെ സംഖ്യ വിരലിലെണ്ണാവുന്ന വിധം ഒതു

ങ്ങുന്നു എന്ന പരിതാപകരമായ നിലയാണ് ഇന്നുള്ളത്. തൊഴിൽ രംഗത്ത് ഈ നിലയിൽ ഒരധ: പതനം ഉണ്ടാകാനുള്ള കാരണങ്ങൾ പട്ടിക ജാതിക്കാർക്കിടയിലെ അപകർഷതാബോധവും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും ചെറിയ തോതിലെങ്കിലും ഇന്നും അവശേഷിക്കുന്ന ജാതീയ ചിന്തകളും വിവേചനങ്ങളും ഒക്കെ ആണെന്ന സത്യം മറച്ചുവെച്ചുകൂടാ. എന്നാൽ ജാതീയമായ വിവേചനങ്ങൾ ഗതകാലസ്മരണകൾ എന്ന നിലയിൽ ഉണ്ടെന്നുള്ളതൊഴിച്ചാൽ ഒരു തരത്തിലും അവ പട്ടിക ജാതിക്കാരെ ദോഷകരമായി ബാധിക്കുന്നില്ല.

കുറഞ്ഞ വേതനം കിട്ടുന്ന തൊഴിലുകളിലാണ് പട്ടികജാതിക്കാർ അധികവും ഏർപ്പെട്ടു നിൽക്കുന്നതെന്നതിനാൽ ഇവരുടെ ആളോഹരി വരുമാനം അദ്ധ്വനവുമായി തട്ടിച്ച് നോക്കുമ്പോൾ തീരെ ശുഷ്ക്കമാണ്. അതിനാൽ മറ്റ് തൊഴിൽ രംഗങ്ങളിലേക്ക് പട്ടികജാതിക്കാരെ ഉയർത്തേണ്ടത് അവരുടെ നിലനില്പിനും നാടിന്റെ വികസനത്തിനും അത്യാവശ്യമായിരിക്കുകയാണ്.

സാമൂഹ്യപദവി

സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. പട്ടികജാതിക്കാർക്ക് സാമൂഹിക രംഗത്ത് അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്താനായി എല്ലാ രംഗങ്ങളിലും സംവരണം നിലവിലുണ്ട്. ഭരണ രംഗങ്ങളിലും ആ പ്രാതിനിധ്യം നിലനിൽക്കുന്നു. അതുപോലെ എല്ലാ രാഷ്ട്രീയ, സാംസ്ക്കാരിക, സാമൂഹ്യ സംഘടനകളിലും അർഹമായ പ്രാതിനിധ്യം ഈ വിഭാഗക്കാർ നേടിയിട്ടുണ്ട് സാമൂഹ്യ ചടങ്ങുകളിലും, ആഘോഷങ്ങളിലും പങ്കെടുക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമോ, വിവേചനമോ ഈ ഗ്രാമത്തിൽ നിലനിൽക്കുന്നില്ല. മരണം, വിവാഹം തുടങ്ങിയ സമൂഹിക കുടുംബാചാരങ്ങളിലും ചടങ്ങുകളിലും സമുദായങ്ങൾ പരസ്പരം സഹകരിച്ചാണ് കഴിഞ്ഞുപോരുന്നത്.

എങ്കിലും പൊതു രംഗത്ത് പ്രാഗത്ഭ്യത്തോടെ കടന്നുവന്ന് വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞ പട്ടികജാതിക്കാർ ഇല്ലെന്നു വേണം കരുതാൻ. ചില മേഖലകളിൽ മാത്രമായി ഒതുങ്ങിക്കൂടാതെ സമൂഹത്തിൽ സർവതല സ്പർശിയായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പട്ടിക ജാതി ജനവിഭാഗം വളർന്നു വരേണ്ടതുണ്ട്.

കോളനികൾ

കോളനികളിൽ പട്ടികജാതിക്കാർക്കു പുറമേ മറ്റ് സമുദായക്കാരും ഉണ്ട്. എന്നാൽ ഇവയിൽ പട്ടികജാതിക്കാർ അധികം താമസിക്കുന്ന കോളനികളും മറ്റു സമുദായാംഗങ്ങൾ കൂടിയുള്ള ലക്ഷംവീട് കോളനികളും ഉണ്ട്. പട്ടികജാതിക്കാർ അധികമുള്ള കോളനികളെ ഹരിജൻ കോളനികൾ എന്നാണ് ഔദ്യോഗിക രേഖകളിൽ വിവക്ഷിച്ചിരിക്കുന്നത്.

വക്കം ഗ്രാമപഞ്ചായത്തിൽ ആകെ പത്ത് ഹരിജൻ കോളനികളും അഞ്ച് ലക്ഷം വീട് കോളനികളും ഉണ്ട്. (പട്ടിക അഞ്ച്). ഈ കോളനികളി

	ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്
ഹരിജൻ കോളനികൾ	1.	ലക്ഷ്മിവിള	6
	2.	കുന്നുവിള	6
	3.	പുതുവൽവിള	6
	4.	മല്ലൻ നട	7
	5.	ആക്കത്താഴം	7
	6.	അമ്മുമ്മവീട്	7
	7.	പുളിമൂട്	7
	8.	ചെട്ടിത്തൊടി	8
	9.	ഇറങ്ങുകടവ്	8
	10.	വാടപ്പുറം	9
ലക്ഷംവീട് കോളനികൾ	1.	തോപ്പിൽ	1
	2.	പരവൻ വിളാകം	1
	3.	ഒറ്റക്കൊമ്പ്	2
	4.	കൊന്നക്കൂട്ടം	3
	5.	ചാമ്പാൻ വിള	5

ലായാണ് ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും താമസിക്കുന്നത്. കോളനികളുടെ ഭൗതിക സാഹചര്യങ്ങളും ശുചിത്വവും താരതമ്യേന മോശമാണ്. കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാനായി കിണറുകളും, പൈപ്പുകളും ഉണ്ടെങ്കിലും ഇവയിൽ എല്ലാക്കാലത്തും ആവശ്യത്തിന് ജലം കിട്ടാത്ത അവസ്ഥയാണുള്ളത്. കക്കൂസുകൾ കോളനികൾതോറും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഡച്ച്-ഡാനിഷ് ഗവൺമെൻറുകളുടെ സാമ്പത്തിക സഹായത്തോടെ സോഷ്യോ-എക്കണോമിക് യൂണിറ്റ് നിർമ്മിച്ച് നൽകിയ കക്കൂസുകൾ, കോളനികളിലെ മിക്ക വീ

ടുകളിലും ഉണ്ട്. എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ ചില കോളനികളിൽ ടി.വി കിയോസ്ക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

കോളനികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും കോളനിക്കാരുടെ ജീവിത നിലവാരം ഉയർത്താനുമായി സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ കോളനി നിവാസികൾക്ക് സാധിക്കാത്ത സാഹചര്യമാണ് തുടർന്നുവരുന്നത്. ശുചിത്വം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ ബോധവല്ക്കരണം ആവശ്യമാണ്.

പാർപ്പിടം

പട്ടികജാതിക്കാർക്കിടയിലാണ് പാർപ്പിട പ്രശ്നം കൂടുതലായി കണ്ടുവരുന്നത്. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന സ്ഥിതിയുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവരും ഉള്ളവരിൽ തന്നെ ഒരു സെൻറും അര സെൻറും ഭൂമിമാത്രം ഉള്ളവരും ആണ് ബഹുഭൂരിപക്ഷം. കോളനികളിലും മറ്റും സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളിൽ നിന്നുമുള്ള സഹായം കൊണ്ട് പല കുടുംബങ്ങളും ചെറ്റക്കുടിലുകളിൽ നിന്നും മോചനം നേടിയിട്ടുണ്ട്. മിക്ക കുടുംബങ്ങളും താമസിക്കുന്നത് കുടികിടപ്പായി കിട്ടിയ ഭൂമിയിലാണ്. ഇതിൽ തന്നെ പലരുടേയും ഭൂമിസംബന്ധമായ രേഖകൾ ഓഫീസുകളിൽ കുടുങ്ങിപ്പോയതുകൊണ്ടും മറ്റുള്ളവർ കൈയ്യടക്കിവച്ചിരിക്കുന്നതുമൂലവും ആനുകൂല്യങ്ങൾ തടയപ്പെടുന്ന അവസ്ഥയും നിലനില്ക്കുന്നുണ്ട്. വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ടെങ്കിലും ഇത്തരം പദ്ധതികൾ പട്ടികജാതിക്കാരുടെ ഉന്നമനത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ക്ഷേമപദ്ധതികൾ

സർക്കാർ തലത്തിൽ ഹരിജനങ്ങൾക്കായി ധാരാളം ക്ഷേമപദ്ധതികൾ ഇന്ന് നിലവിലുണ്ട്. എന്നാൽ അവയെക്കുറിച്ച് വ്യക്തമായ ബോധം പട്ടികജാതിക്കാർക്ക് ഇല്ലാത്തതിനാൽ പല പദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലാക്കപ്പെടാതെ പോയിട്ടുണ്ട്. നിയമങ്ങളും നിബന്ധനകളും സങ്കീർണ്ണമായതിനാൽ അർഹരായ പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാൻ അനാവശ്യമായ കാലതാമസമുണ്ടാകുന്നുണ്ട്. പദ്ധതികളുടെ ഗുണഫലങ്ങൾ അവശ ജനവിഭാഗങ്ങൾക്കിടയിൽ എത്തിക്കാൻ ഊർജ്ജിത ശ്രമങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതോടൊപ്പം തങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പട്ടികജാതി ജനവിഭാഗങ്ങൾ കൂട്ടായി പ്രവർത്തിക്കേണ്ടതും ആവശ്യമാണ്.

പ്രശ്നങ്ങൾ

- പാർപ്പിടം
- കോളനികളിൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രത.
- വിദ്യാഭ്യാസ രംഗത്തെ ശോചനീയാവസ്ഥ.
- സാമ്പത്തിക പിന്നോക്കാവസ്ഥ
- തൊഴിൽപരമായ പിന്നോക്കാവസ്ഥ
- അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള സാങ്കേതിക തടസ്സങ്ങളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും.
- കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത.
- സാസ്ക്കാരിക രംഗത്തെ അദ്യശ്യത.
- ആധുനിക ശാസ്ത്ര സാങ്കേതിക രംഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും ശാസ്ത്രീയ വീക്ഷണത്തിന്റെ അഭാവവും.

സാദ്ധ്യതകൾ

- ഈ പഞ്ചായത്ത് പ്രദേശത്ത് പത്ത് ശതമാനത്തിലധികം വരുന്ന ജനവിഭാഗമെന്ന നിലയ്ക്ക് ആനുപാതികമായി വികസന പദ്ധതികളിൽ നിന്നും അർഹമായ ഒരു തുക പട്ടികജാതി വികസനത്തിനായി ചെലവഴിക്കുക.
- ഭവന രഹിതരായ പട്ടികജാതിക്കാർക്ക് ഫ്ളാറ്റ് സംവിധാനത്തിലൂടെ സൗജന്യമായി വീട്വെച്ച് നൽകുക.
- ആരോഗ്യ-വിദ്യാഭ്യാസ-ശുചിത്വ കാര്യങ്ങളിൽ വാർഡുകൾതോറും, കോളനികളിൽ പ്രത്യേകിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി ചെറുകിട വ്യവസായ സംരംഭങ്ങളും സഹകരണാടിസ്ഥാനത്തിലുള്ള മറ്റ് സംരംഭങ്ങളും തുടങ്ങാൻ ലഘുവായ വ്യവസ്ഥകളോടു കൂടിയ വായ്പാ പദ്ധതികൾ നടപ്പി

ലാക്കുക.

- ഹരിജൻ കോളനികളിലെയും ലക്ഷംവീട് കോളനികളിലെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സമഗ്രവും സമയബന്ധിതവുമായ പദ്ധതികൾ നടപ്പിലാക്കുക.
- സാമൂഹ്യ സാംസ്കാരിക മുഖ്യധാരയിലേക്ക് പട്ടികജാതിക്കാരെ കൊണ്ടുവരാൻ വേണ്ടി സംഘടിതമായ പ്രവർത്തനങ്ങൾ നടത്തുക.
- പട്ടികജാതി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പട്ടികജാതി വനിതകളെ പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങളാരംഭിക്കാൻ പ്രേരിപ്പിക്കുക.
- സർക്കാർ പദ്ധതികളിൽ വരുന്ന കാലതാമസം ഒഴിവാക്കാനും സങ്കീർണ്ണമായ നിബന്ധനകൾ ഒഴിവാക്കാനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുക - ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുക.
- തൊഴിൽ പരിചയവും സാങ്കേതിക ജ്ഞാനവും വർദ്ധിപ്പിക്കാൻ കാര്യക്ഷമമായ തൊഴിൽ സാങ്കേതിക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ജനനനിരക്ക് കുറയ്ക്കുന്നതിന് കുടുംബാസൂത്രണ ബോധവത്കരണം ശക്തിപ്പെടുത്തുക.





5.12

വിഭവ സമാഹരണം

വ്യാവസായികമായി മുരടിപ്പ് അനുഭവപ്പെടുന്ന ഒരു ഗ്രാമമാണ് വക്കം. കാര്യമായ വ്യവസായ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ പോലും ഇല്ലാത്ത അവസ്ഥ. ആകെയുള്ളത് പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി മേഖലകൾ മാത്രം. അവയും ഇന്ന് വളരെയധികം പിന്നോക്കം പോയിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ പുഷ്ടിപ്പെടുത്തിയും ഈ പഞ്ചായത്തിൽ നടത്തുവാൻ സാധിക്കുന്ന ചെറുകിട വൻകിട വ്യവസായങ്ങൾ കണ്ടെത്തിയും ഈ രംഗങ്ങളിൽ മുന്നേറ്റം നടത്തിക്കൊണ്ട് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം.

ഈ പഞ്ചായത്തിന്റെ വരവ് മുഖ്യമായും കെട്ടിട നികുതിയും, മാർക്കറ്റിൽ നിന്നുള്ള വരവും തൊഴിൽ നികുതിയും, വിനോദനികുതിയും ലൈസൻസ് ഫീസും, സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന ഗ്രാന്റും മറ്റുമാണ്. വക്കം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് കെട്ടിട നികുതിയിൽ നിന്നുള്ള വരവാണ് പ്രധാനമായിട്ടുള്ളത്. 1995-96-ൽ ചന്ത ലേലം വഴി 1,15,650 രൂപയാണ് ലഭിച്ചത്. കെട്ടിട നികുതി ഇനത്തിൽ 1,95,780.25 രൂപയും, തൊഴിൽ നികുതി ഇനത്തിൽ 62025 രൂപയും, വിനോദ നികുതിയായി 28132.80 രൂപയും ലൈസൻസ് ഫീസായി 4805.50 രൂപയുമാണ് പ്രധാന വരുമാനങ്ങളായി ലഭിച്ചത്. തനത് വരുമാനത്തെ സംബന്ധിച്ച പൂർണ്ണ വിവരം പട്ടിക 1-ൽ.

പട്ടിക - 1

1995-96 തനത് വരവ് ഇനങ്ങളെ സംബന്ധിച്ച്

ഇനം	വരവ്
കെട്ടിട നികുതി	1,95,780.25
തൊഴിൽ നികുതി	62,025.00
വിനോദ നികുതി	28,132.80
പ്രദർശന നികുതി	2,830.00
ചന്തകൾ ലേലം	1,15,650.00
മാർക്കറ്റ്സ്റ്റാൾ ലേലം	29,512.00
ലൈസൻസ് ഫീസ്	4,805.50
കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ്	26,937.00
ആകെ	4,65,672.55
മൊത്തം വരവ് 15,61,637.00	

ചെലവിനത്തിൽ 1995-96 കാലഘട്ടത്തിൽ പൊതുമരാമത്തിനായി 2,75,021 രൂപയും തെരുവ് വിളക്കുകൾക്കായി 1,02,300 രൂപയും ഭരണകാര്യങ്ങൾക്കായി 5,38,621.10 രൂപയും പൊതുജനാരോഗ്യത്തിനും മറ്റുമായി 89,383 രൂപയും മറ്റ് ചെലവുകൾക്കായി 2,65,571.05 രൂപയും ചെലവിട്ടതായി കാണുന്നു (പട്ടിക 2 കാണുക).

പട്ടിക - 2

1995-96 വർഷത്തെ ചെലവിനെ സംബന്ധിച്ച്

ഇനം	ചെലവ്
ഭരണം	5,38,621.00
പൊതുമരാമത്ത്	2,75,021.00
വിദ്യാഭ്യാസം	852.00
ജലവിതരണം, പൊതുജനാരോഗ്യം	89,383.00
തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	1,02,300.00
മറ്റുള്ളവ	2,65,571.05
ആകെ	12,71,748.00

കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ വരവ് ചെലവ് കണക്ക് പരിശോധിച്ചാൽ പഞ്ചായത്തിലെ തനത് വരുമാനത്തിൽ കെട്ടിട നികുതിയിലും, തൊഴിൽ കരത്തിലും ഓരോ വർഷങ്ങളിലും ക്രമാനുഗതമായ വർദ്ധനവ് കാണുന്നു. എന്നാൽ മാർക്കറ്റ് ലേലത്തിലും, വിനോദ നികുതി ഇനത്തിലും 92-93, 93-94, 94-95 കാലഘട്ടങ്ങളിൽ വരവ് കുറഞ്ഞതായി കാണുന്നു. (പട്ടിക...3 കാണുക).

ഇതിൽ 92-93 ൽ ലേലം പോയതിനേക്കാൾ കുറഞ്ഞതുകയ്ക്കാണ്, 93-94 ലും 94-95ലും ചന്ത ലേലം പോയതായി കാണുന്നത്. എന്നാൽ 1995-96 കാലഘട്ടത്തിൽ ഇത്, 1,15,650 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 1990-91 ൽ വിനോദ നികുതിയിനത്തിൽ 19450/- രൂപയും 1991-92 ൽ 23552/- രൂപയും - 1992-93 ൽ 21828/40 രൂപയും 93-94 ൽ 24060/- യും 1994-95 ൽ 20416/80 രൂപയായും ലഭിച്ചിട്ടുള്ളതായി കാണുന്നു.

ചെലവിലുണ്ടാകുന്ന വാർഷിക വർദ്ധനവ് കണക്കാക്കുമ്പോൾ വരവിലുണ്ടാകുന്ന [illegible]

പട്ടിക III

90-91 മുതൽ 95-96 വരെയുവാള വർഷങ്ങളിലെ തനത് വരുമാന വിവരങ്ങൾ

ഇനം	വരവ്					
	90-91	91-92	92-93	93-94	94-95	95-96
(1)	(2)	(3)	(4)	(5)	(6)	(7)
കെട്ടിടനികുതി	101966.15	114184.40	118794.00	177089.50	183962.50	195780.25
തൊഴിൽനികുതി	44044.00	59250.00	64245.00	71105.00	87901.00	62025.00
വിനോദ നികുതി (അഡീഷണൽ നികുതി ഉൾപ്പെടെ)	19450.00	23552.20	21828.40	24060.00	20416.80	28132.80
പ്രദർശന നികുതി (നികുതി സർച്ചാർജ്ജ് ഉൾപ്പെടെ)	1396.00	1449.00	1427.25	2313.00	2895.00	2830.00
ചന്തലേലം	61936.00	85988.00	101345.00	60784.00	76846.90	115650.00
മാർക്കറ്റ് സ്റ്റാൾ ലേലം	25040.00	30767.00	33613.00	40151.50	42864.00	29512.00
ലൈസൻസ് ഫീസ്	3668.00	3772.25	3976.75	3811.50	4616.50	4805.50
കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ്	11323.00	17153.50	14316.00	16023.50	18641.00	26937.00
ആകെ	268823.15	336116.35	359545.40	395338.00	438143.70	465672.55
മൊത്തം വരവ്	646938.45	805841.15	806561.45	9,76343.10	1075228.65	1561637.70

കുറഞ്ഞിരിക്കുന്നതായി കാണാം.

ഈ ഗ്രാമത്തിൽ രണ്ട് പൊതു മാർക്കറ്റും (മങ്കുഴി മാർക്കറ്റ്, നിലയ്ക്കാമുക്ക് മാർക്കറ്റ്) ഒരു സിനിമാ ശാലയും 24 കേന്ദ്ര/സംസ്ഥാന/അർദ്ധ സർക്കാർ സ്ഥാപനങ്ങളുമാണുള്ളത്. തൊഴിൽ നികുതി പ്രധാനമായും ലഭിക്കുന്നത് ഈ സ്ഥാപനങ്ങളിൽ നിന്നുമാണ്.

നികുതിയേതര വരുമാനത്തിൽ ഏകദേശം 35% വർദ്ധനവാണ് ഉണ്ടാകുന്നത്. ലൈസൻസ് ഫീസുകളിൽ നേരിയ വർദ്ധനവ് വരുത്തി പഞ്ചായത്തിന്റെ വരുമാനം മെച്ചപ്പെടുത്തുവാൻ സാധിക്കും.

1995-96 ൽ എല്ലാവിധ ഗ്രാന്റുകളുമുൾപ്പെടെ 757823/- രൂപയാണ് ലഭിച്ചിട്ടുള്ളത്. അതിൽ അൺടൈഡ് ഫണ്ടായി 289490/- രൂപയും JRY ഫണ്ടായി 1,89,600 രൂപയും വസ്തുകൈമാറ്റ നികുതിയുടെ 75 ശതമാനവും 25 ശതമാനവുമായി 157418/ രൂപയും VTC ഗ്രന്റായി 84306 രൂപയും MI ഗ്രാന്റായി 500 രൂപയും VRM ഗ്രാന്റായി 25708 രൂപയും ലഭിച്ചിട്ടുണ്ട്. (പട്ടിക IV കാണുക).

പട്ടിക 4

ഗ്രന്റുകളായും ഫണ്ടുകളായും
ലഭിച്ച വരുമാനം - 95-96

ഇനം	വരവ് - 95-96
വസ്തു കൈമാറ്റ നികുതിയുടെ 75% + 25%	157418.00
JRY ഫണ്ട്	189600.00
അൺറ്റൈഡ് ഫണ്ട്	289490.00
VTC ഗ്രാന്റ്	84306.00
VRM ഗ്രാന്റ്	25708.00
MI ഗ്രാന്റ്	500.00
ബേസിക് ടാക്സ് ഗ്രാന്റ്	10801.00
ആകെ	757823.00
മൊത്തം വരവ്	1561637.70

പുതിയ പഞ്ചായത്ത്രാജ് നിയമം പ്രാബല്ല്യത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നിന്നും പദ്ധതി വിഹിതമായി 1,06,809 രൂപ അനുവദിച്ചു. (പട്ടിക V ൽ വിശദമായി).

പഞ്ചായത്ത് രാജ് പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ - (96-97)

പട്ടിക 5

വകുപ്പ്	തുക		
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
(1)	(2)	(3)	(4)
മൃഗസംരക്ഷണം	1000.00	..	1000.0
ആരോഗ്യം	1500.00	..	1500.00
കൃഷി	19030.00	..	19030.00
P.W.D.	48139.00	..	48139.00
ഹരിജനക്ഷേമം	6000.00	..	6000.00
മറ്റുള്ളവ	31140.00	..	31140.00
ആകെ	106809.00	..	106809.00

1990-91 വർഷം മുതലുള്ള ചെലവുകൾ പരിശോധിച്ചാൽ ഏറ്റവും പ്രധാന ചെലവിനമായ എസ്റ്റാബ്ലിഷ്മെൻറ് ചെലവിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. 1990-91 ൽ ഇത് 308807 രൂപ 35 പൈസ ആയിരുന്നെങ്കിൽ 1994-95 ൽ ചെലവ് 483622 രൂപ 80 പൈസ ആയി വർദ്ധിച്ചു. നാലു വർഷകാലത്തിനുള്ളിൽ എസ്റ്റാബ്ലിഷ്മെൻറ് ചെലവിൽ മാത്രം 56.6 ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. സർക്കാർ ജീനവക്കാർക്ക് കാലാകാലങ്ങളിൽ നൽകുന്ന ശമ്പള വർദ്ധനവും ഡി.എ.യിലുള്ള വർദ്ധനവുമാണ് ചെലവിലുണ്ടാകുന്ന വർദ്ധനവിനുള്ള പ്രധാനകാരണം. അതുപോലെ തന്നെ പഞ്ചായത്ത് മെമ്പർമാർക്കും പ്രസിഡൻറിനും മറ്റും, അവരുടെ അലവൻസിലും ശമ്പളത്തിലും വന്ന വർദ്ധന ചെലവിലുണ്ടായ വർദ്ധനവിന് കാരണമായിട്ടുണ്ട്. (പട്ടിക - 6 കാണുക).

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കുള്ള തുക കണ്ടെത്തുന്നത് ഓരോ വർഷവും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറ്, വിഹിതം, മറ്റു ഫണ്ടുകൾ എന്നിവയിൽ നിന്നാണ്. റോഡു പണികളിൽ എർപ്പെടുന്ന തൊഴിലാളികളുടെ കൂലിയിൽ വന്ന വർദ്ധനവും, റോഡ്, കെട്ടിടം പണി

പട്ടിക VI

90-91 മുതൽ 95-96 വരെ പഞ്ചായത്ത് ചെലവ് സംബന്ധിച്ച് വിവരങ്ങൾ

ഇനം	തുക					
	90-91	91-92	92-93	93-94	94-95	95-96
(1)	(2)	(3)	(4)	(5)	(6)	(7)
ഭരണം	308807.35	348479.65	352098.85	432903.25	483622.80	538621.10
പൊതുമരാമത്ത്	240170.10	89440.00	202099.00	310048.00	300610.00	275021.00
വിദ്യാഭ്യാസം	955.00	1575.00	2552.00	800.00	5540.00	852.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	28163.25	25694.20	24285.25	45146.50	28058.50	89383.00
തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	74020.00	85710.00	104202.00	110153.00	105782.00	102300.00
മറ്റുള്ളവ	129508.00	104687.70	129149.00	70687.10	152425.50	265571.05
ആകെ	781623.60	655586.55	814386.10	969737.85	1076038.80	1271748.15

കൾക്കാവശ്യമായ സാധനങ്ങളുടെ വിലയിൽ വന്ന വർദ്ധനയും പൊതുമരാമത്ത് ചെലവ് വർദ്ധനവിന് കാരണമാണ്. മരാമത്ത് പണികൾ എല്ലാം ഇപ്പോൾ കോൺട്രാക്ടർമാർ ഇടപെട്ടാണ് ചെയ്തു വരുന്നത്.

വാർഡുകളിൽ പ്രധാന കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ടി.വി. സെറ്റുകൾ സ്ഥാപിച്ചു വരുന്നു. എല്ലാ വാർഡുകളിലേയും പ്രധാന ക്രേന്ദ്രങ്ങളിൽ ടി.വി. സ്ഥാപിച്ചുകിട്ടുവാനുള്ള ശ്രമത്തിലാണ് ഗ്രാമവാസികൾ.

ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമ പ്രവർത്തനങ്ങൾ, എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിന്റെ ചെറിയൊരു ശതമാനം ചെലവാക്കുന്നുണ്ട്. പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കാണ്, കഴിഞ്ഞ കാലഘട്ടങ്ങളിൽ മുൻഗണന നൽകിയിരിക്കുന്നത്. 5000 രൂപ വീതം ചിലവഴിച്ചു കൊണ്ടുള്ള റിപ്പയർ ജോലികൾ, ഇടവഴിയിൽ മണ്ണിടൽ എന്നിങ്ങനെയുള്ള പണികൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. ഇങ്ങനെ ചിലവാക്കുന്ന തുക ഒരർത്ഥത്തിൽ പണി ചെയ്യുന്ന കരാറുകാർക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കാൻ മാത്രം ഉപകരിക്കുന്നതായാണ് കാണുന്നത്. ഇടവഴിയിലും റോഡിലും മണ്ണടിച്ചിട്ട് മെയിൻറനൻസ് പണി നടത്തി കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ ഉണ്ടാകുന്ന മഴകാരണം മണ്ണ് ഒലിച്ചു പോകുകയും ഇടവഴിയും റോഡും പഴയ അവസ്ഥയിൽ എത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള താല്ക്കാലിക ജോലികൾ കൊണ്ട് ഇടവഴികളിലൂടെ വെള്ളം സുഗമമായി ഒഴുകിപോകുന്നതിന് തടസ്സമാകുകയും ചെയ്യുന്നു. റോഡിലും ഇടവഴിയിലും ഇടുന്ന പശകലർന്ന മണ്ണ് മഴക്കാലത്ത് ചെളി കെട്ടുവാൻ മാത്രമേ ഉപകരിക്കുന്നുള്ളു. പഞ്ചായത്തിന്റെ ഫണ്ട് പാഴായി പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഈ വക കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇടവഴികളിൽ മെയിൻറനൻസ് പണി ചെയ്യുന്നതിന് വേണ്ടി ചെവലാകുന്ന തുക ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് ബോദ്ധ്യമാകത്തക്കരീതിയിൽ - ഇതിന്റെ പൂർണ്ണ ചുമതല അതാത് ഗ്രാമസഭയെ ഏല്പിക്കണം. ഒരു കാരണവശാലും പശമണ്ണ് വിതരുവാൻ അനുവദിക്കരുത്. പകരം പശയില്ലാത്ത ഗ്രാവലോടുകൂടിയ തരം മണൽ തന്നെ ഉപയോഗിയ്ക്കണം. ഇങ്ങനെയുള്ള പണികൾക്ക് തുക ചെലവഴിക്കാൻ തീരുമാനിക്കുമ്പോൾ മൊത്തം തുകയും ഓരോ വാർഡിനും തുല്യമായി വീതിക്കുന്ന പ്രവണത അവസാനിപ്പിക്കണം. ആവശ്യമുള്ള ഇടവഴികൾ മാത്രം മെയിൻറനൻസ് നടത്തുവാൻ ശ്രദ്ധിക്കണം. അങ്ങ

നെ തെരഞ്ഞെടുക്കുന്ന മെയിൻറനൻസ് ജോലികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്ത് ആഫീസിനുവേണ്ടി 1996-ൽ പണി പൂർത്തിയാക്കിയ ഒരു ആഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടമാണുള്ളത്. ഈ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 11,77,894 രൂപാ റൂറൽ ഡെവലപ്പ്മെൻറ് ബോർഡിൽ നിന്നും വായ്പയെടുത്താണ് പണി പൂർത്തിയാക്കിയിട്ടുള്ളത്. ഈ കെട്ടിടത്തിൻെറ പണി റൂറൽ ഡവലപ്പ്മെൻറ് ബോർഡ് തന്നെ നേരിട്ട് ചെയ്യിച്ചിട്ടുള്ളതാണ്. ഈ കേട്ടിടത്തിൻെറ താഴത്തെ നിലയിൽ കച്ചവടസൗകര്യങ്ങൾക്കായുള്ള 7 മുറി കടകൾ ഉണ്ട്. മുകളിലത്തെ നില ആഫീസ് സൗകര്യത്തിനായി രൂപപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. പ്രത്യുല്പാദനപരമായി കച്ചവട സ്ഥാപനത്തിനുവേണ്ടി നിർമ്മിച്ചിരിക്കുന്ന 7 മുറി കടകളിൽ നിന്നുള്ള വരുമാനം മാസംതോറും ലഭിച്ചുകഴിഞ്ഞാൽ കടം വാങ്ങിയ തുക തിരിച്ചടക്കുവാൻ സാധിക്കും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും കൂടാതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. സ്റ്റാംമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായെടുക്കാം. ഇപ്പോൾ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിൻെറ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ ഗ്രാൻറുകൾ വിതരണം ചെയ്യണം. റവന്യൂ ഡിപ്പാർട്ടുമെൻറ് കെട്ടിട നിർമ്മാണത്തിനുശേഷം ഈടാക്കുന്ന കെട്ടിട നികുതിയുടെ നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കുവാനുള്ള നിയമനിർമ്മാണവും ഉണ്ടാകണം. പഞ്ചായത്ത് ഭരണസമിതിക്ക് ചെലവാക്കാൻ കഴിയുന്ന തുകയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണവും പരിധിയും എടുത്തുകളയുകയും പഞ്ചായത്തിന് പൂർണ്ണ അധികാരം നൽകുകയും വേണം.

ഈ ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ രണ്ട് വാണിജ്യബാങ്കുകളും ഒരു സഹകരണ ബാങ്കുമാണ് നിലവിലുള്ളത്. വാണിജ്യ ബാങ്കുകളിൽ ആദ്യം പ്രവർത്തനമാരംഭിച്ചത് ദേശസാൽകൃതബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. 1977 ൽ വക്കത്ത് ഷെഡ്യൂൾ ബാങ്കായ ഫെഡറൽ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തനമാരംഭിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വക്കം ശാഖയിൽ 14 കോടിയോളം രൂപ നിക്ഷേപം ഉള്ളതായിട്ടാണ് അറിവ്. 1996-ൽ ഇതുവരെ സ്വർണ്ണ പണയത്തിൻമേൽ നൽകിയതുൾപ്പെടെ 40 ലക്ഷം രൂപാ വായ്പയായി നൽകിയിട്ടുണ്ട്. 20 ലക്ഷത്തോളം രൂപ കാർഷിക വായ്പയായും നൽകിയിട്ടുണ്ട്. വക്കം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളിൽ സർക്കാർ സ്പോൺസർ ചെയ്യപ്പെട്ട പദ്ധതികൾക്ക് സർവീസ് നടത്തുന്നത് SBT വക്കം ശാഖയാണ്. സംസ്ഥാനത്തെ പൊതുനിക്ഷേപ വർദ്ധന ശരാശരിയെക്കാൾ കുറവാണ് SBT വക്കം ശാഖയിലേത്. നിക്ഷേപവായ്പാ അനുപാതം കുറവായിട്ടാണ് കാണുന്നത്. ജാമ്യവ്യവസ്ഥയിലും മറ്റും ഉള്ള ശക്തമായ നിയന്ത്രണങ്ങളാണ് വായ്പാ നിരക്ക് കുറയുവാനുള്ള പ്രധാനകാരണം.

ഒരു വാണിജ്യബാങ്കായ ഫെഡറൽ ബാങ്ക് വക്കം ശാഖയിൽ 11 കോടിയോളം രൂപ നിക്ഷേപം ഉള്ളതായി കണക്കാക്കുന്നു. ഒരു കോടി എൺപത് ലക്ഷത്തോളം രൂപ ലോൺ അഡ്വാൻസ് നിൽക്കുന്നു. 1994-95 വർഷത്തിൽ 57 ലക്ഷത്തോളം രൂപ ലോൺ നൽകിയിട്ടുണ്ട്. IRDP പദ്ധതി പ്രകാരം ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയും മറ്റു വിവിധ സർക്കാർ സ്കീമുകളിലുമായി രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപയും വായ്പ അനുവദിച്ചു നൽകിയതായി കാണുന്നു. നിക്ഷേപ വായ്പാ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ കുറവായിട്ടാണ് മനസിലാക്കുന്നുത്. കർശനമായ ജാമ്യവ്യവസ്ഥകളും മറ്റുമാണ് വായ്പാനിരക്ക് കുറയുവാനുള്ള കാരണം.

ബാങ്കിംഗ് വ്യവസായത്തിൽ ഈ ഗ്രാമത്തിൻെറ അഭിമാനമായി പ്രവർത്തിക്കുന്ന ഒരു സഹകരണ ബാങ്കാണ് വക്കം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 542. ഏകദേശം 15000 നുമേൽ അംഗങ്ങളുള്ള ഈ സഹകരണ ബാങ്കിൽ 24 കോടിയോളം രൂപ നിക്ഷേപമായുണ്ട്. സ്വർണ്ണപണയത്തിൻമേലും, വസ്തു ഈടിൻമേലും, സർക്കാർ ഉദ്യോഗസ്ഥമാരുടെ ജാമ്യത്തിൻമേലും വായ്പ നൽകുന്നു. സാ

ധാരണ അംഗങ്ങളുടെ ജാമ്യത്തിന്മേൽ അയ്യായിരം രൂപവരെ വായ്പ നൽകുന്നുണ്ട്. വാഹനം വാങ്ങുന്നതിനും ഹയർ പർച്ചേഴ്സിനും ലോൺ അനുവദിച്ച് നൽകുന്നുണ്ട്. നിക്ഷേപം ഓരോ വർഷം കഴിയും തോറും കൂടിവരുന്നതായി കാണാം. നിക്ഷേപ വായ്പാ അനുപാതം സംസ്ഥാന ശരാശരിയെക്കാളും വക്കത്തുതന്നെ പ്രവർത്തിക്കുന്ന മറ്റ് രണ്ട് വാണിജ്യ ബാങ്കുകളെക്കാളും വളരെ കൂടുതലാണ്. ലഘുവായ ജാമ്യവ്യവസ്ഥയും സഹകരണ ബാങ്ക് എന്നതിനാലും ആണ് വായ്പാനുപാതം കൂടുവാനുള്ള പ്രധാന കാരണം.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും ഒന്നിലധികം പ്രവർത്തിക്കുന്നുണ്ട്. അനൗപചാരികമായി പണം പലിശക്കു നൽകുന്ന വ്യക്തികളും ഏജൻസികളും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങുന്നവരിൽ ഭൂരിപക്ഷം പേരും ചെറുകിട കച്ചവടക്കാരും വ്യാപാരികളും തൊഴിലാളികളും ആണ്. ബാങ്ക് നിരക്കിന്റെ ഇരട്ടിയോളം പലിശ നിരക്കിലാണ് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും അനൗപചാരികമായി പണം നൽകുന്ന വ്യക്തികളും ഏജൻസികളും പലിശ ഈടാക്കിവരുന്നത് പൊതുവിൽ നൂറ് രൂപയ്ക്ക് ഒരു മാസം മൂന്നു രൂപാ പലിശ എന്ന നിരക്കാണ് പ്രാബല്യത്തിലുള്ളതെങ്കിലും അതിനേക്കാൾ കൂടുതൽ വാങ്ങുന്ന വ്യക്തികളും, സ്ഥാപനങ്ങളുമുണ്ട്. സ്വർണ്ണപണയം വാങ്ങിയും, നോട്ട് എഴുതി വാങ്ങിയും, ചെക്ക് എഴുതി വാങ്ങിയും ഒക്കെയാണ് അവർ പണം നൽകുന്നത്. സഹകരണ ബാങ്കിനെ സമീപിച്ചാൽ ലഘു വ്യവസ്ഥയിൻമേൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ നിന്നും ഏകദേശം 1600 ഓളം പേർ വിദേശത്താണ് എന്ന് കണക്കാക്കുന്നു. അതിൽ 150 ഓളം പേർ പാശ്ചാത്യരാജ്യങ്ങളിലും 1450 ഓളം പേർ ഗൾഫ് രാജ്യങ്ങളിലുമാണ്. സിലോൺ, സിംഗപ്പൂർ മുതലായ വിദേശരാജ്യങ്ങളിലേയ്ക്ക് ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെനിന്ന് ആളുകൾ തൊഴിലന്വേഷിച്ച് പോയിത്തുടങ്ങി. 1952 വരെ ഈ മേഖലയിലേക്കുള്ള യാത്ര തുടർന്നു. 1967 മുതൽ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിലന്വേഷിച്ച് ഈ നാട്ടിലെ ചെറുപ്പക്കാർ പോയിത്തുടങ്ങി. ഇടത്തരക്കാരും തൊഴിലാളികളുമായ ബഹുഭൂരിപക്ഷമാണ് ആദ്യഘട്ടത്തിൽ പോയിത്തുടങ്ങിയത്. 1970 നു മുമ്പ് തൊഴിൽ പരിശീലനം ലഭിച്ചുപോയവർ എല്ലാം സാമൂഹികമായും സാമ്പത്തികമായും നല്ല ഉയർച്ചയിലാണ്. ഉദ്ദേശം അഞ്ഞൂറോളം പേർ ഗൾഫിൽ പോയി മടങ്ങിവന്നവരായിട്ടുണ്ട് ഈ ഗ്രാമത്തിൽ. കൂടുതൽ പേരും അവരുടെ സമ്പാദ്യത്തിന്റെ എറിയ പങ്കും കെട്ടിടനിർമ്മാണത്തിനും സ്വകാര്യവസ്തുക്കൾ വാങ്ങുന്നതിനും, ബാങ്കിൽ നിക്ഷേപത്തിനുമാണ് മുൻഗണന നൽകുന്നത്. ആഢംബര ജീവിതത്തിനുള്ള ശ്രമമാണ് ഇവരിൽ ഭൂരിപക്ഷം പേരിലും കാണുന്നത്. വ്യാവസായിക മേഖലയിലോ കാർഷികമേഖലയിലോ മറ്റുല്പാദനമേഖലയിലോ പണം മുടക്കിയിട്ടില്ല. പൊതുപ്രവർത്തനങ്ങൾക്കും, സാമൂഹിക, സാംസ്ക്കാരിക മേഖലകളിൽ യഥാവിധി സംഭാവന ചെയ്യുന്നവരാണ് ഭൂരിപക്ഷവും. ഈ അടുത്ത കാലത്ത് വക്കം വെൽഫയർ അസ്സോസ്സിയേഷൻ എന്ന പേരിൽ ഈ ഗ്രാമത്തിൽനിന്നും ഗൾഫിൽ പണിയെടുക്കുന്നവർ ചേർന്ന് രൂപം നൽകിയ ഒരു ക്ഷേമസംഘടന, സാമൂഹ്യ വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസം ചെയ്യുവാൻ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് വേണ്ട സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതിനും ആരോഗ്യമേഖലയിൽ ചികിത്സയ്ക്ക് ബുദ്ധിമുട്ട് അനുഭവിക്കുന്ന പാവപ്പെട്ടവർക്ക് വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനും വക്കം വെൽഫയർ അസ്സോസ്സിയേഷൻ തയ്യാറാകുന്നുണ്ട്. ഈ വിധം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സംഘടനയെ ഗൾഫ് മേഖലയിൽതന്നെ വിപുലപ്പെടുത്തി ഒരു സമ്പാദ്യം സ്വരൂപിച്ചാൽ വക്കം പ്രദേശത്ത് വ്യാവസായിക കാർഷിക മേഖലകളിൽ മുതൽ മുടക്കുവാൻ കഴിയും. സാമൂഹിക സാമ്പത്തിക പശ്ചാത്തലസൗകര്യങ്ങളുടെ സൃഷ്ടിക്ക് വിദേശമലയാളികളാണ് പലപ്പോഴും വക്കം പ്രദേശത്ത് മാതൃകയായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഗൾഫിലും പാശ്ചാത്യനാടുകളിലും പണിയെടുക്കുന്ന വക്കത്തുകാരുടെ സംഭാവനകൾ സമാഹരിക്കുവാൻ കഴിയും എന്ന് ഉറപ്പാണ്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനവിഭവം മനുഷ്യ വിഭവം തന്നെയാണ്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം കൊണ്ട് സം

ഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരു ആശയമാണ്. ഈ ഗ്രാമത്തിലെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ യുവജനങ്ങളുടേയും വനിതകളുടേയും കായികശേഷി ഒരു വർഷത്തിൽ രണ്ടു ദിവസമെങ്കിലും ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ 9-ാം ജനകീയ പദ്ധതിയുടെ ഘട്ടത്തിൽ ഏകദേശം 1.5 കോടി രൂപയുടെ സമ്പത്ത് സ്വരൂപിക്കാനും വികസനം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കാനും കഴിയും. പുതിയ റോഡുകൾ, കുളങ്ങൾ, ഓടകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ഇവരുടെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്താൻ കഴിയും.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിനുമുമ്പ് ചാലുകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്തയാകാതെ സൂക്ഷിക്കാൻ ആ റോഡ് ഉപയോഗിക്കുന്നവരും, ആറോഡിന് ഇരുവശവും താമസിക്കുന്നവരും മനസ്സ് വച്ചാൽ മതി. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് അത് നൽകുകയുമാവാം.

ആശുപത്രി - മൂന്നാലുംമൂട് റോഡും, മല്ലൻനട - കോതകുളം റോഡും, മാവോ ശ്രീധർ റോഡും (കൊച്ചുവീട്- അയ്യൻവിളാകം റോഡ്), ഗുരുമന്ദിരം -മൂന്നാലും മൂട് റോഡും, തോണിയൻറഴികം - വലിയ വിളാകം റോഡും ഈ പഞ്ചായത്തിനുള്ളിലുള്ള സന്നദ്ധസംഘടനാ പ്രവർത്തകരുടെയും വ്യക്തികളുടെയും ശ്രമഫലമായി നിർമ്മിച്ചതാണ്. ഓരോ റോഡ് നിർമ്മാണത്തിലും ഉദ്ദേശം അമ്പതിൽ കുറയാതുള്ള സന്നദ്ധപ്രവർത്തകരുടെ സേവനം ലഭിച്ചിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ രാഷ്ട്രീയ നിറം ഉള്ളതും അല്ലാത്തതുമായ ഒട്ടനവധി സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. കേരള മൊട്ടാകെ സാക്ഷരതാ പ്രവർത്തനം നടന്ന ഘട്ടത്തിൽ ഈ സംഘടനകളുടെ ഈ ഗ്രാമത്തിലെ പങ്ക് അഭിനന്ദനീയമായിരുന്നു. DYFI, യൂത്ത് കോൺഗ്രസ്സ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയ്ക്കുപുറമെ ഈ ഗ്രാമത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളും അവയുടെ പോഷക സംഘടനകളും സന്നദ്ധപ്രവർത്തനങ്ങളിൽ താല്പര്യം കാട്ടിയിട്ടുണ്ട്. ഇതിനും പുറമെ സ്ക്കൂൾ പി.റ്റി.എ., കലാ കായിക സാംസ്ക്കാരിക സംഘടനകൾ ഗ്രന്ഥശാലാ സമിതികൾ, പൗരസമിതികൾ, ക്ഷേത്ര കമ്മറ്റികൾ എന്നിവ സന്നദ്ധപ്രവർത്തനരംഗത്ത് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്..

വക്കം ഗവൺമെൻറ് ഹൈസ്ക്കൂളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലും നിലയ്ക്കാമുക്ക് യു. പി. എസ്.- ൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിലും ആ കാലഘട്ടത്തിൽ അതാതു സ്ക്കൂളുകളിലെ പി. റ്റി. എയുടെ പ്രവർത്തനം അഭിനന്ദനാർഹമായിരുന്നു. ഇത്തരുണത്തിൽ വക്കം ഹൈസ്ക്കൂളിലെ അന്നത്തെ പി. റ്റി. എ. പ്രസ്ഡൻറ് ആയിരുന്ന അഡ്വ. അമീറിന്റെ സേവനം സ്മരണീയമാണ്. 1957 കാലഘട്ടത്തിൽ ഈ ഗ്രാമത്തിൽ ഒരു ആതുരാലയം ഇല്ലാതിരുന്ന സാഹചര്യത്തിൽ അന്നത്തെ സിംഗപ്പൂർ മലയാളികളും നാട്ടുകാരും കൂടി സ്വരൂപിച്ച തുക മുടക്കി പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കാനാവശ്യമായ സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്തു. പൊതു സംഭാവന ശേഖരിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനത്തിനൊരു ഉദാഹരണമാണ് ഇത്. അതുപോലെ 1975-ൽ ജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ച് നിർമ്മിച്ച പ്രോഗ്രസ്സീവ് ലൈബ്രറിയും,1994 ൽ സി. കൃഷ്ണവിലാസം ഗ്രന്ഥശാലയ്ക്കുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടവും നാട്ടുകാരുടെ സംഭാവനയും ശ്രമവും കൊണ്ടുണ്ടായിട്ടുള്ളതാണ്.

പതിറ്റാണ്ടുകൾക്കു മുമ്പ് ഈ ഗ്രാമത്തിന്റെ വിവിധ സ്ഥലങ്ങളിൽ അന്നത്തെ സാഹചര്യത്തിനൊത്ത് സ്ഥാപിച്ചിട്ടുള്ള റേഡിയോ കിയോസ്ക്ക് കെട്ടിടങ്ങൾ എല്ലാംതന്നെ, അതിനു വേണ്ടുന്ന സ്ഥലവും കെട്ടിടവും ഓരോ വ്യക്തികൾ അവരുടെ മഹാമനസ്കത ഒന്നുകൊണ്ടുമാത്രം നൽകിയിട്ടുള്ളതാണ്. അഞ്ചാം വാർഡിൽ കാട്ടുവിളയിൽ പ്രോഗ്രസ്സീവ് ലൈബ്രറിക്കുവേണ്ടി 2 സെൻറ് സ്ഥലം സംഭാവന ചെയ്ത കോടമ്പള്ളി മാധവൻറെയും ഒന്നാം വാർഡിൽ മൗലവി ജംഗ്ഷനിൽ റേഡിയോ കിയോസ്ക്കിന് വേണ്ടി സ്ഥലം സംഭാവന ചെയ്ത എൻ സത്യൻറെയും മൂന്നാം വാർഡിൽ പുത്തൻ ക്ഷേത്രത്തിൽ കിയോസ്ക്കിന് വേണ്ടി സ്ഥലം സംഭാവന ചെയ്ത ഗോവിന്ദൻ വാദ്ധ്യാരുടേയും ഇത്തരത്തിൽ നാടിന് സംഭാവന ചെയ്ത മറ്റു വ്യക്തികളുടേയും മഹാമനസ്കത വാഴ്ത്തപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

- ഭരണചെലവിലെ വർദ്ധനവ്
- മരാമത്ത് പണിയിൽ ഏർപ്പെടുന്ന കോൺട്രാക്ടർ മാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം
- യുവാക്കളിൽ സന്നദ്ധപ്രവർത്തനത്തിനുള്ള താല്പര്യക്കുറവ്
- സർക്കാരിൽ നിന്നും ലഭിയ്ക്കേണ്ട ഗ്രാൻറുകൾ, ഫണ്ടുകൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കുക

സാദ്ധ്യതകൾ

- പുതിയ മാർക്കറ്റ്
- നാല് ലക്ഷത്തിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് സ്ലാബ് അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.
- ആഡംബരങ്ങൾക്കായി ഉപയോഗിക്കുന്ന വസ്തുക്കളുടെ വില കൂടി കെട്ടിട നികുതി കണക്കാക്കുന്ന തുകയ്ക്ക് മാനദണ്ഡമായി സ്വീകരിക്കുക
- വിനോദ നികുതി കർശനമായി ഈടാക്കുവാൻ നടപടി സ്വീകരിക്കുക.
- കേബിൾ ടി. വി. യ്ക്ക് നികുതി ഏർപ്പെടുത്തുക.
- സ്ക്കൂട്ടർ മുതലുള്ള എല്ലാ വാഹനങ്ങൾക്കും പഞ്ചായത്തിൽ നിന്നും നികുതി നിശ്ചയിച്ച് ഈടാക്കുക.
- ഭരണച്ചെലവ് കുറയ്ക്കുക.
- മരാമത്ത് പണികൾ സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവതീയുവാക്കളുടെയും, സന്നദ്ധ സംഘടനകളുടെയും മേൽനോട്ടത്തിൽ ഗ്രാമസഭയിലൂടെ നടപ്പിലാക്കുക.



5.13

ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞുനിൽക്കുന്നു. ഉല്പാദന പ്രക്രിയ വികസനവീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുകയാണ്. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം.

വികസനം, ഡിപ്പാർട്ടുമെൻറുകളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവ്വത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി, വികസനപ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി, പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല.

പദ്ധതികൾ നടപ്പാകുമ്പോൾ , വസ്തുനിഷ്ഠ സമീപനം പ്രായോഗികമാക്കണം.

സാമൂഹിക രാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്താത്തതാണ്. വസ്തുനിഷ്ഠമായി, തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിഷയങ്ങൾ ഇല്ലാതാകും. ഐക്യം വളർന്നുവരികയും ചെയ്യും. വിഭവ ഭൂപടങ്ങൾ, സർവെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയയ്ക്കും വസ്തുനിഷ്ഠമായ അടിത്തറയാണ് നൽകുന്നത്.

ആസൂത്രണം അർത്ഥവത്താകുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കിവേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ചരിത്രപരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതികൾക്കു കഴിയും. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച്, പ്രൊജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദ്ധ സംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ.

ആസൂത്രണം അടിത്തട്ടിൽ നിന്നു മേൽപ്പോട്ടാവുന്നതു മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പിലാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ 'സമഗ്രവികസനരേഖ' സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത [illegible] നിലനിർത്തിയേ തീരൂ. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത, ഒറ്റക്കെട്ടായി വികസനത്തിൻെറ രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥ ജനകീയ രാഷ്ട്രീയം അകത്ത് നിന്ന്, പാലാഴി മഥനത്തിൽ [illegible]കുംഭം എന്നതുപോലെ ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' വക്കം ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു; വിശദമായ വിശകലത്തിനും ചർച്ചയ്ക്കും പരിഷ്കരണത്തിനും വേണ്ടി.

റിപ്പോർട്ടിനു പിന്നിൽ

- എൻ. സുകുമാരൻ
- ജി. ദാസ്
- എൻ. രവി
- എസ്. വേണുജി
- അഡ്വ. വിശ്വനാഥൻ
- കെ. സുധാകരൻ
- കെ. രാജേന്ദ്രൻ
- പി. ശിവദാസൻ
- വി. വിനയൻ
- ബി. ഗോപിനാഥൻ
- ശാന്തൻ
- ജി. സുനിൽ കുമാർ
- എസ്. സുനിൽ കുമാർ
- എ.എം. ബഷീർ
- ആർ. രജിൻ
- എൻ. ജയപാലൻ നായർ
- ജി. ഉമേഷ്
- എസ്. അനിൽകുമാർ

ഗ്രാമ പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ്

എസ്. രവി
കെ. രാജേന്ദ്രൻ
കെ. അനിരുദ്ധൻ
ശാന്തൻ
നൗഷാദ്
ശ്രീകുമാരി
ചന്ദ്രബാബു
ശശി
സുനിൽകുമാർ
നിസ്സാർ
അംബി
രവി

പുഷ്പരാജൻ
എസ്. പീതാംബരൻ
വി. ശാന്തകുമാരി
ആർ. രജിൻ
ജീവ
അനിൽകുമാർ
സത്യദാസ്
ധർമ്മരാജൻ
കാസിം
ഷീജ
അഭിലാഷ്
സുഷമ

ഷാനവാസ്
കെ. സുധാകരൻ
സുനിൽകുമാർ
ദിലീപ്
പ്രേംലാൽ
രാമകൃഷ്ണൻ. കെ
ശ്രീധരൻ
മോഹനൻ
മുജീബ്
സതി
ജയ
സുജിൽകുമാർ


VAKKOM PANCHAYAT
N